

# പ്രത്യാശയിൽ സന്തോഷം

ഡോ. മൈക്കിൾ കാരിമറ്റം



# പ്രത്യാശയിൽ സന്തോഷം

ഡോ. മൈക്കിൾ കാരിമറ്റം

ബൈബിളിൽ, പ്രത്യേകിച്ചും പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവം കർക്കശനായ ന്യായാധിപനും ഭയം ജനിപ്പിക്കുന്ന വിധിയാളനുമാണ് എന്ന ഒരു പ്രതീതി നിലനിൽക്കുന്നുണ്ട്. മനുഷ്യന്റെ ഓരോ ചെയ്തികളും, മാത്രമല്ല ഓരോ വിചാരങ്ങളും ആഗ്രഹങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ച് ശിക്ഷിക്കാൻ കാത്തിരിക്കുന്ന വിധിയാളനാണ് ദൈവം എന്ന വിശ്വാസം തികച്ചും ഭീതിജനകമാണ്. പഴയനിയമത്തിൽ മാത്രമല്ല, പുതിയ നിയമത്തിലും ദൈവത്തിന്റെ ഭയാനകമായ ചിത്രം പ്രത്യക്ഷപ്പെടുന്നുണ്ട്.

ബൈബിൾ നൽകുന്ന സന്തോഷത്തിന്റെ സന്ദേശം അല്പമൊന്ന് അടുത്തു പരിശോധിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. സന്തോഷിക്കാനുള്ള ആഹ്വാനങ്ങളും അതിന് കാരണമായി എടുത്തുകാട്ടുന്ന വസ്തുതകളും പഴയനിയമത്തിലും പുതിയ നിയമത്തിലും നിന്ന് തിരഞ്ഞെടുത്ത് അപഗ്രഥിക്കാൻ ശ്രമിക്കുന്നു. ദൈവവചനം പാതയിൽ പ്രകാശം ചൊരിയുമ്പോൾ ജീവിതം പ്രത്യാശാഭരിതമാകും. ഹൃദയത്തിൽ സന്തോഷം നിറയും. അതിനു സഹായകമാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ പുസ്തകം നിങ്ങളുടെ മുമ്പിൽ സവിനയം സമർപ്പിക്കുന്നു.

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600, 91 9746077500
E-mail: atmabooks@gmail.com

ISBN: 978-93-88909-74-7

₹ 180

Available at: amazon.in & atmabooks.com

Scripture

# പ്രത്യാശയിൽ സന്തോഷം

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയുടെ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

## ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം

# പ്രത്യാശയിൽ സന്തോഷം

**ഡോ. മൈക്കിൾ കാരിമറ്റം**

atma
atmabooks@gmail.com

Malayalam
*Prathyasayil Santhosham*
(Scripture)
Author: Dr. Micheal Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George
Typing: Usha M S

First Published: January 2020

ISBN: 978-93-88909-74-7

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ആമുഖം

*“നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ... തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ. പ്രത്യാശയിൽ സന്തോഷിക്കുവിൻ. ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ. സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കുവിൻ. കരയുന്നവരോടുകൂടെ കരയുവിൻ” (റോമാ 12, 9-15).*

ബൈബിളിൽ, പ്രത്യേകിച്ചും പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവം കർക്കശനായ ന്യായാധിപനും ഭയം ജനിപ്പിക്കുന്ന വിധിയാളനുമാണ് എന്ന ഒരു പ്രീതി നിലനിൽക്കുന്നുണ്ട്. മനുഷ്യന്റെ ഓരോ ചെയ്തികളും, മാത്രമല്ല ഓരോ വിചാരങ്ങളും ആഗ്രഹങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ച് ശിക്ഷിക്കാൻ കാത്തിരിക്കുന്ന വിധിയാളനാണ് ദൈവം എന്ന വിശ്വാസം തികച്ചും ഭീതിജനകമാണ്. പഴയനിയമത്തിൽ മാത്രമല്ല, പുതിയ നിയമത്തിലും ദൈവത്തിന്റെ ഭയാനകമായ ചിത്രം പ്രത്യക്ഷപ്പെടുന്നുണ്ട്.

“പൂർവ്വാധികം ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിക്കുവിൻ” (ഫിലി 2,12) എന്ന പൗലോസ് അപ്പസ്തോലന്റെ നിർദ്ദേശം ഉദാഹരണമാണ്. അന്തിമ വിധിയെക്കുറിച്ച് യേശു വരച്ചു കാട്ടിയ ചിത്രവും ഭയാനകമായേ അനുഭവപ്പെടൂ: “ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന്, പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ” (മത്താ 25,41) എന്ന വിധി വാചകം ആരെയാണ് ഭയപ്പെടുത്താത്തത്? അപ്പോൾ ഭയമാണോ ബൈബിൾ മനുഷ്യനിൽ ഉണർത്താൻ ശ്രമിക്കുന്ന അടിസ്ഥാന വികാരം?

അതേ എന്ന പ്രതീതി ജനിപ്പിക്കുന്ന അനേകം ബൈബിൾ വാക്യങ്ങളുണ്ട്; അനേകം സംഭവങ്ങളും ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബൈബിൾ വിശദമായി പഠിക്കുകയും സൂക്ഷ്മമായി അപഗ്രഥിക്കുകയും ചെയ്യുമ്പോൾ തികച്ചും വ്യത്യസ്തമായ മറ്റൊരു ചിത്രം തെളിഞ്ഞുവരും. പെറ്റമ്മ കുഞ്ഞിനെ സ്നേഹിക്കുന്നതിനേക്കാൾ അധികമായി മനുഷ്യനെ സ്നേഹിക്കുന്ന ഒരു ദൈവത്തിന്റെ ചിത്രമാണ് പഴയ നിയമത്തിലും പുതിയ നിയമത്തിലും മുന്നിട്ടുനിൽക്കുന്നത്. ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം ഭയമല്ല, സന്തോഷവും പ്രത്യാശയുമാണ് ജനിപ്പിക്കുക. അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏക ജാതനെ നൽകാൻ മാത്രം ലോകത്തെ (നമ്മെ) അത്രമാത്രം സ്നേഹിക്കുന്ന (യോഹ 3,16) ഒരു ദൈവമാണ് ബൈബിളിന്റെ താളുകളിലൂടെ നമ്മെ വീക്ഷിക്കുന്നത്, തന്നിലേക്കു ക്ഷണിക്കുന്നത്, ആകർഷിക്കുന്നത്.

പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവം സ്രഷ്ടാവും ക്രൂരനുമായ വിധിയാളനുമാണ്; പുതിയ നിയമത്തിലെ ദൈവമാകട്ടെ സ്നേഹധനനും കരുണാമയനും യേശുക്രിസ്തുവിന്റെ പിതാവുമായ ദൈവമാണ് എന്ന കാഴ്ചപ്പാട് ഒരു പാഷണ്ഡതയും ദൈവദൂഷണവുമായി കത്തോലിക്കാസഭ ശപിച്ചു തള്ളിയതാണ്. പഴയനിയമത്തിലും പുതിയ നിയമത്തിലും പ്രത്യക്ഷപ്പെടുന്നത് രണ്ടു ദൈവങ്ങളല്ല, ഒരേ ഒരു ദൈവം തന്നെ. ഒരേ സമയം സ്രഷ്ടാവും പരിപാലകനും, ന്യായാധിപനും വിധിയാളനും, രക്ഷകനും ജീവദാതാവുമാണ് ബൈബിളിലെ ദൈവം. ആ ദൈവത്തിന്റെ പടിപടിയായുള്ള സ്വയം വെളിപ്പെടുത്തലാണ് ബൈബിൾ അവതരിപ്പിക്കുന്നത്.

ഈ വെളിപ്പെടുത്തലിനു മുമ്പിൽ മനുഷ്യനുണ്ടായിരിക്കേണ്ട അടിസ്ഥാനഭാവം ഭയത്തിന്റേതല്ല, സ്നേഹത്തിന്റേതും സന്തോഷത്തിന്റേതുമായിരിക്കണം. അതുകൊണ്ടു തന്നെയാണല്ലോ യേശു തന്റെ സന്ദേശത്തെ “സുവിശേഷം” എന്നു വിശേഷിപ്പിച്ചത്. സുവിശേഷത്തിന്റെയും സുവിശേഷപ്രഘോഷണത്തിന്റെയും അടിസ്ഥാനലക്ഷ്യം സന്തോഷമാണ്. സ്വയം ദാനം ചെയ്യുന്ന ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് ബൈബിളിന്റെ ഇതിവൃത്തം. അതിന്റെ ലക്ഷ്യം സന്തോഷം പങ്കുവയ്ക്ക

ലാണ്. "ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനുമാണ്" (യോഹ 15,11).

ഈ പുസ്തകത്തിന്റെ രചനയിൽ സഹായിച്ച അനേകരെ നന്ദിയോടെ ഓർക്കുന്നു. നിരന്തരം പരിപാലിക്കുകയും പലപ്പോഴും മാരകമായ അപകടങ്ങളിലും രോഗങ്ങളിലും നിന്ന് കൈപിടിച്ച് രക്ഷിക്കുകയും ആവശ്യമായ പ്രചോദനവും ശക്തിയും നല്കി വഴി നടത്തുകയും ചെയ്യുന്ന പരമകാരുണികനായ നല്ല ദൈവത്തിലുള്ള നന്ദി ഹൃദയത്തിൽ നിറച്ച് സൂക്ഷിക്കുന്നു. പ്രസിദ്ധീകരണത്തിനുവേണ്ടി കൈയെഴുത്തുപ്രതി മനോഹരമായി പകർത്തിയെഴുതിത്തന്ന ശ്രീമതി ലീലാഫ്രാൻസിസിനെ നന്ദിയോടെ സ്മരിക്കുന്നു. പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിച്ച ആത്മ പ്രസിദ്ധീകരണത്തിന്റെ ഡയറക്ടർക്കും സഹപ്രവർത്തകർക്കും ഹൃദയംഗമമായ കൃതജ്ഞത.

ബൈബിൾ നൽകുന്ന സന്തോഷത്തിന്റെ സന്ദേശം അല്പമൊന്ന് അടുത്തു പരിശോധിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. സന്തോഷിക്കാനുള്ള ആഹ്വാനങ്ങളും അതിന് കാരണമായി എടുത്തുകാട്ടുന്ന വസ്തുതകളും പഴയനിയമത്തിലും പുതിയനിയമത്തിലും നിന്ന് തിരഞ്ഞെടുത്ത് അപഗ്രഥിക്കാൻ ശ്രമിക്കുന്നു. ദൈവവചനം പാതയിൽ പ്രകാശം ചൊരിയുമ്പോൾ ജീവിതം പ്രത്യാശാഭരിതമാകും. ഹൃദയത്തിൽ സന്തോഷം നിറയും. അതിനു സഹായകമാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ പുസ്തകം നിങ്ങളുടെ മുമ്പിൽ സവിനയം സമർപ്പിക്കുന്നു.

**ഡോ. മൈക്കിൾ കാരിമറ്റം**

# ഉള്ളടക്കം

1. അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും 11
*ഹെബ്രാ 3,17-18*
2. അസ്തമിക്കാത്ത സ്നേഹം 18
*വിലാ 3,19-24*
3. പുതിയ ഹൃദയം 26
*എസെ 36,25-28*
4. അസ്ഥികളുടെ താഴ്വരയിൽ 32
*എസെ 37,11-14*
5. ദൈവം ഭരിക്കുന്നു 37
*ഏശ 52,7-8*
6. കർത്താവിന്റെ ഭവനത്തിൽ 45
*സങ്കീ 84,1-2*
7. അനേകർക്ക് ആഹ്ലാദം 54
*ലൂക്കാ 1,13-14*
8. "കൃപാപൂർണ്ണേ, ആമോദിച്ചാലും" 58
*ലൂക്കാ 1,28*
9. കർത്താവിൽ ആനന്ദം 62
*ലൂക്കാ 1,46-47*
10. സന്തോഷത്തിന്റെ സദ്വാർത്ത 66
*ലൂക്കാ 2,10-12*
11. സന്തോഷത്തിലേക്കുള്ള വഴി 72
*മത്താ 2,10*
12. പിൻവാങ്ങുന്നതിൽ സന്തോഷം 78
*യോഹ 3,27-30*
13. സുവിശേഷം-സന്തോഷത്തിന്റെ ഉറവിടം 85
*മർക്കോ 1,14-15*
14. സഹനത്തിൽ സന്തോഷം 91
*ലൂക്കാ 6,22-23*

15. സ്വർഗ്ഗത്തിൽ പൗരത്വം 97
*ലൂക്കാ 10,20*
16. യേശുവിന്റെ സന്തോഷം 102
*ലൂക്കാ 10,21*
17. മോചനം നൽകുന്ന സന്തോഷം 108
*ലൂക്കാ 13,16–17*
18. അമൂല്യമായതു കണ്ടെത്തുമ്പോൾ 116
*മത്താ 13,44*
19. നഷ്ടപ്പെട്ടതു കണ്ടുകിട്ടുന്നതിൽ സന്തോഷം 121
*ലൂക്കാ 15,7*
20. പിതാവിന്റെ സന്തോഷം 126
*ലൂക്കാ 15,22–24*
21. ഭവനത്തിനു രക്ഷ 133
*ലൂക്കാ 19,6–9*
22. ജീവിതം ക്രിസ്തു; മരണം നേട്ടം 139
*ഫിലി 1,20–21*
23. എപ്പോഴും സന്തോഷിക്കുവിൻ 145
*1 തെസ 5,14–18*
24. പ്രത്യാശയിൽ സന്തോഷം 151
*റോമാ 12,9–21*
25. ബലഹീനതയിൽ സന്തോഷം 159
*2 കൊറി 12,9–10*
26. നഷ്ടത്തിൽ സന്തോഷം 165
*ഫിലി 3,7–9*
27. "കർത്താവിൽ സന്തോഷിക്കുവിൻ" 170
*ഫിലി 4,4*
28. കണ്ണീർ തുടയ്ക്കുന്ന ദൈവം 174
*വെളി 7,15–17*

# 01

## അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും

*"അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും, ഒലിവു മരത്തിൽ കായ്കൾ ഇല്ലാതായാലും, വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും, ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും, ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും" (ഹെബ്രാ 3,17-18).*

നല്ല ആരോഗ്യവും സമ്പൽസമൃദ്ധിയും സമൂഹത്തിൽ അംഗീകാരവും ഉന്നതസ്ഥാനവും ഒക്കെയുള്ളപ്പോൾ ദൈവത്തെ സ്തുതിക്കുക എളുപ്പമാണ്. സമൃദ്ധി നൽകുന്ന ദൈവത്തെ ഹല്ലേലൂയാ പാടി പുകഴ്ത്തുക സന്തോഷപ്രദവും. എന്നാൽ ഇതെല്ലാം നഷ്ടമായാലോ? കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കുക, നിനക്ക് സന്തോഷവും സമൃദ്ധിയും ദീർഘായുസ്സും ലഭിക്കും എന്നു കേട്ടു തഴകിയവർ ആകസ്മികമായുണ്ടാകുന്ന അത്യാഹിതങ്ങൾക്കു മുന്നിൽ പതറുന്നു, ജോബിനു സംഭവിച്ചതുപോലെ.

സമ്പന്നനായിരുന്നു ജോബ്. ദൈവതിരുമുമ്പിൽ കുറ്റമറ്റവൻ. എന്നാൽ പെട്ടെന്നൊരു ദിവസം എല്ലാം നഷ്ടപ്പെടുന്നു. ആടുമാടുകളെയും ഒട്ടകങ്ങളെയും കവർച്ചക്കാർ പിടിച്ചുകൊണ്ടുപോയി. ഗോതമ്പുവയൽ അഗ്നിക്കിരയായി. ചുഴലിക്കാറ്റിൽ തകർന്ന വീടിനുള്ളിലുണ്ടായിരുന്ന പത്തു മക്കളും ഒരുമിച്ചു മരിച്ചു. താമസിയാതെ ജോബിന് ആരോഗ്യവും നഷ്ടപ്പെട്ടു. ദുഃഖാർത്തനായി, ചാണകക്കൂനയിലിരുന്ന് കുഷ്ഠം ബാധിച്ച ശരീരത്തിൽനിന്നു പൊട്ടിയ കലക്കഷ്ണംകൊണ്ട് പുഴുക്കളെ തോണ്ടിയെടുക്കുന്ന ജോബ്. ദുർഗന്ധം സഹിക്കാനാവാതെ ഭാര്യ പഞ്ഞു.

നിങ്ങൾ ഇനിയും ദൈവത്തെ സ്തുതിക്കുന്നുവോ? ഇത്ര ക്രൂരത കാട്ടിയ ദൈവത്തെ ശപിക്ക്, എന്നിട്ട് നിങ്ങളും ചാക്. വീടു തകർന്നു മരിച്ച മക്കളെപ്പോലെ!

സമൂഹത്തിൽ എക്കാലത്തും നിലനിന്ന, ഇന്നും നില നിൽക്കുന്ന ഒരു കാഴ്ചപ്പാടാണിത്. ദൈവകല്പനകളനുസരിച്ച്, ദൈവത്തിനു പ്രീതികരമായ വിശുദ്ധ ജീവിതം നയിക്കുന്ന വ്യക്തി കൾക്ക് ഒരിക്കലും ഒരാപത്തും സംഭവിക്കുകയില്ല. ഭൗതിക നന്മ കളെമാത്രം ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങളായി കാണുന്ന ഭക്തിക്കും മതാത്മകതയ്ക്കും മറ്റു തരത്തിൽ ചിന്തിക്കുക എളു പ്പമല്ല, അന്നും ഇന്നും. ജോബിന്റെ അത്യാഹിതങ്ങളെക്കുറിച്ചു കേട്ടറിഞ്ഞ സുഹൃത്തുക്കൾ അനുശോചനം അറിയിക്കാൻ വന്നു. അവർ പ്രതീക്ഷിച്ചതിലും വളരെയേറെ ശോചനീയവും ഭീകര വുമായിരുന്നു ജോബിന്റെ അവസ്ഥ. അതിനാൽ "അവർ ഉറക്കെ നിലവിളിച്ചു, വസ്ത്രം കീറി, തലയിൽ പൂഴി വാരി വിതറി. അവന്റെ പീഡകൾ അതികഠിനമെന്നു കണ്ട് ഒരക്ഷരം സംസാരിക്കാനാ വാതെ ഏഴു രാപകൽ അവർ അവനോടൊപ്പം നിലത്തിരുന്നു" (ജോബ് 2, 12-13).

ജോബിന്റെ വിലാപങ്ങൾക്കു പക്ഷേ, അവർ നൽകുന്ന മറു പടി ജോബിന് ഒട്ടും ആശ്വാസം പകരുന്നില്ല. കാരണം പരമ്പരാ ഗതമായ വ്യാഖ്യാനമാണ് അവർ സഹനത്തിനു നൽകുന്നത്. നീതിമാനെ ദൈവം ഒരിക്കലും ശിക്ഷിക്കുകയില്ല. എന്നാൽ നീ ഇപ്പോൾ അനുഭവിക്കുന്നത് കഠിനമായ ദൈവശിക്ഷയാണെന്ന തിൽ സംശയമില്ല. ഇതിന് ഒരേ ഒരു വിശദീകരണമേയുള്ളൂ. നീ ദൈവത്തിനെതിരായി കഠിനമായ പാപം ചെയ്തിരിക്കുന്നു. അതി നാൽ അനുതപിച്ച്, കുറ്റം ഏറ്റുപറഞ്ഞ് ദൈവത്തോടു മാപ്പിര ക്കുക, ദൈവം നിനക്ക് ആരോഗ്യവും സമ്പത്തും കുടുംബവും എല്ലാം വീണ്ടും തരും. മൂന്നു സ്നേഹിതർ മാറിമാറി മൂന്നു തവണ വീതം ഈ ഉപദേശങ്ങൾ ആവർത്തിച്ചു. എന്നാൽ ജോബിന്റെ കുറ്റം തെളിയിക്കാനോ അനുതാപത്തിലേക്കു ജോബിനെ നയിക്കാനോ അവർക്കു കഴിഞ്ഞില്ല.

താൻ നിരപരാധിയാണെന്ന ബോധ്യത്തിൽ ജോബ് ഉറച്ചു നിന്നു. നിഷ്കളങ്കനായ തന്റെ മേൽ ഇത്ര വലിയ ശിക്ഷ അയച്ച ദൈവത്തെ നേരിൽ കാണണം, അവിടുത്തെ മുമ്പിൽ ഒരേ ഒരു ചോദ്യം ഉന്നയിക്കണം. ചെയ്യാത്ത കുറ്റത്തിന് എന്തിന് ഈ

ശിക്ഷ? അല്ലെങ്കിൽ എന്തുകുറ്റമാണ് ഞാൻ ചെയ്തതെന്നു ബോധ്യപ്പെടുത്തുക. പക്ഷേ ദൈവത്തിന്റെ ഭാഗത്തുനിന്ന് സമ്പൂർണ്ണ നിശ്ശബ്ദത. ഇതാണ് ജോബിനെ കൂടുതൽ കഠിനമായ ദുഃഖത്തിൽ ആഴ്ത്തുന്നത്. "എവിടെ ഞാൻ അവിടുത്തെ കണ്ടുമുട്ടും എന്ന് അറിഞ്ഞിരുന്നെങ്കിൽ! അവിടുത്തെ സിംഹാസനത്തെ സമീപിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ!... ഇതാ ഞാൻ മുമ്പോട്ടു പോയാൽ അവിടുന്ന് അവിടെയില്ല; പുറകോട്ടുപോയാലും അവിടുത്തെ കാണാൻ സാധിക്കുകയില്ല. ഇടത്തു വശത്തു ഞാൻ അവിടുത്തെ അന്വേഷിക്കുന്നു, എന്നാൽ എനിക്കവിടുത്തെ കാണാൻ സാധിക്കുന്നില്ല. വലതു വശത്തേക്കു തിരിഞ്ഞാലും ഞാൻ അവിടുത്തെ കാണുന്നില്ല" (ജോബ് 23,3,8-9).

നീതിമാനു സമൃദ്ധി, ദുഷ്ടനു ദാരിദ്ര്യവും ദുരിതവും എന്ന പരമ്പരാഗതമായ കാഴ്ചപ്പാടിനെ നിശിതമായി വിമർശിക്കുന്ന, ചോദ്യം ചെയ്യുന്ന പുസ്തകമാണ് ജോബ്. നീതിമാന്റെ സഹനം എന്ന പ്രഹേളികയെ അതിശക്തമായി അവതരിപ്പിക്കുന്ന ഒരു നാടകം. സുഹൃത്തുക്കൾ മൂന്നുപേരും പരമ്പരാഗതമായ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ ജോബിനെ തിരുത്താനും പശ്ചാത്താപത്തിലേക്കു നയിക്കാനും ശ്രമിച്ച് തോറ്റു പിന്മാറുമ്പോൾ എലീഹൂ എന്ന പുതിയൊരു കഥാപാത്രം രംഗത്തു വന്ന്, ദൈവിക പദ്ധതിയെ ചോദ്യം ചെയ്യാൻ മുതിരുന്ന ജോബിന്റെ ഔദ്ധത്യത്തെ കുറ്റപ്പെടുത്തുന്നു; പക്ഷേ തൃപ്തികരമായ മറുപടി നൽകാൻ അയാൾക്കും കഴിയുന്നില്ല. അവസാനം ദൈവം തന്നെ രംഗത്തു വന്ന് തന്റെയും തന്റെ പദ്ധതികളുടെയും നിഗൂഢതയെപ്പറ്റി ബോധ്യപ്പെടുത്തുമ്പോൾ ജോബ് നിശ്ശബ്ദനാകുന്നു; അഗ്രാഹ്യമായ ദൈവിക തീരുമാനങ്ങളുടെ മുമ്പിൽ വിനയാന്വിതനായി കുമ്പിടുന്നു.

"ജോബ് കർത്താവിനോടു പറഞ്ഞു: എനിക്കു മനസിലാകാത്ത അത്ഭുതകരമായ കാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞുപോയി... അങ്ങയെക്കുറിച്ചു ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു. അതിനാൽ ഞാൻ എന്നെത്തന്നെ വെറുക്കുന്നു; പൊടിയിലും ചാരത്തിലും കിടന്ന് ഞാൻ പശ്ചാത്തപിക്കുന്നു" (ജോബ് 42,1-6). ഉത്തരം കിട്ടാത്ത ഒരു രഹസ്യമായി നിൽക്കുന്നു നീതിമാന്റെ സഹനം. ജോബിന്റെ പുസ്തകം ഈ രഹസ്യാത്മകതയിലേക്കു വിരൽ ചൂണ്ടുകയല്ലാതെ ഉത്തരം തരുന്നില്ല. ജോബിന്റെ വിശ്വാ

സത്തെയും വിശ്വസ്തതയെയും പരീക്ഷണവിധേയമാക്കിയ താണ് സഹനങ്ങൾ എന്ന് ആമുഖത്തിൽ പറഞ്ഞുവയ്ക്കുന്നതി ലൂടെ ഗ്രന്ഥകാരൻ നിർണ്ണായകമായൊരു സത്യം അവതരിപ്പി ക്കുന്നുണ്ട്.

ജോബ് എന്തെങ്കിലും തെറ്റു ചെയ്തതുകൊണ്ടല്ല, ഈ കഷ്ട നഷ്ടങ്ങളെല്ലാം സഹിക്കേണ്ടിവന്നത്. മറിച്ച്, ദൈവത്തിലുള്ള ആശ്രയബോധവും ദൈവത്തോടുള്ള വിശ്വസ്തതയും തെളിയി ക്കാൻ ഒരവസരമൊരുക്കുകയായിരുന്നു ഇതിന്റെയെല്ലാം ലക്ഷ്യം. പരീക്ഷയിൽ പൂർണ്ണവിജയം നേടിയ ജോബിന് നഷ്ടപ്പെട്ട തെല്ലാം തിരിച്ചു നൽകി എന്നത് കഥയുടെ അനുബന്ധം. മര ണാനന്തര ജീവിതത്തെക്കുറിച്ച് അറിവില്ലാതിരുന്ന ഒരു കാല ഘട്ടത്തിലാണ് ജോബിന്റെ കഥ എഴുതിയത്. നീതിമാനും ദുഷ്ടനും ഈ ലോകത്തിൽ വച്ചുതന്നെ പ്രതിഫലം കിട്ടുന്നില്ല എന്നത് അർത്ഥം ഗ്രഹിക്കാനാവാത്ത ഒരു രഹസ്യമായി അവ ശേഷിക്കുന്നു. എന്നാലും മരണത്തിനപ്പുറം ഒരു ജീവിതത്തിലേക്ക് എത്തിപ്പിടിക്കാൻ നടത്തുന്ന ഒരു ശ്രമം ഈ പുസ്തകത്തിൽ കാണാം.

"എന്റെ വാക്കുകൾ എഴുതപ്പെട്ടിരുന്നെങ്കിൽ! അവ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നെങ്കിൽ!... എനിക്കു ന്യായം നടത്തിത്തരുന്നവൻ ജീവിക്കുന്നെന്നും അവസാനം അവിടുന്ന് എനിക്കുവേണ്ടി നിലകൊള്ളുമെന്നും ഞാൻ അറിയുന്നു. എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽ നിന്നു ഞാൻ ദൈവത്തെ കാണും. മറ്റാരെയുമല്ല, അവിടുത്തെത്തന്നെ എന്റെ കണ്ണുകൾ ദർശിക്കും" (ജോബ് 19,23-27). ഇത് മരിച്ചതി നുശേഷമുള്ള പുനരുത്ഥാനത്തെയാണോ, അതോ രോഗശാ ന്തിയെ ആണോ സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ അഭിപ്രായ ഐക്യമില്ല. കഥയുടെ ഉപസംഹാരം കണക്കിലെടുത്താൽ ഇത് രോഗശാന്തിയെക്കുറിച്ചുള്ള പ്രതീക്ഷയാണ് സൂചിപ്പിക്കുന്നത് എന്ന അഭിപ്രായത്തിനു മുൻതൂക്കമുണ്ട്. അപ്പോൾ നീതിമാന്റെ സഹനം ഉത്തരം കിട്ടാത്ത ഒരു പ്രഹേളികയായി അവശേഷി ക്കുന്നു.

ദൈവവിശ്വാസി എന്നും നേരിടുന്ന വലിയൊരു പ്രശ്നമാണ് നീതിമാന്റെ സഹനം. നീതിമാനായ ദൈവമാണ് സ്രഷ്ടാവും നിയന്താവും എങ്കിൽ എന്തുകൊണ്ട് ദുഷ്ടൻ അഭിവൃദ്ധി പ്രാപി

ക്കുകയും നീതിമാൻ സഹിക്കുകയും ചെയ്യുന്നു? ഉത്തരങ്ങൾ പലത് പല കാലങ്ങളിൽ നൽകപ്പെട്ടു. പാപത്തിന്റെ ഫലമാണ് മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളും എന്നതാണ് പൊതുവായ വിശദീകരണം. എന്നാൽ പാപം ചെയ്യുന്നവരല്ല, നീതി മാത്രം പ്രവർത്തിക്കുന്നവരാണ് പലപ്പോഴും ശാരീരികവും സാമ്പത്തികവുമായ സഹനങ്ങളിലൂടെ കടന്നുപോകുന്നത് എന്ന യാഥാർത്ഥ്യം ഉത്തരം കിട്ടാതെ അവശേഷിക്കുന്നു.

നന്മയും തിന്മയും ഈ ജീവിതത്തിന്റെ പരിപ്രേക്ഷ്യത്തിനുള്ളിൽവച്ച് സമ്മാനമോ ശിക്ഷയോ നൽകി അവസാനിപ്പിക്കുന്നില്ല എന്ന സത്യമാണ് ബൈബിൾ സാവകാശം വെളിപ്പെടുത്തിതരുന്നത്. മരണത്തിനപ്പുറം ഒരു ജീവിതമുണ്ട്. ആ നിത്യജീവിതത്തിനുള്ള ഒരുക്കം മാത്രമാണ് ഈ ലോകത്തിലെ ജീവിതം. അതിനാൽ ശരിയായ ശിക്ഷയും സമ്മാനവും മരണശേഷമേ ഉണ്ടാകൂ എന്ന വിശ്വാസം ശക്തിയാർജ്ജിച്ചു. യേശുവിന്റെ പ്രബോധനങ്ങളും പുനരുത്ഥാനവുമാണ് ഈ വിശ്വാസത്തിന്റെ ഉറച്ച അടിത്തറ. ധനവാന്റെയും ലാസറിന്റെയും ഉപമ ഈ പ്രബോധനത്തിന്റെ വ്യക്തമായൊരുദാഹരണമാണ്. പട്ടിണി കിടക്കുന്ന അയൽക്കാരനെ കാണാതെ, സമൃദ്ധമായി വിരുന്നുണ്ട ധനികൻ മരിച്ച് നരകത്തിൽ അടയ്ക്കപ്പെടുമ്പോൾ പട്ടിണി കിടന്നു മരിച്ച ലാസർ സ്വർഗ്ഗത്തിൽ സന്തോഷം അനുഭവിക്കുന്നു (ലൂക്കാ 16,19-31).

ഈ ഭൂമിയിൽവച്ച് നന്മ ചെയ്യുന്നവരുടെ പ്രതിഫലം സ്വർഗ്ഗത്തിലായിരിക്കും ലഭിക്കുക. "നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും" (ലൂക്കാ 14,14). യേശുവിന്റെ പ്രബോധനങ്ങളും ആഹ്വാനങ്ങളും, വാഗ്ദാനങ്ങളും താക്കീതുകളും എല്ലാം ഈ നിത്യജീവനെ മുന്നിൽ കണ്ടുകൊണ്ടുള്ളതായിരുന്നു. അന്തിമവിധിയെക്കുറിച്ചുള്ള പ്രബോധനം സംശയത്തിനു പഴുതിടുന്നില്ല: "എന്റെ പിതാവിനാൽ അനുഗൃഹീതരേ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു... ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്കു വിശന്നു, നിങ്ങൾ എനിക്ക് ആഹാരം തന്നില്ല" (മത്താ 25,31-46).

മരണത്തിനപ്പുറം ഒരു കണക്കു തീർക്കലുണ്ടെന്നും ശാശ്വതമായ സമ്മാനവും ശിക്ഷയും അപ്പോൾ മാത്രമേ ലഭിക്കൂ എന്നും യേശു പഠിപ്പിച്ചു. ശിഷ്യസമൂഹം ആ പ്രബോധനം ഇന്നും വിശ്വസിക്കുന്നു, തുടർന്നു പഠിപ്പിക്കുന്നു. അപ്പോൾ ചോദ്യം വീണ്ടും അവശേഷിക്കുന്നു - എന്താണ് നീതിമാന്റെ സഹനത്തിനു കാരണം? അത് ദൈവികനീതിയുമായി എങ്ങനെ പൊരുത്തപ്പെടും? കൃത്യമായൊരു ഉത്തരം ലഭ്യമല്ല. ദൈവത്തിന്റെ പദ്ധതിയുടെ നിഗൂഢത മുഴവുൻ ഇപ്പോൾ ചുരുളഴിഞ്ഞു കിട്ടിയെന്നുവരില്ല. യേശുവിന്റെ തന്നെ അനുഭവം ഈ ദിശയിലേക്കു വിരൽ ചൂണ്ടുന്നു.

ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും എന്ന് അസന്നിഗ്ധമായി പഠിപ്പിച്ച യേശു, അവസാനമായി ചേദിച്ചതു കിട്ടിയില്ല എന്നാണ് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നത്. മരണത്തിന്റെ തലേരാത്രി, ചോര വിയർത്തു പ്രാർത്ഥിച്ചു: “പിതാവേ അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ” (ലൂക്കാ 22,42). പക്ഷേ പാനപാത്രം മാറ്റിക്കൊടുത്തില്ല; മറിച്ച് പാനപാത്രം കുടിക്കാനുള്ള ശക്തി നൽകി. അതും പ്രാർത്ഥനയുടെ ഭാഗമായിരുന്നു: “എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ” (ലൂക്കാ 22,42).

കടന്നുപോകേണ്ടിവരുന്ന വേദനകളുടെയും ദുഃഖങ്ങളുടെയും സഹനങ്ങളുടെയും അർത്ഥം പെട്ടെന്നു മനസ്സിലായി എന്നുവരില്ല. എല്ലാറ്റിനും ദൈവിക പദ്ധതിയിൽ സ്ഥാനമുണ്ട് എന്നു സാവകാശം മനസ്സിലാകും. എന്നെ സ്നേഹിക്കുകയും എന്റെ നന്മ മാത്രം ആഗ്രഹിക്കുകയും ചെയ്യുന്ന പിതാവാണ് എന്റെ ജീവിതത്തെ നയിക്കുന്നത് എന്ന ഉറച്ച വിശ്വാസമാണാവശ്യം. ഈ വിശ്വാസമാണ് ഏതു സാഹചര്യത്തിലും സന്തോഷിക്കാൻ സഹായിക്കുന്നത്. ആരംഭത്തിൽ ഉദ്ധരിച്ച ഹബക്കുക്ക് പ്രവാചകന്റെ വാക്കുകൾ ഇതിനു സാക്ഷ്യം നൽകുന്നു.

ദേശം മുഴുവൻ വലിയ പ്രതിസന്ധിയെ നേരിട്ട സാഹചര്യത്തിലാണ് ഹബക്കുക്ക് പ്രവാചകൻ രംഗപ്രവേശം ചെയ്തത്. ബാബിലോൺ ചക്രവർത്തി നബുക്കദ്നേസർ ചുറ്റുപാടുമുള്ള സകല ജനതകളെയും തോല്പിച്ചു. ബി.സി. 598 ൽ ജറുസലെം കീഴടക്കി. അനേകായിരങ്ങളെ തടവുകാരാക്കി, ബാബിലോണിലേക്കു കൊണ്ടുപോയി. ദേവാലയം കൊള്ളയടിച്ചു. വിലപിടിച്ച

തെല്ലാം അപഹരിച്ചു, ദേശത്തു കനത്ത കപ്പവും ചുമത്തി. ഈ സാഹചര്യത്തിലാണ് പ്രവാചകൻ രംഗപ്രവേശം ചെയ്തതെന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. തങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ വെളിച്ചത്തിൽ ദൈവനീതിയുടെ സ്വഭാവം തേടുന്ന പ്രവാചകൻ കണ്ടെത്തുന്ന ഉത്തരമാണ് അവസാനത്തെ മൂന്നു വാക്യങ്ങളിൽ (ഹബ 3,17-19) അവതരിപ്പിച്ചിരിക്കുന്നത്.

ഭൗതികമായ എന്തെല്ലാം നഷ്ടങ്ങളും ദുരിതങ്ങളും നേരിടേണ്ടി വന്നാലും ഉള്ളിന്റെ ഉള്ളിൽ സന്തോഷം നിറഞ്ഞു നിൽക്കും, ഹൃദയത്തിന്റെ അടിത്തട്ടിൽ ആനന്ദം തിരതല്ലും. കാരണം സർവ്വശക്തനും കർത്താവുമായ ദൈവമാണ് എന്റെ ബലം. അവന് അസാധ്യമായി ഒന്നുമില്ല. എല്ലാ നഷ്ടങ്ങളും പരിഹരിക്കപ്പെടും. എല്ലാ അനീതിക്കും അറുതി വരുത്തും. ഈ വിശ്വാസമാണ് ജീവശ്വാസമായി നിൽക്കേണ്ടത്. “നീതിമാൻ തന്റെ വിശ്വാസം മൂലം ജീവിക്കും” (ഹബ 2,4). വിശ്വസിക്കുക എന്നാൽ ഏതാനും ചില തത്വസംഹിതകൾ ബുദ്ധികൊണ്ട് അംഗീകരിക്കുക എന്നല്ല അർത്ഥം, ദൈവത്തിന്റെ കരങ്ങളിൽ ജീവിതം പൂർണ്ണമായി അർപ്പിക്കലാണത്. സമ്പൂർണ്ണമായ സമർപ്പണത്തിന്റെ ജീവിതം. ഇനി ഞാനല്ല, ദൈവമാണ് എന്റെ ജീവിതത്തിന്റെ ഉടയവൻ, നാഥൻ. “ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആരു നമുക്ക് എതിരു നിൽക്കും?” (റോമാ 8,13). അതിനാൽ ഭയം വേണ്ടാ, നിരാശയും വേണ്ടാ, കർത്താവിൽ ആനന്ദിക്കുക, രക്ഷകനായ ദൈവത്തിൽ സന്തോഷിക്കുക-ഇപ്പോൾ മുതൽ!

# 02

## അസ്തമിക്കാത്ത സ്നേഹം

*"എന്റെ കഷ്ടതയുടെയും അലച്ചിലിന്റെയും ഓർമ്മ കയ്പേറിയ വിഷമാണ്. അതിനെപ്പറ്റി നിരന്തരം ചിന്തിച്ച് എന്റെ മനം തകരുന്നു. എന്നാൽ ഒരുകാര്യം ഞാൻ ഓർക്കുന്നു. അത് എനിക്ക് പ്രത്യാശ തരുന്നു. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്. കർത്താവാണ് എന്റെ ഓഹരി; അവിടുന്നാണ് എന്റെ പ്രത്യാശ എന്നു ഞാൻ പറയുന്നു" (വിലാ 3,19-24).*

ഭീകരമായിരുന്നു ജറുസലെമിന്റെ നാശം. പ്രവാചകന്മാർ അനേകം തവണ മുൻകൂട്ടി അറിയിച്ചിരുന്നു; മാനസാന്തരത്തിനു ക്ഷണിച്ചിരുന്നു. എന്നാൽ ജനം ചെവികൊള്ളാൻ കൂട്ടാക്കിയില്ല. പതിനൊന്നാം മണിക്കൂറിൽ ജറെമിയാ, സെഫാനിയാ, നാഹൂം, ഹബക്കുക്ക് എന്നിങ്ങനെ ശക്തരായ പ്രവാചകന്മാരുടെ ഒരുനിരതന്നെ വന്ന് ജീവിതപരിവർത്തനത്തിന് ആഹ്വാനം ചെയ്തു. മനസു തിരിയുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന ഭയാനകമായ ദുരന്തത്തെക്കുറിച്ചു വ്യക്തമായ മുന്നറിയിപ്പുകൾ നൽകി.

പക്ഷേ രാജാവും പുരോഹിതന്മാരും അവർക്കു ശക്തി പകർന്ന വ്യാജപ്രവാചകന്മാരും രാഷ്ട്രീയ കൂട്ടുകെട്ടുകളിൽ വിശ്വസിച്ചു; ജീവിതത്തിൽ പരിവർത്തനം വരുത്താൻ വിസമ്മതിച്ചു; നേതാക്കന്മാർ വഴിതെറ്റിച്ച ജനം അവസാനം അനുഭവിച്ചറിഞ്ഞു, ദൈവകല്പന ലംഘിക്കുകയും താക്കീതുകൾ അവഗണിക്കുകയും ചെയ്യുന്നതിന്റെ തിക്തഫലം.

ബി.സി. 598 ൽ നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം കീഴടക്കി. അനേകരെ തടവുകാരാക്കി, ബാബിലോണിലേക്കു കൊണ്ടുപോയി. വലിയൊരു തുക കപ്പം കൊടുക്കാൻ കല്പിച്ചു. ബാബിലോൺ സൈന്യം പിൻവാങ്ങി. രണ്ടുവർഷം കഴിഞ്ഞപ്പോൾ ഇസ്രായേൽക്കാർ കപ്പം കൊടുക്കൽ നിർത്തി. ബാബിലോൺ താമസിയാതെ നശിപ്പിക്കപ്പെടും, തടവുകാരെല്ലാം തിരിച്ചുവരും എന്ന് വ്യാജപ്രവാചകന്മാർ പ്രഘോഷിച്ചു. ജനം വിശ്വസിച്ചു. ഇനി ബാബിലോൺ സൈന്യം തിരിച്ചു വന്നാൽത്തന്നെ, ഈജിപ്തിന്റെ സഹായത്തോടെ അവരെ ചെറുത്തു തോല്പിക്കാം എന്ന് രാജാവും പുരോഹിതന്മാരും അവർക്കു കൂട്ടുനിന്ന അനേകം പ്രവാചകന്മാരും ജനത്തെ ബോധ്യപ്പെടുത്തി. സഖ്യചർച്ചകൾ നടന്നു. ജറെമിയായുടെ വ്യത്യസ്ത സ്വരം അടിച്ചൊതുക്കി. പ്രവാചകനെ വധിക്കാൻ ശ്രമിച്ചു. അവസാനം തടവിലാക്കി (ജറെ 7;18-21, 26-28).

പക്ഷേ പ്രതീക്ഷയ്ക്കു വിരുദ്ധമായി നബുക്കദ്നേസർ തിരിച്ചുവന്നു 588 ൽ, തോല്പിക്കാനല്ല, നശിപ്പിക്കാൻ. ഒന്നരവർഷം നീണ്ട ഉപരോധം നഗരത്തിൽ നാശം വിതച്ചു. ഭക്ഷണം ഇല്ലാതായി. പട്ടിണി കിടന്നു മരിച്ചവരുടെ ശവം തിന്ന് മറ്റുള്ളവർ ജീവൻ നിലനിർത്താൻ ശ്രമിച്ചു. അവസാനം നഗരമതിൽ തകർത്ത് ശത്രുസൈന്യം അകത്തു കയറി. നഗരവീഥികളിൽ രക്തം ചാലു കീറിയൊഴുകി. രാജകൊട്ടാരങ്ങളും ദേവാലയവും കത്തിയെരിഞ്ഞു. എരിഞ്ഞടങ്ങുന്ന നഗരത്തിൽനിന്ന് അടിമകളാക്കപ്പെട്ടവരുടെ നീണ്ടനിര അങ്ങകലെ ബാബിലോണിലേക്കു നീങ്ങി. രണ്ടു കണ്ണും ചൂഴ്ന്നെടുത്ത്, കഴുത്തിൽ ചങ്ങലയിട്ട് മുൻപേ കൊണ്ടുപോയത് ഇസ്രായേലിന്റെ അവസാനത്തെ രാജാവും ദാവീദു വംശജനുമായ സെദെക്കിയായെ.

എല്ലാം തകർന്നു. ഒരു ചരിത്രം അവസാനിച്ചു. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് കരുത്തുറ്റ കരം നീട്ടി കർത്താവു മോചിപ്പിച്ചുകൊണ്ടുവന്ന്, കാനാൻ ദേശം സ്വന്തമായി നൽകി, കുടിയിരുത്തിയ കർത്താവുതന്നെ അവരെ ഇപ്പോൾ വീണ്ടും അടിമത്തത്തിലേക്കു വലിച്ചിഴച്ചു. ഉടമ്പടി ലംഘിച്ചവരെ ഉടമ്പടിയുടെ നിബന്ധനകൾ അനുസരിച്ചു തന്നെ ശിക്ഷിച്ചു. ഇതാണ് "വിലാപങ്ങൾ" എന്ന പുസ്തകത്തിന്റെ ചരിത്രപശ്ചാത്തലം.

ജറെമിയാ എഴുതിയതാണ് വിലാപങ്ങൾ എന്ന് ഒരു കാലത്ത്

കരുതിയിരുന്നു. എന്നാൽ ആധുനിക ബൈബിൾ വിജ്ഞാനീയ ത്തിന്റെ വെളിച്ചത്തിൽ ഗ്രന്ഥകർത്താവ് ജറെമിയാ അല്ല എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ആരാണ് യഥാർത്ഥ ഗ്രന്ഥകാരൻ എന്ന് ആർക്കും അറിയില്ല. ഗ്രന്ഥ കർത്താവ് ആരെന്നതിനേക്കാൾ, ദൈവാത്മാവിന്റെ പ്രത്യേക പ്രചോദനത്താൽ രചിക്കപ്പെട്ട ഗ്രന്ഥമാണിത് എന്ന് സഭ അംഗീ കരിക്കുന്നു, പഠിപ്പിക്കുന്നു. അതിനാൽത്തന്നെ ദൈവവചനമായി നാം സ്വീകരിക്കുന്നു.

എല്ലാം നഷ്ടപ്പെട്ട ഒരമ്മയായിട്ടാണ് ഇസ്രായേൽ ജനത്തെ ഇവിടെ ചിത്രീകരിക്കുന്നത്. വാളിനിരയായും നാടു കടത്തപ്പെട്ടും നഷ്ടപ്പെട്ടുപോയ മക്കൾ. അവർ അനുഭവിച്ച ക്ലേശങ്ങളും ദുരി തങ്ങളും ഒന്നൊന്നായി എണ്ണിപ്പാടി കരയുന്ന ദുർഭഗയായ അമ്മ– സെഹിയോൻ മാതാവ്. "ഒരിക്കൽ ജനനിബിഡമായിരുന്ന നഗരം ഇന്ന് എത്ര ഏകാന്തമായിരിക്കുന്നു; ജനതകളിൽ ഉന്നതയായി രുന്നവൾ ഇന്നിതാ വിധവയെപ്പോലെ ആയിരിക്കുന്നു... രാത്രി മുഴുവൻ അവൾ കയ്പോടെ കരയുന്നു. അവൾ കവിൾത്തടത്തി ലൂടെ കണ്ണീരൊഴുക്കുന്നു. അവളെ ആശ്വസിപ്പിക്കാൻ... ആരുമില്ല" (വിലാ 1,1–2).

കർത്താവിന്റെ ശിക്ഷയാണിത് എന്ന് അവൾക്കറിയാം. നിര ന്തരമായ അനുസരണക്കേടും അവിശ്വസ്തതയുമാണ് കഠിനമായ ഈ ശിക്ഷ വിളിച്ചുവരുത്തിയത്. "എന്റെ അകൃത്യങ്ങൾ ഒരു നുകമായി കെട്ടി; അവിടുത്തെ കരം അവ ഒരുമിച്ചുചേർത്തു. അവ എന്റെ കഴുത്തിൽ വച്ചു. എന്റെ ശക്തി അവിടുന്ന് ചോർത്തിക്ക ളഞ്ഞു. എനിക്കു ചെറുത്തുനിൽക്കാൻ ആവാത്തവരുടെ കയ്യിൽ കർത്താവ് എന്നെ ഏല്പിച്ചുകൊടുത്തു" (വിലാ 1,14). നേതാക്ക ന്മാർ വഴി തെറ്റിച്ചതാണ് ജനം അവിശ്വസ്തരാകാൻ കാരണം. മായം ചേർക്കാതെ ദൈവവചനം പ്രഘോഷിച്ച്, ദൈവഹിതം അറിയിച്ച്, ജനത്തെ നേർവഴിക്കു നടത്തേണ്ട പ്രവാചകന്മാരും പുരോഹിതന്മാരും തന്നെയാണ് അവരെ നാശത്തിന്റെ വഴിയി ലൂടെ നയിച്ചത്; "നിന്റെ പ്രവാചകന്മാർ നിനക്കുവേണ്ടി കണ്ടത് വഞ്ചനാത്മകമായ വ്യാജദർശനങ്ങളാണ്. നിന്റെ ഐശ്വര്യം പുനഃസ്ഥാപിക്കാൻ വേണ്ടി നിന്റെ അകൃത്യങ്ങൾ അവർ മറനീക്കി കാണിച്ചില്ല" (വില 2,14).

സ്വപ്നത്തിൽപോലും കാണാത്തത്ര ഭീകരമായിരുന്നു ജറു

സലെം അനുഭവിച്ച ദുരിതങ്ങൾ, പ്രത്യേകിച്ചും ഉപരോധന ത്തിന്റെ നാളുകളിൽ. "സ്ത്രീകൾ തങ്ങളുടെ മക്കളെ, തങ്ങൾ താലോലിച്ചു വളർത്തുന്ന കുഞ്ഞുങ്ങളെ, തിന്നണമോ?" (വിലാ 2,20). "കരുണാമയികളായ സ്ത്രീകളുടെ കൈകൾ സ്വന്തം മക്കളെ വേവിച്ചു. എന്റെ ജനത്തിന്റെ പുത്രിയുടെ വിനാശത്തിന്റെ നാളു കളിൽ അവർ അവരുടെ ഭക്ഷണമായി" (വിലാ 4,10). ആരാണി തിനെല്ലാം ഉത്തരവാദികൾ? വിതുമ്പിക്കരയുന്ന അമ്മയുടെ വാക്കുകൾ തികച്ചും ഭയാനകവും ആനുകാലിക പ്രസക്തവുമാണ്: "അവരുടെ മധ്യേ നീതിമാന്മാരുടെ രക്തം ചൊരിഞ്ഞ അവളുടെ പ്രവാചകന്മാരുടെ പാപങ്ങളും പുരോഹിതന്മാരുടെ തിന്മകളും നിമിത്തമാണിത് സംഭവിച്ചത്" (വിലാ 4,13).

ഉടമ്പടിയുടെ നിയമങ്ങൾ ശ്രദ്ധിക്കാതെ, കർത്താവിന്റെ സ്വര ത്തിനു കാതോർക്കാതെ, സ്വന്തം തോന്നലുകളെ ദൈവവചന മായി അവതരിപ്പിച്ച പ്രവാചകന്മാർ തന്നെയാണ് കുറ്റവാളിക ളുടെ മുൻനിരയിൽ. അവർക്കെതിരേയാണ് ജറെമിയാ അതിശ ക്തമായി പ്രതികരിച്ചത്, താക്കീതുകൾ നൽകിയത്. "നിസാര ന്മാർ മുതൽ മഹാന്മാർ വരെ എല്ലാവരും അന്യായ ലാഭത്തിൽ ആർത്തി പൂണ്ടിരിക്കുന്നു. പ്രവാചകനും പുരോഹിതനും ഒന്നു പോലെ കപടമായി പെരുമാറുന്നു. അവർ അശ്രദ്ധമായിട്ടാണ് എന്റെ ജനത്തിന്റെ മുറിവുകൾ വച്ചുകെട്ടുന്നത്. സമാധാനമില്ലാ തിരിക്കെ സമാധാനം, സമാധാനം എന്ന് അവർ പറയുന്നു" (ജറെ 6,13-14). ജനത്തെ നയിക്കേണ്ടവർക്കു ലക്ഷ്യം പിഴച്ചു. ഭൗതിക സമ്പത്തിനും സ്ഥാനമാനങ്ങൾക്കും സുഖഭോഗങ്ങൾക്കും വേണ്ടി ആർത്തിപൂണ്ട നേതാക്കന്മാർ, അവർ നയിച്ച ജനം. കുരുടൻ കുരുടനെ നയിച്ച് ഇരുവരും കുഴിയിൽ വീണു.

നേതൃനിരയിൽ വന്ന വീഴ്ചകൾ, വഴിവിട്ട യാത്രകൾ, അതി രുകടന്ന ആസക്തികൾ-അതായിരുന്നു സർവ്വനാശം വിതച്ച പരാ ജയത്തിനു കാരണം. "ജറുസലെമിലെ പ്രവാചകന്മാരുടെ ഇട യിൽ ഭയാനകമായ ഒരു കാര്യം ഞാൻ കണ്ടു. അവർ വ്യഭിചരി ക്കുകയും കാപട്യത്തിൽ മുഴുകുകയും ചെയ്യുന്നു. ആരും ദുഷ്ടത ഉപേക്ഷിക്കാതിരിക്കത്തക്കവിധം അവർ ദുഷ്ടരെ പിന്താങ്ങുന്നു" (ജറെ 23,14). ദൈവത്തിന്റെ നാമത്തിലാണ് പ്രവചിക്കുന്നതെ ങ്കിലും അവർ പറയുന്നത് ദൈവവചനമല്ല, സ്വാർത്ഥലാഭത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള സ്വന്തം വാക്കുകളാണ്.

"എനിക്കൊരു സ്വപ്നമുണ്ടായി, എനിക്കൊരു സ്വപ്നമുണ്ടായി എന്ന് അവകാശപ്പെട്ട് പ്രവാചകന്മാർ എന്റെ നാമത്തിൽ വ്യാജം പ്രവചിക്കുന്നത് ഞാൻ കേൾക്കുന്നുണ്ട്. കള്ള പ്രവചനങ്ങൾ നടത്തുന്ന, സ്വന്തം തോന്നലുകളെ പ്രവചനങ്ങളായി അവതരിപ്പിക്കുന്ന, ഈ പ്രവാചകന്മാർ തങ്ങളുടെ ഹൃദയത്തിൽ എത്രനാൾ വ്യാജം കൊണ്ടു നടക്കും?" (ജറെ 23,25-26). എല്ലാം തകർന്നടിയുന്നതുവരെ ഇപ്രകാരമുള്ള വ്യാജപ്രവചനങ്ങളും വഴി തെറ്റിച്ചു നടത്തലും തുടർന്നു.

ഇസ്രായേലിന്റെ അനുഭവം, സീയോന്റെ വിലാപം, എന്നും വിലപ്പെട്ട ഒരു പാഠമാണ്. യഥാർത്ഥ മാനസാന്തരം ഒഴിവാക്കി, സമ്പൽസമൃദ്ധിയുടെ സുവിശേഷത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആനുകാലിക പ്രവാചകരും അവരുടെ പ്രവചന പ്രസംഗങ്ങളിൽ ആകൃഷ്ടരാകുന്ന ജനവും കണ്ണും കാതും തുറന്ന്, തകർന്ന് കിടക്കുന്ന പട്ടണത്തിന്റെ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ ഇരുന്ന്, കൈകളിൽ മുഖം അമർത്തി കണ്ണീരൊഴുക്കി വിലപിക്കുന്ന സീയോൻ മാതാവിന്റെ സവിധത്തിൽ അല്പനേരം നിൽക്കണം. ഇതു നമുക്കും സംഭവിക്കാം എന്ന ഒരു ഓർമ്മപ്പെടുത്തലല്ലേ ഈ വിലാപഗാനം? യേശു കാണിച്ചു തന്ന കുരിശിന്റെ വഴി ഉപേക്ഷിച്ച്, സമ്പത്തിന്റെയും സുഖഭോഗത്തിന്റെയും വിശാല വഴിയേ പോയാൽ എവിടെയാണ് ചെന്നെത്തുക എന്നതിന് സീയോൻ ഒരു താക്കീതും ഉദാഹരണവുമായി നിലകൊള്ളുന്നു.

തികച്ചും നിരാശാജനകമായ ഈ ഇരുണ്ട ചിത്രത്തിലേക്ക് നിമിഷനേരം കൊണ്ടു മിന്നിപ്പൊലിയുന്ന കൊള്ളിയാൻപോലെ പ്രത്യാശയുടെ പ്രകാശരശ്മി കടന്നുവരുന്നു. അതാണ് ആരംഭത്തിൽ ഉദ്ധരിച്ച ആശ്വാസത്തിന്റെ നെടുവീർപ്പ്: "കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല." തന്റെ മേൽ വന്നുഭവിച്ച ദുരന്തങ്ങളെല്ലാം തന്റെ തന്നെ പാപത്തിന്റെ, അവിശ്വസ്തതയുടെ ഫലമാണെന്നു തിരിച്ചറിയുന്ന സീയോൻ മാതാവ് മറ്റൊന്നുകൂടി തിരിച്ചറിയുന്നു. ദൈവം തന്റെ ഉടമ്പടി ലംഘിക്കുകയില്ല; ശിക്ഷിക്കുമെങ്കിലും ഉപേക്ഷിക്കുകയില്ല. നേർവഴിയിലേക്കു തിരിച്ചു കൊണ്ടുവരാൻ വേണ്ടി നൽകുന്ന ശിക്ഷണമാണ് ഇപ്പോൾ ശിക്ഷയായി അനുഭവപ്പെടുന്ന ഈ കഷ്ടതകൾ.

വിലാപത്തിന്റെ മധ്യത്തിൽ പ്രത്യാശയുടെ കിരണങ്ങൾ

പതിക്കുന്ന ഈരടിയിലെ (വിലാ 3,22-23) മൂന്നു വാക്കുകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

***1. സ്നേഹം.*** *ഹെസെദ്* എന്നാണ് ഹീബ്രുമൂലം. ഉടമ്പടിയിലൂടെ ഉറപ്പുനൽകിയിരിക്കുന്ന സ്നേഹമാണത്. ഒരിക്കലും അസ്തമിക്കാത്ത, കുറവുവരാത്ത, അചഞ്ചലമായ സ്നേഹം. മനുഷ്യൻ അവിശ്വസ്തനായാലും ദൈവം വിശ്വസ്തനായിരിക്കും. ദൈവത്തിന്റെ സ്വഭാവം തന്നെയാണിത്. "ദൈവം സ്നേഹമാകുന്നു" (യോഹ 4,8-16) എന്ന് യോഹന്നാൻ നൽകുന്ന നിർവ്വചനം തന്നെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. *അഗാപ്പെ* എന്ന് ഗ്രീക്കിലേക്കു വിവർത്തനം ചെയ്യുന്ന വാക്ക്. നീ എന്തു ചെയ്താലും, മറന്നാലും, വെറുത്താലും, ദ്രോഹിച്ചാലും ഞാൻ നിന്നെ സ്നേഹിക്കും. നിനക്കു നന്മമാത്രം വരണമേ എന്നാഗ്രഹിക്കും. അതിനായി കഴിയുന്നത്ര പ്രവർത്തിക്കും. ഇതാണ് ദൈവത്തിന്റെ സ്നേഹം.

***2. കരുണ-കാരുണ്യം:*** *റഹമീം* എന്നാണ് ഹീബ്രു വാക്ക്. ഗർഭപാത്രം എന്നർത്ഥമുള്ള *റെഹെം* എന്ന പദത്തിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. ഗർഭസ്ഥശിശുവിനോട് അമ്മയ്ക്കുള്ള, ഉണ്ടായിരിക്കേണ്ട സ്വാഭാവികമായ സ്നേഹവും കരുതലും ആണ് ഇവിടെ വിവക്ഷിക്കുന്നത്. ദൈവത്തിന്റെ മാതൃഭാവത്തിലേക്കു വിരൽചൂണ്ടുന്ന ഒരു പദം. സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ അർഹത നോക്കിയല്ല, ദയനീയത കണ്ട്, ആവശ്യം മനസിലാക്കി സഹായത്തിനെത്തുന്ന ഭാവമാണ് കരുണ. കള്ളന്മാരുടെ കയ്യിൽപ്പെട്ട് മുറിവേറ്റ്, രക്തം വാർന്നു വഴിയിൽ കിടക്കുന്ന അർദ്ധപ്രാണനെ കണ്ടപ്പോൾ വഴിപോക്കനായ സമറിയാക്കാരനിൽ ഉണർന്ന വികാരം. അതാണ് കരുണ. പെട്ടെന്ന് കാണുന്ന ഒരു അത്യാഹിതത്തിന്റെ മുമ്പിൽ ഉദരകോശങ്ങൾ വരിഞ്ഞുമുറുകി അസഹ്യമായ വേദനയുണ്ടാക്കുന്ന അനുഭവം. അതാണ് അനുകമ്പ, സഹതാപം, ദയ, കരുണ എന്നൊക്കെ നാം പറയുന്നത്. നിർവ്വികാരനായൊരു ദൈവത്തിന്റെ ചിത്രമല്ല ബൈബിൾ വരച്ചുകാട്ടുന്നത്. മറിച്ച്, തന്റെ മുഖം വഹിക്കുന്ന മനുഷ്യന്റെ സന്തോഷത്തിൽ സന്തോഷിക്കുകയും ദുഃഖത്തിൽ ദുഃഖിക്കുകയും ചെയ്യുന്ന ദൈവം. ആ ദൈവത്തിന്റെ സ്വഭാവമാണ് കരുണ. അതിലാണ് വിലപിക്കുന്ന സീയോൻ ആശ്രയിക്കുന്നത്, ആശ്വാസം കണ്ടെത്തുന്നത്.

***3. വിശ്വസ്തത:*** *എമുനാ* എന്നാണ് ഹീബ്രുമൂലം. *ആമാൻ–ആമേൻ* എന്ന വാക്കിൽ നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം. മുദ്ര വയ്ക്കുക എന്നു വാച്യാർത്ഥം. ഒരിക്കലും മാറ്റം വരില്ല. യാതൊന്നും വിട്ടുകളയുകയോ കൂട്ടിച്ചേർക്കുകയോ ഇല്ല. ഒരു പ്രാർത്ഥനയുടെ അഥവാ പ്രസ്താവനയുടെ അവസാനം ആമേൻ എന്നു പറഞ്ഞാൽ പിന്നെ ഒന്നും കൂട്ടിച്ചേർക്കുന്നില്ലല്ലോ. അതാണ് ദൈവസ്വഭാവത്തിന്റെ സവിശേഷത. പറഞ്ഞ കാര്യങ്ങൾ നിറവേറ്റും. വാഗ്ദാനങ്ങൾ പാലിക്കും. ഞാൻ നിന്നെ ഒരിക്കലും കൈവിടുകയില്ല എന്ന് എത്രയോ തവണ ദൈവം പ്രവാചകന്മാരിലൂടെ ആവർത്തിച്ചു വാഗ്ദാനം ചെയ്തിരിക്കുന്നു. അതിൽ വിശ്വസിക്കുക. ദൈവം വാക്കു മാറ്റില്ല.

ദൈവത്തിന്റെ സ്വഭാവസവിശേഷതകളായി എടുത്തു കാട്ടുന്ന അസ്തമിക്കാത്ത സ്നേഹം, കുറവു വരാത്ത കാരുണ്യം, ഒരിക്കലും തള്ളിപ്പറയാത്ത വിശ്വസ്തത - അതാണ് എത്ര കഠിനമായ പാപത്തിൽ പെട്ടുപോയവനും ആശ്രയിക്കാനുള്ള പ്രത്യാശയുടെ അടിസ്ഥാനം. പടുത്തയർത്തിയതെല്ലാം തകർന്നുവീഴുമ്പോൾ, സമ്പത്തും സൽകീർത്തിയും ആരോഗ്യവും എല്ലാം നഷ്ടപ്പെട്ട്, സഹനത്തിന്റെ ശരശയ്യയിൽ കിടക്കേണ്ടി വന്നാലും ഉള്ളിന്റെ ഉള്ളിൽ ഒരിക്കലും കെടാത്ത ഭദ്രദീപംപോലെ ഈ വിശ്വാസം കാത്തുസൂക്ഷിക്കണം.

കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. ഈ വിശ്വാസം പ്രത്യാശയ്ക്കു ശക്തിപകരും. പ്രത്യാശ സന്തോഷത്തെ ഊതി കത്തിക്കും. അതിനാൽ യഥാർത്ഥ ദൈവത്തിൽ വിശ്വസിക്കുന്ന, യേശുക്രിസ്തുവിനെ കർത്താവും രക്ഷകനുമായി ഏറ്റുപറയുന്ന ഒരാളും നിരാശയ്ക്ക് അടിമപ്പെടരുത്. "അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ (എന്നെ) അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16).

ആകയാൽ "നമ്മുടെ കഷ്ടതകളിലും നാം അഭിമാനിക്കുന്നു. എന്തെന്നാൽ കഷ്ടത സഹനശീലവും സഹനശീലം ആത്മധൈര്യവും ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങ

ളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (റോമ 5,3-5). ക്ലേശങ്ങളുടെയും ദുരിതങ്ങളുടെയും, പരാജയങ്ങളുടെയും ദുഃഖങ്ങളുടെയും ചാരം മൂടിക്കിടക്കുന്ന സ്നേഹത്തിന്റെ കനലിനെ ചാരം മാറ്റി ഊതി കത്തിക്കാം. അപ്പോൾ ഹൃദയത്തിൽ വീണ്ടും സന്തോഷം നിറയും. ബാഹ്യസാഹചര്യങ്ങളിൽ ഒരു മാറ്റവും സംഭവിച്ചില്ലെങ്കിലും ഉള്ളിൽ സന്തോഷം നിറയ്ക്കാൻ ദൈവത്തിനു കഴിയും. ഒരിക്കലും അസ്തമിക്കാത്ത, കുറയാത്ത, ഓരോ പ്രഭാതത്തിലും പുതുതായ ആ ദൈവസ്നേഹത്തിലേക്ക് നാഥൻ തന്നെ നമ്മുടെ കണ്ണുകൾ തുറന്നു തരട്ടെ!

# 03

## പുതിയ ഹൃദയം

*"ഞാൻ നിങ്ങളുടെ മേൽ ശുദ്ധജലം തളിക്കും. നിങ്ങളുടെ എല്ലാ മാലിന്യങ്ങളിലും നിന്ന് നിങ്ങൾ ശുദ്ധീകരിക്കപ്പെടും. സകല വിഗ്രഹങ്ങളിൽനിന്നും നിങ്ങളെ ഞാൻ നിർമ്മലരാക്കും. ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നൽകും; ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും. നിങ്ങളുടെ ശരീരത്തിൽ നിന്നു ശിലാഹൃദയം എടുത്തുമാറ്റി ഒരു മാംസള ഹൃദയം നൽകും. എന്റെ ആത്മാവിനെ നിങ്ങളിൽ ഞാൻ നിവേശിപ്പിക്കും. നിങ്ങളെ എന്റെ കല്പനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും. നിങ്ങളുടെ പിതാക്കന്മാർക്കു ഞാൻ കൊടുത്ത ദേശത്ത് നിങ്ങൾ വസിക്കും. നിങ്ങൾ എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവും ആയിരിക്കും" (എസെ 36,25-28).*

ദൈവം ഇസ്രായേൽ ജനവുമായി സീനായ് മലയിൽ വച്ചു ചെയ്ത ഉടമ്പടി നിയമാധിഷ്ഠിതമായിരുന്നു. "നിങ്ങൾ എന്റെ വാക്കു കേൾക്കുകയും ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും" (പുറ 19,5). ഉടമ്പടിയുടെ നിയമങ്ങൾ പാലിക്കുന്നിടത്തോളം കാലം ദൈവം അവരെ സ്വന്തം ജനമായി പരിഗണിക്കും, പരിപാലിക്കും. എന്നാൽ നിയമലംഘനത്തിലൂടെ അവിശ്വസ്തരായാൽ ഉടമ്പടി തന്നെ റദ്ദാക്കപ്പെടും, ദൈവത്തിന്റെ പ്രത്യേകജനം എന്ന സ്ഥാനം അവർക്കു നഷ്ടപ്പെടും.

അതാണ് ഇസ്രായേലിന്റെ ചരിത്രത്തിലൂടെ സംഭവിച്ചത്. സ്ഥാപിക്കപ്പെട്ട നിമിഷത്തിൽത്തന്നെ ഉടമ്പടി ലംഘിക്കപ്പെട്ടു.

മോശ മലമുകളിൽ കർത്താവിന്റെ പ്രമാണങ്ങൾ സ്വീകരിക്കുമ്പോൾ താഴെ അഹറോൻ ജനത്തിന് ആരാധിക്കാൻ വിഗ്രഹമുണ്ടാക്കുന്ന തിരക്കിലായിരുന്നു.

തുടർന്നങ്ങോട്ടുള്ള ചരിത്രം മുഴുവൻ അവിശ്വസ്തതയുടെ, നന്ദിഹീനതയുടെ, നിയമലംഘനത്തിന്റെ ഒരു പരമ്പരയായിരുന്നു. അതിനാണ് ഇപ്പോൾ പ്രവാസത്തിലൂടെ അന്ത്യം കുറിച്ചിരിക്കുന്നത്. "കാളക്കുട്ടിയെ വെട്ടിപ്പിളർന്ന്, ആ പിളർപ്പിനിടയിലൂടെ കടന്ന് എന്നോടു ചെയ്ത ഉടമ്പടി ലംഘിച്ചവരെ, ഉടമ്പടിയുടെ നിബന്ധനകൾ പാലിക്കാത്തവരെ, ഞാനാ കാളക്കുട്ടിയെപ്പോലെയാക്കും" (ജറെ 34,18) എന്ന താക്കീത് നിറവേറിയിരിക്കുന്നു. അന്നു നിലവിലിരുന്ന ഉടമ്പടി ഉറപ്പിക്കലിന്റെ ഒരു ചടങ്ങാണ് ജറെമിയാ ഇവിടെ എടുത്തുകാട്ടുന്നത്.

ഉടമ്പടി ചെയ്യുന്ന രണ്ടുപേർ ഓരോ കാളക്കുട്ടിയെ കൊണ്ടുവന്ന് വെട്ടിമുറിച്ച് കഷ്ണങ്ങളാക്കി, രണ്ടു ഭാഗമായി മാറ്റിവയ്ക്കും. അതിനുശേഷം ഉടമ്പടി ഉറപ്പിക്കുന്നവർ കൈകോർത്തു പിടിച്ച് ഈ കഷ്ണങ്ങളുടെ നടുവിലൂടെ നടക്കും. ദൃശ്യവും ശക്തവുമായ ഒരടയാളവും ഓർമ്മപ്പെടുത്തലുമാണിത്. വെട്ടിമുറിച്ചിട്ടിരിക്കുന്ന ഈ മൃഗത്തെപ്പോലെ ജീവൻ നഷ്ടപ്പെടേണ്ടിവന്നാലും ഞാൻ ഉടമ്പടി പാലിക്കും എന്ന വാഗ്ദാനമാണ് ഒന്ന്. എന്നാൽ, ഏതെങ്കിലും കാരണവശാൽ ഒരാൾ ഉടമ്പടി ലംഘിച്ചാൽ അയാളുടെ ജീവൻ ഈ മൃഗത്തിന്റേതുപോലെ ആയിത്തീരും എന്ന താക്കീതും ഈ അടയാളത്തിലുണ്ട്. ഇപ്രകാരം ഒരു അടയാളമാണ് അബ്രാഹം കണ്ടത് (ഉൽപ 15,17-18). അവിടെ തീ നാളത്തിന്റെ പ്രതീകത്തിൽ ദൈവം മാത്രമാണ് കടന്നുപോയത്. കാരണം അബ്രാഹവുമായി ഉറപ്പിച്ച ഉടമ്പടി നിരുപാധികമായിരുന്നു. എന്നാൽ സീനായ് ഉടമ്പടി അങ്ങനെയല്ല, സോപാധികമായിരുന്നു.

ഉടമ്പടി ലംഘിക്കപ്പെട്ടു. അനിവാര്യമായ ശിക്ഷ ജനത്തിന്മേൽ പതിച്ചു. അവർക്ക് ദേശം നഷ്ടപ്പെട്ടു. വീണ്ടും അടിമകളായി. ഇനി എന്ത്? നിയമങ്ങൾ നൽകുകയല്ലാതെ, ആ നിയമങ്ങൾ പാലിക്കാനുള്ള ശക്തി സീനായ് ഉടമ്പടി നൽകിയില്ല. ചെയ്യണം എന്നു കല്പിക്കുന്നതു മുഴുവൻ ചെയ്യാനോ, അരുത് എന്നു പറയുന്നത് ചെയ്യാതിരിക്കാനോ വേണ്ട ആന്തരിക ശക്തി നൽകാത്ത ഉടമ്പടി പാലിക്കുക മനുഷ്യന് അസാധ്യമായിരുന്നു.

ഈ ഒരു പ്രതിസന്ധിയാണ് പൗലോസ് അപ്പസ്തോലൻ ഒരു വിലാപഗാനം പോലെ ഉരുവിടുന്നത്.

"ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു തന്നെ മനസിലാകുന്നില്ല. ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നതാണ് ഞാൻ പ്രവർത്തിക്കുന്നത്. എന്നിൽ അതായത് എന്റെ ശരീരത്തിൽ, നന്മ വസിക്കുന്നില്ലെന്നു ഞാൻ അറിയുന്നു. നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും. എന്നാൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഞാൻ ദുർഭഗനായ മനുഷ്യൻ! മരണത്തിനധീനമായ ഈ ശരീരത്തിൽ നിന്ന് ആരെന്നെ മോചിപ്പിക്കും?" (റോമ 7,14-24).

സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ, സകല മനുഷ്യരുടെയും പൊതുവായൊരവസ്ഥാവിശേഷമാണ് അപ്പസ്തോലൻ ഇവിടെ വരച്ചു കാട്ടുന്നത്. പാപത്തിനധീനമായ മനുഷ്യപ്രകൃതിയിൽ സമൂലമായൊരു പരിവർത്തനം വരാതെ ദൈവകല്പനകളെ പൂർണ്ണമായി അനുസരിക്കാൻ മനുഷ്യനു കഴിയുകയില്ല. നിയമങ്ങൾ എത്ര നല്ലതാണെങ്കിലും, എത്രതന്നെ ശക്തമായി നടപ്പിലാക്കാൻ ശ്രമിച്ചാലും, മനുഷ്യന്റെ ഉള്ളിൽ മാറ്റം വരാതെ സമൂഹത്തിൽ നന്മ യാഥാർത്ഥ്യമാവുകയില്ല. ആഗ്രഹിച്ചിട്ടും നന്മ പ്രവർത്തിക്കാൻ കഴിയാതെ തിന്മയിലേക്കു നയിക്കുന്ന പാപത്തിന്റെ ശക്തി സകല മനുഷ്യരിലും കുടിയിരിക്കുന്നു. ഇതാണ് ഇസ്രായേൽ ജനത്തിന്റെ അനുഭവത്തിലൂടെ, പൗലോസിന്റെ ഏറ്റുപറച്ചിലിലൂടെ, ബൈബിൾ വെളിപ്പെടുത്തുന്നത്. ഇതു കഴിഞ്ഞ കാലത്തെ മനുഷ്യർ മാത്രമല്ല, എന്നും ഇന്നും, നാമും നേരിടുന്ന ഗൗരവതരമായൊരു പ്രശ്നമാണ്. എവിടെയാണിതിനൊരു പരിഹാരം? എന്താണിതിനൊരു പ്രതിവിധി?

പൗലോസ് തന്റെ അനുഭവം സന്തോഷത്തോടെ ഏറ്റുപറയുന്നു: "നമ്മുടെ കർത്താവായ യേശുക്രിസ്തു വഴി ദൈവത്തിനു സ്തോത്രം!" (റോമ 8,25). പാപം മൂലം അധഃപതിച്ച മനുഷ്യപ്രകൃതിക്ക് അസാധ്യമായത് യേശുക്രിസ്തുവിലൂടെ ദൈവം മനുഷ്യന് സാധ്യമാക്കി. അതുകൊണ്ട് പൗലോസിനു തന്റെ ബലഹീനതകളിലും പരാജയങ്ങളിലും സന്തോഷിക്കാൻ സാധിക്കും. തന്റെ ബലഹീനതയെക്കുറിച്ചു പരാതി പറഞ്ഞ പൗലോസിനു കിട്ടിയ മറുപടി തികച്ചും തൃപ്തികരവും ആശ്വാസപ്രദവുമായിരുന്നു: "നിനക്ക് എന്റെ കൃപ മതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്. ക്രിസ്തു

വിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവ്വാധികം സന്തോഷത്തോടെ, എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും" (2 കോറി 12,9-10). സ്വന്തം ബലഹീനത ഏറ്റു പറഞ്ഞു കർത്താവിൽ ആശ്രയിക്കുമ്പോൾ തന്നിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തി അപ്പസ്തോലൻ അനുഭവിച്ചറിഞ്ഞതാണ്: "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി 4,13).

ഇപ്രകാരമൊരു ശാക്തീകരണമാണ് എസെക്കിയേൽ കണ്ടത്. ബലഹീനനായ മനുഷ്യനെ ഉള്ളിൽ നിന്നു ശക്തിപ്പെടുത്തുന്ന ദൈവത്തിന്റെ പ്രവർത്തനം. പഴയ ഉടമ്പടി നിയമാധിഷ്ഠിതമായിരുന്നെങ്കിൽ, അതിൽനിന്നു വിഭിന്നമായ പുതിയൊരുടമ്പടി ദൈവം സ്ഥാപിക്കും. എന്തുചെയ്യണം, ചെയ്യരുത് എന്നു കല്പിക്കുക മാത്രമല്ല, ആ കല്പന അനുസരിക്കാനുള്ള ശക്തിയും ദൈവം തന്നെ നൽകും. പാപമാണ് ആന്തരികമനുഷ്യനെ ദുർബ്ബലനാക്കി, തിന്മയ്ക്കധീനമാക്കുന്നത്. ബൈബിളിന്റെ കാഴ്ചപ്പാടിൽ ഹൃദയമാണ് തീരുമാനങ്ങളുടെ ഉറവിടം. അതിനാൽ ഹൃദയത്തിൽത്തന്നെ മാറ്റമുണ്ടാകണം, എങ്കിലേ പ്രവൃത്തികൾ ദൈവഹിതാനുസൃതമാവുകയുള്ളൂ.

ഈ കാഴ്ചപ്പാടിൽ രണ്ടു കാര്യങ്ങളാണാവശ്യം. 1. പാപത്തിൽനിന്ന് ശുദ്ധീകരണം. 2. ഹൃദയത്തിന്റെ ശാക്തീകരണം. ഇതു രണ്ടുമാണ് ദൈവം പ്രവാചകനിലൂടെ വാഗ്ദാനം ചെയ്യുന്നത്. ശുദ്ധജലം തളിച്ച് എല്ലാ മാലിന്യങ്ങളിൽ നിന്നും ശുദ്ധീകരിക്കും. ഇസ്രായേലിൽ നിലവിലിരുന്ന ശുദ്ധീകരണ പ്രക്രിയയുടെ പ്രതീകത്തിലൂടെയാണ് പ്രവാചകൻ ദൈവം നൽകാൻ പോകുന്ന ശുദ്ധീകരണത്തെക്കുറിച്ചു പറയുന്നത്. ശുദ്ധജലം തളിക്കുന്നത് ദൈവാത്മാവിനെ നൽകുന്നതിന്റെ തന്നെ ഒരു പ്രതീകമാണ്. പാപത്താൽ ബലഹീനമാക്കപ്പെട്ട, ശിലാതുല്യമായ, പഴയ ഹൃദയത്തിനുപകരം ആത്മാവിന്റെ പ്രചോദനങ്ങൾക്കു കാതോർക്കുന്ന, നിർദ്ദേശങ്ങൾക്കു വഴങ്ങുന്ന മാംസളമായൊരു ഹൃദയം ദൈവം തന്നെ നൽകും. ദൈവത്തിന്റെ ആത്മാവു ശക്തിയായി, ചൈതന്യമായി, മനുഷ്യഹൃദയത്തിൽ വസിക്കും. അപ്പോൾ ദൈവകല്പനകൾ അനുസരിച്ച്, ദൈവഹിതാനുസാരം വർത്തിക്കാൻ മനുഷ്യനു സാധിക്കും.

കല്പലകകളിൽ എഴുതപ്പെട്ട പഴയ ഉടമ്പടിയുടെ സ്ഥാനത്ത്

ഹൃദയഭിത്തികളിൽ ആലേഖനം ചെയ്യപ്പെട്ട പുതിയ ഉടമ്പടിയാണ് ഇവിടെ വാഗ്ദാനം ചെയ്യപ്പെടുന്നത്. ആജ്ഞാപിക്കുന്നവ അനുസരിക്കാൻ ശക്തി നൽകുന്ന പുതിയ ഉടമ്പടി. പുറമെ നിന്നുള്ള നിർദ്ദേശങ്ങളല്ല, ഉള്ളിൽനിന്നു വരുന്ന പ്രചോദനമായിരിക്കും അത്. ദൈവത്തിന്റെ നിയമം അതനുസരിക്കാൻ ദൈവം തന്നെ ശക്തി നൽകും. ഇപ്രകാരം ആന്തരികമായ ഒരു പ്രചോദനത്തെയും ശാക്തീകരണത്തെയും കുറിച്ച് ഏശയ്യായും പ്രവചിക്കുകയുണ്ടായി. "കർത്താവു നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്നു മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും. നീ ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന്, ഒരു സ്വരം ശ്രവിക്കും: ഇതാണു വഴി, ഇതിലേ പോവുക" (ഏശ 30,20-21).

പുതിയ ഉടമ്പടി, പുതിയ ഹൃദയം, പുതിയ ചൈതന്യം- അതാണു പ്രവാചകൻ എടുത്തു പറയുന്ന വാഗ്ദാനം, ജനത്തിനു നൽകുന്ന പ്രത്യാശ. ഇത് എസെക്കിയേലിന്റെ മാത്രം ദർശനമോ വാഗ്ദാനമോ അല്ല. സമകാലികനായ ജറെമിയായിലൂടെ ഈ വാഗ്ദാനം നൽകപ്പെട്ടതാണ്, പുതിയ ഉടമ്പടിയും പുതിയ ചൈതന്യവും. "ഞാൻ ഇസ്രായേലുമായി ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം ഇതാ വരുന്നു. ഞാൻ ഇസ്രായേലുമായി ചെയ്യുന്ന ഉടമ്പടി ഇതായിരിക്കും. ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും. വലുപ്പചെറുപ്പമെന്യേ എല്ലാവരും എന്നെ അറിയും. അവരുടെ അകൃത്യത്തിനു ഞാൻ മാപ്പു നൽകും. അവരുടെ പാപം മനസ്സിൽ വയ്ക്കുകയുമില്ല" (ജറെ 31,31-34). ഈ ഉടമ്പടി അലംഘ്യവും ശാശ്വതവും ആയിരിക്കും എന്നും പ്രവാചകൻ തുടർന്നു ജനത്തെ അനുസ്മരിപ്പിക്കുന്നു.

വാഗ്ദാനങ്ങളിൽ വിശ്വസിക്കാനും ആ വിശ്വാസത്തിൽ നിന്നു പ്രത്യാശയും സന്തോഷവും അനുഭവിക്കാനുമല്ലാതെ, പ്രവചനങ്ങളുടെ പൂർത്തീകരണം കാണാൻ അവർക്കു കഴിഞ്ഞില്ല. അതിന് വീണ്ടും അഞ്ചു നൂറ്റാണ്ടു കാത്തിരിക്കേണ്ടിവന്നു. അവസാനം അതു നിറവേറി, വചനം മാംസമായി, നമ്മുടെ കൂടെ വസിച്ച യേശുക്രിസ്തുവിൽ. അന്ത്യ അത്താഴവേളയിൽ പാനപാത്രം എടുത്ത്, ദൈവത്തിനു കൃതജ്ഞതയർപ്പിച്ചതിനുശേഷം

യേശു അരുളിച്ചെയ്തു. "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (ലൂക്കാ 22,20).

യേശുവിന്റെ രക്തമാണ് നമ്മെ പാപത്തിൽനിന്നു കഴുകി ശുദ്ധീകരിക്കുന്നത്. "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" (യോഹ 13,8). കുരിശിൽ വച്ചു കുത്തി ത്തുറക്കപ്പെട്ട ഹൃദയത്തിൽനിന്ന് ജലവും രക്തവും ഒഴുകി (യോഹ 19,34). ഹൃദയത്തെ ശുദ്ധീകരിക്കുന്ന, ശാക്തീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രതീകമായി, ശുദ്ധജലം, പുതുചൈതന്യം, പുതിയ ഹൃദയം. എല്ലാ പ്രവചനങ്ങളും വാഗ്ദാനങ്ങളും പൂർത്തി യായി, കുരിശിൽ ഉയർത്തപ്പെട്ട യേശുവിലൂടെ. "പാപമോചന ത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന രക്തം" (മത്താ 26,28) എന്ന വിശദീകരണത്തിലൂടെ പാപമോചനത്തിന്റെ ഉറ വിടം വ്യക്തമാകുന്നു.

പ്രവാചകന്മാരിലൂടെ വാഗ്ദാനം ചെയ്യപ്പെട്ടത് യേശുവിൽ പൂർത്തിയായി. പുതിയ ഉടമ്പടി യേശുവിന്റെ രക്തത്താൽ മുദ്രി തമായി. പരിശുദ്ധാത്മാവിലൂടെ പുതുചൈതന്യം നമ്മുടെ ഹൃദ യങ്ങളിലേക്ക് വർഷിക്കപ്പെട്ടു. അതൊരു പുതിയ സൃഷ്ടിയാണ്. അപ്പസ്തോലൻ പറയുന്നതുപോലെ: "ക്രിസ്തുവിൽ ആയിരി ക്കുന്നവൻ ഒരു പുതിയ സൃഷ്ടിയാണ്" (2 കോറി 5,17). ഈ വലിയ ദാനത്തെക്കുറിച്ച് ബോധ്യമുള്ളവരാകാം, പാപത്തിനധീ നമായ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്. "നിങ്ങൾ മനസ്സിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവിൻ" (എഫേ 4,24). അപ്പോൾ ആകു ലതകൾ അകലും; ഹൃദയത്തിൽ സന്തോഷം നിറയും. അതി നായി നാഥൻ നമ്മുടെ ഹൃദയത്തിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിന്റെ പ്രചോദനങ്ങൾക്ക് കാതോർക്കാം, വിശ്വാസത്തിൽ നിന്നുരുത്തിരിയുന്ന വിധേയത്വത്തോടെ.

# 04

## അസ്ഥികളുടെ താഴ്‌വരയിൽ

*"കർത്താവ് എന്നോടരുളിച്ചെയ്തു: മനുഷ്യപുത്രാ ഈ അസ്ഥികൾ ഇസ്രായേൽ ഭവനം മുഴുവനുമാണ്. ഞങ്ങളുടെ അസ്ഥികൾ വരണ്ടിരിക്കുന്നു; പ്രതീക്ഷ നശിച്ചിരിക്കുന്നു. ഞങ്ങൾ തീർത്തും പരിത്യക്തരായിരിക്കുന്നു എന്ന് അവർ പറയുന്നു. ആകയാൽ അവരോട് പ്രവചിക്കുക. ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. എന്റെ ജനമേ, ഞാൻ കല്ലറകൾ തുറന്ന് നിങ്ങളെ ഉയർത്തും. ഇസ്രായേൽ ദേശത്തേക്ക് ഞാൻ നിങ്ങളെ തിരിയേ കൊണ്ടുവരും... എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങൾ ജീവിക്കും. ഞാൻ നിങ്ങളെ നിങ്ങളുടെ സ്വന്തം ദേശത്തു വസിപ്പിക്കും" (എസെ 37,11-14).*

നബുക്കദ്നേസർ ചക്രവർത്തി ബി.സി 598 ൽ ജറുസലെം ആക്രമിച്ചു കീഴടക്കി, ബാബിലേണിലേക്ക് തടവുകാരായി കൊണ്ടു പോയവരിൽ ഒരാളായിരുന്നു എസെക്കിയേൽ. ബാബിലോണിൽ, കേബാർ നദിയുടെ തീരത്തുവച്ചുണ്ടായ ദൈവിക ദർശനത്തിലൂടെ ആരംഭിക്കുന്ന പ്രവാചകവൃത്തി പ്രവാസികളുടെ മധ്യേ ആയിരുന്നു നിർവ്വഹിച്ചത്. അദ്ദേഹത്തിന്റെ പ്രവചനങ്ങളുടെ ആദ്യഭാഗം (1-33) മുഖ്യമായും ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പുകളും മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളുമാണ്. ബാബിലോണിന് കപ്പം കൊടുക്കൽ നിർത്തി, സ്വാതന്ത്ര്യം പ്രഖ്യാപിച്ച ജറുസലെമിനെതിരേ നബുക്കദ്നേസർ വീണ്ടും വന്നു. ബി.സി. 587 ൽ നഗരം നശിപ്പിച്ചു. അനേകരെ വധിച്ചു. അവശേഷിച്ചവരെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോയി (2രാജാ 24-25).

ഈ രണ്ട് ആക്രമണങ്ങൾക്കു മധ്യേ ആണ് എസെക്കിയേലിന്റെ പ്രവചനങ്ങളുടെ ആദ്യഭാഗം. ആത്മാർത്ഥമായി മാനസാന്തരപ്പെട്ടാൽ ഒഴിവാക്കാവുന്ന ഭീകരനാശമാണ് ഈ പ്രവചനങ്ങളുടെ മുഖ്യവിഷയം. എന്നാൽ മാനസാന്തരമുണ്ടായില്ല. പ്രവചിച്ച ദുരന്തങ്ങൾ എല്ലാം ഭയപ്പെട്ടതിന്റെ ഇരട്ടി ഭീകരതയോടെ സംഭവിച്ചു. നഗരം അഗ്നിക്കിരയായി. നഗരവാസികളിൽ അവശേഷിച്ചവർ വിദേശത്ത് അടിമകളായി. എല്ലാം അവസാനിച്ചു. ഇനി പ്രതീക്ഷയ്ക്ക് യാതൊരു സാധ്യതയുമില്ല. വിലാപത്തിന്റെ പുസ്തകം എണ്ണിപ്പറയുന്ന കഷ്ടനഷ്ടങ്ങൾ, അവ ഏല്പിച്ച കഠിനമായ ആഘാതംമൂലം നിരാശയിൽ ആണ്ടുപോയ ജനം.

ദൈവം തങ്ങളെ എന്നേക്കുമായി ഉപേക്ഷിച്ചു എന്നവർ കരുതി. ഉണങ്ങിവരണ്ട അസ്ഥികൾപോലെയാണ് തങ്ങളുടെ അവസ്ഥ എന്നവർ വിചാരിച്ചു. ഈ സാഹചര്യത്തിലാണ് പ്രതീക്ഷയുണർത്തുന്ന, സന്തോഷം പകരുന്ന പുത്തൻ പ്രവചനങ്ങളുമായി എസെക്കിയേൽ രംഗത്തുവന്നത്. ഉപമകൾ, ദർശനങ്ങൾ, പ്രതീകാത്മക പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ സാഹിത്യരൂപങ്ങൾ ഉപയോഗിച്ചാണ് എസെക്കിയേൽ ദൈവവചനം, ഏവർക്കും ബോധ്യമാകാൻ പറ്റുന്നവിധം പ്രഘോഷിച്ചത്.

ആദ്യഭാഗത്തെ (1–33) പ്രവചനങ്ങൾ ഏതാണ്ട് മുഴുവനായും ആസന്നമായിരിക്കുന്ന ശിക്ഷയെയും നാശത്തെയും സൂചിപ്പിച്ചെങ്കിൽ രണ്ടാംഭാഗം (34–48) മുഴുവൻ പ്രത്യാശ നൽകുന്ന സന്ദേശങ്ങളാണ്. ദൈവം വീണ്ടും ചരിത്രത്തിൽ ഇടപെട്ട് തന്റെ ജനത്തെ അവർ അനുഭവിക്കുന്ന അടിമത്തത്തിൽ നിന്നു മോചിപ്പിക്കും, വീണ്ടും സ്വദേശത്തേക്കുകൊണ്ടുവന്ന് അവിടെ കുടിയിരുത്തും. ഇതാണ് പ്രത്യാശയുടെ ഉറവിടം. ഇതാണ് സന്തോഷത്തിന്റെ നിദാനം.

പ്രത്യാശ നൽകുന്ന പ്രവചനങ്ങളിൽ സുപ്രധാനമായ ഒന്നാണ് ഒരു ദർശനത്തിന്റെ ഭാഷയിൽ വിവരിക്കുന്ന അസ്ഥികളുടെ താഴ്വരയും അതിനു നൽകുന്ന വ്യാഖ്യാനവും. “കർത്താവിന്റെ ആത്മാവ് എന്റെ മേൽ വന്നു. അവിടുന്ന് തന്റെ ആത്മാവിനാൽ എന്നെ നയിച്ച് അസ്ഥികൾ നിറഞ്ഞ ഒരു താഴ്വരയിൽ കൊണ്ടുവന്നു നിർത്തി. അവിടുന്ന് എന്നെ അവയുടെ ചുറ്റും നടത്തി. അവ വളരെയേറെ ഉണ്ടായിരുന്നു. അവ ഉണങ്ങി വരണ്ടിരുന്നു” (എസെ 37,1–2). ഉണങ്ങി വരണ്ട അസ്ഥികൾ, ഇവ ഇനി ഒരിക്കലും ജീവൻ പ്രാപിക്കില്ല എന്നു ഏവർക്കും അറിയാം.

അതുപോലെയാണ് ഇസ്രായേൽ ജനം തങ്ങളെക്കുറിച്ച് കരുതുന്നത്. ദൈവം പ്രവാചകനെ അനുസ്മരിപ്പിച്ചു.

എന്നാൽ മനുഷ്യൻ അസാധ്യമെന്നു കരുതുന്നത് ദൈവത്തിനു സാധ്യമാണെന്ന് തുടർന്നുള്ള കല്പനയും ദർശനവും വഴി ദൈവം പ്രവാചകനെ ബോധ്യപ്പെടുത്തി. കർത്താവിന്റെ കല്പനയനുസരിച്ച് പ്രവചിച്ചപ്പോൾ വേർപെട്ടുപോയിരുന്ന അസ്ഥികൾ ഒരുമിച്ചു കൂടി. ഞരമ്പുകളും മജ്ജയും മാംസവും ചർമ്മവും പൊതിഞ്ഞ് മനുഷ്യരൂപം പ്രാപിച്ചു. വീണ്ടും പ്രവചിച്ചപ്പോൾ ജീവാത്മാവ് അവരിൽ പ്രവേശിച്ചു. വലിയൊരു സൈന്യംപോലെ അവർ എണീറ്റു നിന്നു-ഒരു പുതിയ സൃഷ്ടിപോലെ. പൂഴിയിൽനിന്നു മനുഷ്യനെ മെനഞ്ഞെടുത്തവന് വരണ്ട അസ്ഥികളിൽനിന്നു വീണ്ടും ജീവനുള്ള മനുഷ്യരെ ഉയിർപ്പിക്കാൻ കഴിയും എന്നു പ്രവാചക ദൃഷ്ടിയിലൂടെ എസെക്കിയേൽ കണ്ടു; തന്റെ ശ്രോതാക്കളോടു പ്രഘോഷിച്ചു.

ഇതുപോലെ ആയിരിക്കും ദൈവം പ്രവാസികൾക്കുവേണ്ടി ചെയ്യാൻ പോകുന്നത്. ഉണങ്ങി വരണ്ട അസ്ഥികൾപോലെ ബാബിലോണിന്റെ പല ഭാഗങ്ങളിലേക്ക് അടിമകളും തടവുകാരും പ്രവാസികളുമായി ചിതറിക്കപ്പെട്ട ഇസ്രായേൽ ജനത്തെ ദൈവം വീണ്ടും ഒരുമിച്ചുകൂട്ടും. ഈജിപ്തിൽ നിന്നുള്ള പുറപ്പാടിനെ അനുസ്മരിപ്പിക്കുംവിധം അവരെ വീണ്ടും വാഗ്ദത്തഭൂമിയിലേക്കു തിരിയെ കൊണ്ടുവരും. ഇതൊരു രണ്ടാം പുറപ്പാട്, പോരാ, ഒരു പുതിയ സൃഷ്ടിപോലെ ആയിരിക്കും. അതിനാൽ നിരാശവെടിയുക. കണ്ണീർ തുടയ്ക്കുക. ഹൃദയത്തിൽ സന്തോഷം നിറയട്ടെ. കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുക. വിശ്വാസം പ്രത്യാശയിലേക്കും പ്രത്യാശ ആനന്ദത്തിലേക്കും നയിക്കും.

എന്നും പ്രസക്തമാണ് ഈ ദർശനവും സന്ദേശവും, പ്രത്യേകിച്ചും ഇന്ന്. ചുറ്റിലും അന്ധകാരം വ്യാപിക്കുന്നു; ഇരുട്ട് കനക്കുന്നു, പ്രത്യാശയുടെ ചെറിയ നാളങ്ങളെപ്പോലും ഊതിക്കെടുത്തുന്നതുപോലെ. ഈ ഭൂമി തന്നെ സമൂലനാശത്തിന്, വിനാശം വിതയ്ക്കുന്ന ഒരു വിസ്ഫോടനത്തിന്റെ മുൾമുനയിലാണ് നിൽക്കുന്നതെന്ന് ശാസ്ത്രകാരന്മാർ അറിയിക്കുന്നു. എങ്ങും കാണുന്ന അടയാളങ്ങൾ അതു യാഥാർത്ഥ്യമാണെന്ന ധാരണ ശക്തിപ്പെടുത്തുന്നു.

ദിശമാറി വീശുന്ന മഴക്കാറ്റുകൾ, കോരിച്ചൊരിയുന്ന മഴയും

ഉരുൾപൊട്ടി ഒഴുകുന്ന പ്രവാഹങ്ങളും എല്ലാം തകർത്ത് ഒഴുക്കി ക്കളയുന്നു. മനുഷ്യൻ നട്ടു പിടിപ്പിച്ച കൃഷിയും പണിതുയർത്തിയ വീടുകളും, എന്നല്ല മനുഷ്യജീവനെപോലും മുക്കിക്കൊല്ലുന്ന പ്രള യജലം. തൊട്ടുപിന്നാലെ വരുന്നു ഭൂകമ്പങ്ങൾ, എല്ലാം ചുട്ടുചാ മ്പലാക്കുന്ന തീചീറ്റുന്ന അഗ്നി പർവ്വതങ്ങൾ, എല്ലാം വിഴുങ്ങുന്ന ലാവാ പ്രവാഹങ്ങൾ. കാർഷിക വിളകൾ ഒന്നൊന്നായി പുഴു ക്കളും കൃമികീടങ്ങളും വന്യമൃഗങ്ങളും നശിപ്പിക്കുന്നു, കൃഷി ഭൂമി മരുഭൂമിയായി മാറുന്നു. ഭൂമിയുടെ തന്നെ താളം തെറ്റുന്ന തുപോലെ; സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നതുപോലെ.

ഇതിനു പിന്നാലെ വരുന്നു മനുഷ്യ നിർമ്മിതമായ ദുരന്ത ങ്ങൾ. ജലം, വായുമലിനീകരണം. കുടിവെള്ളവും പ്രാണവായു പോലും പണം കൊടുത്തു വാങ്ങേണ്ടിവരുന്ന ദുരന്തം. കർഷ കരും ചെറുകിട വ്യാപാരികളും അനുദിന കൂലിക്കാരും എല്ലാം ദാരിദ്ര്യത്തിൽനിന്നു പട്ടിണിയിലേക്കും നിരാശയിലേക്കും കൂപ്പു കുത്തുന്നു. മുന്നിൽ വാപിളർന്നുനിൽക്കുന്ന സമൂല നാശത്തിൽ നിന്ന് ആത്മഹത്യയിൽ അനേകർ അഭയം കണ്ടെത്തുന്നു. അതേ സമയം രാജ്യത്തിന്റെ സകല സമ്പത്തും നിയമങ്ങൾ വഴിയും അല്ലാതെയും കയ്യടക്കി വാഴുന്ന ഒരു ചെറിയ സമ്പന്ന വിഭാഗം. സമ്പന്നരുടെ ധൂർത്തും ധാർഷ്ട്യവും അനുദിനം പെരുകുന്നു. അതിനു വഴിയൊരുക്കുന്ന രാഷ്ട്രീയനേതൃത്വം ദേശത്തിന്റെ സമ്പത്ത് ധൂർത്തടിച്ചും സമ്പന്നർക്കു തീറെഴുതിയും മഹാഭൂരി പക്ഷത്തെയും ദാരിദ്ര്യത്തിലും നിരാശയിലും ആഴ്ത്തുന്ന ഭരണ സംവിധാനം.

പ്രായേണ നല്ല അയൽബന്ധങ്ങളിൽ, മതസൗഹാർദ്ദത്തിൽ കഴിഞ്ഞിരുന്ന നമ്മുടെ നാട്ടിലെ പാവപ്പെട്ട മനുഷ്യരുടെ മസ്തി ഷ്കത്തിൽ മതഭ്രാന്തും ജാതിചിന്തയും വർഗ്ഗവെറിയും കുത്തി നിറച്ച് പരസ്പരം അകറ്റി, തമ്മിൽ തല്ലിച്ച് നശിപ്പിക്കുന്ന മത-രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, ഭീകരപ്രസ്ഥാനങ്ങൾ. തലമു റകളായി ഈ രാജ്യത്തു ജീവിച്ചിരുന്നവരെ പല കാരണങ്ങൾ പറഞ്ഞ് പൗരത്വം നിഷേധിച്ച്, വിദേശികളാക്കി നാടുകടത്തുന്നു. ബാബിലോൺ ഗോപുരത്തെ അനുസ്മരിപ്പിക്കുന്ന ഉത്തുംഗഗോ പുരങ്ങളും മാളികകളും നിർമ്മിക്കാൻ നിയമങ്ങൾ പരിഗണി ക്കാതെ അനുവാദം കൊടുത്തവർ തന്നെ ഇപ്പോൾ അവ നിയമ വിരുദ്ധമായി വിധിയെഴുതി പൊളിച്ചുമാറ്റാൻ കല്പനയിറക്കുന്നു-അനേകായിരങ്ങൾ വഴിയാധാരമാകുന്നു.

എണ്ണിയാൽ തീരാത്ത ദുരിതങ്ങൾ. വിഭാവനം ചെയ്യാൻ കഴിയാത്ത, തുറിച്ചുനോക്കുന്ന ഭീകരവിപത്തുകൾ. എസെക്കിയേൽ കണ്ട വരണ്ട അസ്ഥികളുടെ താഴ്‌വരയിലാണോ നാം നിൽക്കുന്നത് എന്ന ചിന്ത ഭയചകിതമായ മനസ്സിൽ വിഭ്രാന്തി ഉണർത്തുന്നു. ഇവിടെയാണ് പ്രവാചക ദർശനത്തിന്റെ സാംഗത്യം, ആനുകാലിക പ്രസക്തി. എല്ലാം അവസാനിച്ചു എന്നു കരുതിയ ജനത്തിനു പ്രത്യാശ നൽകിയത് ദൈവാത്മാവിന്റെ പ്രവർത്തനമാണ്. വരണ്ട അസ്ഥികൾക്കു ജീവൻ നൽകാൻ ദൈവത്തിനു കഴിയും. രൂപരഹിതവും ശൂന്യവുമായ അവസ്ഥയിൽനിന്ന് വചനം കൊണ്ട് രൂപഭാവങ്ങൾ വാർത്തെടുത്ത ദൈവത്തിന് നമ്മുടെ ഈ തകർച്ചയിലേക്കും കടന്നുവന്ന് പുതിയ സൃഷ്ടി നടത്താൻ സാധിക്കും. അതിനാൽ ദൈവത്തിലും അവിടുത്തെ ശക്തിയിലും കരുണയിലും വിശ്വസിക്കുന്നവർ ഒരിക്കലും നിരാശരാകരുത്.

ദുഃഖവും ഭയവും നിരാശയും അല്ല, പ്രത്യാശയും അതിൽ നിന്നുദിക്കുന്ന സന്തോഷവുമാകണം വിശ്വാസിയുടെ മുഖമുദ്ര. അതോടൊപ്പം ദൈവവചനത്തിനു കാതോർക്കണം. ജീവിതത്തിലെ യഥാർത്ഥമൂല്യങ്ങൾ തിരിച്ചറിയണം. ആത്മാവിന്റെ നിമന്ത്രണങ്ങൾ ശ്രദ്ധിക്കണം, ആഹ്വാനം അനുസരിക്കണം. അപ്പോൾ കേൾക്കും "ഒരു കിരുകിരാശബ്ദം. വേർപെട്ടുപോയ അസ്ഥികൾ തമ്മിൽചേരുന്ന" ശബ്ദം. ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്. ഈ ഭൂമിയുടെയും ഇവിടെ ജീവിക്കുന്ന മനുഷ്യരുടെയും സകല ജീവജാലങ്ങളുടെയും നിയന്ത്രണം ദൈവകരങ്ങളിലാണെന്നു മറക്കാതിരിക്കാം. അതിനാൽ നിരാശവേണ്ടാ. സന്തോഷിക്കുവിൻ, രക്ഷ അടുത്തെത്തിയിരിക്കുന്നു. ഹൃദയത്തിൽ സന്തോഷം നിറയണമെങ്കിൽ കാതിൽ ദൈവവചനം നിറയണം, ചിന്തയിൽ നന്മയും തീരുമാനങ്ങളിൽ സ്നേഹവും നിറയണം. "ഓരോരുത്തരും സ്വന്തം താൽപര്യം മാത്രം പരിഗണിക്കാതെ അപരന്റെ താൽപര്യവും പരിഗണിക്കണം" (ഫിലി 2,4). "അപ്പോൾ നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും" (ഫിലി 4,7) ആകയാൽ കർത്താവിൽ സന്തോഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു. സന്തോഷിക്കുവിൻ. രക്ഷ അടുത്തെത്തിയിരിക്കുന്നു. അത് ഒരു പുതിയ സൃഷ്ടിപോലെ ആയിരിക്കും.

# 05

## ദൈവം ഭരിക്കുന്നു

*“സദ്വാർത്ത അറിയിക്കുകയും സമാധാനം വിളംബരം ചെയ്യുകയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും സീയോനോട് നിന്റെ ദൈവം ഭരിക്കുന്നു എന്നു പറയുകയും ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരം! ശ്രദ്ധിക്കുക, നിന്റെ കാവൽക്കാർ സ്വരമുയർത്തുന്നു; അവർ സന്തോഷത്തോടെ ഒരുമിച്ചു പാടുന്നു. കർത്താവ് സീയോനിലേക്ക് തിരികെ വരുന്നത് അവർ നേരിട്ടു കാണുന്നു” (ഏശ 52,7-8).*

തികച്ചും നിരാശരായിരുന്നു അവർ. എല്ലാം നഷ്ടപ്പെട്ട്, ബാബിലോണിൽ അടിമകൾക്കു തുല്യം പ്രവാസികളായി കഴിയാൻ വിധിക്കപ്പെട്ട ഇസ്രായേൽ ജനം, അബ്രാഹത്തിന്റെ സന്തതികൾ. ദൈവം തന്റെ സ്വന്തം ജനമായി സ്വീകരിച്ചവർ, എന്നേക്കും ദൈവജനമായിരിക്കും, ദൈവം തങ്ങളെ സംരക്ഷിക്കും, ഒരിക്കലും കൈവിടുകയില്ല എന്ന വാഗ്ദാനം ലഭിച്ചവർ. എന്നിട്ട്? ഇപ്പോൾ ഈജിപ്തിലേതിനേക്കാൾ നികൃഷ്ടമായ അടിമത്തത്തിൽ! എന്തേ ഇങ്ങനെ സംഭവിച്ചു?

ബി.സി. 587-ലാണ് ബാബിലോൺ ചക്രവർത്തി നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം കീഴടക്കി അനേകായിരങ്ങളെ തടവുകാരാക്കി, ബാബിലോണിലേക്കു കൊണ്ടുവന്നത്. സൈന്യം ജറുസലെമിന്റെ മതിലുകൾ തകർത്തു. കൊട്ടാരങ്ങൾ നശിപ്പിച്ചു. ദേവാലയം അഗ്നിക്കിരയാക്കി. സമൂഹത്തിന്റെ ഏറ്റം താഴെക്കിടയിലുള്ള ചുരുക്കം പേർ ജറുസലെമിൽ അവശേഷിച്ചു. ഒരു വൃത്തം പൂർത്തിയായതുപോലെ. ഈജ്പിത്തിലെ അടിമത്ത

ത്തിൽനിന്ന് ശക്തമായ കരം നീട്ടി കർത്താവ് മോചിപ്പിച്ചു കൊണ്ടുവന്ന ജനം ഇപ്പോൾ വീണ്ടും അടിമത്തത്തിൽ. കർത്താവിന്റെ വാഗ്ദാനങ്ങൾക്കും സീനായ് ഉടമ്പടിക്കും എല്ലാം എന്തു സംഭവിച്ചു?

നിരാശയുടെ നീർച്ചുഴിയിൽ മുങ്ങുന്ന ജനത്തിന് പല വിശദീകരണങ്ങൾ നൽകപ്പെട്ടു. ഉടമ്പടി ലംഘിച്ചവരെ ദൈവം ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചു ശിക്ഷിച്ചതാണെന്ന് ഒരു കൂട്ടർ കരുതി. സീനായ് ഉടമ്പടി നിരുപാധികമായിരുന്നില്ല. ഉടമ്പടി ലംഘിച്ചാൽ കഠിനമായ ശിക്ഷയുണ്ടാകും എന്ന് പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചതാണ്. “കർത്താവ് അരുളിച്ചെയ്യുന്നു; കാളക്കുട്ടിയെ വെട്ടിപ്പിളർന്ന്, ആ പിളർപ്പിനിടയിലൂടെ കടന്ന് എന്നോടു ചെയ്ത ഉടമ്പടി ലംഘിച്ചവരെ, ഉടമ്പടിയുടെ നിബന്ധനകൾ പാലിക്കാത്തവരെ, ഞാൻ ആ കാളക്കുട്ടിയെപ്പോലെയാക്കും” (ജറെ 34,18). ഏറ്റം വ്യക്തമായ ഉദാഹരണമാണ് ജറെമിയാ വഴി നൽകിയ ഈ താക്കീത്. തലമുറകളായി ഇസ്രായേൽ ജനം ചെയ്തുകൂട്ടിയ പാപങ്ങൾക്ക്, അവിശ്വസ്തതയ്ക്ക് ഉള്ള ശിക്ഷ ആണ് പ്രവാസം എന്ന അവബോധം പ്രവാസികളുടെ ഇടയിൽ ശക്തമായിരുന്നു.

“വിലാപങ്ങൾ” എന്ന പുസ്തകം മുഴുവൻ തന്നെ ഈ അവബോധമാണ് വെളിപ്പെടുത്തുന്നത്, ഏറ്റു പറയുന്നത്. “ഞങ്ങളുടെ പിതാക്കന്മാർ പാപം ചെയ്തു. അവർ മരിക്കുകയും ചെയ്തു. ഞങ്ങൾ അവരുടെ അകൃത്യങ്ങൾ വഹിക്കുന്നു” (വിലാ 5,7). പിതാക്കന്മാരുടെ മാത്രമല്ല, ഇപ്പോൾ അടിമത്തം അനുഭവിക്കുന്നവരുടെയും പാപങ്ങളും ഈ ദുരന്തത്തിനു കാരണമായി എടുത്തു പറയുന്നു: “എന്റെ അകൃത്യങ്ങൾ ഒരു നുകമായി കെട്ടി, അവിടുത്തെ കരം അവ ഒരുമിച്ചു ചേർത്തു. അവ എന്റെ കഴുത്തിൽ വച്ചു. എന്റെ ശക്തി അവിടുന്ന് ചോർത്തിക്കളഞ്ഞു. എനിക്ക് എതിർത്തു നിൽക്കാൻ ആവാത്തവരുടെ കയ്യിൽ കർത്താവ് എന്നെ ഏല്പിച്ചു കൊടുത്തു” (വിലാ 1,14). അവിശ്വസ്തതയ്ക്കുള്ള ശിക്ഷയാണിത്. ദൈവം എന്നേക്കുമായി ഉപേക്ഷിച്ചിരിക്കുന്നു.

രക്ഷാകരമായ ഒരു ചിന്തയാണിത്. തങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെല്ലാം തങ്ങളുടെ പാപത്തിനുള്ള ശിക്ഷയാണ്. എന്നാൽ ഈ ശിക്ഷ നശിപ്പിക്കാനല്ല, ശുദ്ധീകരിക്കാനുള്ള മാർഗ്ഗ

മാണെന്നു പ്രവാചകന്മാർ പഠിപ്പിച്ചു. “നിമിഷനേരത്തേക്കു ഞാൻ നിന്നെ ഉപേക്ഷിച്ചു. മഹാ കരുണയോടെ നിന്നെ ഞാൻ തിരിച്ചു വിളിക്കും. കോപാധിക്യത്താൽ ക്ഷണനേരത്തേക്ക് ഞാൻ നിന്നിൽനിന്നു മുഖം മറച്ചു. എന്നാൽ അനന്തമായ സ്നേഹ ത്തോടെ നിന്നോടു ഞാൻ കരുണ കാണിക്കും” (ഏശ 54,7-8). പ്രവാസത്തിന്റെ ക്ലേശങ്ങളിൽ കഴുകി ശുദ്ധീകരിക്കപ്പെട്ട ജനത്തെ ദൈവം വീണ്ടും തിരികെ കൊണ്ടുവരും, അവർക്കു സ്വന്തമായി നൽകിയ വാഗ്ദത്ത ഭൂമിയിലേക്ക്.

എന്നാൽ, ഇതിൽനിന്നു തികച്ചും വ്യത്യസ്തവും അപകട കരവുമായ മറ്റൊരു ചിന്തയും പ്രവാസികൾക്കിടയിൽ തല പൊക്കി. അന്നു നിലവിലിരുന്ന കാഴ്ചപ്പാടനുസരിച്ച് ഓരോ ജന ത്തിനും ഓരോ ദൈവം. ജനതകൾ തമ്മിൽ ഉണ്ടാകുന്ന യുദ്ധം യഥാർത്ഥത്തിൽ ആ ജനതകൾ ആരാധിക്കുന്ന ദൈവങ്ങൾ തമ്മി ലുള്ള യുദ്ധമാണ്. യുദ്ധത്തിൽ ജയിക്കുന്ന ജനത തങ്ങളുടെ ദൈവമാണ് കൂടുതൽ ശക്തൻ എന്നു വിശ്വസിക്കുന്നു; വിജയം തെളിവായി എടുത്തുകാട്ടുന്നു. ഇപ്രകാരം ഒരു ചിന്താഗതി പുറ പ്പാടു സംഭവവുമായി ബന്ധപ്പെട്ട് ദൃശ്യമാണ്. കർത്താവായ ദൈവം ഈജിപ്തിന്റെ ദൈവങ്ങളേക്കാൾ ശക്തനാണ്. ആ ശക്തിയാണ് ജനത്തിന്റെ വിമോചനത്തിൽ പ്രകടമാക്കിയത്. തങ്ങളുടെ ദൈവമായ യാഹ്‌വേ സർവ്വശക്തനും മറ്റെല്ലാ ദൈവ ങ്ങൾക്കും ഉപരിയും ആണ് എന്ന് ഇസ്രായേൽ ജനം വിശ്വസിച്ചു. ആ വിശ്വാസമാണ് ഇപ്പോൾ ചോദ്യം ചെയ്യപ്പെടുന്നത്, പ്രതി സന്ധിയിലായിരിക്കുന്നത്.

സ്വന്തം ജനത്തെയെന്നല്ല, ജറുസലെം ദേവാലയം എന്ന സ്വന്തം ഭവനത്തെപ്പോലും ശത്രുക്കളുടെ ആക്രമണത്തിൽനിന്നു കാത്തു സൂക്ഷിക്കാൻ കഴിയാതെ പോയ കർത്താവിനെ എങ്ങനെ സർവ്വശക്തനായി കരുതാനാവും? ബാബിലോൺ ജനത ആരാ ധിക്കുന്ന, തങ്ങളുടെ സംരക്ഷകനും നായകനും ദൈവവുമായി കരുതുന്ന മർദുക്ക് അല്ലേ കൂടുതൽ ശക്തൻ? അപ്പോൾ മർദുക്കി നെയല്ലേ യഥാർത്ഥത്തിൽ ആരാധിക്കേണ്ടത്? തികച്ചും ആപൽ ക്കരവും വിനാശകരവുമായ ഈ ചിന്ത ജനത്തെ നിരാശയിൽ നിന്ന് വിശ്വാസത്യാഗത്തിലേക്കു നയിക്കുന്ന ഒരു പ്രതിസന്ധി സംജാതമായി. ഇവിടെയാണ് ആരംഭത്തിൽ ഉദ്ധരിച്ച പ്രവാചക വചനം ശ്രദ്ധേയമാകുന്നത്.

ദൈവങ്ങൾ തമ്മിലാണ് യുദ്ധം നടക്കുന്നത് എന്ന് നിലവിലിരുന്ന ചിന്താഗതി ഉപയോഗിച്ചുകൊണ്ടാണ് ഇവിടെ പ്രവാചകൻ സംസാരിക്കുന്നത്. തന്റെ നഗരം നശിപ്പിച്ച്, ജനത്തെ പിടിച്ചുകൊണ്ടു പോയ ബാബിലോണിനെതിരേ കർത്താവ് യുദ്ധം ചെയ്യുകയാണ്. ഒരു ഭാഗത്തുനിന്ന്, ദൈവം തന്നെയാണ് ഇസ്രായേൽ ജനത്തെ, ഉടമ്പടിയുടെ നിബന്ധനകൾ അനുസരിച്ച്, പ്രവാസത്തിലേക്ക് അയച്ചത് എന്നു പറയുമ്പോൾത്തന്നെ, മറുവശത്ത് ബാബിലോൺ അതിരുകൾ ലംഘിച്ചു, അതിനാൽ ശിക്ഷിക്കപ്പെടും എന്ന് പ്രവാചകൻ ഊന്നിപ്പറയുന്നു. അപ്പോൾ ബാബിലോണിലെ പ്രവാസം തന്നെ ഇസ്രായേലിനെ സ്വന്തം ജനമായി സ്വീകരിച്ച യാഹ്‌വേയും അവരെ അടിമകളാക്കി വച്ചുകൊണ്ടിരിക്കുന്ന ബാബിലോണിന്റെ ദൈവങ്ങളും തമ്മിലുള്ള യുദ്ധമായി പ്രവാചകൻ ചിത്രീകരിക്കുന്നു. ഇതാണ് ആരംഭത്തിൽ ഉദ്ധരിച്ച പ്രവചനത്തിന്റെ ഒരു പശ്ചാത്തലം. എന്നാൽ ഇതു മാത്രമല്ല.

നഷ്ടപ്പെട്ട മക്കളെ ഓർത്തു വിലപിക്കുന്ന അമ്മയായിട്ടാണ് പ്രവാചകൻ ഇസ്രായേലിനെ കാണുന്നത്. സീയോൻ കന്യക, ജറുസലെം പുത്രി, ജനത്തിന്റെ അമ്മ, ദുഃഖാർത്തയായ മാതാവ്, കർത്താവിന്റെ വിശ്വസ്തയായ ഭാര്യ, വിഗ്രഹാരാധന വഴി അന്യദൈവങ്ങളെ ആരാധിക്കുകയാൽ തന്റെ ഭർത്താവായ യാഹ്‌വേയോട് അവിശ്വസ്തത കാട്ടിയ വ്യഭിചാരിണി, വേശ്യ എന്നൊക്കെ അനേകം വിശേഷണങ്ങൾ പ്രവാചകന്മാർ ഇസ്രായേൽ ജനത്തിനു നൽകിയിട്ടുണ്ട്. ജനത്തെ ഒരു വ്യക്തിയുടെ പ്രതീകത്തിലൂടെ അവതരിപ്പിക്കുക ഇന്നും സാധാരണമാണല്ലോ. മാതൃഭൂമി, ഭാരതാംബിക മുതലായ പ്രയോഗങ്ങൾ ഉദാഹരണങ്ങൾ. വിരഹദുഃഖത്താൽ വിലപിക്കുന്ന മാതാവിനോടാണ് പ്രവാചകൻ സംസാരിക്കുന്നത്.

തലകുമ്പിട്ടിരുന്നു കരയുന്ന സീയോൻ തല ഉയർത്തി നോക്കണം. സീയോൻ മലയുടെ വടക്ക് ഉയർന്നുനിൽക്കുന്ന ഒലിവുമല. അകലെ ബാബിലോണിൽനിന്നു പാഞ്ഞുവരുന്ന ദൂതന്റെ പാദങ്ങൾ ഒലിവുമലയിൽ പ്രത്യക്ഷപ്പെടുന്നു. എന്താണീ പാദങ്ങളുടെ പ്രത്യേകത? പാദങ്ങളല്ല, അതിന്റെ ഉടമസ്ഥൻ കൊണ്ടുവരുന്ന സന്ദേശമാണ് ശ്രദ്ധാകേന്ദ്രം. സന്ദേശം ഒന്നേയുള്ളൂ, ഒന്നു മാത്രം. “നിന്റെ ദൈവം ഭരിക്കുന്നു!” “*മാലക് എലോ ഹെയ്കാ*” എന്ന് ഹീബ്രു മൂലം. ഈ സന്ദേശമാണ് സദ്വാർത്തയായി അവ

തരിപ്പിക്കുന്നത്; ഇതു കേട്ടാണ് കാവൽക്കാർ സന്തോഷത്തോടെ ആർപ്പുവിളിക്കുന്നത്. ഈ പ്രഖ്യാപനത്തിലെ നാലു വാക്കുകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സദ്വാർത്ത അറിയിക്കുക, സമാധാനം, രക്ഷ, ദൈവം ഭരിക്കുന്നു.

***1. സദ്വാർത്ത അറിയിക്കുക:*** *ബാഷാർ* എന്നാണ് ഹീബ്രു മൂലം. നല്ല വാർത്ത, ശുഭ സന്ദേശം എന്നാണ് വാച്യാർത്ഥം. ഇതിന്റെ ഗ്രീക്കു വിവർത്തനമാണ് *എവൻ ഗേലിയോൺ*. (*എവൻ ഗെലിസെസ്ഥായ്* എന്നു ക്രിയാരൂപം). നിരാശയിൽ ആണ്ടു പോയ, മക്കളെല്ലാം എന്നേക്കുമായി നഷ്ടപ്പെട്ടു എന്നു കരുതി വിലപിക്കുന്ന അമ്മയോടാണിതു പറയുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഈ വാക്കാണ് പിന്നീട് പുതിയ നിയമത്തിൽ കേന്ദ്രവത്തായി നിൽക്കുന്നത്. യേശുക്രിസ്തുവിന്റെ സുവിശേഷം (മർക്കോ 1,1) എന്നു പറയുമ്പോൾ ഈ പദം തന്നെ ഉപയോഗിക്കുന്നു. അതീവ സന്തോഷപ്രദമാണ്, നിരാശയുടെ നീർച്ചുഴിയിൽനിന്ന് ആനന്ദത്തിന്റെ മലമുകളിലേക്ക് പിടിച്ച് ഉയർത്തുന്നതാണ് സുവിശേഷം.

***2. സമാധാനം:*** സദ്വാർത്ത അറിയിക്കുക എന്ന ക്രിയയുടെ കർമ്മമായി അവതരിപ്പിക്കുന്നതാണ് സമാധാനം. *ശാലോം* എന്ന് ഹീബ്രുമൂലം. എല്ലാ കാര്യങ്ങളും, വ്യക്തികളും, വസ്തുക്കളും, സംഭവങ്ങളും, ദൈവം നിശ്ചയിച്ച, ആഗ്രഹിക്കുന്നവിധത്തിൽ ആയിരിക്കുന്ന അവസ്ഥയാണ് ശാലോം. ഇവിടെ നാലു വിധത്തിലുള്ള ബന്ധങ്ങൾ കണക്കിലെടുക്കണം. മനുഷ്യനും ദൈവവും തമ്മിലും, മനുഷ്യ വ്യക്തികൾ തമ്മിലും, മനുഷ്യനും പ്രപഞ്ചവും പ്രപഞ്ചത്തിലെ സകലജീവികളും തമ്മിലും അവസാനമായി ഓരോ മനുഷ്യനും തന്നോടുതന്നെയും പൂർണ്ണമായ ഐക്യത്തിൽ കഴിയുന്ന അവസ്ഥ- അതാണ് ശാലോം, അതാണ് സമാധാനം. അതുതന്നെയാണ് പറുദീസാ. ഇവിടെ ആരും ആരെയും ദ്രോഹിക്കില്ല, വഞ്ചിക്കില്ല, ആധിപത്യം അടിച്ചേൽപ്പിക്കുകയില്ല. ദൈവഹിതം പൂർണ്ണമായി നടപ്പിലാകുന്ന അവസ്ഥയാണ് ശാലോം. അതാണ് സദ്വാർത്ത പ്രഘോഷിക്കുന്ന ദൂതൻ എടുത്തു പറയുന്നത്. യുദ്ധത്തിൽ പരാജയപ്പെട്ടു തകർന്ന നഗരത്തിന്, തടവുകാരും അടിമകളുമാക്കപ്പെട്ട ജനത്തിന്, സന്തോഷം നൽകുന്നതാണ്. ശാലോം എന്ന സദ്വാർത്ത എന്നാൽ അതു മാത്രമല്ല.

***3. രക്ഷ:*** ശാലോം എന്നതുപോലെ ഈ വാക്കും സദ്വാർത്ത അറിയിക്കുക എന്ന ക്രിയയുടെ കർമ്മമായിട്ടാണ് അവതരിപ്പി ച്ചിരിക്കുന്നത്. ഏകാർത്ഥ സമാന്തര വാക്യങ്ങൾ (Synonymous Parallelism) എന്ന് ഈ അവതരണ രീതിയെ വിശേഷിപ്പിക്കാം. സമാധാനം അഥവാ ശാലോം എന്ന പദത്തിനു സമാന്തരമായി, അതേസമയം വിശദീകരണവും എന്ന രീതിയിലാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. "*ഷ്വാ*" എന്ന് ഹീബ്രു മൂലം. ദൈവം നൽകുന്ന എല്ലാ ദാനങ്ങളുടെയും ആകെത്തുകയാണ് "*ഷ്വാ*".

തിന്മയിൽനിന്ന് മോചനം, അടിമത്തത്തിൽനിന്ന് വിടുതൽ, ദൈവത്തോടൊന്നിച്ചുള്ള ജീവിതം, ദൈവസ്നേഹത്താൽ നിറ യൽ, ദൈവിക ജീവനിൽ പങ്കുചേരൽ എന്നൊക്കെ ഈ പദ ത്തിന് അർത്ഥസൂചനകളുണ്ട്. ഈ വാക്കിൽനിന്നാണ് ജോഷ്വ-യേശു-ഈശോ എന്ന പേരിന്റെ ഉത്ഭവം. *യാഹ്വേ+ഷ്വാ* എന്ന രണ്ടു വാക്കുകൾ സംയോജിക്കുമ്പോൾ *യെഹോഷ്വ* എന്നും വീണ്ടും ലോപിച്ച് *ജെഷ്വാ, ജോഷ്വാ* എന്നും ആകുന്നു. യേശു വിന്റെ പേരുതന്നെയാണ് ഏറ്റം വലിയ ഉദാഹരണം. ദൂതൻ പ്രഘോഷിക്കുന്നതാണ് സമാധനവും രക്ഷയും. എന്നാൽ എന്താ ണിതിനർത്ഥം? മക്കളെയെല്ലാം നഷ്ടപ്പെട്ട സീയോൺ മാതാ വിന് എന്തു സന്ദേശമാണിത് നൽകുക? എന്താണ് സമാധാന ത്തിനും രക്ഷയ്ക്കും നിദാനം? അതാണ് ഏറ്റം അവസാനമായി പറയുന്നത്.

***4. നിന്റെ ദൈവം ഭരിക്കുന്നു:*** ഇസ്രായേലിന്റെ ദൈവം പരാ ജയപ്പെട്ടു; അതാണ് ജനം അനുഭവിക്കുന്ന ദുരിതങ്ങളുടെ അടി സ്ഥാനകാരണം എന്നു കരുതി വിലപിക്കുന്നവർക്ക് പ്രവാചകൻ വഴി ദൈവം നൽകുന്ന മറുപടിയാണിത്. ബാബിലോണിനെതിരേ യുള്ള യുദ്ധത്തിൽ ഇസ്രായേലിന്റെ ദൈവം വിജയിച്ചിരിക്കുന്നു. നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ നട ക്കുന്ന ഒരു പോരാട്ടമായി രക്ഷാചരിത്രത്തെ വിഭാവനം ചെയ്യുന്നു. പലപ്പോഴും പ്രത്യക്ഷത്തിൽ തിന്മയ്ക്കാണു വിജയം. നന്മ പരാജയപ്പെടുന്നു. നീതിമാന്മാർ പീഡിപ്പിക്കപ്പെടുന്നു, ദുരി തങ്ങൾ അനുഭവിക്കുന്നു. അതേസമയം ദൈവ നിഷേധികളായ ദുഷ്ടന്മാർ ശക്തിപ്രാപിക്കുന്നു, അധികാരവും സമ്പത്തും കയ്യ ടക്കി വാഴുന്നു.

ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ഇസ്രാ

യേൽക്കാർ മാത്രമല്ല, എന്നും എല്ലാവരും, നേരിടുന്ന ഒരു പ്രതിസന്ധിയാണിത്. എന്തേ തിന്മ കൂടുതൽ ശക്തമായി പ്രത്യക്ഷപ്പെടുന്നു? ദൈവത്തിന്റെ നന്മയെയും ശക്തിയെയും മാത്രമല്ല, അസ്തിത്വത്തെത്തന്നെ ചോദ്യം ചെയ്യാനും നിഷേധിക്കാനും വഴിയൊരുക്കുന്നതാണ് ഈ സാഹചര്യം. ഇന്നും സ്ഥിതി വ്യത്യസ്തമല്ല. ഈ ലോകത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന ആരെങ്കിലുമുണ്ടോ? അതോ ഇതെല്ലാം അനാഥമായി, സ്വയം പരിണമിക്കുന്ന, സ്വാഭാവികമായ സംഭവപരമ്പരകൾ മാത്രമോ? ഈ പ്രതിസന്ധിയിലേക്കാണ് പ്രവാചകവചനം വെളിച്ചം ചൊരിയുന്നത്.

***"ദൈവം ഭരിക്കുന്നു." "മാലക് എലോഹേയ്കാ"*** എന്നാണ് ഹീബ്രു മൂലം. നിന്റെ ദൈവം എന്നാണ് *എലോഹെയ്കാ* എന്ന വാക്കിനർത്ഥം. "*മേലെക്*" എന്ന നാമം രാജാവ് എന്നു വിവർത്തനം ചെയ്യുന്നു. അതിന്റെ ക്രിയാരൂപമാണ് "*മാലക്*" രാജാവാകുക, രാജവാഴ്ച നടത്തുക, ഭരിക്കുക എന്നൊക്കെയാണ് വാക്കിനർത്ഥം. രാജാവാണ് എല്ലാറ്റിന്റെ അധിപൻ. രാജഹിതം അനുസരിച്ചാണ് പ്രജകൾ വർത്തിക്കുന്നത്. അപ്പോൾ ദൈവം രാജാവായിരിക്കുന്നു എന്നു പറഞ്ഞാൽ, സകല ശത്രുക്കളെയും പരാജയപ്പെടുത്തി, ദൈവം തന്റെ ഭരണം സ്ഥാപിച്ചിരിക്കുന്നു എന്നാണ് അർത്ഥമാക്കുക. ദൈവം തന്റെ ഹിതം പൂർണ്ണമായി ഈ ഭൂമിയിൽ നടപ്പിലാക്കുന്നു. അവിടെ ആരും ആരെയും അടിമപ്പെടുത്തില്ല, ആരും ആരുടെയും കീഴിലാവില്ല. എല്ലാ മനുഷ്യരും സ്വതന്ത്രർ, ദൈവത്തിന്റെ മക്കൾ. ഇതാണ് ദൈവഭരണത്തിന്റെ സവിശേഷത. ഇതാണ് വിലപിക്കുന്ന സീയോനെ സന്തോഷത്തിലേക്കു നയിക്കുന്ന സദ്വാർത്ത.

ദൈവം നേടിയ വിജയത്തിന്റെ ദൃശ്യമായ അടയാളമായിരിക്കും ബാബിലോണിൽ നിന്നു മടങ്ങി വരുന്ന പ്രവാസികൾ. അവരുടെ വരവ് വിളിച്ചറിയിക്കാനാണ് ദൂതൻ മുമ്പേ അയയ്ക്കപ്പെട്ടത്. പ്രവാസികൾ തനിച്ചായിരിക്കില്ല മടങ്ങിവരുന്നത്. ഇടയൻ ആടുകളെയെന്നപോലെ, അവരെ നയിച്ച് അവരുടെ മുമ്പേ ദൈവം വരുന്നു. ഇതാണ് രണ്ടാം ഏശയ്യാ എന്നറിയപ്പെടുന്ന പ്രവാചകന്റെ മുഖ്യ സന്ദേശം: "ഇതാ നിങ്ങളുടെ ദൈവം, ഇതാ ദൈവമായ കർത്താവ് ശക്തിയോടെ വരുന്നു. ഇടയനെപ്പോലെ അവിടുന്ന് ആട്ടിൻക്കൂട്ടത്തെ മേയിക്കുന്നു..." (ഏശ 40, 10-11).

ദൈവം വിജയിച്ചിരിക്കുന്നു, രാജാവായിരിക്കുന്നു. ഭരണം നടത്തുന്നു. അത് ജനത്തിനു സ്വാതന്ത്ര്യവും സന്തോഷവും നൽകും. അതിനാൽ "സീയോനേ, ഉണർന്നെഴുന്നേൽക്കുക; ശക്തി സംഭരിക്കുക... ബന്ധനസ്ഥയായ ജറുസലെമേ, പൊടിയിൽനിന്ന് തട്ടിക്കുടഞ്ഞ് എഴുന്നേല്ക്കുക! ബന്ധനസ്ഥയായ സീയോൻ പുത്രീ, നിന്റെ കഴുത്തിലെ കെട്ടുകൾ പൊട്ടിക്കുക!" (ഏശ 52,1-2). ദൈവം ഭരിക്കുമ്പോൾ അവിടുത്തെ മക്കളെ ആരും അടിമയാക്കാൻ അനുവദിക്കുകയില്ല. ഇതുതന്നെയാണ് യഥാർത്ഥ സന്തോഷത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനം.

ദൈവം ഭരിക്കുന്നു. ഈ അവസ്ഥയാണ് "ദൈവരാജ്യം" എന്ന പേരിൽ ബൈബിളിൽ അറിയപ്പെടുന്നത്. യേശു തന്റെ പ്രസംഗം ആരംഭിച്ചതുതന്നെ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രഖ്യാപനത്തോടെയാണ്. "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1,14). യേശുവിന്റെ പ്രസംഗത്തിന്റെ മുഴുവൻ വിഷയം, സന്ദേശത്തിന്റെ കേന്ദ്രബിന്ദു ആയിരുന്നു ദൈവരാജ്യം. അവിടുത്തെ പ്രവർത്തനങ്ങൾ ദൈവരാജ്യത്തിന്റെ സാന്നിധ്യം വിളിച്ചറിയിച്ചു. പ്രബോധനങ്ങൾ ദൈവരാജ്യത്തിന്റെ സ്വഭാവം, വെല്ലുവിളികൾ വിശദീകരിച്ചു. ദൈവരാജ്യം ഈ ഭൂമിയിൽ ആരംഭിച്ചിരിക്കുന്നു. എന്നാൽ അതിന്റെ പൂർത്തീകരണം ഇനിയും സംഭവിക്കാനിരിക്കുന്നതേ ഉള്ളൂ. അതിനായി പ്രാർത്ഥിക്കാൻ യേശു പഠിപ്പിച്ചു: "അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ!" (മത്താ 6,10).

ദൈവരാജ്യം ഇതാ ഇവിടെ നിങ്ങളുടെ ഇടയിൽത്തന്നെ ഉണ്ട് എന്നു യേശു പ്രഘോഷിച്ചു (ലൂക്കാ 17,21). ഏതെങ്കിലും ഒരു ഭൂവിഭാഗമോ ജനപദമോ അല്ല ദൈവരാജ്യം. എല്ലാ ജനതകളെയും ഉൾക്കൊള്ളുന്ന, ഈ ഭൂമുഖം തന്നെ നവീകരിക്കുന്ന ദൈവത്തിന്റെ ഭരണമാണത്. "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയുമല്ല; പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്" (റോമ 14,17). ആ സന്തോഷമാണ് യേശുവിലൂടെ ദൈവം വച്ചു നീട്ടുന്നത്. വിശ്വസിക്കാം, ഹൃദയം തുറന്നു സ്വീകരിക്കാം.

# 06

## കർത്താവിന്റെ ഭവനത്തിൽ

*“സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം! എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ഛിച്ചു തളരുന്നു. എന്റെ മനസ്സും ശരീരവും ജീവിക്കുന്നവനായ ദൈവത്തിന് ആനന്ദഗാനമാലപിക്കുന്നു” (സങ്കീ 84,1-2).*

മനുഷ്യർ ഏറ്റം കൂടുതൽ ആഗ്രഹിക്കുന്നത് എന്താണെന്നു ചോദിച്ചാൽ ഒരു സംശയവും കൂടാതെ എല്ലാവരും പറയും, സന്തോഷം. ഒരിക്കലും അസ്തമിക്കാത്ത, ദുഃഖത്തിന്റെ കലർപ്പില്ലാത്ത, പൂർണ്ണമായ സന്തോഷം. അതിനെ ആനന്ദം എന്നുവിളിക്കും. മനുഷ്യന്റെ എല്ലാ പരിശ്രമങ്ങളും അധ്വാനങ്ങളും, ആഗ്രഹങ്ങളും പ്രതീക്ഷകളും ഈ ഒരു ലക്ഷ്യത്തിനു വേണ്ടിയാണെന്നതിൽ സംശയത്തിനിടയില്ല. മനുഷ്യന്റെ അന്തരാത്മാവിൽ ദൈവം തന്നെ നിക്ഷേപിച്ചിരിക്കുന്നതാണ് സന്തോഷത്തിനുവേണ്ടിയുള്ള ഈ ദാഹം. എന്നാൽ ദുഃഖത്തിന്റെയും വേദനയുടെയും കലർപ്പില്ലാത്ത സന്തോഷം ലഭിക്കുന്നില്ല എന്നത് സാർവ്വത്രികമായി അനുഭവവേദ്യമാകുന്ന സത്യം.

സന്തോഷം തേടിയുള്ള യാത്രകളും യജ്ഞങ്ങളും പരിശ്രമങ്ങളും പലപ്പോഴും തെറ്റായ ദിശയിലാണ് നീങ്ങുന്നത് എന്നതാവാം സന്തോഷം ലഭിക്കാത്തതിന്റെ ഒരു കാരണം. എന്താണ് ഞാൻ ഏറ്റം കൂടുതൽ ആഗ്രഹിക്കുന്നത്? എന്തുകിട്ടിയാലാണ് എന്റെ സന്തോഷം പൂർണ്ണമാവുക? സഫലമായി ജീവിതം എന്ന് പറയാൻ കഴിയുക? ഭൗതികസമ്പത്തിൽ സന്തോഷം തേടുന്നവ

രുണ്ട്. “നാണം കെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേടും പണം മാറ്റിക്കൊള്ളും” എന്നത് നമ്മുടെ പൂർവ്വികർ പറഞ്ഞു പഠിപ്പിച്ച പതിരുള്ള പഴഞ്ചൊല്ല്. ഭൗതികസമ്പത്ത് സ്വരുക്കൂട്ടാനുള്ള ശ്രമത്തിൽ മറ്റെല്ലാ മൂല്യങ്ങളും വിസ്മരിക്കപ്പെടുന്നു. സമ്പത്ത് ചുരുക്കം പേരുടെ കൈകളിൽ കുന്നുകൂടുമ്പോൾ ഭൂരിഭാഗവും ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും തള്ളിയിടപ്പെടുന്നു. സമ്പാദിക്കുന്നവന് ഒരിക്കലും തൃപ്തിയാവുന്നില്ല; മതിയെന്നു പറയാൻ കഴിയുന്നില്ല; യഥാർത്ഥ സന്തോഷം അറിയുന്നുമില്ല. ദാരിദ്ര്യവും പട്ടിണിയും അനുഭവിക്കുന്നവർക്കും സമ്പത്തിന്റെ അഭാവത്തിലും സന്തോഷിക്കാൻ കഴിയുന്നില്ല.

ഏതാണ്ട് അരനൂറ്റാണ്ടു മുമ്പ്, റോമിൽ തിയോളജി പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്തെ ഒരനുഭവം ഓർമ്മയിൽ വരുന്നു. മധ്യവേനൽ അവധിക്കാലത്ത്, സർവ്വകലാശാല വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഒരു തൊഴിൽ ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. വടക്കേ ഇറ്റലിയിൽ ടൂറിൻ പട്ടണത്തിനടുത്ത്, ഇവ്റേയാ എന്ന ഒരു ഗ്രാമത്തിലായിരുന്നു ക്യാമ്പ്. പല രാജ്യങ്ങളിൽനിന്നായി നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. വീടുതോറും കയറി, ഉപയോഗശൂന്യവും ഉപേക്ഷിക്കപ്പെട്ടതുമായ വസ്തുക്കൾ ശേഖരിച്ച്, ക്യാമ്പിൽ കൊണ്ടുവന്ന് തരം തിരിച്ച് വില്പനയ്ക്കു തയ്യാറാക്കുക. “പെറുക്കികൾ” എന്ന് നമ്മുടെ നാട്ടിൽ, അത്ര താൽപര്യത്തോടെയല്ലാതെ, പറയുന്ന തൊഴിൽ.

അബ്ബേ പിയർ (Abbe Pierre) എന്ന ഒരു ഈശോ സഭാ വൈദികനായിരുന്നു ക്യാമ്പിനു നേതൃത്വം നൽകിയത്. അദ്ദേഹം ഒരിക്കൽ തന്ന ഒരു ഉപദേശം ഇന്നലെ കേട്ടതുപോലെ കാതിൽ മുഴങ്ങുന്നു. ഈ ഭൂമിയിൽ ആകെ രണ്ടുതരം മനുഷ്യരേ ഉള്ളൂ. സമ്പത്തുള്ളവരും ഇല്ലാത്തവരും. അഥവാ അപ്പം ഉള്ളവരും ഇല്ലാത്തവരും; അതുപോലെ തന്നെ വിശക്കുന്നവരും വിശപ്പില്ലാത്തവരും. രണ്ടുകൂട്ടർക്കും ഉറങ്ങാൻ കഴിയുന്നില്ല എന്നതാണ് ദുഃഖകരമായ സത്യം. അപ്പം ഇല്ലാത്തവർക്ക് വിശന്നിട്ട് ഉറങ്ങാനാവുന്നില്ല. അപ്പം ഉള്ളവർക്കോ വിശപ്പില്ല; ഭയന്നിട്ട് ഉറങ്ങാൻ കഴിയുന്നില്ല. കാരണം അപ്പം ഇല്ലാതെ, പട്ടിണികിടക്കുന്നവർ കടന്നാക്രമിച്ച് തങ്ങളുടെ സമ്പത്ത് തട്ടിയെടുക്കുമോ എന്ന ഭയം. അതിനാൽ യുവ സുഹൃത്തുക്കളേ, നിങ്ങൾ ഒരുകാര്യം ചെയ്യണം. ഞാൻ ഒരു ചെറിയ പ്രാർത്ഥന പഠിപ്പിക്കാം. നിങ്ങൾ അതിന്റെ

അർത്ഥം മനസ്സിലാക്കി എല്ലാ ദിവസവും കാലത്തും വൈകീട്ടും ഉരുവിടണം.

എന്താണ് പ്രാർത്ഥനയെന്നല്ലേ? "അപ്പത്തിന്റെ സ്രഷ്ടാവും ദാതാവുമായ ദൈവമേ, വിശപ്പുള്ളവർക്ക് ആഹാരവും ആഹാര മുള്ളവർക്ക് വിശപ്പും കൊടുക്കാൻ ഞങ്ങളെ സഹായിക്കണേ, ശക്തരാക്കണേ." ലളിതമെങ്കിലും ആഴമേറിയൊരു സത്യം പഠി പ്പിക്കുന്നതാണ് ഈ പ്രാർത്ഥന എന്ന് ഞാൻ സാവകാശം തിരി ച്ചറിഞ്ഞു. ഭൗതികസമ്പത്ത് എത്ര ഉണ്ടായാലും യഥാർത്ഥ സന്തോഷം ലഭ്യമാവില്ല. "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം?" (മർക്കോ 8,36). ഭൗതികസമ്പത്തും മറ്റു ലൗകിക സുഖഭോഗങ്ങളും ഒന്നും മനുഷ്യന് ശാശ്വതമായ സംതൃ പ്തിയും സന്തോഷവും നൽകുകയില്ല. അവയെല്ലാം അന്തർ ദാഹം വർദ്ധിപ്പിക്കുകയേ ഉള്ളൂ, ദാഹശമനത്തിനായി കടൽ വെള്ളം കുടിക്കുന്നതുപോലെ.

വിലക്കപ്പെട്ട പഴംതിന്ന് പറുദീസായിൽനിന്നു പുറത്താക്ക പ്പെട്ടപ്പോൾ തുടങ്ങിയതാണ് ഈ ദാഹം. ഇതു ബൈബിൾ കഥാ രൂപത്തിൽ അവതരിപ്പിക്കുന്ന സത്യം. കഥയുടെ പൊരുളാകട്ടെ, മനുഷ്യൻ തന്റെ ഉറവിടവും ജീവിതലക്ഷ്യവും കേന്ദ്രവുമായ ദൈവത്തിൽ നിന്നകന്നു പോയിരിക്കുന്നു. ആ ലക്ഷ്യത്തിലേക്കു തിരിച്ചുവരാൻ ദൈവം വിളിക്കുന്നതിന്റെ അനുഭവമാണ് ഈ ദാഹം. ദൈവത്തിൽ എത്തിച്ചേരുന്നതുവരെ ഈ ദാഹം ശമി ക്കില്ല. വി. ആഗസ്തിനോസ് ഇതു മനോഹരമായി പറഞ്ഞുവച്ചി ട്ടുണ്ട്. "അങ്ങിൽ വിലയം പ്രാപിക്കുംവരെ ആത്മമസ്വസ്ഥം, ഹൃദ യമശാന്തം. തീരംതേടും തിരയായ് അടിയൻ തീരാ ദാഹവുമായ് വരുന്നു". ദൈവത്തിനുവേണ്ടിയാണ് ഈ ദാഹം. ദൈവസന്നി ധിയിൽ ചെന്നെത്തുംവരെ ഈ അന്തർദാഹം ശമിക്കുകയില്ല; സന്തോഷം പൂർണ്ണമാവുകയുമില്ല.

മനുഷ്യജീവിതം ഒരു യാത്രയാണെന്ന് ഈ അന്തർദാഹം നമ്മെ പഠിപ്പിക്കുന്നു, അനുസ്മരിപ്പിക്കുന്നു. ദൈവികസാന്നിധ്യം തേടി, ദൈവഭവനത്തിലേക്കുള്ള യാത്ര. ഈ ജവിതയാത്രയുടെ പ്രതീകാത്മകമായൊരു ആവിഷ്കാരമാണ് നാം നടത്താറുള്ള തീർത്ഥാടനങ്ങൾ. മിക്കവാറും എല്ലാ മതങ്ങൾക്കുമുണ്ട് തീർത്ഥാ ടനകേന്ദ്രങ്ങൾ, ചെറുതും വലുതുമായ കേന്ദ്രങ്ങൾ. കാശിയും

മെക്കയും ജറുസലെമും റോമും എല്ലാം ഇപ്രകാരമുള്ള സുപ്രസിദ്ധ തീർത്ഥാടനകേന്ദ്രങ്ങളാണല്ലോ. അക്കൂട്ടത്തിൽ ലൂർദ്ദും ഫാത്തിമായുംപോലെ മറ്റു ചില കേന്ദ്രങ്ങൾ. ശബരിമലയും കുരിശുമലയും പോലുള്ള പ്രാദേശിക തീർത്ഥാടനകേന്ദ്രങ്ങളും നമുക്ക് സുപരിചിതമാണ്.

ദൈവികസാന്നിധ്യം പ്രത്യേകമാംവിധം പ്രകടമായതും അനുഭവവേദ്യമായതുമായ സ്ഥലങ്ങളാണ് പൊതുവേ തീർത്ഥാടനകേന്ദ്രങ്ങളായി മാറുന്നത്. ആ സ്ഥലങ്ങളിൽ ദൈവികസാന്നിധ്യം ഇന്നും സവിശേഷമായ രീതിയിൽ അനുഭവിക്കാൻ കഴിയും എന്ന പ്രതീക്ഷയാണ് തീർത്ഥാടനങ്ങൾക്കു പിന്നിലെ പ്രേരകശക്തി. ജീവിതകാലത്ത് ഒരിക്കലെങ്കിലും ഒരു സുപ്രധാന തീർത്ഥാടനകേന്ദ്രം സന്ദർശിക്കണം എന്ന ആഗ്രഹം എല്ലാ ഭക്തർക്കും ഉണ്ടാകാറുണ്ട്. അതിനുവേണ്ടി ഒരുങ്ങാനും ഏറെ ത്യാഗങ്ങൾ സഹിക്കാനും ഭക്തർ തയ്യാറാകുന്നു. കാരണം ദൈവികസാന്നിധ്യമാണ് അവർ തേടുന്നത്.

ഇപ്രകാരം ഒരു തീർത്ഥാടനത്തെ ബൈബിൾ, പ്രത്യേകിച്ചും പഴയനിയമം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ജറുസലെം ആയിരുന്നു യഹൂദരുടെ തീർത്ഥാടനകേന്ദ്രം. കാരണം ജറുസലെമിൽ മാത്രമായിരുന്നു അവർക്ക് ഒരു ദൈവാലയം ഉണ്ടായിരുന്നത്. ദാവീദ് ആഗ്രഹിച്ചെങ്കിലും പണിയാൻ കഴിയാതെ പോയ ദൈവാലയം നിർമ്മിച്ചു സമർപ്പിച്ചത് സോളമനാണ്. ദേവാലയനിർമ്മാണത്തെക്കുറിച്ചുള്ള വിവരണത്തിനായി നാലധ്യായങ്ങൾ (1 രാജ 5-8) മാറ്റിവച്ചിരിക്കുന്നതിൽ നിന്നുതന്നെ ബൈബിൾ അതിനു കൊടുക്കുന്ന പ്രാധാന്യം വ്യക്തമാകുന്നു.

ഉടമ്പടിയുടെ പ്രമാണങ്ങൾ ആലേഖനം ചെയ്ത കല്പനകൾ സൂക്ഷിക്കുന്ന പേടകമായിരുന്നു ദേവാലയത്തിന്റെ കേന്ദ്രം. കനത്ത വിരിയിട്ടു മറച്ച, അതിവിശുദ്ധ സ്ഥലത്താണ് പേടകം പ്രതിഷ്ഠിച്ചിരുന്നത്. പേടകത്തിനു മുകളിൽ ചിറകുകൾ വിരിച്ചു, പേടകത്തിന്റെ ഇരുവശത്തുമായി സ്ഥാപിച്ചിരുന്ന കെരൂബുകളുടെ മധ്യത്തിൽ, പേടകത്തിനു മുകളിൽ പ്രതിഷ്ഠിച്ച "കൃപാസനം" ദൈവത്തിന്റെ സിംഹാസനമായി പരിഗണിക്കപ്പെട്ടു. ദേവാലയം പ്രതിഷ്ഠിച്ചു കഴിഞ്ഞപ്പോൾ "ഒരു മേഘം കർത്താവിന്റെ ആലയത്തിൽ നിറഞ്ഞു. കർത്താവിന്റെ തേജസ് ആലയത്തിൽ നിറഞ്ഞുനിന്നു" (1 രാജാ 8,10-11). അന്നുമുതൽ ജറുസലെം ദേവാ

ലയം ദൈവത്തിന്റെ ഭവനമായി, ഭൂമിയിലെ വാസസ്ഥലമായി പരിഗണിക്കപ്പെട്ടു.

ദൈവികസാന്നിധ്യം തേടുന്നവർ, തീർത്ഥാടകരായി ജറുസലെമിലേക്കു വരുക പതിവായി. പെസഹാ, പെന്തക്കുസ്താ, കൂടാരത്തിരുനാൾ എന്നീ മൂന്നു തിരുനാളുകളിൽ, അഥവാ അവയിൽ ഏതെങ്കിലും ഒരു തിരുനാളിന്, ജീവിതത്തിൽ ഒരിക്കലെങ്കിലും, ജറുസലെമിലേക്കു തീർത്ഥാടകരായി വരുക എന്നത് ഇസ്രായേൽ ജനത്തിൽ സകലരുടെയും ആഗ്രഹമായിരുന്നു. തീർത്ഥാടകരായി വരുന്നവർ സന്തോഷത്തോടെ കീർത്തങ്ങൾ ആലപിച്ചുകൊണ്ടാണ് വരുക. ദൈവഭവനത്തിന്റെയും ആ ഭവനം സ്ഥിതി ചെയ്യുന്ന നഗരത്തിന്റെയും, അവ രണ്ടും പ്രതിനിധാനം ചെയ്യുകയും വിളിച്ചറിയിക്കുകയും ചെയ്യുന്ന ദൈവികസാന്നിധ്യത്തിന്റെയും മഹത്വം വിവരിച്ച് കീർത്തനങ്ങൾ ആലപിക്കും.

ഇപ്രകാരമുള്ള ആറു സങ്കീർത്തനങ്ങൾ *സീയോൻ കീർത്തനങ്ങൾ* (Canticles of Zion) എന്ന പേരിൽ അറിയപ്പെടുന്നു. (സങ്കീ 46,48,76,84,87,122). ദൈവത്തിന്റെ സാന്നിധ്യം തേടുന്ന മനുഷ്യാത്മാവിന്റെ അദമ്യമായ അന്തർദാഹമാണ് ഈ സങ്കീർത്തനങ്ങളെല്ലാം വിളിച്ചറിയിക്കുന്നത്. ദൈവാലയത്തിൽ ആയിരിക്കുക എന്നാൽ ദൈവത്തോടൊന്നിച്ചായിരിക്കുക എന്നാണർത്ഥം. അവിടെ ആയിരിക്കുന്നവർക്ക് ഒന്നേ ചെയ്യാനുള്ളൂ. ദൈവസ്നേഹം അനുഭവിച്ചറിയുക. ദൈവത്തെ സ്തുതിക്കുക, അവിടുത്തെ നന്മകൾ പ്രകീർത്തിക്കുക. സ്വർഗ്ഗീയാനുഭവത്തിന്റെ ഒരു മുന്നാസ്വാദനം എന്ന് ഇതിനെ വിശേഷിപ്പിക്കാം. അതിനാൽ "എന്നേക്കും അങ്ങയെ സ്തുതിച്ചുകൊണ്ട്, അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ. അങ്ങയിൽ ശക്തി കണ്ടെത്തിയവർ ഭാഗ്യവാന്മാർ" (സങ്കീ 84,4). പുരോഹിതരെയും ലേവായരെയുമാണ് സങ്കീർത്തകൻ ഇവിടെ ഉദ്ദേശിക്കുന്നത്. എന്നാൽ അതിനുപിന്നിൽ മനുഷ്യാത്മാവിന്റെ ഏറ്റം തീക്ഷ്ണമായ ആഗ്രഹവും പ്രതീക്ഷയും പ്രതിധ്വനിക്കുന്നുണ്ട്.

"അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്. ദുഷ്ടതയുടെ കൂടാരങ്ങളിൽ വാഴുന്നതിനേക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനാകാനാണ് ഞാൻ ആഗ്രഹിക്കുന്നത്" (സങ്കീ 84,10). ഭൗതികമായ സന്തോ

ഷങ്ങൾ ഒന്നും മനുഷ്യനു പൂർണ്ണമായ സംതൃപ്തി നൽകുന്നില്ല; ഏറ്റം വലിയ സ്ഥാനമാനങ്ങളും അവനെ തൃപ്തനാക്കുന്നില്ല. കർത്താവിന്റെ അങ്കണം എന്ന പ്രയോഗം ജറുസലെം ദേവാലയത്തിന്റെ ഘടനയിൽനിന്നു മനസ്സിലാക്കണം.

ഉടമ്പടിയുടെ പേടകം സ്ഥാപിച്ചിരുന്ന മുറി അതിവിശുദ്ധ സ്ഥലം എന്നറിയപ്പെട്ടിരുന്നു. കനത്ത തിരശ്ശീലയിട്ടു മറച്ച, എപ്പോഴും ഇരുട്ടു നിറഞ്ഞുനിന്ന ഈ മുറിക്ക് മുപ്പതടി നീളവും വീതിയും ഉയരവുമുണ്ടായിരുന്നു (1 രാജാ 6,20). ഉൾഭാഗം മുഴുവൻ പൊന്നു പൊതിഞ്ഞതായിരുന്നു അതിവിശുദ്ധസ്ഥലം. അതിനു മുമ്പിൽ വിശുദ്ധ സ്ഥലം. അതിന് അറുപതടി നീളവും മുപ്പതടി വീതിയും നാല്പത്തഞ്ചടി ഉയരവും ഉണ്ടായിരുന്നു (1 രാജാ 6,3). ഇതിനു മുമ്പിലാണ് ബലിപീഠം. ബലിപീഠത്തിനു മുന്നിലും ചുറ്റുമായി പുരോഹിതർക്കു മാത്രം പ്രവേശിക്കാവുന്ന അങ്കണം. അതിനു മുമ്പിൽ ഇസ്രായേൽ പുരുഷൻമാർക്കു കടന്നു വരാവുന്ന അങ്കണം. അതിനു മുന്നിൽ, പതിനഞ്ചു പടവുകൾ താഴെ സ്ത്രീകൾക്കും കടന്നുവരാവുന്ന അങ്കണം. ഇവയ്ക്കു ചുറ്റുമായി വിജാതീയർക്കും കടന്നുവരാവുന്ന വിശാലമായ അങ്കണം.

ഹേറോദേസ് പുതുക്കിപ്പണിയിച്ച ദേവാലയം നാല്പതു ഏക്കർ സ്ഥലത്തു നിറഞ്ഞുനിന്ന ഒരു കെട്ടിട സമുച്ചയമായിരുന്നു. ഈ അങ്കണത്തിന്റെ ഒരു മൂലയിൽ ജീവിതം കഴിക്കുന്നത് രാജകൊട്ടാരത്തിൽ വസിക്കുന്നതിനേക്കാൾ അഭികാമ്യമായി സങ്കീർത്തകൻ കരുതുന്നു. കാരണം ഇതു ദൈവഭവനമാണ്; ദൈവികസാന്നിധ്യം അനുഭവിക്കാൻ കഴിയുന്ന ഇടം. ഇതുതന്നെയാണ് സീയോൻ കീർത്തനങ്ങൾ എല്ലാം എടുത്തു പറയുന്ന കാര്യം; എല്ലാ തീർത്ഥാടകരും ഹൃദയത്തിൽ സൂക്ഷിക്കുന്ന, ഉച്ചത്തിൽ ഉദ്ഘോഷിക്കുന്ന സത്യം.

“ആ നഗരത്തിൽ ദൈവം വസിക്കുന്നു. അതിന് ഇളക്കം തട്ടുകയില്ല... സൈന്യങ്ങളുടെ കർത്താവ് നമ്മോടുകൂടെയുണ്ട്.” അതിനാൽ “ശാന്തമാവുക, ഞാൻ ദൈവമാണെന്നറിയുക” (സങ്കീ 46,5.7.10). കർത്താവിന്റെ സാന്നിധ്യം സംരക്ഷണം ഉറപ്പുവരുത്തും; ഭയമകറ്റും, ഹൃദയത്തിൽ സന്തോഷം നിറയ്ക്കും. ഈ അനുഭവമാണ് തീർത്ഥാടകർ തേടുന്നത്. ഇതിനുവേണ്ടിയാണവർ ജറുസലേമിലേക്കു വരുന്നത്. “ഉയർന്നു മനോഹരമായ അവിടുത്തെ

വിശുദ്ധ ഗിരി ഭൂമി മുഴുവന്റെയും സന്തോഷമാണ്... അതിന്റെ കോട്ടയ്ക്കുള്ളിൽ ദൈവം സുനിശ്ചിതമായ അഭയകേന്ദ്രമായി വെളിപ്പെട്ടിരിക്കുന്നു" (സങ്കീ 48,2-3).

ഇസ്രായേലിന്റെ പത്തു ഗോത്രങ്ങൾ ഉൾക്കൊള്ളുന്ന വടക്കൻ രാജ്യമായ ഇസ്രായേലിനെ നശിപ്പിച്ച് നാമാവശേഷമാക്കിയ അസീറിയൻ സൈന്യം ബി.സി 701 ൽ സെന്നാക്കെരിബിന്റെ നേതൃത്വത്തിൽ യൂദായെ ആക്രമിച്ചു. ജെറുസലെം പട്ടണത്തെ വളഞ്ഞ് ഉപരോധം ഏർപ്പെടുത്തി. എന്നാൽ ദൈവത്തിന്റെ പ്രത്യേകമായൊരു ഇടപെടൽ വഴി അസീറിയൻ സൈന്യം ഉപരോധം പിൻവലിച്ച് പിൻവാങ്ങി. വളരെ വിശദമായി ഈ സംഭവം രാജാക്കന്മാരുടെ പുസ്തകം വിവരിക്കുന്നുണ്ട് (2 രാജാ 18-19). "അന്നു രാത്രി കർത്താവിന്റെ ദൂതൻ അസ്സീറിയാ പാളയത്തിൽ കടന്ന് ഒരു ലക്ഷത്തിയെൺപത്തയ്യായിരം പേരെ വധിച്ചു. പ്രഭാതത്തിൽ ആളുകൾ ഉണർന്നപ്പോൾ ഇവർ ജഡമായി മാറിയിരിക്കുന്നതു കണ്ടു" (2 രാജാ 19,35), ഭയവിഹ്വലരായ അസ്സീറിയാക്കാർ അതിവേഗം നാടുവിട്ടു.

ഈ സംഭവം ജനമനസ്സിൽ ആഴത്തിൽ പതിച്ചു. ദൈവം സീയോനിൽ വസിക്കുന്നെന്നും അതിനാൽ തങ്ങൾ സുരക്ഷിതരാണെന്നും അവർ ഉറച്ചു വിശ്വസിച്ചു. ഈ വിശ്വാസമാണ് തീർത്ഥാടനത്തിനു പ്രേരകമായത്. ദൈവത്തെ കാണാൻ, അവിടുത്തെ സാന്നിധ്യം, സ്നേഹസംരക്ഷണം അനുഭവിച്ചറിയാൻ വേണ്ടി അവർ ജറുസലെമിലേക്കു തീർത്ഥാടകരായി വന്നു. അവരുടെ വിശ്വാസവും പ്രതീക്ഷകളും സ്തുതികീർത്തനങ്ങളും യാചനകളും എല്ലാം സങ്കീർത്തനങ്ങളായി അവർ ഏറ്റുപാടി. അതാണ് മുഖ്യമായും സീയോൻ കീർത്തനങ്ങൾ.

ഇവയ്ക്കുപുറമേ, ആരോഹണ ഗീതങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന 15 സങ്കീർത്തനങ്ങളുണ്ട് (120-134). ഇവയിലും ജറുസലെമിനെ ദൈവത്തിന്റെ നഗരമായും ദേവാലയത്തെ ദൈവഭവനമായും ചിത്രീകരിക്കുന്നുണ്ട്. സ്ത്രീകൾക്കായി നിശ്ചയിച്ചിരുന്ന അങ്കണത്തിൽനിന്ന് പുരുഷന്മാർക്കുമാത്രം കടന്നുചെല്ലാൻ അനുവാദമുള്ള അങ്കണത്തിലേക്ക് പതിനഞ്ചു പടികൾ ഉണ്ട്. ലേവായ ഗായകർ ഈ പതിനഞ്ചു പടികൾ കയറുമ്പോൾ ഓരോ പടിയിലും ഒന്നുവീതം പാടിയിരുന്നതിനാലാണ് ഈ സങ്കീർത്തനങ്ങൾ ആരോഹണകീർത്തനങ്ങൾ എന്ന പേരിൽ അറിയപ്പെ

ടുന്നത് എന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. അതു മാത്രമല്ല, സീയോൻ മലയിലേക്ക് തീർത്ഥാടകർ കയറി വരുമ്പോൾ പാടിയിരുന്നതിനാലാണ് ആരോഹണകീർത്തനങ്ങൾ എന്ന പേരുണ്ടായത് എന്നു കരുതുന്നവരും ഉണ്ട്.

വിശദീകരണം എന്തുതന്നെ ആയാലും, ഈ സങ്കീർത്തനങ്ങളും തീർത്ഥാടനത്തിന്റെ ലക്ഷ്യവും പ്രാധാന്യവും എടുത്തു പറയുന്നുണ്ട്. "പർവ്വതങ്ങളിലേക്കു ഞാൻ കണ്ണുകൾ ഉയർത്തുന്നു... എനിക്കു സഹായം കർത്താവിൽനിന്നു വരുന്നു" (സങ്കീ 121,1-2). സ്രഷ്ടാവായ ദൈവത്തിന്റെ വാസസ്ഥാനമാണ് സങ്കീർത്തകൻ കണ്ണുകളുയർത്തി നോക്കുന്ന സീയോൻ പർവ്വതം. "കർത്താവിന്റെ ആലയത്തിലേക്കു നമുക്കു പോകാം എന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (സങ്കീ 122,1). "കർത്താവിൽ ആശ്രയിക്കുന്നവർ അചഞ്ചലരായി എന്നേക്കും നിലകൊള്ളുന്ന സീയോൻ പർവ്വതം പോലെയാണ്" (സങ്കീ 125,1). ജറുസലെം, സീയോൻ, ദൈവത്തിന്റെ ഭവനം. ഇതാണ് ഭക്തർ അതീവ ദാഹത്തോടെ ചെന്നെത്താൻ, എന്നും വസിക്കാൻ ആഗ്രഹിച്ച ഇടം. എന്നാൽ ഇത് ഒരു പ്രതീകം മാത്രമാണെന്ന കാര്യം മറക്കാതിരിക്കാം.

നഗരവും ദേവാലയവുമല്ല, ദൈവിക സാന്നിധ്യവും സംരക്ഷണവുമാണ് പ്രധാനം. അത് ഏതെങ്കിലും ഒരു സ്ഥലത്ത് ഒതുങ്ങിനിൽക്കുന്നതല്ല എന്നു പ്രവാചകന്മാർ നിരന്തരമായി ഉദ്ബോധിപ്പിച്ചു. തീർത്ഥാടനം നടത്തേണ്ടത് ഏതെങ്കിലും മലമുകളിലേക്കല്ല, ഹൃദയത്തിനുള്ളിലേക്കാണെന്ന് അവർ പഠിപ്പിച്ചു. വിശ്വസിക്കാൻ തയ്യാറാകാത്ത ജനത്തെ അനുഭവം പഠിപ്പിച്ചു. ബി.സി 587 ൽ നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം ദേവാലയം നശിപ്പിച്ചു. പ്രവാസികൾ തിരിച്ചുവന്നു പുതുക്കി പണിത, ഹേറോദേസ് രാജാവ് വളരെ വിപുലമാക്കി നവീകരിച്ച ദേവാലയം എ.ഡി. 70-ൽ റോമൻ സൈന്യം ചാരക്കൂനയാക്കി.

ഇന്നു ദേവാലയം തേടി ജറുസലെമിൽ ചെല്ലുന്നവർ കാണുന്നത് ദേവാലയത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ വേണ്ടി ഹേറോദേസ് നിർമ്മിച്ച മതിലാണ് - കണ്ണീരിന്റെ മതിൽ - (Wailing Wall). ഭക്തരായ യഹൂദർ ഈ മതിലിനു മുമ്പിൽ വന്നുനിന്ന് തങ്ങൾക്കു നേരിട്ട ദുരന്തത്തെ ഓർത്തു കരയുന്നതിനാലാണ് ഈ പേരുണ്ടായത്. മനുഷ്യനിർമ്മിതമായ കെട്ടിടങ്ങളിൽ ദൈവം

വസിക്കുന്നില്ല; ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ ദൈവത്തെ ഒരു ഭവനത്തിലും കുടിയിരുത്താനാവില്ല. അനീതിക്ക് അറുതി വരുത്തി, ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്നില്ലെങ്കിൽ ദൈവം തന്നെ ദേവാലയം തല്ലിത്തകർക്കും എന്ന് പ്രവാചകന്മാർ ആവർത്തിച്ച് ഉദ്ബോധിപ്പിച്ചതാണ് (ആമോ 9,1-6; മിക്കാ 3,12; ജറെ 7,14;21,1-10;26,4-6; ഏശ. 66,1-3).

ഈ സന്ദേശം തന്നെ യേശുവും ആവർത്തിച്ചു (യോഹ 2,19-21). ദേവാലയമല്ല, ദൈവമാണ് തീർത്ഥാടനകേന്ദ്രം. ബാഹ്യമായ ആലയങ്ങൾക്കപ്പുറത്താണ് ദൈവം. അദൃശ്യനായ ദൈവം ശരീരം ധരിച്ച് ദൃശ്യനായതാണ് യേശു. "വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ചു" (യോഹ 1,14). അതിനാൽ യേശുവിന്റെ ശരീരമാണ് യഥാർത്ഥ ദൈവാലയം. അതോടൊപ്പം യേശുവിൽ വിശ്വാസമർപ്പിക്കുന്ന, വിശ്വാസികളുടെ സമൂഹവും യേശുവിന്റെ ശരീരമായി പരിണമിക്കുന്നു. അപ്പോൾ സഭയും ദേവാലയം തന്നെ. ഇതിനെല്ലാം ഉപരി, ഓരോ മനുഷ്യഹൃദയവും ദൈവാലയമാണെന്ന ബോധ്യത്തിലേക്കാണ് ബൈബിൾ നമ്മെ അത്യന്തികമായി നയിക്കുന്നത്. അതിനാൽ യഥാർത്ഥമായ തീർത്ഥാടനം ഇന്നു നടത്തേണ്ടത് പുറത്ത് ഏതെങ്കിലും ഒരു ഇടത്തിലേക്ക്, ഒരു നഗരത്തിലേക്കോ ആലയത്തിലേക്കോ അല്ല, ഹൃദയത്തിന്റെ ആഴങ്ങളിലേക്കാണ്. അവിടെയാണ് ദൈവം വസിക്കുന്നത്; അവിടെയാണ് വിശ്വാസി ദൈവത്തെ കണ്ടെത്തുന്നത്.

വിശുദ്ധ സ്ഥലങ്ങൾക്കും ദേവാലയങ്ങൾക്കും പ്രസക്തി ഇല്ല എന്നല്ല. യഥാർത്ഥത്തിൽ അദൃശ്യനായ ദൈവത്തിന്റെ മനുഷ്യാവതാരം വഴി മനുഷ്യരോടൊത്തു വസിക്കുന്ന, സ്വർഗ്ഗാരോഹണം വഴി അദൃശ്യമെങ്കിലും തികച്ചും യാഥാർത്ഥ്യമായി നമ്മുടെ ഇടയിലും ഓരോരുത്തരുടെയും ഉള്ളിലും വസിക്കുന്ന, ദൈവിക സാന്നിധ്യമായിരിക്കണം തേടുന്നത്. "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന വാഗ്ദാനം മറക്കാതിരിക്കാം. ഹൃദയത്തിൽ വസിക്കുന്ന ദൈവത്തെ കാണാതെ ചുറ്റുപാടും തേടുന്നത് അർത്ഥശൂന്യമാകും. എന്റെയും എന്റെ സഹോദരങ്ങളുടെയും ഉള്ളിലും ഇടയിലും ദൈവം വസിക്കുന്നു എന്ന വിശ്വാസമില്ലെങ്കിൽ ദൈവാലയങ്ങൾ കാഴ്ചവസ്തുക്കളും തീർത്ഥാടനം വിനോദസഞ്ചാരവുമായിത്തീർന്നെന്നു വരും. അതു സംഭവിക്കാതിരിക്കട്ടെ!

07

## അനേകർക്ക് ആഹ്ലാദം

*"ദൂതൻ അവനോടു പറഞ്ഞു: സഖറിയാ, ഭയപ്പെടേണ്ടാ. നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം. നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. അനേകർ അവന്റെ ജനനത്തിൽ ആഹ്ലാദിക്കുകയും ചെയ്യും" (ലൂക്കാ 1,13-14).*

സന്തോഷത്തിന്റെ സുവിശേഷം എന്ന് ലൂക്കാ എഴുതിയ സുവിശേഷത്തെ വിശേഷിപ്പിക്കാറുണ്ട്. കാരണം മറ്റു മൂന്നു സുവിശേഷങ്ങളിലും കാണുന്നതിനേക്കാൾ കൂടുതൽ സന്തോഷത്തെക്കുറിച്ച് ലൂക്കാ പ്രതിപാദിക്കുന്നുണ്ട്. ആരംഭം മുതൽ അവസാനംവരെ സന്തോഷത്തിന്റെ ആരവമാണ് ആ സുവിശേഷത്തിൽ മുഴങ്ങുന്നത്. ദൈവദൂതദർശനത്തിൽ ഭയന്നു നിന്ന സഖറിയായ്ക്കു ദൂതൻ നൽകുന്ന ആശ്വാസവചനത്തിലാണ് തുടക്കം. സുവിശേഷം അവസാനിപ്പിക്കുന്നതും ശിഷ്യന്മാരുടെ സന്തോഷത്തെ ചിത്രീകരിച്ചുകൊണ്ടു തന്നെ. "അത്യന്തം ആനന്ദത്തോടെ അവർ ജറുസലെമിലേക്കു മടങ്ങി. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാസമയവും ദേവാലയത്തിൽ കഴിഞ്ഞുകൂടി" (ലൂക്കാ 24,52-53). ഈ രണ്ടു പരാമർശങ്ങൾക്കിടയിൽ അനേകം തവണ സന്തോഷം എന്ന പ്രമേയം പ്രതിപാദന വിഷയമാകുന്നുണ്ട്.

"ഭയപ്പെടേണ്ടാ", എന്ന ആശ്വാസ വചനത്തോടെയാണ് ദൂതന്റെ സന്ദേശം ലൂക്കാ ആരംഭിക്കുന്നത്. "സഖറിയാ" എന്ന

അഭിസംബോധന ഗ്രീക്കു മൂലത്തിൽ രണ്ടാമത്തെ വാക്കാണ്. ഭാഷാ ഭംഗിക്കുവേണ്ടി വിവർത്തനത്തിൽ വാക്കുകളുടെ ക്രമം മാറ്റിയിരിക്കുന്നു. "ഭയപ്പെടേണ്ടാ സഖറിയാ" എന്നാണ് മൂലഭാഷയിൽ. ഏറെ നാൾ ആഗ്രഹിച്ചതും പ്രാർത്ഥിച്ചതുമായിരുന്നു സന്താനഭാഗ്യം, വന്ധ്യരും വൃദ്ധരുമായ ദമ്പതികൾ. എന്നാൽ ദൈവികസന്നിധിയിൽ സുഗന്ധദ്രവ്യങ്ങൾ ബലിയർപ്പിച്ചപ്പോൾ പെട്ടെന്നുണ്ടായ ദൈവദൂതദർശനം സഖറിയായെ പരിഭ്രാന്തനാക്കി. ദൈവികസാന്നിധ്യത്തിൽ മനുഷ്യനുണ്ടാകുന്ന സാധാരണ അനുഭവമാണ് ഭയം. അതിനാൽത്തന്നെ ഭയമകറ്റുന്ന ആശ്വാസവചനം കൊണ്ട് ദൂതൻ തന്റെ സന്ദേശം ആരംഭിക്കുന്നു.

ലോകത്തിനു മുഴുവൻ ഉണ്ടാകാൻ പോകുന്ന വലിയൊരു ആനന്ദത്തെക്കുറിച്ചാണ് ദൂതൻ സഖറിയായോടു സംസാരിക്കുന്നത്. ദൈവം പ്രാർത്ഥന കേട്ടിരിക്കുന്നു. ഒരിക്കലും ലഭിക്കുകയില്ല എന്ന് അവർ കരുതിയിരുന്ന സന്താനഭാഗ്യം ഇതാ ദൈവം അവർക്കു ദാനമായി നൽകാൻ പോകുന്നു. ഭയമകറ്റുക മാത്രമല്ല, വലിയ സന്തോഷവും ആനന്ദവും നൽകുകയും ചെയ്യുന്നതായിരിക്കും ദൈവത്തിന്റെ ഇടപെടൽ. അസാധ്യം എന്നു മനുഷ്യർ എഴുതിത്തള്ളിയത് ദൈവം ഇവിടെ സാധ്യമാക്കുന്നു. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്ന് സഖറിയാ അറിയണം, വിശ്വസിക്കണം.

അവർക്കു ജനിക്കാൻ പോകുന്ന ശിശു രക്ഷാചരിത്രത്തിന്റെ ഒരു നാഴികക്കല്ലായി മാറും. അവന്റെ ജനനം മാതാപിതാക്കൾക്കു മാത്രമല്ല, രക്ഷ പ്രതീക്ഷിക്കുന്ന സകലർക്കും വലിയ സന്തോഷത്തിന് ഉറവിടമാകും. അവനു നൽകാൻ ദൂതൻ നിർദ്ദേശിക്കുന്ന പേരുതന്നെ ഈ വലിയ സന്തോഷത്തിന്റെ കാരണത്തിലേക്കു വിരൽ ചൂണ്ടുന്നു. *യാഹ്‌വേ+ഹനാൻ* എന്ന രണ്ടു ഹീബ്രു വാക്കുകൾ ചേർന്നതാണ് യോഹന്നാൻ എന്ന പേര്: മോശയ്ക്കു ദൈവം വെളിപ്പെടുത്തിയ പേരാണല്ലോ "യാഹ്‌വേ" (പുറ 3,15). ഈ പേരു ലോപിച്ചതാണ് "യോ", ജോ(യോ)ഷ്വായിൽ സംഭവിക്കുന്നതുപോലെ. ദൈവകൃപയുടെ ദൃശ്യമായ അടയാളവും ഉപകരണമായിരിക്കും ജനിക്കാൻ പോകുന്ന ശിശു. അതുതന്നെ ആയിരിക്കും സന്തോഷത്തിന്റെ നിദാനം.

നൂറ്റാണ്ടുകളായി ഒരു രക്ഷകനുവേണ്ടി കാത്തിരിക്കുകയായിരുന്നു ഇസ്രായേൽ ജനം. ദൈവത്തിന്റെ അനേകം വാഗ്ദാന

ങ്ങൾ ഈ പ്രതീക്ഷയ്ക്ക് ഇന്ധനം പകർന്നു. "സർപ്പത്തിന്റെ തലതകർക്കുന്ന സന്തതി"(ഉൽപ 3,15)യിൽ തുടങ്ങുന്നു ഈ പ്രതീക്ഷ. അബ്രാഹത്തിനു നൽകിയ വാഗ്ദാനം (ഉൽപ 12,1-3) സകല ജനങ്ങൾക്കും രക്ഷ നൽകുന്ന ഒരു സന്തതിയെക്കുറിച്ച് പ്രതിപാദിച്ചു. തുടർന്നിങ്ങോട്ട് എത്രയെത്ര വാഗ്ദാനങ്ങൾ, പ്രവചനങ്ങൾ! യാക്കോബിന്റെ അനുഗ്രഹത്തിലും (ഉൽപ 49,10). ബാലാമിന്റെ ദർശനത്തിലും (സംഖ്യ 24,7-17) പരാമർശവിഷയമായ രക്ഷകൻ ദാവീദിന്റെ പുത്രനായി ജനിക്കും എന്ന് നാഥാൻ വഴി ദൈവം അറിയിച്ചു (2 സാമു 7,8-17). ഏശയ്യായും (7,14;9,6-7;11,1-2) ജറെമിയായും 31,31-34 ആമോസും (9,11) മിക്കായും (5,21) സഖറിയായും (9,9) തുടങ്ങി അനേകം പ്രവാചകന്മാരിലൂടെ രക്ഷകന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷ ഒളിമങ്ങാതെ സൂക്ഷിച്ചു. രക്ഷകനു വഴിയൊരുക്കാൻ മുന്നോടിയായി ഒരു പ്രവാചകനെ അയയ്ക്കും എന്ന് മലാക്കി (4,5-6) പ്രവചിച്ചു.

ഈ പ്രവചനങ്ങളുടെയും പ്രതീക്ഷകളുടെയും എല്ലാം പൂർത്തീകരണം ഇതാ നിനക്കു ജനിക്കാൻ പോകുന്ന സന്തതിയിൽ ആരംഭിക്കും എന്നതായിരുന്നു ദൂതൻ സഖറിയായ്ക്കു നൽകിയ സന്ദേശം. അതുതന്നെയാണ് സന്തോഷത്തിനു കാരണം. മനുഷ്യരെ പരസ്പരവും ദൈവത്തോടും രമ്യതപ്പെടുത്തിക്കൊണ്ട് രക്ഷകനെ സ്വീകരിക്കാൻ ഒരുക്കുക എന്നതായിരിക്കും ആ ശിശുവിന്റെ ദൗത്യം. ഇതുവരെ പ്രതീക്ഷയായി കഴിഞ്ഞ രക്ഷയുടെ യുഗം ഇതാ പടിവാതിൽക്കൽ എത്തിയിരിക്കുന്നു. അതിനാൽ സന്തോഷിക്കുക.

സന്തുഷ്ടി, ആനന്ദം എന്ന രണ്ടു പദങ്ങളാണ് ദൂതന്റെ സന്ദേശത്തിൽ മുന്നിട്ടുനിൽക്കുന്നത്. "*കാരാ*" (chara) എന്ന പദമാണ് സന്തുഷ്ടി എന്നു വിവർത്തനം ചെയ്യുന്നത്. ദൈവത്തിന്റെ കൃപ (*കാരിസ്*) ലഭിക്കുമ്പോഴുണ്ടാകുന്ന ആന്തരികാനുഭവമാണത്. ഹൃദയത്തിൽ നിറഞ്ഞുതുളുമ്പുന്ന സന്തോഷം, ആനന്ദം എന്നും അതിനെ വിശേഷിപ്പിക്കാം. മുഖ്യമായും ആന്തരികഭാവത്തെ അഥവാ അനുഭവത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്.

*അഗല്ലിയാസിസ്* (agalliasis) എന്നതാണ് രണ്ടാമത്തെ പദം. ഇത് സന്തോഷത്തിന്റെ ബാഹ്യമായ പ്രകടനത്തിന് ഊന്നൽ നൽകുന്നു. "ആഹ്ലാദം" എന്നു വിവർത്തനം ചെയ്യാം. ഉള്ളിൽ നിറയുന്ന സന്തോഷം പുറമേ പ്രകടമാകുന്നു. അത് ജീവിതവീ

ക്ഷണങ്ങളിലും ജീവിതശൈലിയിലും പരസ്പര ബന്ധങ്ങളിലും എല്ലാം പ്രത്യക്ഷമാകും. ഹൃദയത്തിൽ സന്തോഷം നിറയുന്നവരുടെ വദനം മ്ലാനമാകില്ല. ഭയവും നിരാശയും അവരെ തീണ്ടില്ല. ജീവിതത്തിന്റെ സ്ഥായീഭാവം സന്തോഷമായിരിക്കും.

ഈ സന്തോഷത്തിന്റെ ഉറവിടം മുന്നോടിയായ യോഹന്നാനല്ല, അവൻ ആർക്ക് വഴിയൊരുക്കാൻ വരുന്നുവോ ആ രക്ഷകനായിരിക്കും. മനുഷ്യനായി അവതരിക്കുന്ന ദൈവപുത്രനാണ് സന്തോഷത്തിന്റെ ഉറവിടം. അവന്റെ ആഗമനത്തെ മുൻകൂട്ടി അറിയിക്കുന്ന സ്നാപകന്റെ ജനനം തന്നെ സന്തോഷകാരണമാകുന്നു. ഈ സന്തോഷം സ്വന്തമാക്കണമെങ്കിൽ അവശ്യം പാലിക്കേണ്ട ഒരു നിബന്ധനയുണ്ട്. വിശ്വസിക്കണം. ദൈവദൂതൻ നൽകുന്ന സന്ദേശം വിശ്വസിച്ചാലേ സഖറിയായ്ക്ക് ഈ സന്ദേശം സന്തോഷകാരണമാകൂ! പക്ഷേ സഖറിയായ്ക്ക് ഉടനേ വിശ്വസിക്കാൻ കഴിഞ്ഞില്ല. ദീർഘനാൾ ആഗ്രഹിച്ചതും യാചിച്ചതുമായ സന്താനഭാഗ്യം ഇപ്പോൾ ലഭിക്കാൻ പോകുന്നു എന്ന ദൂതന്റെ വാക്കുകൾ സ്വീകരിക്കാൻ കഴിയാതെപോയ സഖറിയാ അടയാളം ചോദിച്ചു. അയാൾക്കതു ലഭിക്കുകയും ചെയ്തു. മൂകത- വിശ്വസിക്കാത്തവൻ മിണ്ടരുത്! ശിശു ജനിച്ചു കഴിഞ്ഞപ്പോൾ മൂകതയും അവസാനിച്ചു; നാവിന്റെ കെട്ടഴിഞ്ഞു. ഇത് ജനമധ്യേ വലിയ ആശ്ചര്യത്തിനും സന്തോഷത്തിനും കാരണമായി (ലൂക്കാ 1,64-66).

മുന്നോടിയുടെ ജനനം ആനന്ദത്തിനും ആഹ്ലാദത്തിനും കാരണമാകണമെങ്കിൽ ദൂതന്റെ സന്ദേശം വിശ്വസിച്ചാൽ മാത്രം പോരാ, മുന്നോടിയുടെ വാക്കുകൾ അനുസരിക്കുകയും വേണം. വലിയൊരു അനുരഞ്ജനത്തിനുള്ള ആഹ്വാനമായിരിക്കും മുന്നോടിയുടെ സന്ദേശം. “ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരിയെ കൊണ്ടുവരും” (ലൂക്കാ 1,16-17). അനുരഞ്ജനം ദൈവ-മനുഷ്യബന്ധത്തിൽ തുടങ്ങണം. അത് ആദ്യമേ കുടുംബത്തിൽ പ്രകടമാകണം. സമൂഹത്തിന്റെ ഏറ്റം ചെറുതും അടിസ്ഥാനപരവുമായ ഘടകമാണല്ലോ കുടുംബം. തുടർന്ന് സമൂഹത്തിൽ മുഴുവൻ ഈ അനുരഞ്ജനം, ഐക്യം സംഭവിക്കണം. അപ്പോൾ ഹൃദയങ്ങളിൽ ശാന്തിയും സന്തോഷവും നിറയും; സമൂഹത്തിൽ ആഹ്ലാഹം തിരതല്ലും. അതാണ് ഗബ്രിയേൽ ദൂതൻ വഴി ദൈവം നൽകുന്ന വാഗ്ദാനം. കാതോർക്കാം, വിശ്വസിക്കാം, അനുസരിക്കാം.

# 08

## ``കൃപാപൂർണ്ണേ, ആമോദിച്ചാലും''

*"ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു: ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവു നിന്നോടുകൂടെ" (ലൂക്കാ 1,28).*

രക്ഷാചരിത്രം പൂർത്തീകരണത്തിലേക്കു പ്രവേശിക്കുന്ന നിമിഷമാണ് ലൂക്കാ സുവിശേഷകൻ മേലുദ്ധരിച്ച വാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഗലീലിയിലെ നസ്രത്ത് എന്ന ഗ്രാമത്തിൽ ആശാരിപ്പണിചെയ്ത് ഉപജീവനം കഴിച്ചിരുന്ന ഒരു യുവാവുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയാണ് മറിയം. വിവാഹത്തിനൊരുങ്ങിക്കൊണ്ടിരിക്കുന്ന മറിയത്തിന്റെ മുമ്പിൽ തികച്ചും അവിചാരിതവും അപ്രതീക്ഷിതവുമായ വിധത്തിൽ പ്രത്യക്ഷപ്പെട്ട ദൈവദൂതൻ ചെയ്യുന്ന അഭിസംബോധനയിൽത്തന്നെ വലിയ സന്തോഷത്തിനുള്ള ആഹ്വാനം കാണാം.

ഗ്രീക്കുഭാഷയിൽ സുവിശേഷം രചിക്കുന്ന ലൂക്കാ ദൈവദൂതന്റെ അഭിസംബോധന അവതരിപ്പിക്കുന്നതിൽ ഒരു സവിശേഷതയുണ്ട്. "*കയിരേ കെക്കരിത്തോമെനേ*" എന്നാണ് ആദ്യത്തെ രണ്ടു വാക്കുകൾ. അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്താൽ "സന്തോഷിച്ചാലും, കൃപനിറഞ്ഞവളേ" എന്നായിരിക്കും അഭിസംബോധന. സന്തോഷിക്കാനുള്ള ആഹ്വാനമാണ് ആദ്യത്തെ വാക്ക് എന്നത് തന്നെ ശ്രദ്ധേയമാകുന്നു. ഗ്രീക്കുഭാഷയിലെ ഒരു അഭിസംബോധനാരൂപമാണിത് എന്ന് അംഗീകരിക്കുമ്പോഴും ദൂതൻ നൽകുന്ന സന്ദേശത്തിന്റെ പ്രാധാന്യം കാണാതെ പോകരുത്. ദൈവദൂതൻ കൊണ്ടുവരുന്നത് വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ്. ഈ അഭിസംബോധനയാണ് പെസഹാക്കാലത്ത് ത്രികാലജപത്തിന്റെ ഭാഗമായി കത്തോലിക്കർ ഉരുവിടു

ന്നത്; സ്വർല്ലോകറാണി, ആനന്ദിച്ചാലും "മനോതുഷ്ടി പൂരിച്ചാലും" എന്നായിരുന്നു പഴയ മലയാളം. ആശയം വ്യക്തമാണ്. വലിയ സന്തോഷത്തിന്റെ വാർത്തയുമായിട്ടാണ് ദൈവദൂതൻ മറിയത്തിന്റെ അടുക്കലേക്കു വന്നിരിക്കുന്നത്.

സന്തോഷിക്കാനുള്ള ആഹ്വാനത്തിനു പിന്നാലെ മറിയത്തിനു നൽകുന്ന വിശേഷണവും ശ്രദ്ധയർഹിക്കുന്നു. "നന്മനിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥന ഈ വിശേഷണത്തിന്റെ ഒരു വ്യാഖ്യാനമാണ്; അക്ഷരാർത്ഥത്തിലുള്ള വിവർത്തനമല്ല "*കെക്കരിത്തോമെനേ*" എന്നത് ഒരു വിശേഷണമായി അവതരിപ്പിച്ചിരിക്കുന്നു. "*കരിത്തോ ഓ*" എന്ന ക്രിയയിൽ നിന്നാണ് ഈ വിശേഷണത്തിന്റെ ഉത്ഭവം. "കൃപ നൽകുക" എന്നാണ് മൂലക്രിയയുടെ അർത്ഥം. കർമ്മണിപ്രയോഗത്തിൽ ഈ വിശേഷണത്തിന്റെ വാച്യാർത്ഥം കൃപയ്ക്കു പാത്രീഭൂതയായവൾ, പ്രത്യേകമായ ദൈവകൃപ സ്വീകരിച്ചവൾ, ദൈവകൃപയ്ക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവൾ എന്നൊക്കെ ഈ പ്രയോഗം വിവർത്തനം ചെയ്യാം. സന്തോഷിക്കാനുള്ള ആഹ്വാനത്തിന്റെ കാരണമാണ് ദൈവകൃപ. സവിശേഷമായൊരു ദൗത്യം ഏല്പിക്കാൻ വേണ്ടിയാണ് ദൈവം മറിയത്തിന്റെ പ്രത്യേകമായ കൃപ നൽകിയത് എന്ന അടുത്ത വാക്ക് സൂചിപ്പിക്കുന്നു.

"കർത്താവു നിന്നോടുകൂടെ" എന്നത് ഒരാശംസയും അതിലുപരി ഒരു യാഥാർത്ഥ്യത്തിന്റെ സ്ഥിരീകരണവുമാണ്. കർത്താവു നിന്നോടുകൂടെയുണ്ട്. ബൈബിളിൽ പൊതുവേ കാണുന്ന ഒരു പ്രയോഗമാണിത്. ദൈവം ഒരു വ്യക്തിയെ എന്തെങ്കിലും സവിശേഷമായ ഒരു ദൗത്യം ഏല്പിക്കുമ്പോൾ നൽകുന്ന വാഗ്ദാനവും ഉറപ്പുമാണ് താൻ കൂടെ ഉണ്ടായിരിക്കും എന്നത്. ഇസഹാക്ക് (ഉൽപ 26,24), യാക്കോബ് (ഉൽപ 28,15), ജോസഫ് (ഉൽപ 39,21), മോശ, ജോഷ്വ (ജോഷ്വ 1,3-9) തുടങ്ങി നിരവധി ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. ദേശത്തിനു മുഴുവൻ എതിരായി ഒറ്റയ്ക്കുനിന്ന് ദൈവവചനം പ്രഘോഷിക്കാൻ വിളിക്കുമ്പോൾ ജറെമിയായ്ക്ക് നൽകുന്നതും ഈ ഒരു ഉറപ്പാണ്: "നീ അവരെ ഭയപ്പെടേണ്ടാ, നിന്റെ രക്ഷയ്ക്ക് നിന്നോടു കൂടെ ഞാനുണ്ട്" (ജറെ 1,8). വിളിയുടെ അവസാനം ഈ വാഗ്ദാനം ആവർത്തിച്ചുകൊണ്ട് ദൈവം ജറെമിയായ്ക്കു സംരക്ഷണം ഉറപ്പുവരുത്തുന്നു: "അവർ നിന്നോടു യുദ്ധം ചെയ്യും. എന്നാൽ വിജയിക്കുകയില്ല. നിന്റെ രക്ഷയ്ക്കു ഞാൻ കൂടെയുണ്ട്" (ജറെ 1,19).

കർത്താവ് കൂടെയുണ്ട് എന്നത് മാറ്റം വരാത്ത ഒരു വാഗ്ദാനമാണ്. അതോടൊപ്പം ഏല്പിക്കാൻ പോകുന്ന ദൗത്യം എളുപ്പമായിരിക്കുകയില്ല; എന്നാലും ഭയപ്പെടേണ്ടാ, സഹായത്തിനു ദൈവം എപ്പോഴും കൂടെ ഉണ്ടായിരിക്കും എന്ന ഉറപ്പും സന്തോഷത്തിനു നിദാനമായി നിൽക്കുന്നു. ഇപ്പോൾ മറിയത്തെ ഏല്പിക്കാൻ പോകുന്ന ദൗത്യം അവൾക്കു മാത്രമല്ല, ലോകത്തിനു മുഴുവൻ വലിയ സന്തോഷം നൽകുന്ന മനുഷ്യരക്ഷയുടെ പൂർത്തീകരണമായിരിക്കും എന്ന് ദൂതൻ തുടർന്ന് അറിയിക്കുന്നു.

അഭിവാദന വചനം കേട്ട് അസ്വസ്ഥയായ മറിയത്തിനു ദൂതൻ തുടർന്നു നൽകുന്ന സന്ദേശത്തിൽ സന്തോഷത്തിന്റെ യഥാർത്ഥമായ അടിസ്ഥാനം വ്യക്തമാകുന്നു. "മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല" (ലൂക്കാ 1,30-33). ദൈവപുത്രൻ മനുഷ്യനായി അവതരിക്കാൻ പോകുന്നു. അവൻ മാനവ രക്ഷകനായിരിക്കും. രക്ഷകൻ എന്നാണ് യേശു എന്ന പേരിനർത്ഥം.

കർത്താവ് രക്ഷകൻ എന്നർത്ഥമുള്ള രണ്ടു വാക്കുകൾ കൂട്ടിച്ചേർത്തതാണ് ഈ പേര്. *യാഹ്‌വേ+ഷാ* (കർത്താവ്+രക്ഷ) അത് ആദ്യം *യെഹോഷ്വാ* എന്നും പിന്നീട് *യെഷ്വാ* എന്നുമായി. *യെഷ്വാ* ഗ്രീക്കിലേക്കു വിവർത്തനം ചെയ്തപ്പോൾ *യേസൂസ്* എന്നായി. അതുതന്നെയാണ് ലത്തീനിലും. ഇത് ഇംഗ്ലീഷിൽ ജീസസ് (Jesus) എന്നായി. J എന്ന അക്ഷരം "ജ" എന്നും "യ" എന്നും ഉച്ചരിക്കും. അങ്ങനെ ഗ്രീക്കിലെ Jesus ൽ നിന്നാണ് മലയാളത്തിലെ "യേശു" എന്ന പേരിന്റെ ഉത്ഭവം. ജെഷ്വാ എന്നത് സുറിയാനിയിൽ യെശ്വായും "ഈശോ"യും ആയി.

പേരിന്റെ വ്യുൽപത്തി സൂചിപ്പിക്കുന്നതും സന്തോഷത്തിനു നിദാനമായ ഏക കാരണമാണ്. ദൈവപുത്രൻ മാനവരക്ഷകനായി ജനിക്കാൻ പോകുന്നു. അതിനുവേണ്ടി ദൈവം നിന്നെ പ്രത്യേകമായി തിരഞ്ഞെടുത്തിരിക്കുന്നു. അതു തന്നെയാണ് നിനക്ക് നൽകപ്പെട്ടിരിക്കുന്ന സവിശേഷമായ കൃപ. അതിനാൽ സന്തോഷിക്കുക. ദൈവപുത്രന്റെ അമ്മയാകുക എന്നത് മറിയത്തിനു നൽകപ്പെട്ട പ്രത്യേക വിളിയും കൃപയുമാണ്. അവളുടെ സന്തോഷത്തിന്റെ നിദാനവും അതുതന്നെ. ദൈവദൂതൻ വന്നിരിക്കുന്നത്

അവളെ ഈ സദ്വാർത്ത അറിയിക്കാനും അവളുടെ സമ്മതം ചോദിക്കാനും വേണ്ടിയാണ്. ആവശ്യപ്പെട്ട വിശദീകരണം ലഭിച്ചപ്പോൾ "മറിയം പറഞ്ഞു- ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1,38). അവളുടെ സമ്മതം രക്ഷകന്റെ ജനനത്തിനുള്ള തുടക്കം കുറിച്ചു.

ഇതു മറിയത്തിനു ലഭിച്ച ഒരു പ്രത്യേക കൃപയാണെങ്കിലും സമാനമായ കൃപ നമുക്കെല്ലാവർക്കും ലഭ്യമാണ്. "ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും" (മത്താ 1,23) എന്ന് ദൈവദൂതൻ ജോസഫിനു നൽകുന്ന സന്ദേശത്തിൽ ഇതു വ്യക്തമാകുന്നു. മറിയത്തിന്റെ സന്തോഷത്തിനു നിദാനമായി ദൂതൻ എടുത്തു പറഞ്ഞത് കർത്താവ് അവളോടു കൂടെ ഉണ്ടായിരിക്കും എന്നതായിരുന്നു. അതു തന്നെ യേശുവിലൂടെ ദൈവം എല്ലാവരോടും പറയുന്നു. ഇതാ, കർത്താവ് നിന്നോടു കൂടെ! യേശുവിന്റെ അമ്മയാകാൻ ലഭിച്ച വലിയ ഭാഗ്യത്തെക്കുറിച്ച് മറിയത്തെ പുകഴ്ത്തിയ സ്ത്രീക്ക് യേശു കൊടുത്ത മറുപടിയും ഇവിടെ ശ്രദ്ധേയമാകുന്നു: "ദൈവ വചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ" (ലൂക്കാ 11,28). ദൈവവചനം ശ്രവിക്കുകയും അതു പാലിക്കുകയും ചെയ്യുന്ന ആരും തന്റെ അമ്മയെയും സഹോദരങ്ങളെയും പോലെയാണ് (ലൂക്കാ 8,21) എന്ന് യേശു നൽകുന്ന ഉറപ്പും ഇതേ ദിശയിലേക്കു തന്നെ ശ്രദ്ധ ക്ഷണിക്കുന്നു.

ദൈവം തന്റെ കൃപ സൗജന്യമായി വച്ചുനീട്ടുന്നു. ഹൃദയം തുറന്നു സ്വീകരിച്ചാൽ മതി. അപ്പോൾ മറിയത്തെപ്പോലെ നമുക്കും ഹൃദയത്തിൽ മുഴങ്ങുന്ന ദൈവശബ്ദം കേൾക്കാൻ കഴിയും. ദൈവകൃപയ്ക്കു പാത്രമായവനേ/ളേ, സന്തോഷിച്ചാലും. കർത്താവ് നിന്നോടു കൂടെയുണ്ട്.

നിന്റെ സന്തോഷത്തിലും ദുഃഖത്തിലും, വിജയത്തിലും പരാജയത്തിലും ദൈവം നിന്നോടുകൂടെ ഉണ്ടായിരിക്കും. ജീവിത ഭാരം തളർത്തുമ്പോൾ, ദുരിതങ്ങളും ക്ലേശങ്ങളും പരാജയങ്ങളും ജീവിതവഴിയിൽ ഇരുൾ പടർത്തുമ്പോൾ, മതി, ഇനി വയ്യാ എന്ന തോന്നലാൽ നിരാശയിലമരാൻ പ്രലോഭനമുണ്ടാകുമ്പോൾ, ഹൃദയത്തിൽ മുഴങ്ങുന്ന ശബ്ദത്തിനു കാതോർക്കണം: സന്തോഷിക്കുക; ആനന്ദിക്കുക. ദൈവം നിന്നോടു കൂടെയുണ്ട്; തന്റെ കൃപ നിന്റെ മേൽ സമൃദ്ധമായി ചൊരിയുന്നു.

# 09

## കർത്താവിൽ ആനന്ദം

*"മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്വ പ്പെടുത്തുന്നു; എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1,46-47).*

പുറമേ നിന്നു നോക്കിയാൽ ഒട്ടും സന്തോഷപ്രദമായിരുന്നില്ല അവളുടെ സാഹചര്യം; മറിച്ച് തികച്ചും ഭയാനകമായിരുന്നു. നസ്രത്തിലെ തച്ചനായ ജോസഫുമായി വിവാഹ നിശ്ചയം നടത്തിയിരുന്ന യുവകന്യക. നിയുക്ത വരൻ അറിയാതെ അവൾ ഗർഭിണിയായിരിക്കുന്നു. ദൈവത്തിന്റെ പ്രത്യേക ഇടപെടൽ വഴിയാണ് താൻ ഗർഭിണിയായിരിക്കുന്നത് എന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? വിവരം അറിയുമ്പോൾ ജോസഫ് തള്ളിപ്പറഞ്ഞാൽ പിന്നെ സംഭവിക്കാവുന്നത് ജനവിധിയും കല്ലെറിഞ്ഞു കൊല്ലപ്പെടുകയുമാണ് എന്ന് അവൾക്കു നന്നായി അറിയാം. അതാണ് ബൈബിൾ നിശ്ചയിച്ചിരിക്കുന്ന ശിക്ഷാവിധി (നിയ 22, 13-21). ദൈവദൂതനിൽ നിന്നു സന്ദേശം ലഭിച്ച ഉടനെ ഏകദേശം 130 കി.മീ. യാത്ര ചെയ്ത് യൂദയായിലെ ഐൻ കരിം ഗ്രാമത്തിലേക്ക് തിടുക്കത്തിൽ പോന്നത് കുറ്റകൃത്യത്തിനു തെളിവായി ഉന്നയിക്കപ്പെടാം. സൽപേരും വിശ്വസ്തതയും മാത്രമല്ല, ജീവൻ തന്നെ തുലാസിൽ തൂങ്ങുന്ന പ്രതീതി.

എന്നാൽ അവൾക്ക് ഭയമില്ല. ഇപ്രകാരമുള്ള പേടിപ്പെടുത്തുന്ന ചിന്തകളൊന്നും അവളുടെ ഉള്ളിൽ ഉടലെടുക്കുന്നതേയില്ല. കാരണം അവൾ വിശ്വസിച്ചു. ദൈവമാണ് തന്നെ വിളിച്ചതും അമ്മയാകാനുള്ള ദൗത്യം ഏൽപിച്ചതും എന്ന് അവൾ

ഉറച്ചു വിശ്വസിച്ചു. കർത്താവിന് ഒന്നും അസാധ്യമല്ല എന്ന ദൂതന്റെ പ്രസ്താവന അവൾക്കു തൃപ്തികരമായ ഉത്തരമായിരുന്നു; ജീവിതം സമർപ്പിക്കാൻ മതിയായ ഉറപ്പും. "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" എന്ന മറുപടിയിൽ വിശ്വാസം വെളിപ്പെടുത്തുന്ന വിധേയത്വമുണ്ട്; കർത്താവിലുള്ള ആശ്രയം പ്രകടമാക്കുന്ന ആത്മസമർപ്പണമുണ്ട്.

വിശ്വാസം, അനുസരണം, ആത്മസമർപ്പണം. ഇതാണ് മറിയത്തിന്റെ സന്തോഷത്തിനു നിദാനമായി നിൽക്കുന്നത്. വിളിച്ചു സ്വന്തമാക്കിയവന്റെ കൈകളിൽ നിരുപാധികം വിട്ടുകൊടുത്തതാണ് ദാസിയുടെ ജീവിതം. ഇനി തന്റെ ജീവിത വഴികളും ലക്ഷ്യങ്ങളും നിർണ്ണയിക്കുന്നതും നയിക്കുന്നതും തന്റെ കർത്താവ് എന്നു അവൾ ഏറ്റു പറഞ്ഞ ദൈവമാണ്. അടിപതറാത്ത, ചോദ്യം ചെയ്യപ്പെടാത്ത, ഈ വിശ്വാസവും സമർപ്പണവും അവൾക്കു നൽകിയ സുരക്ഷിതത്വ ബോധത്തിനും സന്തോഷത്തിനും അതിരുകളില്ല. തന്റെ ജീവിതത്തിന് ഒരേ ഒരു ലക്ഷ്യം, കർത്താവിന്റെ ഹിതം നിറവേറ്റുക. അതുതന്നെയാണ് അവളുടെ സന്തോഷത്തിന്റെ അടിസ്ഥാനം.

ചാർച്ചക്കാരി എലിസബത്തിന്റെ സന്തോഷവും സ്തുതിഗീതവും പ്രവചനവും എല്ലാം മറിയത്തിന്റെ അന്തരാത്മാവിൽ ആനന്ദത്തിന്റെ വേലിയേറ്റം സൃഷ്ടിച്ചു. അത് ഒരു സ്തോത്രഗീതമായി പ്രവഹിച്ചു; "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു; എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" "*മാഗ്നിഫിക്കാത്ത്*" എന്ന പേരിൽ വിളിക്കപ്പെടുന്ന ഈ സ്തോത്രഗീതം ബൈബിളിൽനിന്ന് ഏറ്റം കൂടുതൽ അറിയപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതുമായ പ്രാർത്ഥനാഗാനമാണ്.

കർത്താവിന്റെ മഹത്വം പ്രകീർത്തിക്കാൻ തീരുമാനിക്കുന്ന ആമുഖ വചനത്തിനുശേഷം (1,46-47) ഗീതം രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. 1. മറിയത്തിന്റെ വ്യക്തിപരമായ അനുഭവം (1,48-49); 2. ചരിത്രത്തിലൂടെ നടക്കുന്ന ദൈവത്തിന്റെ രക്ഷാകര പ്രവൃത്തി (1,50-55). "കർത്താവിനെ മഹത്വപ്പെടുത്തുക" എന്നാൽ ഇല്ലാത്ത എന്തെങ്കിലും കൂട്ടിച്ചേർത്തു വലുതാക്കുക എന്നർത്ഥമില്ല; മാഗ്നിഫൈ (magnify) എന്ന ഇംഗ്ലീഷ് വാക്കിന് അങ്ങനെ ഒരു ധ്വനിയുണ്ടെങ്കിലും. ഇല്ലാത്തത് ഉണ്ടാക്കുകയോ,

ഉള്ളത് വലുതാക്കുകയോ അല്ല, ഉള്ള വലുപ്പം, മഹത്വം ഏറ്റു പറയുക എന്നാണ് ഈ വാക്കിനർത്ഥം. സ്വന്തം ജീവിതത്തിലും അതിലുപരി രക്ഷാചരിത്രം മുഴുവനിലും നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ കരുത്തും കാവലും, കരുണയും കരുതലും ഏറ്റു പറയുന്നതിലൂടെ ദൈവം ആരെന്നും എന്തു ചെയ്യുന്നുവെന്നും വെളിപ്പെടുന്നു. അങ്ങനെ ദൈവമഹത്വം അനേകർക്ക് അനുഭവ വേദ്യമാകുന്നു.

ദൈവഹിതത്തിനു സ്വയം സമർപ്പിച്ച മറിയത്തിന്റെ ചിന്ത യിലും ഓർമ്മയിലും പ്രത്യാശയിലും എല്ലാം നിറഞ്ഞുനിൽക്കു ന്നത് ദൈവം മാത്രമാണ്. അതുതന്നെയാണ് അവളുടെ ആനന്ദ ത്തിനു നിദാനം. “എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവ ത്തിൽ ആനന്ദിക്കുന്നു”. “എന്റെ രക്ഷകൻ” എന്ന വിശേഷണ ത്തിലെ ഊന്നൽ കാണാതെ പോകരുത്. ദൈവവുമായുള്ള അന ന്യമായ ഈ വ്യക്തിബന്ധമാണ് മറിയത്തിന്റെ ഹൃദയത്തിൽ സന്തോഷം നിറഞ്ഞു കവിയാൻ ഇടയാക്കുന്നത്. കർത്താവിന്റെ ദാസിയായിരിക്കുന്നതിൽ, കർത്താവിന്റേത് മാത്രമായിരിക്കുന്ന തിലുള്ള ജീവിതസാഫല്യമാണ് സ്തോത്രഗീതത്തിന്റെ അന്തർധാര.

ദാസിയുടെ താഴ്മയെക്കുറിച്ചുള്ള ആത്മാവബോധം അപ കർഷത്തിലേക്കല്ല, ആശ്രയത്തിലേക്കും ആനന്ദത്തിലേക്കുമാണ് നയിക്കുക. സ്വന്തമായി ഒന്നുമില്ല; എല്ലാം ദൈവത്തിന്റെ കൃപാ ദാനം മാത്രം. ശക്തനായ ദൈവം തന്നിലും തന്നിലൂടെയും ചെയ്യുന്ന വലിയ കാര്യം ലോകരക്ഷകനായി സ്വന്തം ഏക പുത്രനെ ഈ ഭൂമിയിലേക്കയച്ചിരിക്കുന്നു എന്നതാണ്. ദൈവ പുത്രന്റെ മനുഷ്യാവതാരമാണ് ആനന്ദദായകമായ സദ്വാർത്ത. അതിൽ താനും ഒരു ഉപകരണമായിരിക്കുന്നു എന്നതിന്റെ വ്യക്ത മായ അടയാളമായിരുന്നു എലിസബത്തും അജാതശിശുവും പരി ശുദ്ധാത്മാവിനാൽ നിറഞ്ഞതും സ്തുതി കീർത്തനമായി എലി സബത്തിന്റെ അധരങ്ങളിൽ നിന്നൊഴുകിയതും.

തനിക്കു ലഭിച്ച ഈ ദൈവാനുഭവവും തജ്ജന്യമായ ആന ന്ദവും സകല മനുഷ്യർക്കും ലഭ്യമാണെന്ന് മറിയം തുടർന്ന് ഉദ്ഘോഷിച്ചു. വിശ്വാസത്തിന്റെ കണ്ണിലൂടെ ചരിത്രത്തെ വീക്ഷി ക്കുന്ന മറിയം ദൈവത്തിന്റെ ഇടപെടൽ എല്ലായിടത്തും കാണുന്നു. എളിയവരും ദരിദ്രരും, അവഗണിക്കപ്പെട്ടവരും പുറ

ന്തള്ളപ്പെട്ടവരും ദൈവത്തിന്റെ കരുണയും കൃപയും അനുഭവിച്ചു തൃപ്തിയടയുന്നു. അതേസമയം മനുഷ്യ ദൃഷ്ടിയിൽ ശക്തരും ധനികരും, അഹങ്കാരികളും ഉന്നതരുമായവർ പുറന്തള്ളപ്പെടുന്നു. മനുഷ്യനിർമ്മിതമായ വലുപ്പത്തിന്റെ മാനദണ്ഡങ്ങളെ തലകുത്തി നിർത്തുന്നതാണ് ദൈവത്തിന്റെ ഇടപെടൽ. യേശുവിലൂടെ യാഥാർത്ഥ്യമായ മൂല്യതലത്തിലും പ്രായോഗിക തലത്തിലുമുള്ള ഈ സമൂല പരിവർത്തനത്തിന്റെ തുടക്കം, അഥവാ രത്നച്ചുരുക്കം, മറിയത്തിന്റെ സ്തോത്രഗീതത്തിൽ കാണാം.

കർത്താവാണ് എന്റെ നാഥനും രക്ഷകനും; എന്റെ ഉറവിടവും ലക്ഷ്യവും കർത്താവുതന്നെ. എന്റെ ജീവനും ജീവിതവും അവിടുത്തെ കരങ്ങളിൽ ഭദ്രമാണ്. ഈ അവബോധം ഉള്ളിൽ ഉദിക്കുമ്പോൾ ഭയമകലും. ഹൃദയത്തിൽ ആനന്ദം നിറയും. ആകുലതകളും ഉൽക്കണ്ഠകളും മനസ്സിനെ തീണ്ടുകപോലുമില്ല. ഇതാണ് രക്ഷകന്റെ അമ്മയായ മറിയത്തിന്റെ സ്തോത്രഗീതം നൽകുന്ന പാഠം. അതിനാൽ നിർഭയം, നിരന്തരം ഏറ്റുപാടാം. "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു."

# 10

## സന്തോഷത്തിന്റെ സദ്വാർത്ത

*"ദൂതൻ അവരോടു പറഞ്ഞു. ഭയപ്പെടേണ്ട. ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം. പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും" (ലൂക്കാ 2,10-12).*

തികച്ചും അപ്രതീക്ഷിതവും അസാധാരണവുമായിരുന്നു ആ പാതിരാത്രിയിൽ സംഭവിച്ചത്. ആടുകൾക്ക് കാവലിരിക്കുന്ന ഒരു പറ്റം ഇടയന്മാർ. മരം കോച്ചുന്ന തണുപ്പ് പുതപ്പുകൊണ്ടു മാത്രം അകറ്റാൻ കഴിയാതെ തീകൂട്ടി, തീക്കു ചുറ്റും അവർ ഇരുന്നു, പട്ടണത്തിനു വെളിയിൽ, അവിടെയാണവരുടെ സ്ഥാനം - വേലിക്കു പുറത്ത്. കള്ളന്മാരും കാട്ടുമൃഗങ്ങളും ആടുകൾക്ക് ഭീഷണിയായുള്ളതിനാൽ അവർ ജാഗ്രത പാലിക്കുന്നു. തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലിയിൽ അവർ വിശ്വസ്തരാണ്.

യേശുവിന്റെ കാലത്ത് പലസ്തീനായിൽ ഇടയന്മാർ പൊതുവേ സമൂഹത്തിന്റെ ഏറ്റം താഴേത്തട്ടിലായിരുന്നു. അശുദ്ധരെന്നു മുദ്രകുത്തി പുറമ്പോക്കിലേക്കു തള്ളപ്പെട്ടവർ. ഇസ്രായേലിന്റെ പൂർവ്വികരെല്ലാം ഇടയന്മാരായിരുന്നു എന്ന കാര്യം അന്നത്തെ വിശുദ്ധരെന്നഭിമാനിച്ചിരുന്ന നേതാക്കൾ സൗകര്യപൂർവ്വം മറന്നു. പൂർവ്വപിതാക്കന്മാരായ അബ്രാഹവും ഇസഹാക്കും യാക്കോബും, അടിമത്തത്തിൽ നിന്നു മോചിപ്പിച്ച നേതാവായ മോശയും, എന്തിനേറെ, രാജാവായ ദാവീദുപോലും ഇട

യന്മാരായിരുന്നു. എന്നിട്ടും ഇന്ന് അവരുടെ തൊഴിൽ ചെയ്യുന്ന വർ വേലിക്കു പുറത്ത്!

മനുഷ്യരെ ശുദ്ധരും അശുദ്ധരും എന്നു വേർതിരിക്കാൻ പല കാരണങ്ങളുണ്ടായിരുന്നു. ജനനം, ശാരീരികാവസ്ഥ, തൊഴിൽ എന്നിവയാണ് മുഖ്യമാനദണ്ഡങ്ങൾ. വിജാതീയരും സ്ത്രീകളും ജന്മനാ അശുദ്ധർ. അംഗവൈകല്യങ്ങൾ, രക്തസ്രാവം, കുഷ്ഠം പോലുള്ള രോഗങ്ങൾ എന്നിവയും മനുഷ്യനെ അശുദ്ധനാക്കും. തൊഴിലിനെ സംബന്ധിച്ച് രണ്ടു മാനദണ്ഡങ്ങളാണ് അശുദ്ധി നിർണ്ണയിക്കാൻ ഉപയോഗിച്ചിരുന്നത്. ഏതെങ്കിലും തരത്തിൽ മോഷണത്തിനു കളം ഒരുക്കുന്നതോ, മറ്റു മനുഷ്യരുടെ ശരീ രത്തെ സ്പർശിക്കാൻ കാരണമാകുന്നതോ ആയ തൊഴിലുക ളെല്ലാം തൊഴിലാളിയെ അശുദ്ധനാക്കും.

ഈ കാഴ്ചപ്പാടിൽ ഇടയന്മാർ അശുദ്ധരായി പരിഗണിക്കപ്പെ ടാനുള്ള മുഖ്യകാരണം അവർ ആടുകളെ മോഷ്ടിക്കാൻ സാധ്യ തയുണ്ട് എന്നതായിരുന്നു. തന്നെയുമല്ല, ആടുകളുമായി നിര ന്തര സമ്പർക്കത്തിൽ കഴിയുന്നതിനാൽ ആടിന്റെ മണമുള്ളതി നാലും അവർ അശുദ്ധരായിരുന്നു. ആടിനെ ദൈവത്തിനും മനു ഷ്യനും ഒരുപോലെ ഭക്ഷണമെന്ന രീതിയിൽ ഇഷ്ടമാണെങ്കിലും ആടുമേയ്ക്കുന്നവരെ അശുദ്ധരെന്നു മുദ്രകുത്തിയത് മനസിലാ ക്കാൻ പ്രയാസം. ഈ വിവേചനവും മുദ്രകുത്തലും ദൈവം അംഗീ കരിക്കുന്നില്ല എന്നതിന്റെ പരസ്യപ്രഖ്യാപനമാണ് ആ പാതിരാ ത്രിയിൽ ബേത്‌ലെഹെമിൽ സംഭവിച്ചത്.

“ആ പ്രദേശത്തെ വയലുകളിൽ, ആടുകളെ രാത്രി കാത്തു കൊണ്ടിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിന്റെ മഹത്വം അവരുടെമേൽ പ്രകാശിച്ചു. അവർ വളരെ ഭയപ്പെട്ടു” (ലൂക്കാ 2,8-9). സത്രത്തിൽ സ്ഥലം കിട്ടാതെ, കന്നുകാലികൾ രാത്രി വിശ്രമിക്കുന്ന ഗുഹ യിൽ ജനിച്ചവന്റെ ജനനവാർത്ത ആദ്യമായി അറിയിക്കാൻ സമൂ ഹത്തിന്റെ പുറമ്പോക്കിൽ കഴിയുന്നവരെ തിരഞ്ഞെടുത്തു എന്നത് ദൈവത്തിന്റെ സ്വഭാവവും മുൻഗണനക്രമവും വെളിപ്പെ ടുത്തുന്നു. രാജകൊട്ടാരത്തിലോ ദേവാലയത്തിലോ മറ്റേതെ ങ്കിലും ഉന്നതസ്ഥാനീയരുടെ ഭവനത്തിലോ അല്ല രക്ഷകൻ ജനി ച്ചത് എന്നതുതന്നെ ദൈവത്തിന് പാവപ്പെട്ടവരോടുള്ള പ്രത്യേക പരിഗണനയുടെയും പക്ഷപാതത്തിന്റെയും തെളിവായി

നിൽക്കുന്നു. ആ തീരുമാനത്തിന്റെ തുടർച്ചയാണ് രക്ഷകന്റെ ജനനം ആദ്യമായി ഇടയന്മാരെ അറിയിക്കുന്നത്.

ദൈവദൂത ദർശനത്തോടൊപ്പം കർത്താവിന്റെ മഹത്വം അവരുടെമേൽ പ്രകാശിച്ചു എന്ന് സുവിശേഷകൻ എടുത്തു പറയുന്നു. അർദ്ധരാത്രിയിൽ പ്രകാശമുദിച്ചു. ഇതിന് പ്രതീകാത്മകമായ അർത്ഥമുണ്ടെന്നതിൽ സംശയമില്ല. ചുറ്റും പരക്കുന്ന കനത്ത ഇരുട്ട് ഇടയന്മാരുടെ ജീവിതാവസ്ഥയുടെ തന്നെ ഒരു പ്രതിഫലനമാകാം. അതു മാത്രമല്ല, ലോകത്തിന്റെ തന്നെ അവസ്ഥയുടെ ഒരു പ്രതീകവുമാകാം. ഈ കൂരിരുട്ടിലേക്ക് പ്രകാശം ചൊരിഞ്ഞുകൊണ്ടാണ് ദൈവദൂതൻ കടന്നുവരുക. ഇടയന്മാർ പരിഭ്രാന്തരായതു സ്വാഭാവികം. എന്നാൽ ദൂതൻ നൽകുന്ന സന്ദേശം സ്വാഭാവികം എന്നു പറയാനാവില്ല.

ഭയപ്പെടേണ്ടാ എന്ന ആശ്വാസ വചനത്തിനു പിന്നാലെ വരുന്നത് ഭൂമിയെ ഗ്രസിച്ചിരിക്കുന്ന അന്ധകാരം അകറ്റുന്ന വചനപ്രകാശമാണ്. ആ സന്ദേശത്തിലെ വാക്കും ശ്രദ്ധിക്കണം. "ഇതാ ഞാൻ നിങ്ങളെ സദ്വാർത്ത അറിയിക്കുന്നു" എന്നാണ് തുടക്കം. "*എവൻഗെലിസോ*" (evangelizo) എന്നാണ് ഗ്രീക്കുമൂലം. സദ്വാർത്ത അറിയിക്കുക എന്നു വാച്യാർത്ഥം. സുവിശേഷം അറിയിക്കുന്നത് ദൈവത്തിന്റെ ദൂതനാണ്. എന്താണ് സുവിശേഷത്തിന്റെ സ്വഭാവം എന്ന് അടുത്ത വാക്കുകൾ വ്യക്തമാക്കുന്നു– *കാരാൻ മെഗലേൻ* (Charan megalen)= വലിയ സന്തോഷം - അതാണ് അറിയിക്കുന്നത്. ഈ സന്തോഷം സകല ജനത്തിനും വേണ്ടിയുള്ളതാണ് എന്നു തുടർന്നറിയിക്കുന്നു. എന്നാൽ ഏറ്റം ശ്രദ്ധേയമായത് "ഞാൻ നിങ്ങളെ അറിയിക്കുന്നു" എന്ന അവതരണത്തിന്റെ ഊന്നലാണ്. സമൂഹം അവഗണിച്ചു പുറന്തള്ളിയവരാണ് നിങ്ങൾ. ആ നിങ്ങളെയാണ് ലോകത്തിനു മുഴുവൻ ഉണ്ടാകാൻ പോകുന്ന വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ അറിയിക്കുന്നത്.

വിശുദ്ധരെന്നു സ്വയം കരുതിയ മാന്യന്മാർ വരച്ച കളത്തിനു പുറത്താണ് ദൈവം പ്രവർത്തിക്കുന്നത് എന്ന ഈ വെളിപ്പെടുത്തൽ കാണാതെ പോകരുത്. മാന്യന്മാരുടെ സമൂഹം നിങ്ങളെ അവഗണിക്കുന്നു; അവഹേളിക്കുന്നു. എന്നാൽ ആ നിങ്ങളെത്തന്നെയാണ് ദൈവം പ്രത്യേകമായി സ്നേഹിക്കുന്നതും തന്റെ രക്ഷയുടെ സുവിശേഷം ആദ്യമായി അറിയിക്കുന്നതും. എന്താണ് ആ സദ്വാർത്ത എന്ന് തുടർന്ന് വിശദീകരിക്കുന്നു.

“ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.” വരാനിരിക്കുന്ന രക്ഷകൻ ദാവീദിന്റെ പുത്രനായ രാജാവായിരിക്കും എന്നു പ്രവാചകന്മാർ വഴി ദൈവം അറിയിച്ചിരുന്നു. ബേത്‌ലെഹെമിലായിരിക്കും ആ ജനനം എന്നും മിക്കാ പ്രവാചകൻ വഴി വ്യക്തമാക്കിയിരുന്നു (മിക്കാ 5,2). ആ പ്രവചനങ്ങളെല്ലാം ഇന്ന് പൂർത്തിയായിരിക്കുന്നു. ഇതാണ് ദൂതൻ അറിയിക്കുന്ന സദ്വാർത്ത. എന്നാൽ ഇവിടെയും ഒരു ഊന്നൽ – “നിങ്ങൾക്കായി ഒരു രക്ഷകൻ”. ഈ ചെറിയ സന്ദേശത്തിനിടയിൽ നിങ്ങളെ – നിങ്ങൾക്കായി എന്ന് രണ്ടു തവണ പറയുന്നതിലൂടെ ഇടയന്മാർക്ക് നൽകുന്ന പ്രത്യേക പരിഗണനന ശ്രദ്ധേയമാണ്. ഇടയന്മാർ ഒരു പ്രതീകമായി നിലകൊള്ളുന്നു. സമൂഹത്തിന്റെ ഏറ്റം താഴെക്കിടയിലുള്ള ദരിദ്രരുടെ, അവഗണിക്കപ്പെട്ടവരുടെ പ്രതീകം. അവർക്കാണ് രക്ഷയുടെ സന്ദേശം ആദ്യമായി അറിയിക്കപ്പെടുന്നത്.

അവർക്കു നൽകുന്ന അടയാളവും സവിശേഷ ശ്രദ്ധയർഹിക്കുന്നു. പിള്ളക്കച്ചയും പുൽത്തൊട്ടിയുമാണ് അടയാളങ്ങൾ. ദരിദ്രരിൽ ദരിദ്രൻ, പട്ടണത്തിനു പുറത്ത്, മൃഗങ്ങൾ വസിക്കുന്ന ഗുഹയിൽ, അർദ്ധരാത്രിക്ക് പിറക്കുന്നത് വെറും ഒരു ആകസ്മിക സംഭവമോ സാഹചര്യത്തിന്റ അനിവാര്യതയോ അല്ല, മറിച്ച് ദൈവത്തിന്റെ തീരുമാനത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും ദൃശ്യമായ അടയാളമാണ്. മൃഗങ്ങൾ കിടക്കുന്ന ഗുഹയിൽ അല്പം വൃത്തിയും ചൂടും ഉള്ള സ്ഥലം വൈക്കോൽ സൂക്ഷിക്കുന്ന പുൽത്തൊട്ടിയാണ്. കുഞ്ഞ് തണുത്തു മരവിച്ചു പോകാതിരിക്കാൻ പിള്ളക്കച്ച മാത്രം പോരാ. വൈക്കോലിന്റെ ചൂടും സഹായകമാകും എന്നു മാതാപിതാക്കൾ കരുതി.

ദരിദ്രരോടു പക്ഷംചേരുന്ന ദൈവത്തിന്റെ സ്വഭാവം മാത്രമല്ല ഇവിടെ കാണുക. ആർക്കും കടന്നുവരാം അവന്റെയടുത്തേക്ക്. ഏത് ചെറിയവനും അധഃകൃതനും അവൻ സംലഭ്യനാണ്, വലിയവർക്കും വരാം, പക്ഷേ ഗുഹയിലേക്ക് കയറാൻ കുനിയണം. പുൽത്തൊട്ടിയുടെ ദാരിദ്ര്യവും ലാളിത്യവും മനസിലാക്കാനും സ്വന്തമാക്കാനും കഴിയണം. അതോടൊപ്പം ധനികന്റെ പ്രൗഢിയും സമ്പന്നന്റെ സ്ഥാനമാനങ്ങളും എല്ലാം ദൈവം മനഃപൂർവ്വം തിരസ്കരിക്കുന്നു എന്നും പുൽത്തൊട്ടി വിളിച്ചറിയിക്കുന്നു– അതുകേൾക്കാനും മനസിലാക്കാനും സ്വീകരിക്കാനും കഴിയുന്നവർക്കാണ് രക്ഷകന്റെ ജനനം സദ്വാർത്തയാകുന്നത്.

സന്ദേശത്തിനു പിന്നാലെ സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു വ്യൂഹം തന്നെ പ്രത്യക്ഷപ്പെട്ടു, സ്തോത്രഗീതമാലപിച്ചു: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!" (ലൂക്കാ 2,13-14). ദൈവത്തിന്റെ പ്രത്യേകമായ കൃപാ കടാക്ഷത്തിന് പാത്രമായവരാണ് തങ്ങൾ എന്ന് ആ പാവപ്പെട്ട ഇടയന്മാർക്കു ബോധ്യമായി. മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത്. മനുഷ്യന്റെ കണക്കുകൂട്ടലുകളെയും മാനദണ്ഡങ്ങളെയും ദൈവം തകിടം മറിക്കുന്നു. ദൂതന്മാർ പാടിയ സമാധാനം ഹൃദയത്തിൽ അനുഭവിച്ച ഇടയന്മാർ ഉടനെ പുറപ്പെട്ടു.

"അതിവേഗം പോയി മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു" (ലൂക്കാ 2,16). അവരുടെ യാത്ര സഫലമായി. ദൂതൻ പറഞ്ഞതുപോലെ സംഭവിച്ചു. പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെ തങ്ങളിൽ ഒരുവനായി അവർക്കു കാണാൻ കഴിഞ്ഞു. തങ്ങളെപ്പോലെ, പട്ടണത്തിനു പുറത്ത്, മൃഗങ്ങളുടെ ഇടയിൽ, പരമദരിദ്രനായി പിറന്ന രക്ഷകൻ. മറിയത്തെയും ജോസഫിനെയും ആണ് ആദ്യം കാണുന്നത്; കൂടെ ശിശുവിനെയും. "മറിയം വഴി യേശുവിലേക്ക്" എന്ന ഒരു നിയോഗം ഇവിടെ ആരംഭിക്കുന്നതായി തോന്നും. മറിയവും ജോസഫും മാത്രമല്ല, സകല വിശുദ്ധരും യേശുവിലേക്കുള്ള വഴി കാട്ടികളാണ്, യേശുവിനു പകരക്കാരല്ല എന്നും സുവിശേഷകൻ അനുസ്മരിപ്പിക്കുന്നു.

പിള്ളക്കച്ചയുടെയും പുൽക്കൂടിന്റെയും സന്ദേശം മറക്കരുത്. ലാളിത്യത്തിലാണ് ദൈവികസാന്നിധ്യം കണ്ടെത്താൻ കഴിയുക. യഥാർത്ഥ സന്തോഷത്തിന്റെ നിദാനം ദൈവം നമ്മുടെ ഇടയിലേക്ക്, നമ്മിൽ ഒരുവനെപ്പോലെ, ഇറങ്ങിവന്നിരിക്കുന്നു എന്ന സദ്വാർത്തയാണ്. സകല ജനതകൾക്കും സന്തോഷം പ്രദാനം ചെയ്യുന്ന ഈ സദ്വാർത്ത അന്നുമുതൽ ഇന്നുവരെ പ്രഘോഷിക്കപ്പെടുന്നു, പ്രത്യേകിച്ചും തിരുപ്പിറവിയുടെ ആഘോഷാവസരങ്ങളിൽ.

എന്നാൽ പ്രഘോഷിക്കുന്നവർക്കു തന്നെ വഴിതെറ്റുന്നുവോ എന്ന സംശയം ജനിപ്പിക്കുന്നതല്ലേ ഇന്നത്തെ ക്രിസ്തുമസ് ആഘോഷങ്ങൾ? നക്ഷത്രം തെളിച്ചവഴിയിലൂടെ വന്ന ജ്ഞാനികൾക്ക് യൂദയായിൽ പ്രവേശിച്ചപ്പോൾ വഴിതെറ്റി. അവർ രാജ

കൊട്ടാരത്തിൽ രക്ഷകനെ അന്വേഷിച്ചത് തികച്ചും സ്വാഭാവിക മായിരുന്നു. ഇതു തന്നെയല്ലേ ഇന്നു നമുക്കും സംഭവിക്കുന്നത് എന്ന തോന്നലിനു വഴി തുറക്കുന്നതല്ലേ ഇന്നു നാം ഒരുക്കുന്ന "പഞ്ചനക്ഷത്രക്രിബു"കളും പുൽക്കൂടു മത്സരങ്ങളും? ഏറ്റം മനോ ഹരവും വില കൂടിയതുമായ പുൽക്കൂടു നിർമ്മിച്ചു സമ്മാനം വാങ്ങുന്നവരും അങ്ങനെ ഒരു മത്സരത്തിനു പ്രേരിപ്പിക്കുന്നവരും നമ്മുടെ ചേരികളിലും വഴിയിറമ്പുകളിലും വേലിപ്പുറങ്ങളിലും പിറക്കുന്നവനെ കാണാതെ പോകുന്നില്ലേ എന്നും സംശയം ഉണ്ട രുന്നു.

എവിടെയാണ് ഇന്നു നാം ദിവ്യശിശുവിനെ കണ്ടെത്തുക? ദൂതന്റെ സന്ദേശം ഇന്ന് എങ്ങനെ വ്യാഖ്യാനിക്കണം? തിരുക്കു മാരനെ എവിടെ അന്വേഷിക്കണം? ബേത്‌ലെഹെമിലേക്ക്, പുറ മ്പോക്കിലേക്ക്, ദരിദ്രരുടെ, പുറന്തള്ളപ്പെട്ടവരുടെ ഇടയിലേക്ക് തിരിയണം. അപ്പോഴാണ് ശാന്തിയും സമാധാനവും സന്തോ ഷവും നൽകുന്ന ദൂതു കേൾക്കാൻ കഴിയുക: "നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു." ഇതാണ് സന്തോഷത്തിന്റെ സദ്വാർത്ത.

# 11

## സന്തോഷത്തിലേക്കുള്ള വഴി

*"നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു" (മത്താ 2,10).*

വലിയ ആഗ്രഹത്തോടെയും അതിലേറെ ആകാംക്ഷയോടും കൂടെയാണവർ യാത്ര പുറപ്പെട്ടത്, കിഴക്കുനിന്നു വന്ന ജ്ഞാനികൾ. മത്തായി എഴുതിയ സുവിശേഷത്തിന്റെ രണ്ടാം അധ്യായത്തിൽ മാത്രം മിന്നിമറയുന്ന അവർ ആരെന്നോ എവിടെനിന്നു വന്നെന്നോ, എത്രപേർ ഉണ്ടായിരുന്നെന്നോ ഒന്നും മത്തായി പറയുന്നില്ല. പിൽക്കാലത്ത് വിശ്വാസികളുടെ ജിജ്ഞാസയാണ് അവരെ മൂന്നു രാജാക്കന്മാരാക്കിയത്. തുടർന്ന് മെൽക്കിയോർ, കാസ്പർ, ബൽത്താസർ എന്ന് അവർക്ക് പേരും നൽകി. അനേകം നൂറ്റാണ്ടുകൾക്കുശേഷം അവരുടെ ശരീരാവശിഷ്ടങ്ങൾ പലസ്തീനായിൽ കണ്ടെത്തിയെന്നും അവ കൊണ്ടുവന്ന് ജർമ്മനിയിലെ കൊളോൺ കത്തീഡ്രലിൽ സ്ഥാപിച്ചു എന്നും ആധികാരികത അവകാശപ്പെടാനില്ലാത്ത സഭാപാരമ്പര്യം. എന്നാൽ ഇതൊന്നുമല്ല സുവിശേഷകൻ പറയാൻ ആഗ്രഹിക്കുന്നത് എന്നു വിവരണം ശ്രദ്ധിച്ചു വായിച്ചാൽ മനസിലാകും.

ലോകരക്ഷകൻ യഹൂദരുടെ രാജാവായി ജനിച്ചിരിക്കുന്നു എന്ന അവബോധമാണ് അവരെ ക്ലേശകരവും സാഹസികവുമായ ഒരു യാത്രയ്ക്ക് പ്രേരിപ്പിച്ചത്. മനുഷ്യവർഗ്ഗത്തെ മുഴുവൻ പാപത്തിൽനിന്നു രക്ഷിക്കാൻ ദൈവം തന്നെ മനുഷ്യനായി അവതരിക്കുമെന്നും അത് യഹൂദരുടെ നാട്ടിൽ, യഹൂദരുടെ രാജാവായിട്ടായിരിക്കും സംഭവിക്കുക എന്നും പരമ്പരാഗതമായി അവർ

വിശ്വസിച്ചിരുന്നു. വാനനിരീക്ഷകരായിരുന്ന ആ ജ്ഞാനികൾ അത്ഭുതകരമായി പ്രത്യക്ഷപ്പെട്ട നക്ഷത്രം ആ രക്ഷകന്റെ ജനനത്തെ വിളിച്ചറിയിക്കുന്ന അടയാളമാണെന്നു തിരിച്ചറിഞ്ഞു. രക്ഷകനെ നേരിൽക്കണ്ട് ആരാധനയർപ്പിച്ച് നിർവൃതി നേടാൻ അവർ യാത്ര പുറപ്പെട്ടു, എങ്ങോട്ടെന്നറിയാതെ. നക്ഷത്രം അവർക്കു വഴികാട്ടി, യൂദയാ ദേശത്തെത്തിച്ചു.

അസാധാരണ പ്രാധാന്യമുള്ള ചില വ്യക്തികൾ ജനിക്കുമ്പോൾ പുതിയൊരു നക്ഷത്രം ആകാശത്തുദിക്കും എന്നു പരമ്പരാഗതമായ ഒരു വിശ്വാസം പല പുരാതന ജനതകളുടെയും ഇടയിൽ നിലനിന്നിരുന്നു. പെട്ടെന്നു പ്രത്യക്ഷപ്പെടുകയും മിന്നിമറയുകയും ചെയ്യുന്ന ഉല്ക്കകളോ അതുപോലുള്ള മറ്റെന്തെങ്കിലും പ്രതിഭാസമോ ആയിരിക്കാം ഇപ്രകാരമൊരു വിശ്വാസത്തിന് അടിസ്ഥാനം എന്നു കരുതപ്പെടുന്നു. മത്തായി രേഖപ്പെടുത്തിയിരിക്കുന്ന നക്ഷത്രത്തിന്റെ സ്വഭാവത്തെക്കുറിച്ച് വാനനിരീക്ഷകരും നക്ഷത്ര ശാസ്ത്രജ്ഞരും ഇതുവരെ വ്യക്തമായ ഒരു തീരുമാനത്തിലെത്തിയിട്ടില്ല. ആ നക്ഷത്രത്തിന്റെ കാലവും സ്വഭാവവുമല്ല സുവിശേഷകന്റെ ശ്രദ്ധാകേന്ദ്രം.

ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ജനനവും ജീവിതവും ഒരു ആകസ്മിക സംഭവമല്ല, ദൈവം നിശ്ചയിക്കുകയും പ്രവാചകന്മാർ വഴി മുൻകൂട്ടി അറിയിക്കുകയും ചെയ്തിരുന്നതാണ് എന്ന് എടുത്തുപറയാനും തെളിയിക്കാനും മത്തായി സുവിശേഷകൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അതുപോലൊരു പ്രവചന പൂർത്തീകരണമാണിവിടെ സംഭവിക്കുന്നത്. "യാക്കോബിൽ നിന്നൊരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും" (സംഖ്യ 24,17) എന്നു പ്രവചിച്ചത് ഒരു ഇസ്രായേൽ പ്രവാചകനല്ല, മറിച്ച് ഇസ്രായേൽ ജനത്തെ ശപിച്ചു തോൽപ്പിക്കാനായി മൊവാബു രാജാവായ ബാലാക്ക് കൂലി കൊടുത്തു കൊണ്ടു വന്ന ബാലാം എന്ന വിജാതീയ പ്രവാചകനാണ്. ശപിക്കുന്നതിനുപകരം അനുഗ്രഹിക്കുകയും ഭാസുരമായ ഭാവി ഇസ്രായേലിനു നേരുകയും ചെയ്ത ബാലാമിന്റെ പ്രവചനം ഇവിടെ പൂർത്തിയാകുന്നു.

ആ നക്ഷത്രം കണ്ടതും അതിനെ അനുഗമിച്ച് രക്ഷകനായ രാജാവിനെത്തേടി വന്നതും വിജാതീയരാണെന്നതും മത്തായി എഴുതിയ സുവിശേഷത്തിന്റെ ഒരു മുഖ്യപ്രമേയവുമായി ഒത്തു

പോകുന്നു. യഹൂദർ തിരസ്കരിക്കുകയും വിജാതീയർ സ്വീകരിക്കുകയും ചെയ്ത ജനതകളുടെ രക്ഷകനും (അബ്രാഹത്തിന്റെ പുത്രൻ) യഹൂദരുടെ രാജാവും (ദാവീദിന്റെ പുത്രൻ) ആണ് യേശു എന്ന് സുവിശേഷത്തിന്റെ ആദ്യവാക്യത്തിൽത്തന്നെ മത്തായി കുറിച്ചിട്ടുണ്ട്.

യഹൂദരുടെ രാജാവിനെതേടി യൂദയായിൽ വന്നവർക്കു വഴി തെറ്റി – നക്ഷത്രം അപ്രത്യക്ഷമായതുകൊണ്ടോ, അതോ നക്ഷത്രത്തെ ശ്രദ്ധിക്കാഞ്ഞതുകൊണ്ടോ എന്നറിയില്ല. രാജാകുമാരനെ അന്വേഷിക്കേണ്ടത് സ്വാഭാവികമായും രാജകൊട്ടാരത്തിലാണെന്നു കരുതിയ അവർ, തങ്ങളുടെ സ്വാഭാവിക യുക്തിയനുസരിച്ച് ജറുസലെമിലെ രാജകൊട്ടാരത്തിൽ അന്വേഷിച്ചു. കിഴക്കുനിന്നുവന്ന ഈ ജ്ഞാനികളുടെ സന്ദർശനവും അന്വേഷണവും തൊട്ടുമുമ്പുകണ്ട മുഖ്യപ്രമേയം ഊന്നിപ്പറയാൻ സുവിശേഷകന് അവസരമൊരുക്കി. “ഇതുകേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലെം മുഴുവനും” (മത്താ 2,3). രാജാവിന്റെ ജനനം ഇസ്രായേൽ ജനം നൂറ്റാണ്ടുകളായി കാത്തിരുന്നതായിരുന്നു. എന്നാൽ അതു സംഭവിച്ചു കഴിഞ്ഞു എന്നറിയുമ്പോൾ എന്തേ രാജാവും ജനവും അസ്വസ്ഥരാകുന്നു?

“അസ്വസ്ഥരായി” എന്ന വിവർത്തനം ഗ്രീക്കുമൂലത്തിന്റെ ശക്തി പകുതിപോലും പ്രകടമാക്കുന്നില്ല. “*എത്താരാക്തേ*” എന്നാണ് മൂലം. ഭയന്നു ഞെട്ടുക, സംഭ്രാന്തരാകുക, ഭയവിഹ്വലരാവുക എന്നൊക്കെയാവും ഗ്രീക്കുമൂലത്തിന്റെ അർത്ഥം. വെറും അസ്വസ്ഥതയല്ല, മാരക ഭീതി ബാധിച്ച് സ്തബ്ധരായി നിൽക്കുന്ന ഒരവസ്ഥയാണിത്. ഈ വാർത്തയോടുള്ള രാജാവിന്റെ പ്രതികരണം ശ്രദ്ധേയമാകുന്നു. ശിശുവിന്റെ ജനനം തന്റെ രാജത്വത്തിനും നിലനിൽപിനു തന്നെയും ഭീഷണിയായി കരുതിയ രാജാവ് ഏതുവിധേനയും ശിശുവിനെ കണ്ടെത്തി കൊന്നുകളയാൻ തീരുമാനിച്ചു. വേദപണ്ഡിതർ ശിശുവിന്റെ ജന്മസ്ഥലം പറഞ്ഞു കൊടുത്തു, ദാവീദിന്റെ നഗരമായ ബേത്ലെഹെം. മിക്കാ 5,2 സ്ഥല നിർണ്ണയത്തിന് അവർക്ക് സഹായകമായി. തന്റെ ദുരുദ്ദേശ്യം മറച്ചുവച്ച്, ശിശുവിനെ കണ്ടെത്തിക്കഴിയുമ്പോൾ തിരിച്ചുവന്ന് വിവരം അറിയിക്കണം എന്ന നിർദ്ദേശത്തോടെ രാജാവ് സന്ദർശകരെ യാത്രയാക്കി.

രാജകൊട്ടാരത്തിൽ നിന്നു പുറത്തിറങ്ങിയപ്പോഴാണ് അവർ

വീണ്ടും നക്ഷത്രം കണ്ടത്. അത് അവർക്കുമുമ്പേ നീങ്ങി. ശിശു കിടന്ന ഇടത്തിനു മുകളിൽ നിലയുറപ്പിച്ചു. "നക്ഷത്രം കണ്ട പ്പോൾ അവർ അത്യധികം സന്തോഷിച്ചു. അവർ ഭവനത്തിൽ പ്രവേശിച്ച്, ശിശുവിനെ അമ്മയായ മറിയത്തോടുകൂടെ കാണു കയും അവനെ കുമ്പിട്ടാരാധിക്കുകയും ചെയ്തു" (മത്താ 2,11). തങ്ങളെ വഴി നയിച്ചതും ഇടയ്ക്കുവച്ച് നഷ്ടപ്പെട്ടതുമായ നക്ഷത്ര ദർശനമാണ് അവർക്ക് സന്തോഷം പ്രദാനം ചെയ്തത്.

യാത്ര നിഷ്ഫലമായില്ല എന്നവർ തിരിച്ചറിഞ്ഞു. തങ്ങൾ കാത്തിരുന്നതും തേടിവന്നതുമായ രക്ഷ-രാജാവിനെ അവർ കണ്ടു. അവന്റെ ദൈവത്വവും രാജത്വവും മനുഷ്യത്വവും ഏറ്റുപ റയുന്നതിന്റെ അടയാളമായി കാഴ്ചകൾ സമർപ്പിച്ചു. ദൈവാരാ ധനയ്ക്കുപയോഗിക്കുന്നതാണ് സുഗന്ധവാഹിയായ കുന്തു രുക്കം; രാജകീയലോഹമാണ് സ്വർണ്ണം. മൃതശരീരത്തെ പൂശാൻ ഉപയോഗിക്കുന്ന സുഗന്ധദ്രവ്യമാണ് മീറ. ദൈവത്തിന്റെ പുത്രൻ ദാവീദിന്റെ പുത്രനായ രാജാവും മർത്യനായ മനുഷ്യപുത്രനു മായി അവതരിച്ചിരിക്കുന്നു എന്ന് അവർ തങ്ങളുടെ കാഴ്ച ദ്രവ്യ ങ്ങളിലൂടെ നിശ്ശബ്ദം ഏറ്റുപറഞ്ഞു.

ശിശുവിനെ അമ്മയായ മറിയത്തോടു കൂടെ കണ്ടു എന്ന് എടുത്തു പറയുന്നതിലൂടെ സുവിശേഷകൻ ഒരു സുപ്രധാന സത്യം വെളിപ്പെടുത്തുന്നു. "മറിയം വഴി ക്രിസ്തുവിലേക്ക്" എന്ന യാത്രയുടെ തുടക്കവും അംഗീകാരവും അവതരണവും ഇവിടെ കാണാം. അതേസമയം യാത്രയുടെ ലക്ഷ്യവും ആരാധനയുടെ വിഷയവും മറിയമല്ല, ശിശുവാണെന്ന് എടുത്ത് പറയുന്നതിലൂടെ ''മരിയാരാധന'' എന്ന തെറ്റിധാരണയ്ക്ക് തടയിടുകയും ചെയ്യുന്നു.

അവരുടെയാത്ര സഫലമായി. അന്വേഷിച്ചത് അവർ കണ്ടെത്തി. സന്തോഷം പൂർണ്ണമായി. ഇനി മടക്കയാത്രയാണ്. രാജാവിനെ അറിയിക്കാൻ അവർ തിരിച്ചുപോയില്ല. രാജകൊട്ടാരത്തിൽ തേടി യത് നിഷ്ഫലമെന്നല്ല, അപകടകരവും ആണെന്ന് ദൈവദൂത ദർശനം വഴി തിരിച്ചറിഞ്ഞ "അവർ മറ്റൊരു വഴിയേ സ്വദേശ ത്തേക്കു തിരിച്ചുപോയി" (മത്താ 2,12). പിന്നീട് അവർക്കെന്തു സംഭവിച്ചു, അവർ എന്തു ചെയ്തു എന്നൊന്നും സുവിശേഷ കൻ പറയുന്നില്ല. സഭാപാരമ്പര്യങ്ങളാണ് മറ്റു വിശദാംശങ്ങൾ മെനഞ്ഞെടുത്തത്.

എന്നാൽ ഒരു കാര്യം ശ്രദ്ധേയമാണ്. അവർ മറ്റൊരു വഴിയേ സ്വദേശത്തേക്കു മടങ്ങിപ്പോയി. എന്താണ് ഈ മറ്റൊരു വഴി? സ്വാഭാവികമായും രാജകൊട്ടാരത്തെ ഒഴിവാക്കി എന്നു മാത്രമേ ആദ്യവായനയിൽ തോന്നുകയുള്ളൂ. എന്നാൽ അതു മാത്രമല്ല; "മറ്റൊരു വഴി"ക്ക് കൂടുതൽ ആഴമേറിയ അർത്ഥസൂചനകളുണ്ടാവാം. രക്ഷകനെ കാണാൻ വലിയ സാഹസികതകൾ നിറഞ്ഞ ഒരു യാത്ര നടത്തിയാണ് അവർ വന്നത്. ആ യാത്ര സഫലമായി. രക്ഷകനായി ജനിച്ച രാജശിശുവിനെ കണ്ടെത്തി. ഹൃദയം സന്തോഷത്താൽ നിറഞ്ഞു. ആ കണ്ടുമുട്ടൽ അവരുടെ ജീവിത വീക്ഷണത്തിലും മൂല്യ ശ്രേണിയിലും ജീവിത ശൈലിയിൽത്തന്നെയും കാതലായ മാറ്റങ്ങൾ വരുത്തി എന്നും ഈ വാക്യശകലം സൂചിപ്പിക്കാം.

തുറന്ന ഹൃദയത്തോടെ, മുൻവിധികളില്ലാതെ രക്ഷകനെ തേടുന്നവർ കണ്ടെത്തുക തന്നെ ചെയ്യും. അതിനായി ആദ്യമേ ചെയ്യേണ്ടത് സുരക്ഷിതത്വത്തിന്റേതായ മാളങ്ങളിൽനിന്ന് ഇറങ്ങുകയാണ്. സ്വാർത്ഥ താൽപര്യങ്ങളും മുൻവിധികളും ഉപേക്ഷിച്ച് ദൈവവചനമാകുന്ന നക്ഷത്രവെളിച്ചത്തിൽ യാത്ര തിരിക്കണം – ഹാരാൻ വിട്ടിറങ്ങിയ അബ്രാഹത്തെപ്പോലെ; കിഴക്കുനിന്നു വന്ന ജ്ഞാനികളെപോലെ. യാത്ര ദീർഘവും ദുഷ്കരവുമായിരിക്കും. രാജകൊട്ടാരത്തിൽ കണ്ണുടക്കിയാൽ മുന്നിൽ കണ്ട നക്ഷത്രം അപ്രത്യക്ഷമാകും. മാർഗ്ഗഭ്രംശം സംഭവിക്കും. വീണ്ടും തിരിച്ചു വരുക, ദൈവം കാട്ടിത്തരുന്ന ഇത്തിരിവെട്ടത്തിൽ യാത്ര തുടരുക.

*"ഏറെ ദൂരെയുള്ള നല്ല കാഴ്ചകൾ കാണുവാൻ.*
*അല്ലയെന്റെ അർത്ഥനകൾ നിൻ വരത്തിനായ്*
*എന്റെ പാദമൊന്നു നിനയിക്കിലെത്രയോ*
*എന്റെ മാർഗ്ഗദീപമേ എനിക്കു തൃപ്തിയായ്"*

എന്നു പാടിയ കർദ്ദിനാൾ ന്യൂമാനെപ്പോലെ. "കണ്ടെത്തും നീ മനുഷ്യപുത്രനെ, ഇന്നല്ലെങ്കിൽ നാളെ" എന്ന പ്രതീക്ഷയോടെ.

ആ കണ്ടുമുട്ടൽ ജീവിതം സഫലമാക്കും. ജീവിതത്തെ സമൂലം പരിവർത്തനപ്പെടുത്തും, ക്രിസ്തുമാർഗ്ഗത്തെ ഭൂമുഖത്തുനിന്നു തുടച്ചുമാറ്റാൻ കച്ചകെട്ടിയിറങ്ങിയ മതഭ്രാന്തൻ സാവൂളിനു സംഭവിച്ചതുപോലെ. "ഇനി ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2,20) എന്ന അവബോധം ഒരു

നഷ്ടബോധമല്ല, ജീവിതം സഫലമായതിന്റെ അടയാളമാണ്. “എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്... എന്റെ ആഗ്രഹം മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്. കാരണം അതാണ് കൂടുതൽ ശ്രേഷ്ഠം” (ഫിലി 1,21-23). ഇതാണ് ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിന്റെ ഫലം. അതുതന്നെയാണ് മറ്റൊരു വഴിയേ മടങ്ങിപ്പോയി എന്നതിന്റെ സൂചന.

സ്വദേശത്തു തിരിച്ചെത്തിയവർ നിശ്ശബ്ദരായിരിക്കില്ല. തങ്ങൾ കണ്ണുകൊണ്ടു കണ്ടതും കാതുകൊണ്ടു കേട്ടതും തൊട്ടറിഞ്ഞതുമായ സത്യം അവർ പറയും, വാക്കും പ്രവൃത്തിയും, സർവ്വോപരി ജീവിതവും വഴി. ഉള്ളിൽ നിറയുന്ന സന്തോഷം കവിഞ്ഞൊഴുകും. അത് അടുത്തു വരുന്നവരിലേക്ക് പ്രവഹിക്കും. അതാണ് യഥാർത്ഥ സുവിശേഷ പ്രഘോഷണം. “ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്” (യോഹ 15,11). ഇപ്രകാരമൊരു ആന്തരിക നിറവിനു വേണ്ടിയുള്ള അന്വേഷണവും യാത്രയും, അത് എത്രതന്നെ സാഹസികവും ക്ലേശകരവുമാണെങ്കിലും, ഒരു നഷ്ടമല്ല എന്ന് നക്ഷത്രത്തെ അനുഗമിച്ച് ബേത്‌ലെഹെമിലേക്കു വന്ന ജ്ഞാനികൾ സാക്ഷ്യപ്പെടുത്തുന്നു.

ആ ജ്ഞാനികളെ നയിച്ച ദിവ്യനക്ഷത്രം ഇന്നും നമ്മുടെ ആത്മീയ വിഹായസിൽ തിളങ്ങുന്നുണ്ട്. കണ്ണടയ്ക്കുക-ആത്മാവിന്റെ ഉൾക്കണ്ണു തുറക്കുക. അഗാധതയിൽ തെളിയുന്ന വചനത്തിന്റെ നക്ഷത്രശോഭയെ അനുഗമിക്കുക. ഹൃദയത്തിൽ സന്തോഷം നിറയും. അത് കവിഞ്ഞൊഴുകി അനേകർക്കു സന്തോഷം പ്രദാനം ചെയ്യും. അതിനായി ജ്ഞാനികളുടെ ജീവിതം മാതൃകയാകട്ടെ, വചനം വഴി കാട്ടട്ടെ!

# 12

## പിൻവാങ്ങുന്നതിൽ സന്തോഷം

*"യോഹന്നാൻ പ്രതിവചിച്ചു: സ്വർഗ്ഗത്തിൽനിന്നു നൽകപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല. ഞാൻ ക്രിസ്തുവല്ല, അവനു മുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾതന്നെ സാക്ഷികളാണ്. മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്ന് മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ എന്റെ സന്തോഷം ഇപ്പോൾ പൂർണ്ണമായിരിക്കുന്നു. അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3,27-30).*

തികച്ചും അസാധാരണമായിരുന്നു ആ വ്യക്തിത്വം, ജനനത്തിലും ജീവിതത്തിലും മരണത്തിലും ഒരുപോലെ. പഴയനിയമം പുതിയ നിയമത്തിനു വഴിമാറുന്ന വഴിത്തിരിവിലാണ് അവന്റെ സ്ഥാനം. പ്രവചനങ്ങളുടെ പൂർത്തീകരണത്തിലേക്കു വിരൽ ചൂണ്ടുന്ന, സകല പഴയനിയമപ്രവാചകന്മാരുടെയും പ്രതിനിധിയും പ്രതീകവുമായി നിൽക്കുന്നു സ്നാപകൻ. വൃദ്ധരും വന്ധ്യരുമായിരുന്നു മാതാപിതാക്കൾ. ഒരു മകനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്തെങ്കിലും മകൻ ജനിക്കാൻ പോകുന്നു എന്നു കേട്ട സഖറിയായ്ക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. വിശ്വസിക്കാത്തവൻ സംസാരിക്കേണ്ടാ എന്ന് സൂചിപ്പിക്കുമാറ് ദൂതൻ അയാൾക്കൊരടയാളം കൊടുത്തു, ചോദിച്ചുവാങ്ങിയ അടയാളം. നിശ്ശബ്ദത.

പേരിനുമുണ്ട് പ്രത്യേകത. ദൈവം അനുസ്മരിച്ചു എന്നർത്ഥ

മുള്ള സഖറിയാ എന്ന പിതാവിന്റെ പേരുതന്നെ, നാട്ടിൽ നില വിലിരുന്ന പാരമ്പര്യം അനുസരിച്ച്, പുത്രനു നൽകാൻ നാട്ടുകാർ നിർദ്ദേശിച്ചെങ്കിലും ദർശനവേളയിൽ ദൈവം തന്നെ നിർദ്ദേശിച്ച പേരാണ് അയാൾക്കു നൽകിയത്, അമ്മയുടെ നിർബ്ബന്ധ പ്രകാരം - യോഹന്നാൻ (ലൂക്കാ 1,5-25 57-66). കർത്താവിന്റെ കൃപ, അഥവാ കർത്താവു കൃപ നൽകി എന്നാണു പേരിനർത്ഥം. ദൈവത്തിന്റെ സകല ദാനങ്ങളുടെയും സാരസംഗ്രഹമാണ് കൃപ. ദൈവം തന്നെ മനുഷ്യനായി അവതരിച്ച്, മനുഷ്യനു രക്ഷയും ദൈവികജീവനിൽ പങ്കാളിത്തവും നൽകാൻ പോകുന്ന ആ വലിയ കൃപയിലേക്ക്, യേശുക്രിസ്തുവിലേക്ക്, ജനത്തെ നയിക്കുക എന്നതായിരിക്കും ഈ ശിശുവിന്റെ ദൗത്യം.

ശിശുവിനു പേരു നൽകുന്നതിലൂടെ അടയാളം പൂർത്തിയായി, നാവിന്റെ കെട്ടഴിഞ്ഞ പിതാവ് മനോഹരമായൊരു സ്തോത്രഗീതമാലപിച്ചു (ലൂക്കാ 1,67-79). തന്റെ മകനെ പ്രകീർത്തിച്ചല്ല, മറിച്ച് അവൻ വഴിയൊരുക്കാൻ പോകുന്ന രക്ഷകനെ പ്രവാചക ദൃഷ്ട്യാ മുന്നിൽ കണ്ടുകൊണ്ട്. ദാവീദിന്റെ ഭവനത്തിൽ ജനിക്കാൻ പോകുന്ന ശക്തനായ രക്ഷകൻ, ഉയരത്തിൽനിന്നു വരുന്ന ഉദയരശ്മിയായ മിശിഹായുടെ മുന്നോടിയാണ് ഈ പൈതൽ എന്നു സഖറിയാ ഏറ്റു പറഞ്ഞു, മകനെ അനുസ്മരിപ്പിച്ചു: "നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ അവനു മുമ്പേ പോകും" (ലൂക്കാ 1,76). അതാണ് ദൗത്യം. ജനനത്തിനുമുമ്പും നാമകരണ സമയത്തും അവനു നൽകപ്പെടുന്ന ദൗത്യം.

ഈ ദൗത്യത്തെക്കുറിച്ച് മാത്രമല്ല, തന്റെ വ്യക്തിത്വത്തെയും തന്നെ സംബന്ധിച്ച ദൈവിക പദ്ധതിയെയും കുറിച്ച്, യോഹന്നാന് വ്യക്തമായ അവബോധമുണ്ടായിരുന്നു. മരുഭൂമിയിലെ ദീർഘനാളത്തെ തപശ്ചര്യകളിലൂടെയുള്ള ഒരുക്കം. "ശിശു വളർന്നു. ആത്മാവിൽ ശക്തിപ്പെട്ടു. ഇസ്രായേലിനു വെളിപ്പെടുന്നതുവരെ അവൻ മരുഭൂമിയിലായിരുന്നു" (ലൂക്കാ 1,80). വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷിച്ച്, താപസപ്രവാചക വേഷമായ രോമക്കുപ്പായവും തോൽവാറും ധരിച്ച്, യൂദയാ മരുഭൂമിയിൽ ബാല്യവും യൗവ്വനവും മുഴുവൻ ചിലവഴിച്ചവൻ, തനിക്കു നിശ്ചയിക്കപ്പെട്ട സമയമായപ്പോൾ ജോർദ്ദാന്റെ കരയിലേക്കു വന്നു; തനിക്കു മുമ്പേ കടന്നുപോയ സകലപ്രവാചകന്മാരുടെയും പുന

രവതാരമെന്ന രീതിയിൽ. ജോർദ്ദാന്റെ കരയിലും മരുഭൂമിയിലും ഇടിമുഴക്കം പോലെ അവന്റ പ്രവാചകശബ്ദം മുഴങ്ങി, അക്രമത്തിലും അനീതിയിലും അടിയുറച്ച അധികാര സംവിധാനങ്ങളെ വെല്ലുവിളിച്ച്, ജനത്തെ മുഴുവൻ ഉടമ്പടിയുടെ നിയമങ്ങളനുസരിച്ചുള്ള ജീവിതനവീകരണത്തിനു നിർബന്ധിച്ച്. ഏലിയാ മടങ്ങിവന്നിരിക്കുന്നു എന്നു ജനം കരുതി.

മനസു തിരിയുവിൻ, വഴി മാറുവിൻ. ജീവിതം ദൈവികനിയമങ്ങൾക്കനുസൃതം ക്രമീകരിക്കുവിൻ. ഇതാ, രക്ഷ ആസന്നമായിരിക്കുന്നു. നിങ്ങൾ പ്രതീക്ഷിക്കുന്ന രക്ഷകൻ പടിവാതിൽക്കൽ എത്തിയിരിക്കുന്നു. ഇതായിരുന്നു സ്നാപകസന്ദേശത്തിന്റെ രത്നചുരുക്കം. ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചു കേട്ടുഭയന്ന ജനം ജോർദ്ദാനിലേക്ക് ഒഴുകി. സ്നാപകനിൽനിന്ന് സ്നാനം സ്വീകരിച്ച് ഒരു പുതിയ ജനനത്തിനു സന്നദ്ധരായി. ആചാരാനുഷ്ഠാനങ്ങൾ മാത്രം പോരാ, തങ്ങൾ അബ്രാഹത്തിന്റെ സന്തതികളാണെന്ന പാരമ്പര്യത്തിന്റെ ബലത്തിൽ ഊറ്റം കൊള്ളേണ്ടാ. കോടാലിയും വീശുമുറവും തീക്കൊള്ളിയും ആയിട്ടാണ് മിശിഹാ വരുന്നത്. ഫലം തരാത്ത മരങ്ങൾ എല്ലാം വെട്ടി തീയിലിടും; കളം അടിച്ചുവെടിപ്പാക്കും. പതിരെല്ലാം കെടാത്ത അഗ്നിയിൽ ദഹിപ്പിക്കും. ജനത്തിനു പരിചിതമായ ഉദാഹരണങ്ങളിലൂടെ സ്നാപകൻ മാനസാന്തരത്തിന് ആഹ്വാനം ചെയ്തു (മത്താ 3,1-12). രക്ഷകനെ സ്വീകരിക്കാൻ ഒരുക്കി.

ഇവൻ തന്നെ ആയിരിക്കും തങ്ങൾ പ്രതീക്ഷിക്കുന്ന മിശിഹാ എന്നു ജനവും ജനനേതാക്കളും കരുതി. എന്നാൽ യോഹന്നാന് തന്റെ വ്യക്തിത്വത്തെയും ദൗത്യത്തെയും കുറിച്ച് വ്യക്തമായ അവബോധമുണ്ട്. ഞാൻ അവനല്ല, അവൻ പിന്നാലെ വരുന്നു. നേതാക്കൾ വച്ചു നീട്ടിയ സ്ഥാനമാനങ്ങളൊന്നും അയാൾക്കു വേണ്ടാ. താൻ മിശിഹായല്ല, മടങ്ങിവരുന്ന ഏലിയാ അല്ല; മോശയെപ്പോലുള്ള യുഗാന്തപ്രവാചകനുമല്ല. പിന്നെ ആരാണ് താൻ? ഒന്നേ പറയാനുള്ളൂ. ഞാൻ ഒരു ശബ്ദമാണ്. മരുഭൂമിയിൽ മുഴങ്ങുന്ന ശബ്ദം. കർത്താവിനു വഴിയൊരുക്കുവിൻ എന്നു വിളിച്ചു പറയുന്ന ശബ്ദം. ജനത്തെ സന്ദർശിക്കാൻ വരുന്ന രാജാവിന്റെ ആഗമനം വിളിച്ചറിയിക്കാനായി മുൻപേ അയയ്ക്കപ്പെടുന്ന ദൂതനെപ്പോലെയാണ് താൻ എന്ന് സ്നാപകൻ അസന്നിഗ്ധമായി വിളിച്ചു പറഞ്ഞു (യോഹ 1,19-28).

ഒരു ശബ്ദം. മനസു തിരിയാൻ, ഹൃദയത്തിൽ വഴിയൊരു

ക്കാൻ, ജീവിതം നവീകരിക്കാൻ, ദൈവകല്പനകളനുസരിച്ച് ചെയ്തികളെ ചിട്ടപ്പെടുത്താൻ വിളിച്ചു പറയുന്ന ശബ്ദം. അതാണ് അതു മാത്രമാണ് താൻ. അതേസമയം ആ ദൗത്യം അതിന്റെ പൂർണ്ണതയിൽ, അതുൾക്കൊള്ളുന്ന സകല വെല്ലുവിളികളോടും അപകടങ്ങളോടും കൂടെ, നിർവ്വഹിക്കാൻ പ്രതിജ്ഞാബദ്ധനാണ് താൻ എന്ന് സ്നാപകൻ വാക്കും പ്രവൃത്തിയും, സർവ്വോപരി ജീവിതാന്ത്യവും വഴി തെളിയിച്ചു. ഏല്പിച്ച ദൗത്യം പൂർത്തിയാക്കുന്നതുവരെ, ദൈവം നിശ്ചയിച്ച വഴിയിൽ നിന്ന്, അണുവിട വ്യതിചലിക്കാതെ മുന്നേറി.

ജോർദ്ദാൻ നദിയിൽ, തന്റെ മുമ്പിൽ തലകുനിച്ചു നിൽക്കുന്ന ആ മനുഷ്യൻ! ആർക്കു വഴിയൊരുക്കാനായി താൻ അയയ്ക്കപ്പെട്ടുവോ അവൻ, ഇതാ ഇവിടെ തന്റെ മുമ്പിൽ, ജനക്കൂട്ടത്തിനിടയിൽ അവരിൽ ഒരുവനെപ്പോലെ, മാനസാന്തരത്തിന്റെ മാമ്മോദീസാ സ്വീകരിക്കാൻ നിൽക്കുന്നു! വിശ്വസിക്കാൻ കഴിഞ്ഞില്ല. പാപം ഒന്നുമില്ലാത്തവൻ, ലോകത്തിന്റെ പാപത്തിന് ആത്മബലിയിലൂടെ പരിഹാരം അനുഷ്ഠിച്ച്, മാനവകുലത്തെ ദൈവത്തോടു വീണ്ടും രമ്യതപ്പെടുത്താനായി വന്നിരിക്കുന്ന ദൈവപുത്രൻ, ഇപ്പോൾ ഒരു പാപിയെപ്പോലെ സ്നാനം സ്വീകരിക്കാൻ വന്നിരിക്കുന്നു. സ്നാപകനു മനസിലായില്ല. പക്ഷേ അവന്റെ വിശദീകരണം സ്വീകരിച്ചു, കല്പന അനുസരിച്ചു; സ്നാനം നൽകി. പിന്നീട് സംഭവിച്ചതിനും അയാൾ ദൃക്സാക്ഷിയായി. സ്വർഗ്ഗം തുറക്കപ്പെട്ടു; പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു. തുറന്ന സ്വർഗ്ഗത്തിൽനിന്ന് പിതാവിന്റെ സ്വരം മുഴങ്ങി. ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു (മത്താ 3,13-17).

തന്നെ അനുഗമിച്ച ശിഷ്യന്മാരെ ഇനി അവന്റെ പിന്നാലെ അയയ്ക്കാം. കടന്നുപോകുന്ന യേശുവിനെ ചൂണ്ടിക്കാണിച്ച് യോഹന്നാൻ ശിഷ്യന്മാരോടു പറഞ്ഞു: "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1,29-36). തന്റെ ശിഷ്യർ അവന്റെ പിന്നാലേ പോകുന്നതിൽ യോഹന്നാനു സന്തോഷമേയുള്ളൂ. ഏല്പിച്ച ദൗത്യം പൂർത്തിയാക്കിയതിലുള്ള ചാരിതാർത്ഥ്യം. എന്നാൽ സ്നാപകനെ മിശിഹായും യുഗാന്തപ്രവാചകനും ഏലിയായും രക്ഷകനും ഒക്കെ ആയി കണ്ട് അനുഗമിച്ച പല ശിഷ്യർക്കും ഗുരുവിന്റെ ഈ നിസ്സംഗത സ്വീകരിക്കാനായില്ല; മനസിലാക്കാൻ പോലും കഴിഞ്ഞില്ല.

സ്നാപകൻ സ്നാനം നൽകിയിരുന്ന സ്ഥലത്തുനിന്ന് അകലെയല്ലാതെ യേശുവും ശിഷ്യന്മാരും സ്നാനം നൽകാൻ തുടങ്ങിയപ്പോൾ സ്നാപകശിഷ്യന്മാർ അസ്വസ്ഥരായി. തങ്ങളും ഗുരുവും പുറന്തള്ളപ്പെടുന്നു, തങ്ങളുടെ ഗുരുവിൽനിന്നു സ്നാനം സ്വീകരിച്ച ഈ നസ്രായൻ ജനമധ്യത്തിൽ കൂടുതൽ ശ്രദ്ധേയനാകുന്നു എന്നു കണ്ടപ്പോൾ അവരിൽ അസൂയ ആളിക്കത്തി. അനല്പമായ അമർഷത്തോടെ അവർ കാര്യം ഗുരുവിന്റെ മുമ്പിൽ അവതരിപ്പിച്ചു; "ഗുരോ, ജോർദ്ദാന്റെ അക്കരെ നിന്നോടുകൂടെ ഉണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ, ഇതാ, ഇവിടെ സ്നാനം നൽകുന്നു. എല്ലാവരും അവന്റെയടുത്തേക്കു പോവുകയാണ്" (യോഹ 3,26). സ്നാപക ശിഷ്യരുടെ അസ്വസ്ഥതയും പരിഭ്രാന്തിയും വ്യക്തം. പിന്നാലെ വന്നവൻ ഇപ്പോൾ മുന്നിൽ കയറുന്നു. തങ്ങളെല്ലാം പിൻതള്ളപ്പെടുന്നു.

എന്നാൽ സ്നാപകന് യാതൊരു വ്യഗ്രതയുമില്ല. തന്നെ ദൈവം ഏല്പിച്ച ദൗത്യം പൂർത്തിയാകുന്നതിലുള്ള സന്തോഷം മാത്രം. അതു സംശയത്തിന് ഇട നൽകാതെ വ്യക്തമായി ശിഷ്യന്മാരോടു തന്നെ പറയുകയും ചെയ്തു. മണവാളൻ-മണവാട്ടി-മണവറത്തോഴർ. കേൾവിക്കാർക്കു മനസിലാകുന്ന ഉദാഹരണം. മണവാളൻ ഒരുവനേയുള്ളൂ. അവന്റേതാണ് മണവാട്ടി. മണവറത്തോഴർ അകമ്പടി സേവിക്കുന്നു. വിവാഹത്തിനും വിരുന്നിനും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നു; വിരുന്നിൽ പങ്കുചേരുന്നു. മണവാളന്റെ സുഹൃത്തുക്കളായി പരിഗണിക്കപ്പെടുന്നു അതാണ് അവരുടെ ഏറ്റം വലിയ പ്രതിഫലനം അതുമതി.

ദൈവത്തെ മണവാളനും ദൈവജനത്തെ മണവാട്ടിയുമായി ചിത്രീകരിക്കുന്ന പാരമ്പര്യം ഹോസിയാ പ്രവാചകന്റെ കാലത്തു തുടങ്ങിയതാണ്. പിന്നീടു വന്ന പ്രവാചകന്മാർ ഈ ഉപമ ധാരാളമായി ഉപയോഗിച്ചു. ഉത്തമഗീതം ഇതിന്റെ കാവ്യാത്മകമായ അവതരണമാണ്. പിന്നീട് മിശിഹായെ മണവാളനും ദൈവജനമാകുന്ന സഭയെ മണവാട്ടിയുമായി ചിത്രീകരിക്കുന്ന പതിവും നിലവിൽ വന്നു (ഉദാ. വെളി 19,7-9;21,2). ഈ പശ്ചാത്തലത്തിൽ സ്നാപകന്റെ നിലപാട് വ്യക്തമാകുന്നു. താൻ മിശിഹായല്ല, മിശിഹായ്ക്കു വഴിയൊരുക്കാൻ അയയ്ക്കപ്പെട്ടവൻ മാത്രമാണ്. താൻ ആർക്കുവേണ്ടി വഴിയൊരുക്കിയോ അവൻ ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു, ജനങ്ങളെല്ലാം അവനെ സ്വീകരിക്കാൻ തയ്യാറാകുന്നു എന്ന വാർത്ത ജീവിത സാഫല്യമായി സ്നാപകൻ കരുതുന്നു.

അതിനാൽ "എന്റെ ഈ സന്തോഷം ഇപ്പോൾ പൂർണ്ണമായിരിക്കുന്നു. അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3,29-30). ഞാനല്ല, അവനാണ് പ്രധാനം. ഞാനല്ല, അവനാണ് വളരേണ്ടത്; ഞാനല്ല, അവനാണ് അറിയപ്പെടേണ്ടത്. കാരണം അവനാണു രക്ഷകൻ. അവനിലൂടെ മാത്രമാണ് രക്ഷ. ഏവർക്കും എക്കാലത്തും മാർഗ്ഗ ദർശകവും അനുകരണാർഹവുമായ മാതൃക! ഇനി ഒന്നേ സ്നാപകന് ചെയ്യേണ്ടതായി അവശേഷിക്കുന്നുള്ളൂ. ജീവിത സമർപ്പണം. ഇതുവരെ ജീവിതവും വാക്കും പ്രവൃത്തിയും വഴി മിശിഹായ്ക്കു വഴിയൊരുക്കിയവൻ തന്റെ മരണവും ആ വഴിയൊരുക്കലിന്റെ ഭാഗമായി കാണുന്നു.

ദൈവികനിയമത്തിന്റെ പേരിൽ, രാജാവിനെ വെല്ലുവിളിച്ചതും മാനസാന്തരത്തിന് പ്രേരിപ്പിച്ചതുമാണ് സ്നാപകന്റെ അവസാനത്തെ ചെയ്തി. സഹോദരഭാര്യയെ ഭാര്യയാക്കിയിരിക്കുന്നത് വ്യഭിചാരമാണെന്നും അവളെ ആദ്യ ഭർത്താവിനു തിരിച്ചുകൊടുത്ത് ജീവിതം ക്രമപ്പെടുത്തണം എന്നും പറഞ്ഞത് സ്നാപകദൗത്യത്തിന് അന്ത്യം കുറിച്ചു. തടവറയിലാക്കപ്പെട്ടവന്റെ തല തന്നെ അറുത്തെടുത്താണ് ഹേറോദിയാ രാജാവിന്റെ ജന്മദിനവും തന്റെ വിജയവും ആഘോഷിച്ച്, പ്രതികാരം ചെയ്തത് (മർക്കോ 6,14-29). മുന്നോടിക്കു സംഭവിച്ചത്, പിന്നാലെ വരാനിരുന്ന രക്ഷകമിശിഹായ്ക്കു സംഭവിക്കാൻ പോകുന്നതിന്റെ ഒരു നാന്ദിയും പ്രതീകവുമാണ്. ഇതിലും സ്നാപകൻ സന്തുഷ്ടൻ തന്നെ.

ഏല്പിക്കപ്പെട്ട ദൗത്യം പൂർണ്ണമായും നിറവേറ്റിയതിനു ശേഷം സന്തോഷത്തോടെ പിൻവാങ്ങുന്ന മുന്നോടി എന്നും പ്രസക്തമായ ഒരു മാതൃകയും ഓർമ്മപ്പെടുത്തലുമാണ്. ഓരോ വ്യക്തിയെ സംബന്ധിച്ചും ദൈവത്തിന് കൃത്യമായ പദ്ധതിയും ലക്ഷ്യവുമുണ്ട്, മറ്റാരെയും ഏല്പിച്ചിട്ടില്ലാത്ത, മറ്റാരാലും പൂർത്തീകരിക്കപ്പെടാനാവാത്ത പദ്ധതി. ഓരോ വ്യക്തിത്വവും അനന്യമാണ്. ആ തനതാത്മകത കണ്ടെത്തുക, കഴിവിനൊത്തു നിർവ്വഹിക്കുക. ഏല്പിക്കപ്പെട്ട ദൗത്യം പൂർത്തിയാകുമ്പോൾ സന്തോഷത്തോടെ പിന്മാറുക.

മതി എന്നു പറയാൻ പഠിക്കണം. എനിക്ക് ഏറ്റം മെച്ചമായതാണ് ദൈവം തന്നിരിക്കുന്നത്. "കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും. എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്. അഭികാമ്യമായ ദാനമാണ് എനിക്ക് അളന്നു കിട്ടിയിരിക്കു

ന്നത്. വിശിഷ്ടമായ ഭാഗം എനിക്കു ലഭിച്ചിരിക്കുന്നു" (സങ്കീ 16, 5-6). സങ്കീർത്തകന്റെ ഈ മനോഭാവമാണ് സ്നാപകൻ നൽകുന്ന ഒരു മാതൃക. ദൈവം എനിക്ക് തന്നിരിക്കുന്നതിൽ, എന്നെ ഏല്പി ച്ചിരിക്കുന്ന ദൗത്യത്തിൽ സന്തോഷം കണ്ടെത്തുക. "നിനക്ക് എന്റെ കൃപ മതി" (2 കൊറി 12,9) എന്ന ഉറപ്പ് ദൈവം ഓരോ വ്യക്തിക്കും നൽകുന്നു. വിശ്വസിക്കുക, തൃപ്തിയടയുക.

അസൂയ ഒരിക്കലും സന്തോഷത്തിലേക്ക് നയിക്കില്ല. സ്നാ പക ശിഷ്യർ നേരിട്ട പ്രശ്നം നമുക്കും ഉണ്ടാകാം. മറ്റുള്ളവർ അഭിവൃദ്ധിപ്പെടുന്നു, അംഗീകരിക്കപ്പെടുന്നു, പ്രശസ്തി നേടുന്നു, ഞാൻ അവഗണിക്കപ്പെടുന്നു എന്ന തോന്നൽ ആർക്കും ഗുണം ചെയ്യില്ല. വ്യക്തിതലത്തിലും രാഷ്ട്രീയരംഗത്തും മത-ഭക്തി-സഭാതലങ്ങളിലും എല്ലാം അസൂയ തലപൊക്കാം. അപ്പോൾ കിടമത്സരം ഉടലെടുക്കും. ഏതു വിധേനയും മറ്റുള്ളവരെപ്പോലെ, അവരേക്കാൾ കൂടുതൽ, പ്രശസ്തിയാർജ്ജിക്കാൻ ശ്രമം ഉണ്ടാ യെന്നു വരാം. അതു ചിലപ്പോൾ ശത്രുതയിലേക്കും പരദൂഷണ ത്തിലേക്കും, ആത്യന്തികമായി നാശത്തിലേക്കും നയിക്കും. സ്നാപകൻ ഇവിടെയും വഴികാട്ടുന്നു. "അവൻ വളരണം, ഞാൻ കുറയണം". അവന്റെ ദൗത്യമല്ല എന്റേത്. ദൈവം ഏല്പിക്കുന്ന ദൗത്യം തിരിച്ചറിഞ്ഞ് സംതൃപ്തരാവുക. മത്സരമല്ല, സഹകര ണവും പ്രോത്സാഹനവുമാണാവശ്യം. മതങ്ങൾ, സഭകൾ, ധ്യാന കേന്ദ്രങ്ങൾ എന്നിങ്ങനെ അനേകം തലങ്ങളിൽ ഈ കാഴ്ചപ്പാട് ഇന്ന് ഏറെ പ്രസക്തമാകുന്നു.

ഏല്പിച്ച ദൗത്യം പൂർത്തിയാവുമ്പോൾ പിൻഗാമിയെ ചുമ തല ഏല്പിച്ച് മാന്യമായി പിൻവാങ്ങാൻ കഴിയണം എന്നും സ്നാപകൻ പഠിപ്പിക്കുന്നു. ഓരോ വ്യക്തിക്കും ദൗത്യത്തിനും പരിധികളുണ്ട്, പരിമിതികളുണ്ട്. സമയമാകുമ്പോൾ പിന്മാറുക. പിൻഗാമിയെ പ്രോത്സാഹിപ്പിക്കുക. സ്ഥാനം ഒഴിയാൻ മടിയും, ഒഴിഞ്ഞാലും മറ്റു വിധങ്ങളിൽ സ്വന്തം താൽപര്യങ്ങൾ നടപ്പി ലാക്കാൻ ശ്രമവും എല്ലാം അസ്വസ്ഥതയും ആത്യന്തികമായി നിരാശയും പരാജയവുമേ വരുത്തിവയ്ക്കൂ. മോശയ്ക്കു പിന്നാലെ ജോഷ്വാ വന്നു; സ്നാപകനു പിന്നാലെ യേശു. എന്റെ ദൗത്യം പൂർത്തിയാകുമ്പോൾ സന്തോഷത്തോടെ പിന്മാറുക. അങ്ങനെ പിൻവാങ്ങുന്നതിൽ സന്തോഷം കണ്ടെത്തുക. "എന്റെ സന്തോഷം ഇപ്പോൾ പൂർണ്ണമായി" എന്ന മനോഭാവത്തോടെ.

13

# സുവിശേഷം-സന്തോഷത്തിന്റെ ഉറവിടം

*"യോഹന്നാൻ ബന്ധനസ്ഥനായപ്പോൾ യേശു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു. അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,14-15).*

താൻ എഴുതുന്ന ഗ്രന്ഥത്തെ സുവിശേഷം എന്നാണ് പത്രോസിന്റെ ശിഷ്യനായ മർക്കോസ് വിശേഷിപ്പിക്കുന്നത്. ഇന്ന് കത്തോലിക്കാസഭ ദൈവനിവേശിതമായി അംഗീകരിച്ചിട്ടുള്ള നാലു സുവിശേഷങ്ങളിൽ ആദ്യത്തേതായി മർക്കോസ് എഴുതിയ സുവിശേഷം പരിഗണിക്കപ്പെടുന്നു. നസ്രായനായ യേശുവിന്റെ ജീവചരിത്രം എന്നതിലുപരി ദൈവപുത്രനായ യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു ലഭ്യമായ രക്ഷയാണ് ഈ ഗ്രന്ഥത്തിന്റെ ഇതിവൃത്തം. "സുവിശേഷം" എന്ന പേരുതന്നെ മർക്കോസ് മെനഞ്ഞെടുത്തതാണെന്നു കരുതുന്ന ബൈബിൾ പണ്ഡിതരുണ്ട്.

ഇന്ന് ഏറെ സുപരിചിതമെങ്കിലും "സുവിശേഷം" എന്ന വാക്കിന്റെ അർത്ഥവും ഉള്ളടക്കവും അത്രതന്നെ ലളിതമല്ല. "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (മർക്കോ 1,1) എന്നു പറഞ്ഞു തുടങ്ങുന്ന ഗ്രന്ഥത്തിൽ എന്താണ് ഈ സുവിശേഷം? യേശുക്രിസ്തുവിന്റെ സുവിശേഷം എന്നു തുടക്കത്തിൽ പറഞ്ഞ ഗ്രന്ഥകാരൻ തന്നെ "യേശു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു" (1,14) എന്ന് തുടർന്നു

പ്രസ്താവിക്കുമ്പോൾ സംശയം ഏറുന്നു. "യേശുക്രിസ്തുവിന്റെ" എന്ന വിശേഷണം എന്താണർത്ഥമാക്കുക? ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു എന്നു പറയുന്നതിലൂടെ യേശു പ്രസംഗിച്ചതാണ് സുവിശേഷം എന്ന സൂചന നൽകുന്നുണ്ട്. എന്നാൽ അതു മാത്രമാണോ?

"ന്റെ" എന്ന സംബന്ധികാ പ്രത്യയം വ്യാകരണ നിയമമനുസരിച്ച് ഉടമസ്ഥതയിലേക്കാണ് വിരൽ ചൂണ്ടുക. പത്രോസിന്റെ പുസ്തകം, മത്തായിയുടെ വീട് മുതലായവ ഉദാഹരണം. എന്നാൽ ഗ്രീക്കു ഭാഷയിൽ ഈ പ്രത്യയത്തിന് മറ്റൊരു സാധ്യതയുമുണ്ട്. ഉടമസ്ഥതയേക്കാൾ ഉടമസ്ഥനിലേക്ക്, അഥവാ വസ്തുവിന്റെ സ്വഭാവത്തിലേക്ക് വിരൽ ചൂണ്ടാനും ഈ പ്രത്യയത്തിന് കഴിയും. ഈ അർത്ഥത്തിൽ യേശുവിന്റെ സുവിശേഷം എന്നാൽ "യേശു പ്രസംഗിച്ച സുവിശേഷം" എന്നു മാത്രമല്ല, "യേശുവാകുന്ന സുവിശേഷം" എന്നും അർത്ഥമുണ്ട്. ഇവിടെ ഉടമയും വസ്തുവും ഒന്നാകുന്നു. ഈ പ്രയോഗത്തിന് വ്യാകരണഭാഷയിൽ epexegetical genitive (സ്വയം വിശദീകരിക്കുന്ന സംബന്ധികാ പ്രത്യയം) എന്നു വിളിക്കുന്നു. ഈ സാധ്യത കണക്കിലെടുക്കുമ്പോൾ യേശുവിന്റെ വ്യക്തിത്വം തന്നെയാണ് സുവിശേഷം; അതുതന്നെയാണ് യേശുവിന്റെ പ്രസംഗത്തിന്റെയും പ്രവർത്തനങ്ങളുടെയും വിഷയവും.

യേശു പ്രസംഗിച്ചതും വെളിപ്പെടുത്തിയതുമായ സുവിശേഷത്തെ "ദൈവരാജ്യം" എന്നാണ് സുവിശേഷകൻ വിശേഷിപ്പിക്കുന്നത്. യേശുവിന്റെ ആദ്യപ്രസംഗത്തിന്റെ സംക്ഷിപ്തരൂപമായി അവതരിപ്പിക്കുന്ന വാക്യത്തിൽ രണ്ടു പ്രസ്താവനകളും രണ്ട് ആഹ്വാനങ്ങളുമുണ്ട്. ഈ നാലുകാര്യങ്ങളും അപഗ്രഥിച്ചാൽ സുവിശേഷം എപ്രകാരമാണ് സന്തോഷത്തിന്റെ ഉറവിടമാകുന്നത് എന്നു വ്യക്തമാകും.

*"സമയം പൂർത്തിയായി"* എന്നതാണ് ആദ്യത്തെ പ്രസ്താവന. മനുഷ്യവർഗ്ഗം മുഴുവൻ, പ്രത്യേകിച്ചും ഇസ്രായേൽ ജനം, ആകാംക്ഷയോടെ രക്ഷകനെ കാത്തിരുന്നതാണ് "സമയം" എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അനേകം പ്രവചനങ്ങളിൽ അടിയുറപ്പിച്ചതായിരുന്നു ഈ പ്രതീക്ഷ. അതിന്റെ പൂർത്തീകരണമാണ് അടുത്ത പ്രസ്താവനയിലൂടെ വിശദീകരിക്കുന്നത്: "ദൈവരാജ്യം സമീപിച്ചിരിക്കുന്നു" അടുത്തു വരുക എന്നർത്ഥമുള്ള *എഗ്ഗിസോ* (eggizo) എന്ന വാക്കിന്റെ ഇവിടെ ഉപയോഗിച്ചിരി

ക്കുന്ന ക്രിയാരൂപത്തിന് "ഇതാ, ഇവിടെ എത്തിയിരിക്കുന്നു" എന്നാണർത്ഥം. ദൈവരാജ്യം അടുത്തെത്തുക മാത്രമല്ല, ഇവിടെ വന്നെത്തിയിരിക്കുന്നു എന്നാണു സൂചന.

ഈ യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ കേൾവിക്കാരിൽ നിന്ന് രണ്ടു പ്രതികരണങ്ങൾ ആവശ്യപ്പെടുന്നു. അനുതപിക്കുക, വിശ്വസിക്കുക. "*മെത്താനോയേത്തെ*" (metanoiete) എന്ന ഗ്രീക്കു വാക്കാണ് അനുതപിക്കുക എന്ന് വിവർത്തനം ചെയ്യുന്നത്. എന്നാൽ ഈ വിവർത്തനം മൂലഭാഷയുടെ അർത്ഥം മുഴുവൻ വ്യക്തമാക്കാൻ പര്യാപ്തമല്ല. ചെയ്തുപോയ തെറ്റിനെ ഓർത്ത് ദുഃഖിക്കുക എന്നാണല്ലോ അനുതപിക്കുക എന്ന വാക്കിനർത്ഥം. ചെയ്തുപോയതു തെറ്റാണെന്ന് അംഗീകരിക്കുകയും അതിനെക്കുറിച്ചു ദുഃഖിക്കുകയും ചെയ്താൽപ്പോരാ. ഈ തെറ്റ് ആവർത്തിക്കാതിരിക്കാൻ തീരുമാനിക്കണം. ഇതിന് സമൂലമായൊരു പരിവർത്തനം ആവശ്യമാണ്. അതിനാൽ "അനുതപിക്കുക" എന്നതിനേക്കാൾ "മനസു തിരിയുക" എന്നോ "മാനസാന്തരപ്പെടുക" എന്നോ വിവർത്തനം ചെയ്യുന്നതാവും അർത്ഥം ഗ്രഹിക്കാൻ കൂടുതൽ സഹായകം.

ഇപ്രകാരം ഒരു മാനസാന്തരമുണ്ടാകണമെങ്കിൽ വിശ്വാസം ആവശ്യമാണ്. പൂർവ്വപിതാവായ അബ്രാഹത്തിന്റെയും രക്ഷകന്റെ മാതാവായ മറിയത്തിന്റെയും വിശ്വാസം ഇവിടെ മാർഗ്ഗദർശകമാകുന്നു. വിശ്വത്തിന്റെ വിഷയമായി "സുവിശേഷം" വീണ്ടും പ്രത്യക്ഷപ്പെടുന്നു. യേശുവാകുന്ന സുവിശേഷം, യേശു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ സുവിശേഷം-ഇതാണ് വിശ്വാസവിഷയം. യേശു പ്രവർത്തനവും പ്രബോധനവും വഴി വെളിപ്പെടുത്തിയ സന്ദേശത്തെ മുഴുവൻ ഉൾക്കൊള്ളാൻ പര്യാപ്തമായ ഒറ്റ വാക്കാണ് "*ദൈവരാജ്യം*". ദൈവരാജ്യം ഇതാ ഇവിടെ വന്നെത്തിയിരിക്കുന്നു എന്നതാണ് സുവിശേഷത്തിന്റെ രത്നച്ചുരുക്കം. അപ്പോൾ എന്താണ് ദൈവരാജ്യം എന്ന ചോദ്യം ഉയരുന്നു.

ഏതെങ്കിലും ഒരു സ്ഥലമോ ഭൂപ്രദേശമോ അല്ല ദൈവരാജ്യം കൊണ്ട് അർത്ഥമാക്കുന്നത് എന്നു വ്യക്തം. ഒരു സ്ഥലം എന്നതിനേക്കാൾ ഒരവസ്ഥയെയാണ് ഇതു സൂചിപ്പിക്കുക. "ദൈവരാജ്യം" എന്നത് "ദൈവഭരണം" എന്നു മനസിലാക്കണം. ദൈവം രാജാവായി വാഴുന്ന, അഥവാ ദൈവഹിതം പൂർണ്ണമായി നിറവേറുന്ന അവസ്ഥ.

യേശു പഠിപ്പിച്ച പ്രാർത്ഥനയുടെ രണ്ടുരൂപങ്ങൾ സുവിശേഷങ്ങളിലുണ്ട്. മത്തായി(6,9-13)യുടെ അവതരണം ലൂക്കായുടേതിനേക്കാൾ (ലൂക്കാ 11,2-4) ദീർഘമാണ്. സെമിറ്റിക് ഭാഷാശൈലിയുടെ സവിശേഷതയായ ആവർത്തനം ഒഴിവാക്കിയതാണ് ഈ വ്യത്യാസത്തിനു കാരണം എന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. ഈ നിഗമനം സ്വീകരിച്ചാൽ ദൈവരാജ്യത്തെക്കുറിച്ച് നിർണ്ണായകമായ ഒരു വിശദീകരണം ലഭിക്കും. "അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലുമാകണമേ" എന്ന യാചന ലൂക്കാ രേഖപ്പെടുത്തിയിട്ടില്ല. കാരണം "അങ്ങയുടെ രാജ്യം വരണമേ" എന്ന യാചനയുടെ മറ്റു വാക്കുകളിലുള്ള ആവർത്തനവും വിശദീകരണവുമാണിത്.

അപ്പോൾ ദൈവരാജ്യം എന്നാൽ ദൈവഹിതം പൂർണ്ണമായി നടപ്പിലാകുന്ന അവസ്ഥ എന്നു മനസിലാക്കണം. ഇതുതന്നെയാണ് "ദൈവഭരണം" എന്നു വിശേഷിപ്പിക്കുന്നത്. ഇതുവരെ പ്രതീക്ഷയായി കഴിഞ്ഞിരുന്ന ദൈവഭരണം ഇവിടെ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് യേശു പ്രഖ്യാപിച്ചു; നിരവധി അത്ഭുത പ്രവർത്തനങ്ങളിലൂടെ തെളിയിച്ചു. ദൈവം തന്റെ ഹിതം നടപ്പിലാക്കാൻ തുടങ്ങിയിരിക്കുന്നു, അഥവാ ദൈവരാജ്യത്തിന്റെ ആദ്യകിരണങ്ങൾ ദൃശ്യമായിരിക്കുന്നു എന്ന തിരിച്ചറിവ് സന്തോഷത്തിനു നിദാനമാകുന്നു. ഈ യാഥാർത്ഥ്യം വ്യക്തമാക്കാൻ ഒരു ചരിത്ര സംഭവം സഹായിക്കും.

ബി.സി. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗ്രീസിലെ ഏറ്റം ശക്തമായ രണ്ടു നഗരങ്ങളായിരുന്നു ആഥൻസും സ്പാർട്ടയും. ഗ്രീസ് മുഴുവൻ കീഴടക്കാനുള്ള ശ്രമത്തിൽ പേർഷ്യൻ ചക്രവർത്തിയായ ദാരിയൂസ് ഒന്നാമന്റെ (Darius I) സൈന്യത്തെ ആഥൻസ് ചെറുത്തു; പേർഷ്യ കീഴടക്കിയ ചില നഗരങ്ങളെ എരെത്രിയാ(Eretria)യുടെ സഹായത്തോടെ മോചിപ്പിക്കാൻ ശ്രമിച്ചു. അതിനു പകരം വീട്ടാനായി ഈ രണ്ടു നഗരങ്ങളെയും നശിപ്പിക്കാൻ ദാരിയൂസ് തീരുമാനിച്ചു. എരിത്രേയാ പൂർണ്ണമായും തകർക്കപ്പെട്ടു. അവശേഷിച്ച ആഥൻസിനെതിരേ പേർഷ്യൻ സൈന്യം നീങ്ങി. ബി.സി. 490 ലാണ് സംഭവം.

തങ്ങളുടേതിനേക്കാൾ മൂന്നിരട്ടി വരുന്ന, നാവികസേനയും തേരും കുതിരയും കാലാൾപ്പടയും ഉൾക്കൊള്ളുന്ന പേർഷ്യൻ സൈന്യത്തെ തനിച്ചു നേരിടുക എളുപ്പമല്ല എന്നു മനസിലാ

ക്കിയ ആഥൻസുകാർ ഗ്രീസിൽ അവശേഷിച്ച ഏക വൻ ശക്തിയും തങ്ങളുടെ സുഹൃദ് രാജ്യവുമായ സ്പാർട്ടയുടെ സഹായം തേടി. ഫിലിപ്പിദസ് (Philippides) എന്ന ഓട്ടക്കാര നാണ് സഹായാഭ്യർത്ഥനയുമായി, 240 കി.മീ. അകലെയുള്ള സ്പാർട്ടയിലേക്കു കുതിച്ചത്.

അതേ സമയം ഏഥൻസിൽനിന്ന് 40 കി.മീ. അകലെയുള്ള മാരത്തോൺ എന്ന തുറമുഖ നഗരത്തിൽ പേർഷ്യൻ സൈന്യം താവളമടിച്ചു. തങ്ങൾക്കുണ്ടായിരുന്ന സകല സൈനികരെയും ഒരുമിച്ചു കൂട്ടി ഏഥൻസുകാർ മാരത്തോണിൽ പ്രതിരോധത്തി നൊരുങ്ങി. നാലാം ദിവസം ഫിലിപ്പിദെസ് നിരാശാജനകമായ വാർത്തയുമായി മാരത്തോണിൽ എത്തി. ഒരാഴ്ചത്തെ ഉത്സവാ ഘോഷങ്ങളായതിനാൽ സ്പാർട്ടാക്കാർക്കു വരാനാവില്ല എന്ന തായിരുന്നു അയാൾ കൊണ്ടുവന്ന വാർത്ത.

എന്നാൽ ഫിലിപ്പിദസ് തിരിച്ചു വരുന്നതിനുമുമ്പേ പേർഷ്യ ക്കാർ ആക്രമണം ആരംഭിച്ചു. ആഥൻസുകാർ ശക്തമായി തിരി ച്ചടിച്ചു. അവർക്കത് ജീവന്മരണ പോരാട്ടമായിരുന്നു. പേർഷ്യ ക്കാരുടെ തേരുകൾ ചതുപ്പു നിലത്തുതാണു. ആഥൻസുകാർ ചുറ്റി വളഞ്ഞ് മൂന്നിരട്ടിയുണ്ടായിരുന്ന പേർഷ്യക്കാരെ കൂട്ടക്കു രുതി നടത്തി. നിരാശാജനകമായ സന്ദേശവുമായി ഓടിക്കിത ച്ചെത്തിയ ഫിലിപ്പിദസിനു കിട്ടിയത് തങ്ങളുടെ സൈന്യം, പര സഹായം കൂടാതെ ജയിച്ചു എന്ന സദ്വാർത്തയാണ്.

കേട്ടപാടെ അയാൾ വീണ്ടും ഓടി; നിർത്താതെ. 40 കിലോ മീറ്റർ ഓടി ആഥൻസിലെ പ്രതിനിധി സഭയിൽ ചെന്ന് വിളിച്ചു പറഞ്ഞു: "*കയിരേത്തെ, നിക്കോമേൻ*" (chairate nicomen- സന്തോഷിക്കുവിൻ, നമ്മൾ ജയിച്ചിരിക്കുന്നു). ഇത് പറഞ്ഞ് അയാൾ മരിച്ചുവീണു. ഈ ഓട്ടത്തിന്റെ ഓർമ്മയാണ് "മാര ത്തോൺ" ഓട്ടമത്സരത്തിൽ ഇന്ന് ആചരിക്കുന്നത്.

സന്തോഷിക്കുവിൻ, നാം ജയിച്ചിരിക്കുന്നു. നമ്മെ ഉന്മൂലനം ചെയ്യാൻ കച്ച കെട്ടിയിറങ്ങിയ പേർഷ്യൻ സൈന്യത്തെ നമ്മുടെ സൈന്യം തോല്പിച്ചു; തുരത്തി, നശിപ്പിച്ചു. ഇനി നിർഭയം ജീവി ക്കാം. ഇതാണ് ഫിലിപ്പിദസ് അറിയിച്ച സദ്വാർത്ത. യേശു പ്രഘോഷിച്ച സദ്വാർത്ത ഇതിനോടു താരതമ്യം ചെയ്യാവുന്ന താണ്. മനുഷ്യകുലത്തിന്റെയും പ്രപഞ്ചം മുഴുവന്റെയും മേൽ ആധിപത്യം സ്ഥാപിച്ചിരുന്ന സാത്താനെ ദൈവപുത്രനായ യേശു

ക്രിസ്തു പരാജയപ്പെടുത്തി. ദൈവത്തിന്റെ ഭരണം ഈ ഭൂമിയിൽ ആരംഭിച്ചിരിക്കുന്നു. ഇതാണ് യേശു പ്രഘോഷിച്ച സദ്വാർത്ത.

*എവൻഗേലിയോൺ* എന്ന ഗ്രീക്കു വാക്കാണ് താൻ എഴുതിയ ഗ്രന്ഥത്തെ വിശേഷിപ്പിക്കാൻ മർക്കോസ് ഉപയോഗിച്ചിരിക്കുന്നത്. "സദ്വാർത്ത" എന്നർത്ഥം. ഈ വാക്കിന് പഴയനിയമത്തിന്റെ സ്വാധീനമുണ്ട്. ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽ ജനത്തെ ആശ്വാസത്തിന്റെ സന്ദേശം, അഥവാ സന്തോഷത്തിന്റെ സദ്വാർത്ത അറിയിച്ച, രണ്ടാം ഏശയ്യാ എന്നറിയപ്പെടുന്ന പ്രവാചകനാണ് ഈ ആശയം വ്യക്തമായി അവതരിപ്പിക്കുന്നത്: "സദ്വാർത്ത അറിയിക്കുകയും സമാധാനം വിളംബരം ചെയ്യുകയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും സീയോനോട് നിന്റെ ദൈവം ഭരിക്കുന്നുവെന്നു പറയുകയും ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരം!" (ഏശ 52,7).

പ്രവാസികളായി നാടുകടത്തപ്പെട്ട മക്കളെ ഓർത്തു വിലപിക്കുന്ന മാതാവായി പ്രവാചകൻ ജറുസലെമിനെ സങ്കല്പിക്കുന്നു. മക്കൾ എന്നു മടങ്ങിവരും എന്ന് ഉൽക്കണ്ഠയോടെ, ആകാംക്ഷയോടെ നോക്കിയിരിക്കുന്ന അമ്മയാണ് ബാബിലോണിൽ നിന്നു പാഞ്ഞുവരുന്ന ദൂതന്റെ പാദങ്ങൾ ഒലിവു മലയിൽ കാണുന്നത്. ആ ദൂതൻ വിളിച്ചു പറയുന്നതാണ് സദ്വാർത്ത. "*ബാഷാർ*" എന്ന് ഹീബ്രുമൂലം. ഇതാണ് ഗ്രീക്കിൽ "*എവൻഗേലിയോൺ*" എന്നു വിവർത്തനം ചെയ്യുന്നത്. എന്താണ് ഈ സദ്വാർത്ത എന്ന് രണ്ടു വാക്കുകളിൽ പ്രവാചകൻ സംഗ്രഹിക്കുന്നു: "നിന്റെ ദൈവം ഭരിക്കുന്നു" (*മലാക് എലോഹേയ്കാ*-എന്ന് ഹീബ്രുമൂലം).

ബാബിലോണല്ല ദൈവമായ കർത്താവാണ് യഥാർത്ഥ രാജാവ്. ബാബിലോണിനെ തോല്പിച്ച് ദൈവം തന്റെ ഭരണം നടപ്പിലാക്കിയിരിക്കുന്നു; ദൈവം രാജാവായിരിക്കുന്നു. ഇതാണ് സദ്വാർത്ത. ഈ സദ്വാർത്തയാണ് യഥാർത്ഥ സന്തോഷത്തിനു നിദാനം. ഇതു തന്നെയാണ് യേശു പ്രഘോഷിക്കുന്നത്. സന്തോഷിക്കുവിൻ. ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പിലാക്കുന്നു. കണ്ണു തുറന്നു കാണുവിൻ, ഹൃദയം തുറന്ന് സ്വീകരിക്കുവിൻ!

# 14

## സഹനത്തിൽ സന്തോഷം

*"മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിക്കുകയും അവഹേളിക്കുകയും നിങ്ങളുടെ പേര് ദുഷിച്ചതായി കരുതി തിരസ്കരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. അപ്പോൾ നിങ്ങൾ ആഹ്ലാദിക്കുവിൻ, സന്തോഷിച്ചു കുതിച്ചു ചാടുവിൻ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും" (ലൂക്കാ 6,22-23).*

തികച്ചും അസാധാരണമാണ് യേശുനാഥന്റെ ഈ ആഹ്വാനവും വാഗ്ദാനവും. യേശുവിന്റെ ഒരു നയപ്രഖ്യാപനം എന്ന നിലയിൽ മത്തായി സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്ന മലയിലെ പ്രസംഗത്തിന്റെയും അതിനു സമാന്തരമായി ലൂക്കാ രേഖപ്പെടുത്തുന്ന സമതല പ്രസംഗത്തിന്റെയും തുടക്കത്തിലാണ് ഈ പ്രസ്താവനയും വാഗ്ദാനവും പ്രത്യക്ഷപ്പെടുന്നത്. സുവിശേഷ ഭാഗ്യങ്ങൾ എന്നു വിശേഷിപ്പിക്കുന്ന പ്രബോധനങ്ങളുടെ പട്ടികയിൽ അവസാനത്തെ വാഗ്ദാനമാണിത്. മനുഷ്യ സഹജമായ ചിന്താഗതികളെയും പ്രതീക്ഷകളെയും തലകീഴായി നിർത്തുന്ന ഈ തിരുമൊഴികൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു.

പ്രത്യക്ഷത്തിൽ കാണുന്നതിന് ഘടക വിരുദ്ധമാണ് യാഥാർത്ഥ്യം എന്ന് ഈ ഗുരുമൊഴികൾ പഠിപ്പിക്കുന്നു. ആരോഗ്യം, ദീർഘായുസ്, സമ്പത്ത്, സമൂഹത്തിൽ അംഗീകാരം, ഉന്നതസ്ഥാനം മുതലായവയാണല്ലോ ഭാഗ്യത്തിന്റെ അടയാളങ്ങളായി സാധാരണ കരുതപ്പെടുന്നത്. ഇതെല്ലാം ഒറ്റയടിക്ക് തകിടം മറിക്കുന്നതാണ് യേശുവിന്റെ പ്രബോധനം. കൂടെ പോകാൻ ആഗ്ര

ഹിക്കുന്നവർ അറിഞ്ഞിരിക്കേണ്ട ഒരു സത്യമാണ് യേശു ഇവിടെ അനുസ്മരിപ്പിക്കുന്നത്. ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല; ഗുരുവിനെ തിരസ്കരിച്ചവർ ശിഷ്യരെയും തിരസ്കരിക്കും (മത്താ 10,24-25). അവഹേളനവും പീഡനവും ക്രൂരമായ മരണവുമായി രിക്കും ശിഷ്യരെ കാത്തിരിക്കുന്നത് എന്ന് ഗുരു മുൻകൂട്ടി അറിയിക്കുന്നു; ഗുരുവിനു ലഭിച്ച അതേ സ്വീകരണം. ഇതിൽ എന്താണ് സന്തോഷിക്കാൻ കാരണം?

രണ്ടു കാര്യങ്ങളാണ് സന്തോഷത്തിനു നിദാനമായി ഗുരുനാഥൻ എടുത്തു കാട്ടുന്നത്. I. പീഡനത്തിന്റെ കാരണം. II. സന്തോഷത്തിനു നിദാനം.

I. ***പീഡനത്തിനു കാരണം:*** എന്തെങ്കിലും തെറ്റോ കുറ്റമോ ചെയ്തതിന്റെ പേരിൽ ലഭിക്കുന്ന ശിക്ഷയല്ല ഇവിടെ വിവക്ഷിക്കുന്നത്. "മനുഷ്യപുത്രൻ നിമിത്തം" എന്നാൽ യേശുവിനെ പ്രതി എന്നു ചുരുക്കം. യേശുവിനെ മനുഷ്യനായി അവതരിച്ച ദൈവമായി വിശ്വസിച്ച് ഏറ്റു പറയുക, അവൻ നടന്ന വഴിയേ നടക്കുക, അവൻ കാട്ടിത്തന്ന ജീവിതശൈലി അനുകരിക്കുക, അവൻ പഠിപ്പിച്ച മൂല്യങ്ങൾ ജീവിതവ്രതമായി സ്വീകരിക്കുക എന്നൊക്കെയാണർത്ഥമാക്കുക.

ദൈവത്തെ പിതാവായും സകല മനുഷ്യരെയും ദൈവമക്കളായും, അതിനാൽത്തന്നെ സ്വന്തം സഹോദരങ്ങളായും സ്വീകരിക്കണം. ദൈവത്തിന്റെ മുഖമാണ് എല്ലാ മനുഷ്യരിലും പ്രതിഫലിക്കുന്നത്. അതിനാൽ എല്ലാവർക്കും തുല്യമായ മഹത്വവും അവകാശങ്ങളും ഉണ്ടെന്ന് അംഗീകരിക്കണം. ജാതിയുടെയോ നിറത്തിന്റെയോ തൊഴിലിന്റെയോ മറ്റെന്തിന്റെയെങ്കിലുമോ അടിസ്ഥാനത്തിൽ പല തട്ടുകളായി തിരിക്കുന്നത് മനുഷ്യനാണ്; ഈ തരംതിരിവ് ദൈവം അംഗീകരിക്കുന്നില്ല.

ദൈവത്തെയും മനുഷ്യനെയും സംബന്ധിച്ച യേശുവിന്റെ ഈ പ്രബോധനം സ്വീകരിക്കാൻ എല്ലാവരും തയ്യാറാവില്ല. ഇതു സ്വീകരിക്കാത്തവർ ഈ നിലപാട് സ്വീകരിക്കുന്നവരെ എതിർക്കും, ഉന്മൂലനം ചെയ്യാൻ ശ്രമിക്കും. അത് തങ്ങൾക്കുണ്ടാകാവുന്ന ഭൗതികമായ നഷ്ടങ്ങളുടെ പേരിലായിരിക്കാം. മാത്രമല്ല, മതത്തിന്റെയും തങ്ങൾ വച്ചുപുലർത്തുന്ന ദൈവവിശ്വാസത്തിന്റെയും പേരിലും ആയിരിക്കാം. അതുകൊണ്ടാണല്ലോ "നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പി

ക്കുന്നു എന്നു കരുതുന്ന സമയം വരുന്നു" (യോഹ 16,2) എന്ന് യേശു മുന്നറിയിപ്പ് നൽകിയത്.

നാലുവിധത്തിലുള്ള തിരസ്കരണങ്ങളാണ് യേശു എടുത്തു പറയുന്നത്.

**1. ദ്വേഷിക്കും:** ക്രിസ്തുശിഷ്യരുടെ വിശ്വാസത്തെയും കാഴ്ചപ്പാടുകളെയും ജീവിതശൈലിയെയും സ്വീകരിക്കുന്നില്ല എന്നു മാത്രമല്ല അതിന്റെ പേരിൽ അവരെ വെറുക്കും, ശത്രുക്കളായി പരിഗണിക്കും.

**2. പുറന്തള്ളും:** "*അപ്പോറിസോ*" (apporiso) എന്നാണ് ഗ്രീക്കുമൂലം. അതിർത്തിക്കു പുറത്താക്കുക എന്നു വാചാർത്ഥ്യം. സമൂഹത്തിൽ നിന്നു ഭ്രഷ്ടു കല്പിക്കുക, എല്ലാവിധത്തിലും ഒറ്റപ്പെടുത്തുക എന്നതാണ് പ്രായോഗികഫലം.

**3. അവഹേളിക്കും:** യേശുവിന്റെ ശിഷ്യരായിരിക്കുന്നതിന്റെ പേരിൽ സകലരുടെയും പരിഹാസത്തിന് ഇരയാകും. പരിഹാസം മാത്രമല്ല, വ്യാജമായ കുറ്റാരോപണങ്ങളും വിചാരണകളും ഉണ്ടാകും. വ്യക്തിഹത്യ, തേജോവധം, ദുരാരോപണങ്ങൾ തുടങ്ങി എല്ലാവിധത്തിലുമുള്ള ആക്രമണങ്ങൾ നേരിടാൻ ശിഷ്യർ തയ്യാറായിരിക്കണം.

**4. പേര് ദുഷിച്ചതായി കരുതി തിരസ്കരിക്കും:** ഒരു വ്യക്തിയുടെ പേരല്ല, ക്രൈസ്തവ സമൂഹത്തിന്റെ തന്നെ പേരാണ് ഇവിടെ വിവക്ഷിക്കുന്നത്. ക്രിസ്ത്യാനി ആയിരിക്കുന്നതുതന്നെ കുറ്റകരമായി പരിഗണിക്കപ്പെടും എന്ന ഈ പ്രവചനം നീറോയുടെ നിയമനിർമ്മാണത്തിൽ പൂർത്തിയായി. ക്രിസ്ത്യാനി ആയിരിക്കാൻ പാടില്ല (non licet christianos esse - to be a christian is a crime) എന്നായിരുന്നു മതപീഡനത്തിനു തുടക്കം കുറിച്ച നീറോയുടെ നിയമം. ഏ.ഡി. 64 ൽ നീറോ നടപ്പിലാക്കിയ ഈ നിയമം 313 ൽ മിലാൻ വിളംബരത്തിലൂടെ കോൺസ്റ്റന്റൈൻ ചക്രവർത്തി റദ്ദാക്കുന്നതുവരെ റോമാ സാമ്രാജ്യത്തിൽ നിലനിന്നു.

തിരസ്കരണവും അവഹേളനവും പീഡനവും എല്ലാം ക്രൂരമായ മരണംവരെ എത്തിനിൽക്കും. ഇതാണ് യേശു നൽകുന്ന മുന്നറിയിപ്പുകളും സൂചനകളും. എന്നാൽ ഇതൊന്നും ശിഷ്യർക്കു ദുഃഖത്തിനു കാരണമാകരുത്. മറിച്ച് രക്ഷയുടെ അടയാളവും സന്തോഷത്തിനു നിദാനവുമായിരിക്കണം.

**II. *സന്തോഷത്തിനു നിദാനം:*** അതിരൂക്ഷമായ പീഡനങ്ങളും കഠിനമായ സഹനങ്ങളും എപ്രകാരമാണ് സന്തോഷത്തിനുള്ള അവസരങ്ങളാവുക? സാമാന്യ ബുദ്ധിക്കും യുക്തിക്കും നിരക്കുന്നതല്ലല്ലോ ഈ കാഴ്ചപ്പാട്? എന്നാൽ സംശയത്തിനു പഴുതില്ലാതെ യേശു തറപ്പിച്ചു പറയുന്നതാണ് ഇക്കാര്യം. ഇതിനു കാരണമായി എടുത്തു കാട്ടുന്നതാണ് ശ്രദ്ധേയം: "സ്വർഗ്ഗത്തിൽ നിങ്ങളുടെ നിക്ഷേപം വലുതായിരിക്കും". ഈ ഭൂമിയിലെ ജീവിതം ഹ്രസ്വവും നിത്യമായ ജീവിതത്തിനുള്ള ഒരുക്കവും ആണെന്നതത്രേ ബൈബിളിൽ പൊതുവേയും യേശുവിന്റെ പ്രബോധനങ്ങളിൽ പ്രത്യേകിച്ചും വെളിപ്പെടുന്ന സത്യം. എന്നും ദൈവത്തോടു കൂടെ ആയിരിക്കുക, പിതാവിന്റെ സന്തോഷത്തിൽ പങ്കുചേർന്ന്, സകല സ്വർഗ്ഗവാസികളും ഉൾപ്പെടുന്ന വലിയ കുടുംബത്തിന്റെ അംഗമായി, എന്നേക്കും സന്തോഷമായി ജീവിക്കാം. ഇതാണ് യേശു നൽകുന്ന വാഗ്ദാനം. ഇതുതന്നെയാണ് യഥാർത്ഥ സന്തോഷത്തിന്റെ അടിസ്ഥാനം.

ഈ അവബോധം നൽകേണ്ടത് വലിയ സന്തോഷമാണ്. അതിനെ രണ്ടു വാക്കുകൾകൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നു. "ആഹ്ലാദിക്കുവിൻ" എന്നു വിവർത്തനം ചെയ്യുന്നത് "*കയിരേത്തെ*" എന്ന ഗ്രീക്കു വാക്കാണ്. സന്തോഷിക്കുവിൻ എന്നതായിരിക്കും കൃത്യമായ വിവർത്തനം. ആന്തരിക ഭാവത്തിന് ഊന്നൽ കൊടുക്കുന്നതാണ് ഈ പദം. എന്നാൽ ഉള്ളിലുണ്ടാകുന്ന സന്തോഷം പുറമേ പ്രകടമാകും എന്ന സൂചനയും ഈ പദത്തിലുണ്ട്. അതു കുറച്ചുകൂടി വ്യക്തമാക്കുന്നതാണ് "സന്തോഷിച്ചു കുതിച്ചു ചാടുവിൻ" എന്ന ആഹ്വാനം. ഗ്രീക്കു മൂലത്തിൽ "കുതിച്ചു ചാടുവിൻ" എന്നു മാത്രമേ ഉള്ളൂ. ഉള്ളിൽ സന്തോഷം നിറയുമ്പോൾ കൊച്ചുകുട്ടികളെപ്പോലെ കുതിച്ചു ചാടുക, നൃത്തം ചെയ്യുക എന്നൊക്കെയാണ് *സ്കിർത്താവോ* (Skirtao) എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം, മറിയത്തിന്റെ അഭിവാദനസ്വരം കേട്ട എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടിയതുപോലെ.

യേശുവിന്റെയും സുവിശേഷത്തിന്റെയും പേരിൽ സഹിക്കേണ്ടി വരുന്നത് ഈ ഭൂമിയിൽവച്ചു കിട്ടാവുന്നതിൽ ഏറ്റം വലിയ സമ്മാനം പോലെയാണ് യേശു വിശേഷിപ്പിച്ചത്. ഈ മുന്നറിയിപ്പ് വലിയൊരു വാഗ്ദാനമായി, അമൂല്യനിക്ഷേപമായി കരുതിയ ശിഷ്യന്മാർ പിന്നെ ഒന്നിനെയും ഭയപ്പെട്ടില്ല; ഒന്നിനും അവരെ തങ്ങളുടെ വിശ്വാസത്തിൽനിന്നു പിന്തിരിപ്പിക്കാൻ കഴി

ഞ്ഞില്ല. തടവറയിലേക്കും കഴുമരത്തിലേക്കും അഗ്നികുണ്ഠത്തിലേക്കും "ഹല്ലേലുയ്യാ" ഗാനം ആലപിച്ചുകൊണ്ട് നടന്നു നീങ്ങാൻ അവർക്കു കഴിഞ്ഞു.

സാൻഹദ്രിൻ സംഘത്തിന്റെ കല്പനപ്രകാരം പ്രഹരമേറ്റ ശിഷ്യന്മാർ ഭയപ്പെടുകയോ ദുഃഖിക്കുകയോ അല്ല ചെയ്തത്. മറിച്ച്, "യേശുവിന്റെ നാമത്തെ പ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് പുറത്തുപോയി" (അപ്പ 5,41). ഇതു തന്നെയാണ് അപ്പസ്തോലന്മാരുടെയും മറ്റു ശിഷ്യരുടെയും എല്ലാം അനുഭവം. ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നതിനേക്കാൾ "മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാൻ" പൗലോസ് ആഗ്രഹിക്കുന്നതിന്റെ കാരണം അതു കൂടുതൽ ശ്രേഷ്ഠമായി കരുതുന്നതാണ്. "എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" (ഫിലി 1,21-23) എന്ന ബോധ്യം ഉള്ളിൽ തെളിയുമ്പോൾ പിന്നെ ഐഹികവും ലൗകികവുമായ സകല നേട്ടങ്ങളും ഉച്ഛിഷ്ടംപോലെ അനുഭവപ്പെടും (ഫിലി 3,8).

ക്രിസ്തുവിന്റെ നാമത്തെപ്രതി സഹിക്കാൻ കഴിയുന്നത് വലിയൊരു അനുഗ്രഹമാണെന്ന് അപ്പസ്തോലൻ, പീഡനത്തിനിരയായിക്കൊണ്ടിരുന്ന ഫിലിപ്പിയിലെ സഭയെ അനുസ്മരിപ്പിക്കുന്നു (ഫിലി 1,29). നല്ല പടയാളിയെപ്പോലെ കഷ്ടപ്പാടുകൾ സഹിക്കാൻ ക്രിസ്തു ശിഷ്യർ ഒരുങ്ങിയിരിക്കണം (2 തിമോ 2,3). ക്രിസ്തുവിനുവേണ്ടി സഹിക്കേണ്ടി വരുന്നത് വലിയ ആനന്ദത്തിന്റെ ഉറവിടമായിരിക്കും എന്നതാണ് അപ്പസ്തോല പ്രമുഖനായ പത്രോസ് വിശ്വാസികളെ അനുസ്മരിപ്പിക്കുന്നത് (1 പത്രോ 1,6-7). വിശ്വാസത്തെ പ്രതി ക്ലേശങ്ങളും പീഡനങ്ങളും നേരിടേണ്ടി വരുമ്പോൾ "മനോധൈര്യം അസ്തമിച്ച് നിങ്ങൾ തളർന്നു പോകാതിരിക്കാൻവേണ്ടി, അവൻ തന്നെ എതിർത്ത പാപികളിൽനിന്ന് എത്രമാത്രം സഹിച്ചുവെന്ന് ചിന്തിക്കുവിൻ" (ഹെബ്രാ 12,3).

യേശുവിന്റെ സഹനവും മരണവും ഉത്ഥാനവുമാണ് ക്രിസ്ത്യാനിക്ക് യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം; അസ്തമിക്കാത്ത പ്രത്യാശയുടെ ഉറപ്പ്. ഇത് അപ്പസ്തോല സമൂഹത്തിന്റെയോ ആദിമക്രൈസ്തവരുടെയോ മാത്രം ഒരു പ്രത്യേകതയോ അവകാശമോ അല്ല. ഇരുപത്തൊന്നു നൂറ്റാണ്ടുകളായി ക്രിസ്തു ശിഷ്യർ നിരന്തരം അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്; സ്വന്തം

അനുഭവംകൊണ്ടു സാക്ഷ്യപ്പെടുത്തുന്നതാണ്. പ്രത്യയ ശാസ്ത്ര ങ്ങളുടെയും സാമ്പത്തിക നയങ്ങളുടെയും സമുദായ വ്യവസ്ഥി തികളുടെയും വഴി തെറ്റിയ മതവിശ്വാസങ്ങളുടെയും പേരിൽ ക്രൈസ്തവരെ പീഡിപ്പിക്കുകയും ക്രിസ്തു വിശ്വാസം തന്നെ ഭൂമിയിൽ നിന്ന് ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നവ രുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. വെളിപാടു സാഹി ത്യശൈലിയെ അനുസ്മരിപ്പിക്കുന്ന രൂക്ഷതയോടെ ക്രൈസ്ത വർ പീഡിപ്പിക്കപ്പെടുന്നു.

എന്നാൽ യേശുവിലും സുവിശേഷത്തിലും വിശ്വസിക്കുന്ന വർക്കു ഭയമില്ല; നിരാശയുമില്ല. മതപീഡനത്തിനും പീഡകർക്കും പിന്നിൽ ഒളിഞ്ഞിരിക്കുന്ന പൈശാചിക ശക്തിയെ തന്റെ മര ണത്താൽ പരാജയപ്പെടുത്തിയ, ദൈവപുത്രനായ യേശുക്രിസ്തു വിലാണ് അവർ വിശ്വാസം അർപ്പിക്കുന്നത്. അവനാണ് പറയു ന്നത്: "സന്തോഷിക്കുവിൻ; കുതിച്ചു ചാടുവിൻ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും" (ലൂക്കാ 6,23). ഇതു മനുഷ്യനെ മയക്കുന്ന കറുപ്പല്ല; പീഡിതന്റെ ദിവാസ്വപ്നവുമല്ല. യേശുവിന്റെ ഉത്ഥാനത്തിൽ അടിയുറച്ച വിശ്വാസമാണ്; അനു ദിന ജീവിതത്തിൽ, പീഡനങ്ങൾക്കു നടുവിലും, അനുഭവിക്കുന്ന ആന്തരിക സമാധാനവും ആനന്ദവും അതിനു സാക്ഷ്യം നൽകുന്നു.

# 15

## സ്വർഗ്ഗത്തിൽ പൗരത്വം

*"പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ടാ, മറിച്ച്, നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ" (ലൂക്കാ 10,20).*

വലിയ സന്തോഷത്തോടെയാണവർ തിരിച്ചെത്തിയത്. ആയിരം നാവായിരുന്നു ഓരോരുത്തർക്കും. എത്ര വർണ്ണിച്ചാലും മതിവരാതെ തങ്ങൾക്കുണ്ടായ അനുഭവങ്ങൾ അവർ വിവരിച്ചു. തെല്ലൊരു ഭയത്തോടെയും ഉൽക്കണ്ഠയോടെയും, ഗുരുവിന്റെ വാക്കു കേട്ട്, ആദ്യത്തെ പ്രേഷിത ദൗത്യവുമായി ഇറങ്ങിത്തിരിച്ച അവർക്കു തന്നെ വിശ്വസിക്കാനായില്ല തങ്ങൾ വഴി സംഭവിച്ച അത്ഭുതങ്ങൾ. കൈകൾ വച്ചു പ്രാർത്ഥിച്ചപ്പോൾ രോഗികൾ സുഖപ്പെട്ടു. യേശുവിന്റെ നാമത്തിൽ കല്പിച്ചപ്പോൾ അശുദ്ധാത്മാക്കൾ അലറി നിലവിളിച്ച് സ്ഥലം വിട്ടു. ഗുരുനാഥൻ പറഞ്ഞതെല്ലാം സത്യമാണെന്ന് അവരുടെ അനുഭവങ്ങൾ സ്ഥിരീകരിച്ചു. ആ സന്തോഷത്തികവിലാണ് അവർ മടങ്ങിവന്ന് തങ്ങൾ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ യാഥാർത്ഥ്യങ്ങൾ ഗുരുവിനോടും പരസ്പരവും പങ്കുവച്ചത്.

വലിയ സന്തോഷത്തോടെ മടങ്ങിയെത്തിയ ശിഷ്യന്മാരുടെ സന്തോഷത്തിൽ യേശുവും സന്തോഷിച്ചു. അതേസമയം യഥാർത്ഥ സന്തോഷത്തിന്റെ കാരണം തങ്ങൾവഴി നടന്ന അത്ഭുതങ്ങൾക്കും അപ്പുറത്താണെന്ന് ഗുരുനാഥൻ അവരെ അനുസ്മരിപ്പിച്ചു. രോഗശാന്തി, പിശാചു ബാധയിൽനിന്നു മോചനം, വികലാംഗർക്കു സൗഖ്യം തുടങ്ങിയ അത്ഭുതങ്ങളെല്ലാം അടയാള

ങ്ങൾ മാത്രമാണ്, ആത്യന്തിക ലക്ഷ്യമല്ല എന്ന് അവരെ പഠിപ്പിച്ചു. അപ്പോൾ എന്താണ് സന്തോഷത്തിന്റെ യഥാർത്ഥ ഉറവിടം? അതാണ് യേശു അവർക്കു പറഞ്ഞു കൊടുത്തത്. "നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു". എന്താണിതിനർത്ഥം? സ്വർഗ്ഗം, പേരെഴുതൽ എന്നീ രണ്ടു കാര്യങ്ങൾ വിശദീകരണം ആവശ്യപ്പെടുന്നു.

**സ്വർഗ്ഗം:** ദൈവത്തിന്റെ വാസസ്ഥലമായിട്ടാണ് സ്വർഗ്ഗം കരുതപ്പെടുന്നത്. ഈ അർത്ഥത്തിലാണല്ലോ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു പ്രാർത്ഥിക്കാൻ യേശു പഠിപ്പിച്ചത്. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നു, സ്വർഗ്ഗത്തിലേക്കു കയറി, സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു, സ്വർഗ്ഗം തുറക്കപ്പെട്ടു എന്നിങ്ങനെയുള്ള നിരവധി പരാമർശങ്ങൾ സ്വർഗ്ഗത്തെ ദൈവത്തിന്റെ വാസസ്ഥലമായി അവതരിപ്പിക്കുന്നതായി തോന്നാം. എന്നാൽ എവിടെയാണ് ഈ സ്വർഗ്ഗം എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുക എളുപ്പമല്ല. ദൈവം സ്രഷ്ടാവും സർവ്വ വ്യാപിയുമാണെങ്കിൽ ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തോ ഗ്രഹത്തിലോ മാത്രമായി ആ സാന്നിധ്യം ഒതുങ്ങിനിൽക്കുന്നു എന്നു കരുതാനാവില്ലല്ലോ.

പുതിയ നിയമത്തിലെ പരാമർശങ്ങൾ, പ്രത്യേകിച്ചും യേശുവിന്റെ വചനങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. സ്വർഗ്ഗം എന്നത് നമ്മുടെ ഭൗതികമായ കാഴ്ചപ്പാടിലുള്ള ഒരു സ്ഥലമല്ല. മറിച്ച് ഒരവസ്ഥയാണ്. ഒരു പടികൂടി കടന്ന് ദൈവം വസിക്കുന്ന ഇടമല്ല, ദൈവം തന്നെയാണ് സ്വർഗ്ഗം എന്നു പറഞ്ഞാൽ അതു തെറ്റാവില്ല. ഉദാഹരണമായി മത്തായിയുടെ സുവിശേഷത്തിലെ ചില പരാമർശങ്ങൾ എടുക്കാം. മറ്റു സുവിശേഷങ്ങളിൽ "ദൈവരാജ്യം" എന്നു വിശേഷിപ്പിക്കുന്ന യാഥാർത്ഥ്യത്തെ "സ്വർഗ്ഗരാജ്യം" എന്നാണ് മത്തായിയിൽ വിശേഷിപ്പിക്കുന്നത്.

ദൈവത്തോടുള്ള വലിയ ആദരവിന്റെയും ദൈവഭയത്തിന്റെയും പേരിൽ യഹൂദർ "യാഹ്‌വേ" എന്ന ദൈവത്തിന്റെ പേരു ഉച്ചരിക്കില്ല, മോശയ്ക്കു വെളിപ്പെടുത്തപ്പെട്ടതായിട്ടുപോലും (പുറ 3,15). ദൈവത്തിന്റെ പേരു സൂചിപ്പിക്കുന്ന നാലക്ഷരങ്ങൾ യ-ഹ-വ-ഹ (YHWH) കാണുമ്പോൾ അദോനായ് (Adonai) എന്നാണ് അവർ വായിക്കുക. "എന്റെ കർത്താവ്" എന്നർത്ഥം. (ഹീബ്രു ഭാഷയിൽ സ്വരാക്ഷരങ്ങൾ എഴുതാറില്ലായിരുന്നു. അതിനാൽ ദൈവനാമത്തെ സൂചിപ്പിക്കുന്ന നാലക്ഷരങ്ങൾ എങ്ങനെ

വായിക്കണം എന്നതിനെക്കുറിച്ച് സംശയം നിലനിന്നു. "അദോനായ്" എന്ന വാക്കിലെ മൂന്നു സ്വരാക്ഷരങ്ങൾ-അ-ഒ-ആ ചേർത്തു വായിച്ചപ്പോൾ യഹോവാ എന്നായി. എന്നാൽ ഹീബ്രു വ്യാകരണം പ്രകാരം "യാഹ്‌വേ" എന്നാണ് ഈ വാക്കുകൾ ഉച്ചരിക്കേണ്ടത് എന്നു ഭാഷാ പണ്ഡിതർ അഭിപ്രായപ്പെടുന്നു). ഇതിൽ നിന്നാണ് പഴയനിയമത്തിൽ ദൈവത്തിന്റെ പേരായി "കർത്താവ്" എന്ന വാക്ക് ഉപയോഗത്തിൽ വന്നത്.

ദൈവത്തിന്റെ പേരു മാത്രമല്ല, ദൈവം എന്ന വാക്കുപോലും ഉപയോഗിക്കാൻ യഹൂദർ മടിച്ചു. പകരം ശക്തനായവൻ, അത്യുന്നതൻ, സ്വർഗ്ഗസ്ഥൻ എന്നൊക്കെയുള്ള വിശേഷണങ്ങൾ ഉപയോഗത്തിൽ വന്നു. വ്യക്തിയെ സൂചിപ്പിക്കാൻ സ്ഥലത്തെക്കുറിച്ചു പരാമർശിക്കുക മലയാളത്തിലും പതിവാണല്ലോ. അങ്ങ്, അവിടുന്ന്, അവിടുത്തേക്ക് എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഉദാഹരണമായെടുക്കാം. ഈ കാഴചപ്പാടിൽ "സ്വർഗ്ഗം" എന്നാൽ ദൈവം എന്നു തന്നെ മനസിലാക്കാനാവും.

"സ്വർഗ്ഗത്തിൽ പോവുക" എന്നാൽ ഏതെങ്കിലും ഒരു പ്രത്യേകസ്ഥലത്തെ ലക്ഷ്യമാക്കി യാത്രചെയ്യുക എന്നല്ല, ദൈവത്തിലേക്കു പോവുക എന്നാണർത്ഥമാക്കുക. അതിനാൽ എവിടെയാണ് സ്വർഗ്ഗം എന്ന ചോദ്യം തന്നെ അപ്രസക്തമാകുന്നു. യേശു സ്വർഗ്ഗാരോഹണം ചെയ്തു, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനായി എന്നു പറഞ്ഞാൽ മനുഷ്യാവതാരവേളയിൽ താൻ മാറ്റിവച്ച ദൈവമഹത്വം വീണ്ടും സ്വീകരിച്ചു എന്നാണ് അർത്ഥമാക്കുന്നത്.

"ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു" (ഫിലി 2,9) എന്ന വി. പൗലോസിന്റെ വിശദീകരണം ഇതുതന്നെയാണല്ലോ അർത്ഥമാക്കുന്നത്. യേശുവിന്റെ സ്വർഗ്ഗാരോഹണവും മാതാവിന്റെ സ്വർഗ്ഗാരോപണവും സ്ഥലത്തെയല്ല അവസ്ഥയെയാണ് സൂചിപ്പിക്കുക. മുകളിൽ, താഴെ മുതലായ സ്ഥലസൂചനകൾക്കും ഇന്നലെ, ഇന്ന്, നാളെ എന്നിങ്ങനെയുള്ള കാലസൂചനകൾക്കും അതീതമാണ് ദൈവികമേഖല. അതിനാൽ സ്വർഗ്ഗത്തിൽ എന്നാൽ ദൈവത്തിൽ എന്നു തന്നെ മനസിലാക്കണം.

**പേരെഴുതുക:** ദൈവത്തിന്റെ പര്യായമാണ് സ്വർഗ്ഗം എങ്കിൽ പേരെഴുതുക എന്നത് എന്തിനെ സൂചിപ്പിക്കുന്നു എന്ന ചോദ്യം ന്യായമായും ഉയരുന്നു. പ്രതീകാത്മകമായ ഭാഷയാണ് ഇവിടെ

ഉപയോഗിച്ചിരിക്കുന്നത് എന്ന് ആദ്യമേ മനസിലാക്കണം. പേരെഴുതുക എന്നത് ഉടമസ്ഥാവകാശത്തെയാണല്ലോ സാധാരണമായി സൂചിപ്പിക്കുന്നത്. വാങ്ങുന്ന വസ്തുക്കളിലും പണിയുന്ന വീടിന്റെ വാതിലിലും ഒക്കെ പേരെഴുതി വയ്ക്കുന്നത് ഉടമസ്ഥതയെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ ഇതു മാത്രമല്ല.

ഒരു രാജ്യത്തിന്റെ അഥവാ ഗ്രാമത്തിന്റെ അംഗമാണെന്ന് സൂചിപ്പിക്കാൻ ഔദ്യോഗികഗ്രന്ഥങ്ങളിൽ പേരെഴുതിക്കുക ഇന്നും സുപരിചിതമാണ്. ശിശു ജനിച്ചാൽ ഇപ്രകാരമുള്ള രജിസ്റ്ററിൽ പേരെഴുതിക്കുക എന്നത് നിർബന്ധമാണ്. അതുവഴി ശിശു ഗ്രാമത്തിന്റെയും രാജ്യത്തിന്റെയും അംഗമായി അംഗീകരിക്കപ്പെടുന്നു. ഈ രജിസ്റ്ററിൽനിന്നു പേരു വെട്ടുന്നത് പൗരത്വം നഷ്ടപ്പെടുന്നതിനു തുല്യമാകും.

ഈ കാഴ്ചപ്പാടിലാണ് ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെടാത്തവർ എന്നു വെളിപാടു പുസ്തകത്തിൽ പരാമർശിക്കുന്നത്. "ജീവന്റെ ഗ്രന്ഥത്തിൽ പേരെഴുതപ്പെടാത്തവരെല്ലാം അഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടു" (വെളി 20.15). ദൈവരാജ്യത്തിൽ അംഗത്വം ലഭിക്കുക എന്നാവും ജീവന്റെ ഗ്രന്ഥത്തിൽ പേരെഴുതപ്പെടുക എന്നതിനർത്ഥം. ദൈവരാജ്യം എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക സ്ഥലമോ, ഭൂവിഭാഗമോ അല്ല, ദൈവത്തിന്റെ തിരുഹിതം പൂർണ്ണമായി നടപ്പിലാകുന്ന അവസ്ഥയാണ്. "നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും" (റോമാ 14,17) എന്ന് ഇതിനെ അപ്പസ്തോലൻ വിശേഷിപ്പിക്കുന്നു.

അതിനാൽ സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്നു എന്ന ഗുരുമൊഴിയുടെ അർത്ഥം നിങ്ങൾ ദൈവരാജ്യത്തിലെ പൂർണ്ണവകാശമുള്ള പൗരന്മാരാണ്; ദൈവം നിങ്ങളെ സ്വന്തമായി സ്വീകരിച്ചിരിക്കുന്നു. നിങ്ങൾ ദൈവത്തിന്റെ മക്കളാണ്; അടിമകളല്ല, പൂർണ്ണമായ അവകാശവും മഹത്വവുമുള്ള ദൈവമക്കൾ. ഈ അറിവാണ് യേശു ശിഷ്യന്മാർക്കു നൽകുന്നത്. അവർ കണ്ടതും തൊട്ടറിഞ്ഞതുമായ അത്ഭുതങ്ങളെല്ലാം ഈ വലിയ സത്യത്തിന്റെ അടയാളങ്ങൾ മാത്രമാണ്. അടയാളങ്ങളിൽ തങ്ങിനിൽക്കാതെ, അതു സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തിലേക്കു ശ്രദ്ധതിരിക്കണം.

ഇതുതന്നെയാണ് താൻ പ്രവർത്തിച്ച അത്ഭുതങ്ങളുടെ അർത്ഥവും ലക്ഷ്യവുമായി യേശു വിശദീകരിച്ചതും പഠിപ്പിച്ചതും. "ദൈവകരം കൊണ്ടാണ് ഞാൻ പിശാചുക്കളെ പുറത്താക്കുന്ന

തെങ്കിൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ വന്നു കഴിഞ്ഞിരിക്കുന്നു" (ലൂക്കാ 11,19). യേശു ചെയ്ത അത്ഭുതങ്ങളെല്ലാം അടയാളങ്ങളായി കാണണം. അവിടുന്ന് ദൈവപുത്രനും ജീവന്റെ ഉറവിടവും ലോകത്തിന്റെ പ്രകാശവുമാണെന്ന് വെളിപ്പെടുത്തുന്ന അടയാളങ്ങൾ. അതാണ് സുവിശേഷകൻ യോഹന്നാൻ യേശുവിന്റെ അത്ഭുതങ്ങളെ അടയാളങ്ങൾ എന്നു വിശേഷിപ്പിക്കാൻ കാരണം. അപ്രകാരമുള്ള ഏഴ് അടയാളങ്ങളാണ് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്. കാനായിലെ കല്യാണ വിരുന്നിൽ വെള്ളം വീഞ്ഞാക്കി മാറ്റിക്കൊണ്ട് തന്റെ മഹത്വം വെളിപ്പെടുത്തുന്ന ആദ്യത്തെ അടയാളം പ്രവർത്തിച്ചു (യോഹ 2,11). മരിച്ച് മൂന്നു ദിവസമായി കല്ലറയിലായിരുന്ന ലാസറിനെ ഉയിർപ്പിച്ചുകൊണ്ട് ഏഴാമത്തെ അടയാളവും നൽകി. താൻ ജീവന്റെ നാഥനാണെന്നു വെളിപ്പെടുത്തി.

ശിഷ്യന്മാർ സന്തോഷിക്കേണ്ട യഥാർത്ഥകാരണം അവർ വഴി നൽകപ്പെട്ട അടയാളങ്ങളല്ല, അവ സൂചിപ്പിക്കുന്ന ദൈവരാജ്യത്തിന്റെ സാന്നിധ്യം എന്ന യാഥാർത്ഥ്യമാണ്. തിന്മയുടെ ശക്തിയായ സാത്താന്റെ മേൽ വിജയം വരിച്ചത് യേശുവാണ്. ആ വിജയത്തിൽ പങ്കുചേരാൻ ശിഷ്യരും വിളിക്കപ്പെട്ടിരിക്കുന്നു. അവർ വഴി സംഭവിച്ച അത്ഭുതങ്ങളെല്ലാം ഈ പങ്കുചേരലിന്റെ അടയാളങ്ങളും തെളിവുകളുമാണ്.

യേശു അടിവരയിട്ട ഈ പ്രബോധനം ഇന്നു നല്ലൊരു പരിധിവരെ വിസ്മരിക്കപ്പെടുന്നതായി തോന്നും. അത്ഭുതങ്ങളും അടയാളങ്ങളും എത്രകണ്ടാലും തൃപ്തിയാകാതെ വീണ്ടും പുതിയവതേടി പുതിയ സ്ഥലങ്ങളിലേക്കും അത്ഭുതസിദ്ധിയുണ്ട് എന്ന് പറയപ്പെടുന്ന വ്യക്തികളുടെ അടുക്കലേക്കും ഓടുന്നവർ ധാരാളം. അതുകൊണ്ട് യഥാർത്ഥവും നിലനിൽക്കുന്നതുമായ സന്തോഷം കണ്ടെത്തിയെന്നു വരില്ല. അതുകൊണ്ടാണല്ലോ ഈ പ്രയാണവും പ്രവാഹവും തുടരുന്നത്. പൂർണ്ണമായ സന്തോഷവും ശാശ്വതമായ സമാധാനവും നൽകുന്നത് യേശു പഠിപ്പിച്ച സത്യമാണ്. നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു. നിങ്ങൾ എന്റെ പിതാവിന്റെ രാജ്യത്തിലെ അവകാശവും മഹത്വവുമുള്ള പൗരന്മാരാണ്; മക്കളാണ്. ഈ അവബോധമായിരിക്കട്ടെ നമ്മുടെ ജീവിതത്തെ നയിക്കുന്ന ചൈതന്യം.

# 16

## യേശുവിന്റെ സന്തോഷം

*"ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച്, അവൻ പറഞ്ഞു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ, അങ്ങ് ഇവ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചു വയ്ക്കുകയും ശിശുക്കൾക്ക് വെളിപ്പെടുത്തുകയും ചെയ്ത അതേ, പിതാവേ, അതായിരുന്നു അവിടുത്തെ അഭീഷ്ടം" (ലൂക്കാ 10,21).*

ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടെ സ്ഥാനത്ത് പന്ത്രണ്ടപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത് സുവിശേഷപ്രഘോഷണത്തിനായി അയച്ചതിനു (ലൂക്കാ 6,12-16; 9,16) പിന്നാലെയാണ് അതേ ദൗത്യവുമായി വീണ്ടും 72 പേരെ യേശു തിരഞ്ഞെടുത്തയച്ചത്. മരുഭൂമിയിൽവച്ച് മോശ തന്റെ സഹകാരികളായി 72 പേരെ നിയോഗിച്ചതിനു (സംഖ്യ 11,16-30) സമാന്തരമായിട്ടാണ് യേശു 72 പേരെ ശിഷ്യന്മാരായി തിരഞ്ഞെടുത്തയച്ചത്. യേശുവിനു വഴിയൊരുക്കുക എന്നതായിരുന്നു അവരുടെ മുഖ്യ ദൗത്യം. (ലൂക്കാ 10,1-12). അവരുടെ ദൗത്യം വൻ വിജയമായിരുന്നു. വലിയ സന്തോഷത്തോടെ അവർ തിരിച്ചെത്തി, തങ്ങളുടെ വിസ്മയകരങ്ങളായ അനുഭവങ്ങൾ പങ്കുവച്ചു. ശിഷ്യരുടെ സന്തോഷം ഗുരുവിനെ ആനന്ദഭരിതനാക്കി. ഈ സാഹചര്യത്തിൽ യേശു നൽകിയ ചില വെളിപ്പെടുത്തലുകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

ദൗത്യം വിജയിച്ചതിൽ സ്വാഭാവികമായുണ്ടാകുന്ന ഒരു സന്തോഷം മാത്രമല്ല ഇവിടെ ലൂക്കാ സുവിശേഷകൻ അവതരി

പ്പിക്കുന്നത്. "അതേ സമയം തന്നെ" എന്ന കാലസൂചന ശിഷ്യന്മാരുടെ തിരിച്ചുവരവും അവരുടെ പങ്കുവയ്ക്കലുമായി ഈ സംഭവത്തെ അഭേദ്യം ബന്ധപ്പെടുത്തുന്നു. ശിഷ്യന്മാരുടെ സന്തോഷത്തിന്റെ നിദാനം എന്തായിരിക്കരുത്, മറിച്ച് എന്തായിരിക്കണം എന്നു പഠിപ്പിച്ചതിനു ശേഷമാണ് സുവിശേഷകൻ യേശുവിന്റെ പ്രതികരണം അവതരിപ്പിക്കുന്നത്. സുപ്രധാനമായ ചില വെളിപ്പെടുത്തലുകൾ ഈ നാലു വാക്യങ്ങളിൽ (ലൂക്കാ 10,21-24) ഉൾക്കൊള്ളിച്ചിരിക്കുന്നു.

**1. യേശുവിന്റെ സന്തോഷം:** "ആനന്ദിച്ചു" എന്ന് വിവർത്തനം ചെയ്യുന്നത് "*അഗല്ലിയാവോ*" (agalliao) എന്ന ഗ്രീക്കുവാക്കാണ്. ഉള്ളിൽ നിറയുന്ന സന്തോഷത്തിന്റെ ബഹിർസ്ഫുരണമാണ് ഈ വാക്ക് അർത്ഥമാക്കുന്നത്. മാതാവിന്റെ സ്തോത്രഗീതത്തിന്റെ തുടക്കത്തിൽ ഇപ്രകാരം ഒരു സന്തോഷ പ്രകടനം കാണാം. "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1,47).

സുവിശേഷ ഭാഗ്യങ്ങളിൽ അവസാനത്തേതായി ഈ വാക്ക് പ്രത്യക്ഷപ്പെടുന്നുണ്ട്: "എന്നെ പ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും... ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ..." (മത്താ 5,11) (*കയിരേത്തെ-കായി അഗല്ലിയാസ്തേ* - Kairete kai agalliaste എന്ന് ഗ്രീക്കുമൂലം) *അഗല്ലിയാവോ* എന്ന ക്രിയ. ആഹ്ലാദിക്കുവിൻ എന്നാണ് പി.ഒ.സി. ബൈബിൾ വിവർത്തനം ചെയ്യുന്നത്. ഇതിനു സമാന്തരമായി ലൂക്കായിലെ അവതരണം "ആഹ്ലാദിക്കുവിൻ, സന്തോഷിച്ചു കുതിച്ചുചാടുവിൻ" എന്നത്രെ (ലൂക്കാ 6,23). *അഗല്ലിയാവോ* എന്ന ക്രിയാപദത്തിനു പകരം *സ്കിർത്താവോ* (Skirtao) എന്ന വാക്കാണ് ലൂക്കാ ഉപയോഗിച്ചിരിക്കുന്നത്. കൊച്ചുകുട്ടികളുടെ ആഹ്ലാദപ്രകടനമാണിത്. ഉള്ളിൽ നിറയുന്ന സന്തോഷം ഉച്ചത്തിലുള്ള സ്തുതിപ്പും കുതിച്ചുചാട്ടവും നൃത്തവും ഒക്കെയായി പുറത്തേക്കു വരുന്നു- പ. കന്യകാമറിയത്തിന്റെ വാക്കു കേട്ട എലിസബത്തിന്റെ ഉദരത്തിൽ ശിശു സന്തോഷത്താൽ കുതിച്ചുചാടിയതുപോലെ (ലൂക്കാ 1,44).

ഉള്ളിൽ നിറഞ്ഞു കവിയുന്ന വലിയ സന്തോഷം ചിറപൊട്ടി ഒഴുകുന്നതുപോലെയാണ് യേശുവിന്റെ പ്രതികരണം. ഇത്

തികച്ചും അസാധാരണമായ ഒരു പ്രതികരണമാണ്. ശിഷ്യന്മാരുടെ വിജയത്തിലൂടെ പ്രകടമായ വെളിപ്പെടുത്തലാണ് ഈ സന്തോഷ പ്രകടനത്തിനു നിദാനമായി നിൽക്കുന്നത്.

**2. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം:** യേശുവിന്റെ ഈ സ്തോത്രഗീതം മത്തായിയും അവതരിപ്പിക്കുന്നുണ്ടെങ്കിലും (മത്താ 11,25-27) യേശുവിന്റെ സന്തോഷത്തെയും പരിശുദ്ധാത്മ നിറവിനെയും കുറിച്ച് ലൂക്കാ മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. മനുഷ്യവതാരത്തിന്റെ തുടക്കം മുതൽ യേശുവിന്റെ മരണം വരെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നിരന്തരമുണ്ടായിരുന്നു എന്ന് എടുത്തു കാട്ടാൻ ലൂക്കാ ശ്രദ്ധിക്കുന്നുണ്ട്. പരിശുദ്ധാത്മാവ് മറിയത്തിന്റെ മേൽ വരുന്നതിലൂടെയാണ് ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിക്കുന്നത് (ലൂക്കാ 1,35). ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ ഏല്പിക്കുന്നതോടെ (23,46) ആ ജീവിതം അവസാനിക്കുന്നു. യേശുവിന്റെ പ്രവർത്തനങ്ങളിലെല്ലാം നേതൃത്വം നൽകിയത് പരിശുദ്ധാത്മാവാണെന്ന് എടുത്തു പറയാൻ ലൂക്കാ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. മാമ്മോദീസായുടെ അവസരത്തിലെ പരിശുദ്ധാത്മാഭിഷേകം (3,22), മരുഭൂമിയിലെ പ്രലോഭനങ്ങൾ (4,1), ഗലീലിയിലെ ആരംഭം (4,14), നസ്രത്തിലെ തുടക്കം (4,18) മുതലായവ ഉദാഹരണങ്ങളാണ്.

ദൗത്യം വിജയകരമായി നിറവേറ്റി ശിഷ്യന്മാർ തിരിച്ചെത്തിയപ്പോൾ വലിയ സന്തോഷത്തോടെ പിതാവിനെ സ്തുതിക്കാൻ യേശുവിനെ പ്രേരിപ്പിക്കുന്നത് പരിശുദ്ധാത്മാവു തന്നെ. ആത്മാവിന്റെ പ്രേരണയ്ക്കു നിരന്തരം കാതോർക്കുകയും കീഴ്വഴങ്ങുകയും ചെയ്തതായിരുന്നു യേശുവിന്റെ ജീവിതം. ഇവിടെയും ആത്മാവിന്റെ നിറവിൽ നിന്നാണ് യേശു സംസാരിക്കുന്നത്. ഇത് വലിയൊരു വെളിപ്പെടുത്തൽ ഉൾക്കൊള്ളുന്നു.

**3. പ. ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ:** പരിശുദ്ധാത്മാവിന്റെ നിറവിൽ യേശു ആലപിക്കുന്ന സ്തോത്രഗീതം പരിശുദ്ധ ത്രിത്വത്തെ വെളിപ്പെടുത്തുന്നു. യേശുവിനെ നയിക്കുന്ന, ഉള്ളിൽ നിന്നു പ്രചോദിപ്പിക്കുന്ന, ചൈതന്യമായി പരിശുദ്ധാതമാവ് പ്രത്യക്ഷപ്പെടുന്നു. അതേ സമയം എല്ലാറ്റിന്റെയും ഉറവിടവും ലക്ഷ്യവും കേന്ദ്രവുമായി നിൽക്കുന്നത് പിതാവാണ്. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവ് എന്ന വിശേഷണം ബൈബിളിന്റെ ഭാഷയിൽ ദൈവത്തെയാണ് സൂചിപ്പിക്കുന്നത്. സ്രഷ്ടാവും

നാഥനുമായ ദൈവം യേശുവിന്റെ പിതാവാണ് എന്ന് ഇവിടെ വെളിപ്പെടുത്തുന്നു; അതോടൊപ്പം സ്തോത്രഗീതമാലപിക്കുന്ന യേശു ദൈവത്തിന്റെ പുത്രനാണെന്നും. പിതാവും പുത്രനും തമ്മിൽ സവിശേഷവും അനന്യവുമായ ഒരു ബന്ധം നില നിൽക്കുന്നു, ദൈവത്തിനു മാത്രം അറിയുന്ന ഒരു രഹസ്യം. ആ രഹസ്യത്തിലേക്കാണ് ശിഷ്യന്മാർക്ക് ഉൾക്കാഴ്ച ലഭിച്ചിരിക്കു ന്നത്. ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന കൂട്ടാ യ്മയാണെന്നും സ്നേഹത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന ഈ കൂട്ടാ യ്മയിലേക്ക് ശിഷ്യർക്കും ഉൾക്കാഴ്ച ലഭിച്ചിരിക്കുന്നു എന്നും യേശുവിന്റെ കീർത്തനം തുടർന്ന് പ്രഖ്യാപിക്കുന്നു; അതിന്റെ പേരിൽ പിതാവിനെ സ്തുതിക്കുന്നു.

**4. ദരിദ്രർക്കു സദ്വാർത്ത:** ജ്ഞാനികളിൽനിന്നും ബുദ്ധിമാ ന്മാരിൽനിന്നും മറച്ചുവച്ചതും ശിശുക്കൾക്കു വെളിപ്പെടുത്തിയ തുമായ ഒരു സദ്വാർത്തയാണ് യേശുവിന്റെ കീർത്തനത്തിന്റെ പ്രമേയം. ലോകദൃഷ്ടിയിൽ ജ്ഞാനികൾ എന്നു കരുതിയവർ ബൗദ്ധികവും യുക്തിയിൽ അധിഷ്ഠിതവുമായ പഠനങ്ങളും വിചി ന്തനങ്ങളും വഴി കണ്ടെത്താൻ ശ്രമിച്ച് പരാജയപ്പെട്ട ഒരു രഹ സ്യമാണ് ഇപ്പോൾ ശിഷ്യർക്കു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്. ഈ വെളിപ്പെടുത്തൽ തന്നെയാണ് യേശുവിന്റെ ആഹ്ലാദപ്രകട നത്തിനു നിദാനം. ലൗകികജ്ഞാനത്തിന്റെ പരാജയത്തെക്കുറിച്ച് പൗലോസ് പ്രതിപാദിക്കുമ്പോൾ (1 കോറി 1,18-24) ഈ യാഥാർ ത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്.

ദൈവിക രഹസ്യങ്ങൾ ബുദ്ധി ഉപയോഗിച്ചു കണ്ടുപിടിക്കാ വുന്നതല്ല; ദൈവം കനിഞ്ഞ് വെളിപ്പെടുത്തുന്നതാണ്. ആ വെളി പാടിനായി തിരഞ്ഞെടുക്കപ്പെടുന്നവരാകട്ടെ മാനുഷികദൃഷ്ടി യിൽ അജ്ഞരും നിരക്ഷരരും നിസ്സാരരും. മാനുഷിക കാഴ്ച പ്പാടുകളെയും മാനദണ്ഡങ്ങളെയും തലകുത്തി നിർത്തുന്നതാണ് ദൈവിക പദ്ധതി. “ശിശുക്കൾ” എന്ന് യേശു കീർത്തനത്തിൽ വിശേഷിപ്പിക്കുന്നത് ശിഷ്യരെയാണ്. സമൂഹത്തിൽ യാതൊരു മേന്മയും അവകാശപ്പെടാനില്ലാത്ത വെറും സാധാരണക്കാർ. നിയ മജ്ഞരുടെ പാണ്ഡിത്യമോ, ഫരിസേയരുടെ സ്ഥാനമാനങ്ങളോ, പുരോഹിതരുടെ ആധികാരികതയോ ഒന്നും അവകാശപ്പെടാ നില്ലാത്ത ഈ സാധാരണ മനുഷ്യർക്കാണ് ദൈവം തന്റെ രക്ഷാ കരപദ്ധതിയുടെ ആത്മീയ രഹസ്യങ്ങൾ വെളിപ്പെടുത്തികൊടു ത്തത്.

യേശുവിന്റെ പ്രവർത്തനങ്ങളിലും പ്രഘോഷണങ്ങളിലും നിരന്തരം പ്രകടമാവുന്നതാണ് ഈ ദൈവിക പദ്ധതി. നസ്രത്തിലെ നയപ്രഖ്യാപനത്തിലും ("ദരിദ്രരെ സുവിശേഷം അറിയിക്കാൻ..." ലൂക്കാ 4,18-21), സുവിശേഷ ഭാഗ്യങ്ങളിലും (ദരിദ്രരെ നിങ്ങൾ ഭാഗ്യവാന്മാർ - ലൂക്കാ 6,20) മാത്രമല്ല, ജീവിതത്തിലുടനീളം ഈ പദ്ധതിയുടെ വെളിപ്പെടുത്തൽ കാണാം. അപ്രകാരം ഒരു മുഹൂർത്തമായിരുന്നു സുവിശേഷപ്രഘോഷണത്തിലൂടെ ശിഷ്യർക്കു ലഭിച്ച അനുഭവം.

**5. യുഗാന്തദർശനം:** രോഗശാന്തിയും പിശാചു ബഹിഷ്കരണവും പോലുള്ള അത്ഭുതങ്ങളിലൂടെ പ്രകടമായ യേശുനാമത്തിന്റെ ശക്തിയിൽ പങ്കുചേരാൻ കഴിഞ്ഞതിലുള്ള സന്തോഷമാണ് ശിഷ്യന്മാർ തിരിച്ചുവന്ന് വിവരിച്ചത്. എന്നാൽ അവർ കണ്ട അടയാളങ്ങളുടെ പിന്നിൽ നിൽക്കുന്ന വലിയൊരു യാഥാർത്ഥ്യത്തിലേക്ക് യേശു അവരുടെ ശ്രദ്ധ ക്ഷണിച്ചു. "സാത്താൻ സ്വർഗ്ഗത്തിൽനിന്ന് ഇടിമിന്നൽപോലെ പതിക്കുന്നതു ഞാൻ കണ്ടു" (ലൂക്കാ 10,18-19). യേശുനാമത്തിൽ ആജ്ഞാപിച്ചപ്പോൾ ശിഷ്യന്മാർ കണ്ട അത്ഭുതങ്ങൾ ഈ പതനത്തിന്റെ ദൃശ്യമായ അടയാളങ്ങളാണ്.

യേശുവിന്റെ വരവോടെ സാത്താന്റെ ഭരണം അവസാനിക്കുന്നു. ദൈവരാജ്യം സാത്താന്റെ രാജ്യത്തിലേക്ക് കടന്നാക്രമിക്കുന്നു. സാത്താന്റെ പരാജയത്തിന്റെ അടയാളങ്ങളാണ് അവർ പ്രവർത്തിച്ചതും കണ്ടറിഞ്ഞതുമായ അത്ഭുതങ്ങൾ. എന്നാൽ ഈ അടയാളങ്ങൾക്കപ്പുറത്തു വിരിയുന്ന ദൈവരാജ്യത്തിലേക്ക് യേശു അവരുടെ കണ്ണുകൾ തുറക്കുന്നു.

ഇതുവരെ വാഗ്ദാനങ്ങളിൽ ഊന്നിയ പ്രതീക്ഷയായി കഴിഞ്ഞിരുന്ന ദൈവരാജ്യം അഥവാ ദൈവഭരണം ഇതാ ഇപ്പോൾ, ഇവിടെ, ഒരു യാഥാർത്ഥ്യമായിരിക്കുന്നു. ശിഷ്യന്മാരിലൂടെ നിറവേറിയ അത്ഭുതങ്ങൾ ഈ ദൈവരാജ്യത്തിന്റെ ദൃശ്യമായ അടയാളങ്ങളാണ് (ലൂക്കാ 11,20). ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പിലാക്കുന്നതിന്റെ ആദ്യകിരണങ്ങൾ യേശുവിന്റെയും ശിഷ്യരുടെയും അത്ഭുതപ്രവർത്തനങ്ങളിൽ തെളിയുന്നു. പാപത്തിനും മരണത്തിനും അധീനമായ പഴയ യുഗത്തിന്റെ അവസാനവും നിത്യജീവൻ പ്രദാനം ചെയ്യുന്ന പുതുയുഗപ്പിറവിയും ഈ പ്രവർത്തനങ്ങൾ വിളിച്ചറിയിക്കുന്നു. അതു തിരിച്ചറിയാൻ

ശിഷ്യന്മാർക്കു കഴിയുന്നു എന്നതാണ് യേശുവിന്റെ ആഹ്ലാദപ്രകടനത്തിന്റെ അടിസ്ഥാനം.

എല്ലാറ്റിന്റെയും ആദികാരണവും ഉറവിടവും ആത്യന്തിക ലക്ഷ്യവുമാണ് പിതാവായ ദൈവം. ദൈവത്തിന്റെ ദൃശ്യമായ അവതാരം, പിതാവിന്റെ പ്രതിരൂപം (കൊളോ 1,15), ദൈവികമഹത്വം മാറ്റിവച്ച്, ദാസന്റെ രൂപം ധരിച്ച് (ഫിലി 2,6-11) മാംസമായി നമ്മുടെ ഇടയിൽ വസിച്ച ദൈവവചനം (യോഹ 1,14), അതാണ് പുത്രൻ. പിതാവിൽ നിന്നു പുത്രനിലേക്കും പുത്രനിൽ നിന്നു തിരിച്ചു പിതാവിലേക്കും നിരന്തരം നിർഗ്ഗളിക്കുന്ന സ്നേഹപ്രവാഹം, അതാണ് പരിശുദ്ധാത്മാവ്. ഈ ത്രിയേക ദൈവത്തിന്റെ വെളിപ്പെടുത്തൽ സ്വീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് തങ്ങൾ എന്നു ശിഷ്യന്മാർ അറിയണം. ഇതുവരെ മറഞ്ഞിരുന്ന ഈ ദൈവിക രഹസ്യം ദൈവം തന്നെ അവർക്കു വെളിപ്പെടുത്തുന്നു. പിതാവ്, പുത്രനിലൂടെ, പരിശുദ്ധാത്മാവു വഴി നൽകുന്ന ഈ വെളിപ്പെടുത്തലാണ് അവരുടെ യഥാർത്ഥ സന്തോഷത്തിന്റെ അടിസ്ഥാനം. അതുതന്നെയാണ് യേശുവിന്റെ ആഹ്ലാദത്തിനു കാരണം.

പിതാവായ ദൈവം തന്റെ ഭരണം പുത്രനായ യേശുവിലൂടെ, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുന്നു. ഇതുവരെ ഇവിടെ ആധിപത്യം സ്ഥാപിച്ചിരുന്ന സാത്താനെ പരാജയപ്പെടുത്തി ദൈവരാജ്യം കടന്നുവന്നിരിക്കുന്നു. അതിന്റെ ആദ്യകിരണങ്ങളാണ് യേശു ചെയ്തതും യേശുവിന്റെ നാമത്തിൽ ശിഷ്യർ പ്രവർത്തിച്ചതുമായ അത്ഭുതങ്ങൾ. ഈ തിരിച്ചറിവ് പിതാവു തന്നെ അവർക്കു നൽകിയിരിക്കുന്നു. അതിനാൽ അവർ സന്തോഷിക്കണം. തന്റെ ദൗത്യം പൂർത്തിയായി കാണുന്നതിനാൽ യേശുവും സന്തോഷിക്കുന്നു. അടയാളങ്ങളിൽ തങ്ങിനിൽക്കാതെ, അവ സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തിലേക്ക് ശ്രദ്ധ തിരിക്കണം. അപ്പോൾ ദൈവമാകുന്ന സ്നേഹപ്രവാഹത്തിലേക്ക് നാമും ഉൾച്ചേർക്കപ്പെടും. ദൈവമക്കളായി, ദൈവരാജ്യത്തിന്റെ അവകാശികളായി. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യവും യഥാർത്ഥ സന്തോഷത്തിന്റെ അടിസ്ഥാനവും.

# 17

## മോചനം നൽകുന്ന സന്തോഷം

*"പതിനെട്ടു വർഷം സാത്താൻ ബന്ധിച്ചിട്ടിരുന്ന അബ്രാഹത്തിന്റെ ഈ മകളെ സാബത്തുദിവസം അഴിച്ചു വിടേണ്ടതില്ലേന്നോ? ഇതുകേട്ട് അവന്റെ പ്രതിയോഗികളെല്ലാം ലജ്ജിതരായി. എന്നാൽ, ജനക്കൂട്ടം മുഴുവൻ അവൻ ചെയ്തിരുന്ന മഹനീയ കൃത്യങ്ങളെക്കുറിച്ച് സന്തോഷിച്ചു" (ലൂക്കാ 13,16-17).*

ബൈബിൾ അവതരിപ്പിക്കുന്ന സന്തോഷത്തെ സംബന്ധിച്ച ശ്രദ്ധേയമായ ചില മാനങ്ങൾ വെളിപ്പെടുത്തുന്നതാണ് പഠനവിഷയമായ സുവിശേഷഭാഗം. യേശു സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരുന്നു എന്ന മുഖവുരയോടെ തുടങ്ങുന്ന വിവരണം അവസാനിക്കുമ്പോൾ യേശുവിന്റെ പ്രതിയോഗികൾ ലജ്ജിച്ചു തല താഴ്ത്തുന്നു, ജനക്കൂട്ടമാകട്ടെ സന്തോഷഭരിതരാകുന്നു. ഇവയ്ക്കു മധ്യേ യേശുവിന്റെ ഒരു വിമോചനപ്രവർത്തനമുണ്ട്, വിമോചിതയായ സ്ത്രീയുടെ ആഹ്ലാദപ്രകടനമുണ്ട്; ക്രുദ്ധനായ സിനഗോഗധികാരിയുടെ ശകാരവും യേശുവിന്റെ മറുപടിയുമുണ്ട്. ഇവയുടെ ഒരു വിശകലനം ജനക്കൂട്ടം പ്രകടിപ്പിക്കുന്ന സന്തോഷത്തിന്റെ വിവിധമാനങ്ങൾ ഗ്രഹിക്കാൻ സഹായിക്കും.

ലൂക്കാ സുവിശേഷകൻ മാത്രമേ ഈ സംഭവം രേഖപ്പെടുത്തിയിട്ടുള്ളൂ. ഒരു സ്ത്രീക്കുവേണ്ടി യേശു പ്രവർത്തിച്ച ഒരത്ഭുതമാണിവിടെ ചർച്ചാ വിഷയം. സ്ത്രീകൾക്കു പ്രത്യേക പരിഗണനയും പുരുഷന്മാരോടു തുല്യതയും നൽകുന്നതാണ് ലൂക്കായുടെ അവതരണങ്ങളും വിവരണങ്ങളും. ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന്റെ അവസാനത്തെ സിനഗോഗു സന്ദർശ

നമാണ് ഇവിടെ വിവരിക്കുന്നത്. ഇതിനുമുമ്പ് യേശു പലപ്പോഴും സിനഗോഗുകളിൽ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തതായി ലൂക്കാ പ്രതിപാദിക്കുന്നുണ്ട് (ലൂക്കാ 4,16.44;6,6). എന്നാൽ ഈ സംഭവത്തിനുശേഷം യേശു സിനഗോഗിൽ പ്രവേശിച്ചതായി പറയുന്നില്ല. വീടുകളിലും വഴിയിലും കടൽത്തീരത്തും മറ്റുമാണ് യേശു ജനങ്ങളെ കണ്ടുമുട്ടുന്നതും പഠിപ്പിക്കുന്നതും. സിനഗോഗധികാരിയുടെ ശകാരം ഇതിനു കാരണമായി എന്നൊന്നും സുവിശേഷകൻ പറയുന്നില്ല. എന്നാൽ അധികാരിയുടെ നിഷേധാത്മക സമീപനം യേശുവിന്റെ തീരുമാനത്തെ സ്വാധീനിച്ചിരിക്കാൻ സാധ്യതയുണ്ടെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

വിവരണത്തിലെ മുഖ്യ കഥാപാത്രം ഒരു സ്ത്രീയാണ്. അവളെ അവതരിപ്പിക്കുന്ന വിധം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. “പതിനെട്ടു വർഷമായി ഒരാത്മാവു ബാധിച്ച് രോഗിണിയായി നിവർന്നു നിൽക്കാൻ സാധിക്കാത്തവിധം കൂനിപ്പോയപ്പോൾ” എന്നാണ് പി.ഒ.സി. വിവർത്തനം. ഈ വിവർത്തനം ഗ്രീക്കുമൂലത്തോടു പൂർണ്ണ വിശ്വസ്തത പുലർത്തുന്നില്ല. അതിനാൽ പി.ഒ.സി 2012-ൽ പ്രസിദ്ധീകരിച്ച പരിഷ്കരിച്ച പതിപ്പിൽ “.....രോഗത്തിന്റെ അരൂപി ബാധിച്ച് നിവർന്നു നിൽക്കാൻ സാധിക്കാത്തവിധം കൂനിപ്പോയ സ്ത്രീ” എന്നു തിരുത്തിയിരിക്കുന്നു. ഇതും പൂർണ്ണമായും തൃപ്തികരം എന്നു പറയാനാവില്ല. “രോഗത്തിന്റെ അരൂപി ബാധിച്ച്” എന്നതാണ് ആദ്യത്തെ പ്രശ്നം. *പ്നെവുമാ* (Penuma) എന്ന ഗ്രീക്കുവാക്കിന് “ആത്മാവ്” എന്നാണർത്ഥം. രോഗത്തിന്റെ എന്നു വിവർത്തനം ചെയ്യുന്ന *അസ്തെനേയിയ* (astheneia) എന്ന വാക്കിന്റെ അർത്ഥം ബലക്ഷയം എന്നത്രെ. ശക്തി ക്ഷയിപ്പിക്കുന്ന, അഥവാ ബലക്ഷയം വരുത്തുന്ന ആത്മാവു ബാധിച്ചവൾ എന്നായിരിക്കും ഗ്രീക്കുമൂലത്തിന്റെ അർത്ഥം.

ഇതു രോഗമാണോ പിശാചു ബാധയാണോ എന്നു തിരിച്ചറിയാൻ പറ്റാത്ത ഒരു അവതരണമാണ്. അവൾ രോഗിയായിരുന്നു എന്ന് സുവിശേഷകൻ പറയുന്നില്ല. അവളുടെ അവസ്ഥയുടെ കാരണം ചൂണ്ടിക്കാട്ടിയതിനുശേഷം അവസ്ഥയിലേക്കു ശ്രദ്ധതിരിക്കുന്നു. ഇവിടെയും വിവർത്തനം പൂർണ്ണമായും തൃപ്തികരം എന്നു പറയാനാവില്ല. “നിവർന്നു നിൽക്കാനാവാത്തവിധം കൂനിപ്പോയ” എന്ന വിവർത്തനം ഗ്രീക്കുമൂലത്തിലുള്ള ഒരു ക്രിയാവിശേഷണം വിട്ടുകളഞ്ഞിട്ടുണ്ട്. *എയിസ്തോ പന്തേ*

*ലെസ്* -eis to panteles എന്ന വിശേഷണത്തിന് ഒട്ടും തന്നെ (at all) എന്നാണർത്ഥം. പൂർണ്ണമായും കൂനിപ്പോയി. അല്പംപോലും തല ഉയർത്താനോ നട്ടെല്ലു നിവർത്താനോ കഴിയാത്തവിധം ബന്ധിതയായിരിക്കുന്നു അവൾ. ഇത് ഒരു രോഗമെന്നതിലുപരി അതികഠിനമായ ബന്ധനവും അടിമത്തവുമാണ് സൂചിപ്പിക്കുന്നത്.

അവളുടെ ശാരീരികാവസ്ഥ ആത്മീയവും സാമൂഹികവുമായ അവസ്ഥയുടെ അടയാളമായി പരിഗണിക്കണം. ഒരു വിധത്തിലും അല്പംപോലും നിവർന്നുനിൽക്കാൻ കഴിയാത്തവൾ അന്നത്തെ സമൂഹത്തിൽ നിലനിന്ന സ്ത്രീകളുടെ പൊതുവായ അവസ്ഥയുടെ ദൃശ്യമായ അടയാളമാണ്. ഒരു വിജാതീയ അടിമയുടെ സ്ഥാനത്തേക്കാൾ താഴെ ആയിരുന്നു യേശുവിന്റെ കാലത്ത് പാലസ്തീനായിൽ സ്ത്രീകളുടെ സ്ഥാനം. സ്ത്രീയായി ജനിക്കുന്നതു തന്നെ ശാപമായി കരുതിയിരുന്ന സാമൂഹ്യ വ്യവസ്ഥ.

പ്രായപൂർത്തിയാകുന്നതുവരെ പിതാവിന്റെയും അതിനു ശേഷം ഭർത്താവിന്റെയും, ഭർത്താവു മരിച്ചാൽ മക്കളുടെയും ആധിപത്യത്തിൽ കീഴിൽ അവൾ കഴിയണം. സ്വന്തമായി തീരുമാനങ്ങളെടുക്കാൻ അവകാശമില്ല-വിവാഹകാര്യത്തിൽപോലും. തലമൂടിയേ നടക്കാവൂ. പൊതു സ്ഥലത്തുവച്ച് സംസാരിക്കാൻ പാടില്ല. വീട്ടിലാണെങ്കിൽ പോലും ഉച്ചത്തിൽ സംസാരിക്കാനോ പരസ്യമായി പ്രാർത്ഥിക്കാനോ അവൾക്കനുവാദമില്ല. ജറുസലെം ദേവാലയത്തിൽ സ്ത്രീകൾക്കായി നിർദ്ദേശിച്ചിരുന്ന പ്രത്യേക സ്ഥലമുണ്ടായിരുന്നു. സിനഗോഗുകളിൽ ഏറ്റം പിന്നിലോ കെട്ടിടത്തിനു പുറത്തോ ആയിരുന്നു സ്ത്രീയുടെ സ്ഥാനം. ഈ സാഹചര്യം പരിഗണിച്ചുകൊണ്ടുവേണം യേശുവിന്റെ പ്രവൃത്തി അപഗ്രഥിക്കാൻ.

യേശു അവളെ കണ്ടു എന്നതു തന്നെയാണ് ആദ്യമേ ശ്രദ്ധയിൽപെടുന്നത്. സ്ത്രീകളുടെ ഇടയിൽ, ആരാലും ശ്രദ്ധിക്കപ്പെടാതെ, ഒന്നും പ്രതീക്ഷിക്കാതെ, ഒരു കോണിൽ വടിയൂന്നി കൂനിനിന്ന ഒരു വൃദ്ധ. യേശു അവളെ കണ്ടു. ഉടനെ അവളെ വിളിച്ചു. തന്റെ അടുത്തേക്ക്. സ്ത്രീകൾക്കായി നിശ്ചയിച്ചിരുന്ന വേലി കടന്ന്, എല്ലാവരുടെയും മുന്നിലേക്ക്, സ്റ്റേജിലേക്ക് വരാൻ യേശു അവളെ ക്ഷണിച്ചു. അവൾ വിളികേട്ടു. മറ്റൊന്നും പരിഗണിക്കാതെ മുമ്പോട്ടു വന്നു, യേശുവിന്റെയടുക്കൽ നിന്നു. യേശു കൈനീട്ടി അവളെ സ്പർശിച്ചു. അഥവാ തലയിൽ കൈവച്ച്

അനുഗ്രഹിച്ചു. നിന്റെ ബലക്ഷയത്തിൽനിന്ന് നീ മോചിതയായിരിക്കുന്നു. യേശുവിന്റെ പ്രഖ്യാപനം ഉടനടി ഫലം പുറപ്പെടുവിച്ചു. തൽക്ഷണം അവൾ നിവർന്നുനിന്നു, ദൈവത്തെ സ്തുതിച്ചു.

രണ്ടേ രണ്ടു കൊച്ചു വാക്യങ്ങളിൽ ചുരുക്കിപ്പറഞ്ഞിരിക്കുന്ന ഈ സംഭവം വലിയൊരു വിമോചനപ്രക്രിയയുടെ ചുരുൾ വിടർത്തുന്നതായി കാണാം. പ്രാർത്ഥനാലയത്തിൽ സ്ത്രീകൾക്കായി നിർദ്ദേശിച്ചിരുന്ന സ്ഥലപരിധികൾ മറികടന്ന്, യേശുവിന്റെ അടുക്കലേക്ക് വരാനുള്ള ക്ഷണവും അവളുടെ കടന്നുവരവും അതിരുകളെ മറികടക്കുന്ന, ബന്ധനത്തിന്റെ വേലികൾ പിഴുതുമാറ്റുന്ന, വിമോചനത്തിന്റെ തുടക്കമാണ്. യേശു അവളുടെമേൽ കൈവച്ചത് മറ്റൊരു ലംഘനം. അവൾ നിവർന്നു നിന്ന് ഉച്ചത്തിൽ സ്തുതിച്ചത് നിയമലംഘനത്തിന്റെ അഥവാ സ്ത്രീവിമോചനത്തിന്റെ ഉച്ചകോടി.

മനുഷ്യനെ അടിമയാക്കുന്ന ഒരു നിയമവും ദൈവത്തിൽ നിന്നല്ല. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീപുരുഷന്മാർ ഒരുപോലെ മഹത്വവും അവകാശങ്ങളും ഉള്ള ദൈവമക്കളാണ്. അവർക്കിടയിൽ വിവേചനം പാടില്ല. ആരും ആരെയും അടിമയാക്കരുത്; ആരും ആരുടെയും അടിമയാകുകയും അരുത്. ബന്ധിതർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനാണ് താൻ വന്നിരിക്കുന്നത് എന്ന നസ്രത്തിലെ നയ പ്രഖ്യാപനം യാഥാർത്ഥ്യമായ ഒരു മുഹൂർത്തമായിരുന്നു ഇത്. വിവരണം ഇവിടെ അവസാനിപ്പിക്കാമായിരുന്നു. എന്നാൽ ലൂക്കാ വിവരണം തുടരുകയാണ്- ഒരു സംഘട്ടനം അവതരിപ്പിച്ചുകൊണ്ട്. സംഘട്ടനത്തിന്റെ അവസാനമാണ് സന്തോഷത്തിന്റെ കാരണം സുവ്യക്തമാക്കുന്നത്.

കൂനിപ്പോയ സ്ത്രീക്കു ലഭിച്ച സ്വാതന്ത്ര്യവും സന്തോഷവും ഒന്നും നിയമത്തിന്റെ കാവൽക്കാരനായ സിനഗോഗധികാരിയെ സ്പർശിക്കുന്നില്ല. അതിപാവനമായ സാബത്തു നിയമം ലംഘിക്കപ്പെട്ടിരിക്കുന്നു എന്നതാണയാളുടെ പ്രശ്നം. കോപത്തോടെ ശകാരിക്കുന്നത് ജനത്തെയാണെന്നതും ശ്രദ്ധേയം. നിയമം ലംഘിച്ചത് യേശുവാണ്. എന്നാൽ യേശുവിനെ എതിരിടാൻ ധൈര്യപ്പെടാഞ്ഞിട്ടാവാം ജനങ്ങളെ ശകാരിക്കുന്നത്. ആഴ്ചയിൽ

ആറുദിവസം അധ്വാനിക്കാം. ആ ദിവസങ്ങളിൽ മതി രോഗശാന്തി. ഏഴാം ദിവസം സാബത്താണ്. ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന വിശുദ്ധ ദിവസം. അന്ന് ഒരു ജോലിയും പാടില്ല. ശകാരം ജനത്തിനു നേരെയാണെങ്കിലും ലക്ഷ്യം യേശുവാണെന്നു വ്യക്തം.

സാബത്തിനെ സംബന്ധിച്ച കാഴ്ചപ്പാടു തന്നെയാണിവിടെ ചർച്ചാവിഷയം. ബൈബിളിൽത്തന്നെ സാബത്തിനെക്കുറിച്ച് രണ്ടു കാഴ്ചപാടുകൾ അവതരിപ്പിക്കുന്നുണ്ട്. പത്തു പ്രമാണങ്ങളുടെ പട്ടിക പുറപ്പാട് 20,1-17-ൽ അവതരിപ്പിക്കുമ്പോൾ സാബത്തു ദിവസം ജോലിയൊന്നും ചെയ്യരുത് എന്നതിനാണ് ഊന്നൽ നൽകുന്നത് (പുറ 20,8-11). ഏഴാം ദിവസം ദൈവത്തിനുവേണ്ടി വാറ്റിവയ്ക്കണം. എന്നാൽ സമാന്തരമായി നിയ 5,6-21-ൽ കാണുന്ന പട്ടികയിൽ വിശ്രമിക്കണം എന്ന കല്പനയ്ക്കാണ് ഊന്നൽ. ഈജിപ്തിൽ അടിമകളായിരുന്നവർക്ക് ദൈവം മോചനം നൽകിയതിനെ അനുസ്മരിച്ച് എല്ലാവരും വിശ്രമിക്കണം; അടിമകൾക്കും വിശ്രമം നൽകണം.

പ്രത്യക്ഷത്തിൽ വ്യത്യാസമൊന്നുമില്ല എന്നു തോന്നാമെങ്കിലും അടുത്തു പരിശോധിച്ചാൽ രണ്ടവതരണങ്ങൾ തമ്മിൽ കാതലായ വ്യത്യാസമുണ്ട് എന്നു കാണാം. പുറപ്പാടിലെ വിവരണത്തിൽ ജോലി ചെയ്യാതിരിക്കുന്നതിനാണ് ഊന്നൽ; നിയമാവർത്തന വിവരണത്തിൽ വിശ്രമത്തിനും. അധ്വാനിക്കുന്നവർക്കു വിശ്രമത്തിനുള്ള അവകാശം ഉറപ്പു വരുത്തുന്നതാണ് നിയമാവർത്തനത്തിലെ അവതരണം. എന്നാൽ പുറപ്പാടിലെ പട്ടിക ജോലി ചെയ്യുന്നതിനെ വിലക്കുന്നു. എന്തെല്ലാം ജോലികളാണ് സാബത്തിൽ ചെയ്യാൻ പാടില്ലാത്തത് എന്ന് നിയമജ്ഞർ വിശദമായ പട്ടികയുണ്ടാക്കിയിരുന്നു. രോഗശാന്തിയും സാബത്തിൽ നിഷിദ്ധമായ ജോലിയുടെ പട്ടികയിൽപ്പെടും. ജീവൻ നിലനിർത്താൻ അത്യാവശ്യമായ ജോലി മാത്രമേ സാബത്തു ദിവസം ഒരു വൈദ്യൻ ചെയ്യാവൂ എന്ന് നിയമ വ്യാഖ്യാതാക്കൾ നിഷ്കർഷിച്ചു. ഈ പശ്ചാത്തലത്തിൽ സിനഗോഗധികാരിയുടെ കോപവും ശകാരവും വ്യക്തമാകുന്നു. എന്നാൽ ഈ നിയമ വ്യാഖ്യാനം യേശു സ്വീകരിക്കുന്നില്ല.

മനുഷ്യൻ സാബത്തിനു വേണ്ടിയല്ല, സാബത്ത് മനുഷ്യനു വേണ്ടിയാണ് (മർക്കോ 2,28) എന്ന യേശുവിന്റെ അടിസ്ഥാനപ

രമായ നിലപാട് നിയമത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുന്നു. മനുഷ്യനെ അടിമയാക്കാനല്ല, സ്വാതന്ത്ര്യം ഉറപ്പു വരുത്താനാണ് ദൈവം നിയമങ്ങൾ നൽകിയത്. എന്നാൽ "നിയമജ്ഞരുടെ വ്യാജമായ തൂലിക നിയമത്തെ വ്യാജമാക്കിയിരിക്കുന്നു" (ജറെ 8,8) എന്ന പ്രവാചകവിമർശനം യേശു ഏറ്റെടുത്തു. നിയമത്തെ അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണ് താൻ വന്നത് (മത്താ 5,17) എന്ന പ്രഖ്യാപനം യേശുവിന്റെ ഓരോ പ്രവൃത്തിയിലും പ്രബോധനത്തിലും പ്രതിഫലിച്ചിരുന്നു. സാബത്തിന്റെ യഥാർത്ഥമായ, ദൈവനിശ്ചിതമായ, ലക്ഷ്യം എല്ലാവർക്കും വിശ്രമവും സ്വാതന്ത്ര്യവും ഉറപ്പു വരുത്തുകയാണ്. ഈ ലക്ഷ്യത്തെ ഫരിസേയ വ്യാഖ്യാനത്തിലൂടെ തടസ്സപ്പെടുത്തുന്നതിനെതിരേ യേശു കലഹിച്ചു. നിയമത്തിന്റെ ആത്യന്തികമായ ലക്ഷ്യവും ചൈതന്യവും മറന്ന് അക്ഷരത്തിൽ കടിച്ചു തൂങ്ങുന്നത് കാപട്യമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചു.

"കർത്താവു പറഞ്ഞു" (ലൂക്കാ 13,15) എന്ന പ്രതികരണത്തിൽ യേശുവിന്റെ ആധികാരികതയ്ക്ക് സുവിശേഷകൻ ഊന്നൽ നൽകുന്നു. ദൈവത്തിന്റെ തന്നെ ആധികാരികതയാണ് "കർത്താവ്" എന്ന പദത്തിലൂടെ എടുത്തു കാട്ടുന്നത്. മൃഗങ്ങൾക്കു നൽകുന്ന പരിഗണനപോലും ഒരു സ്ത്രീക്ക് നല്കാത്തതിലുള്ള യേശുവിന്റെ കോപവും പ്രതിഷേധവും പ്രകടമാക്കുന്നതാണ് കാളയെയും കഴുതയെയും കുറിച്ചുള്ള പരാമർശം. തുടർന്ന് യേശു നൽകിയ വിമോചനത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. "പതിനെട്ടു വർഷം സാത്താൻ ബന്ധിച്ചിട്ടിരുന്ന അബ്രാഹത്തിന്റെ ഈ മകൾ" (ലൂക്കാ 13,16) എന്ന വിശേഷണം വിഷയത്തിന്റെ പ്രാധാന്യം പ്രകടമാക്കുന്നു. കേവലം നിസാരമായ ഒരു രോഗമോ രോഗശാന്തിയോ അല്ല ഇവിടെ ചർച്ചാവിഷയം. ദൈവം വിമോചിപ്പിച്ച്, ഉടമ്പടിയിലൂടെ സ്വന്തമാക്കിയ ജനത്തിൽ ഒരുവളാണ് ഇവിടെ മുമ്പിൽനിൽക്കുന്നത്, "അബ്രാഹത്തിന്റെ മകൾ". മറ്റ് ഏത് ഇസ്രായേലിനെയും പോലെ മഹത്വവും അവകാശങ്ങളുമുള്ള ഒരാൾ.

"സാത്താൻ ബന്ധിച്ചിട്ടിരുന്ന" എന്ന വിശേഷണം ഒരു പിശാചു ബാധയിലേക്കല്ല, കൂടുതൽ ആഴമേറിയ അടിമത്തത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. ഏതെങ്കിലും ഒരു പിശാചോ സാത്താനോ അവളിൽ പ്രവേശിച്ചു എന്ന് ഇതർത്ഥമാക്കുന്നില്ല. കൂനിപ്പോയ ഒരു ഹതഭാഗ്യ, നിവരാൻ കഴിയാത്തവിധം മുതു

കിൽ ഭാരം പേറുന്ന ഒരു ബന്ധിത. നിയമത്തിന്റെ മുമ്പിൽ തുല്യത ലഭിക്കാത്ത, അവഗണനയ്ക്കും അടിമത്തത്തിനും ഇരയായ, സ്ത്രീകളുടെ മുഴുവൻ പ്രതീകമായിട്ടാണ് കൂനിനിൽക്കുന്ന ഈ സ്ത്രീയെ യേശു കാണുന്നത്.

"നിങ്ങൾ നിവർന്നു നടക്കേണ്ടതിന് നിങ്ങളുടെ നുകത്തിന്റെ കെട്ടുകൾ ഞാൻ പൊട്ടിച്ചു" (ലേവ്യർ 26,13) എന്ന പ്രഖ്യാപനം യേശു ഇവിടെ യാഥാർത്ഥ്യമാക്കുകയാണ്. ബന്ധനങ്ങൾ അഴിക്കുക, ഭാരങ്ങൾ ഇറക്കിവയ്ക്കുക, നുകങ്ങൾ ഒടിക്കുക (ഏശ 58,6) ഇതാണ് ദൈവം ആഗ്രഹിക്കുന്നത്. ഇതാണ് ദൈവം ഈജിപ്തിലെ വിമോചനത്തിൽ നിറവേറ്റിയത്. രക്ഷകനായ യേശുവിലൂടെ ഇന്നും എന്നും ചെയ്യുന്നത്, ചെയ്യാൻ ആഗ്രഹിക്കുന്നത്. അതിന്റെ വ്യക്തമായ ഒരു ഉദാഹരണമാണ് സിനഗോഗിൽ നിവർന്ന് നിന്ന് ദൈവത്തെ സ്തുതിക്കുന്ന സ്ത്രീ.

അവൾക്കിനി ഭയമില്ല, മുതുകിൽ ഭാരമില്ല. വേലിക്കെട്ടുകൾ തന്നെ സമൂഹത്തിന്റെ പുറമ്പോക്കിലേക്കു തള്ളിവിടാൻ അവൾ സമ്മതിക്കില്ല. കർത്താവാണ് അവളെ വിളിച്ചു മുന്നോട്ടു കയറ്റി നിർത്തിയത്. കർത്താവാണ് അവളുടെ മുതുകിൽനിന്ന് അപകർഷബോധത്തിന്റെ ഭാണ്ഡം ഇറക്കിവച്ചത്. ഇനി അവൾ നിവർന്നുനിൽക്കും. ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കും. ഉള്ളിൽ നിറഞ്ഞുകവിയുന്ന സന്തോഷം സ്തുതികീർത്തനങ്ങളായി, വാക്കില്ലാത്ത ശബ്ദമായി പ്രവഹിക്കും. ഇപ്പോൾ അവൾ ഒരു പുതിയ സൃഷ്ടിയാണ്. സകല ബന്ധനങ്ങളിൽനിന്നും കർത്താവായ യേശുക്രിസ്തു മോചിപ്പിച്ച ഒരു പുതിയ സൃഷ്ടി-ദൈവത്തിനു പ്രിയങ്കരിയായ, അവിടുത്തെ മുഖം വഹിക്കുന്ന മകൾ. ഈ അംഗീകാരം, അതു നൽകുന്ന ആത്മാഭിമാനം ഇതെല്ലാമാണ് ഉച്ചത്തിലുള്ള അവളുടെ സ്തുതിപ്പിൽ പ്രകടമാകുന്നത്.

ഒരു വ്യക്തിയുടെ, അതും അടിമയെപ്പോലെ കൂനിനിന്ന ഒരു വൃദ്ധയുടെ, വിമോചനം സിനഗോഗധികാരിയെ ക്ഷുഭിതനാക്കി. കാരണം താൻ പ്രതിനിധാനം ചെയ്യുന്ന, കാത്തു സംരക്ഷിക്കുന്ന, മതസംവിധാനങ്ങളുടെ അടിത്തറയിളക്കുന്നതാണ് യേശുവിന്റെ ഈ സമീപനം എന്ന് അയാൾ കരുതി. എന്നാൽ ദുർഭഗയായി പരിഗണിക്കപ്പെട്ടിരുന്ന ഒരു സ്ത്രീയുടെ വിമോചനം ജനക്കൂട്ടത്തെ സന്തോഷഭരിതരാക്കി. സിനഗോഗിൽ അവർ ദർശിച്ച വിമോചനം യേശു നൽകുന്ന സമഗ്രമോചനത്തിന്റെ ഒരു ഉദാ

ഹരണം മാത്രമാണെന്ന് അവർക്കറിയാം. അതിനാലാണ് "അവൻ ചെയ്ത മഹനീയ കൃത്യങ്ങളെക്കുറിച്ച് ജനക്കൂട്ടം സന്തോഷിച്ചു" എന്ന് സമാപന വാക്യമായി സുവിശേഷകൻ കുറിക്കുന്നത്.

ദൈവം നൽകുന്ന മോചനം സമഗ്രമാണ്. എല്ലാ ബന്ധനങ്ങളിൽനിന്നും സമ്പൂർണ്ണമായ വിടുതൽ. യേശു വന്നതിന്റെ ലക്ഷ്യംതന്നെ ഈ മോചനമാണ്. അത് അനുഭവിച്ചറിയുന്നവരുടെ ഉള്ളിൽ സന്തോഷം നിറയും; അവരുടെ അധരങ്ങളിൽനിന്ന് സ്തുതിഗീതങ്ങൾ ഉയരും. എല്ലാവരും ഈ വിടുതൽ പ്രാപിക്കണം; സന്തോഷം അനുഭവിക്കണം എന്നതാണ് ദൈവത്തിന്റെ തിരുവിഷ്ടം. അതു യാഥാർത്ഥ്യമാകണമെങ്കിൽ എന്റെ ബന്ധനങ്ങളെ ഞാൻ തിരിച്ചറിയണം, ഉപേക്ഷിക്കാൻ തയ്യാറാകണം. അവന്റെ വിളി കേൾക്കുക; ആവശ്യമില്ലാത്ത ഭാണ്ഡങ്ങൾ മുതുകിൽനിന്നും ഇറക്കിവയ്ക്കുക. നട്ടെല്ലു നിവർത്തി ദൈവതിരുമുമ്പിൽ സന്തോഷത്തോടെ നിൽക്കുക. നീ ദൈവത്തിനു വിലപ്പെട്ട, പ്രിയപ്പെട്ട വ്യക്തിയാണെന്നോർക്കുക! എന്തൊക്കെയാണ് എന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്ന ഭാണ്ഡങ്ങൾ?

# 18

## അമൂല്യമായതു കണ്ടെത്തുമ്പോൾ

*"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യം. അതു കണ്ടെത്തുന്നവൻ അതു മറച്ചുവയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു" (മത്താ 13,44).*

1943 ഏപ്രിൽ മാസത്തിൽ, കോഴിക്കോട് ജില്ലയിലെ കുള ത്തുവയൽ എന്ന പ്രദേശത്തേക്കു കുടിയേറിയവരാണ് എന്റെ മാതാപിതാക്കൾ. എനിക്കന്ന് പ്രായം 9 മാസം. ബാല്യകാല സ്മര ണകളിൽ തങ്ങിനിൽക്കുന്ന ഒന്നാണ് ഒരു പഴഞ്ചൊല്ല്: "പോയ പന്നിയായിരുന്നു വലുത്". വനം വെട്ടിത്തെളിച്ചാണ് കുടിൽ വച്ചതും കൃഷി നടത്തിയതും. കാട്ടുപന്നി കൂട്ടത്തോടെ വന്ന് കപ്പയും വാഴയും നശിപ്പിക്കും. നാട്ടിൽ ഒരു നാടൻ തോക്കു കൈവശമുള്ള ഒരാളുണ്ട്. അയാൾ പന്നിക്കൂട്ടത്തിനു നേരെ വെടി വച്ചു. ഒരു ക്വിന്റലിൽ അധികം ഭാരമുള്ള പന്നി ചത്തുവീണു. വീണ്ടും തോക്കു നിറയ്ക്കുന്നതിനിടെ ബാക്കി പന്നികളെല്ലാം പ്രാണരക്ഷാർത്ഥം പലായനം ചെയ്തു. ചത്തുവീണ പന്നിയുടെ അടുത്ത് നിന്ന് ഒരു കാരണവർ പറഞ്ഞതാണ് പഴഞ്ചൊല്ലായി മാറിയത്. "പോയ പന്നിയാ വലുത്". കിട്ടിയതിലുള്ള സന്തോ ഷമല്ല, കിട്ടാതെ പോയതിലുള്ള ദുഃഖവും ഇച്ഛാഭംഗവും മുഴ ങ്ങുന്ന പഴഞ്ചൊല്ല്.

ഇതു പന്നിയുടെ മാത്രം കാര്യമല്ലല്ലോ. കുടിയേറ്റക്കാർ കൃഷി സംരക്ഷണത്തിനായി തോക്കുപയോഗിച്ച സാഹചര്യത്തിൽ മാത്ര മായി ഇതിന്റെ പ്രസക്തി ചുരുക്കാനുമാവില്ല. എത്ര കിട്ടിയാലും

തൃപ്തിയാവാതെ, വീണ്ടും വീണ്ടും വാരിക്കൂട്ടാനുള്ള ആർത്തി സംസ്കാരത്തിന്റെ മുദ്രാവാക്യമായി ഈ പഴഞ്ചൊല്ലിനെ കരുതാം. കൈവിട്ടുപോയത്, എത്തിപ്പിടിക്കാൻ കഴിയാതെ വരുന്നത്, എത്ര ആഗ്രഹിച്ചിട്ടും ശ്രമിച്ചിട്ടും കിട്ടാത്തത് - ഇതൊക്കെയല്ലേ മനുഷ്യന്റെ സന്തോഷം കെടുത്തുന്നത്? ഇവിടെയാണ് യേശു പറഞ്ഞ രണ്ട് ഉപമകൾ പ്രത്യേകം ശ്രദ്ധേയമാകുന്നത്- നിധിയൊളിഞ്ഞിരിക്കുന്ന വയലിന്റെയും അമൂല്യമായ രത്നത്തിന്റെയും ഉപമകൾ, എന്നും ഏതു ജീവിതാവസ്ഥയിലുള്ളവർക്കും പ്രസക്തമായ പാഠങ്ങൾ ഉൾക്കൊള്ളുന്ന രണ്ട് ചെറിയ ഉദാഹരണങ്ങൾ.

ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ ഉപസംഹാരം എന്ന നിലയിലാണ് മത്താ 13,44-52-ൽ നിധിയൊളിഞ്ഞിരിക്കുന്ന വയൽ, അമൂല്യരത്നം, എല്ലാത്തരം മത്സ്യങ്ങളും ശേഖരിക്കുന്ന വല എന്നിങ്ങനെ മൂന്ന് ഉപമകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവ മൂന്നും മത്തായി എഴുതിയ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ. ഇവയിൽ ആദ്യത്തെ രണ്ടുപമകൾ ഒരേ ആശയം തന്നെ, രണ്ടു വ്യത്യസ്ത മേഖലകളിലെ അനുഭവങ്ങളിൽനിന്ന്, അവതരിപ്പിക്കുന്നു. അമൂല്യമായ ഒന്ന് കണ്ടെത്തുന്നു, അതു സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു, അതിനായി തനിക്കുള്ളതെല്ലാം സന്തോഷത്തോടെ വിൽക്കുന്നു. വിശദാംശങ്ങളിൽ ചെറിയ വ്യത്യാസങ്ങളുണ്ടെങ്കിലും കഥയുടെ സ്വഭാവവും ലക്ഷ്യവും ഒന്നുതന്നെ.

കാർഷിക മേഖലയിൽ നിന്നാണ് ആദ്യത്തെ ഉപമ. ഇന്നത്തേതുപോലെ ബാങ്കുകളും മറ്റു നിക്ഷേപസംവിധാനങ്ങളും സാധാരണമല്ലാതിരുന്ന അക്കാലത്ത് മനുഷ്യർ തങ്ങളുടെ സമ്പത്ത്, സ്വർണ്ണമോ, വെള്ളിയോ ആക്കി നിലത്തു കുഴിയുണ്ടാക്കി ഒളിച്ചുവയ്ക്കുക പതിവായിരുന്നു, ഒരു താലന്തു കിട്ടിയവൻ ചെയ്തതുപോലെ (മത്താ 25,18). സ്വത്തു കുഴിച്ചിട്ടവൻ മരിച്ചുപോവുകയോ ഏതെങ്കിലും കാണവശാൽ അത് എടുക്കാൻ കഴിയാതെ വരുകയോ ചെയ്താൽ അത് മറഞ്ഞിരിക്കുന്ന നിധിയായി തുടരും. ഇപ്രകാരം ഒളിഞ്ഞിരുന്ന ഒരു നിധികുംഭമാണ് വയൽ കിളച്ച ഒരു വേലക്കാരൻ യാദൃശ്ചികമായി കണ്ടെത്തിയത്. എല്ലാം വിറ്റ് ആ വയൽ വാങ്ങാൻ തുനിയുന്നതിൽനിന്ന് രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നു. 1. ആ വയൽ അയാളുടേതല്ല; അയാൾ ഒരു വേലക്കാരൻ മാത്രമാണ്. 2. കണ്ടെത്തിയ നിധി

വളരെ വിലപ്പെട്ടതാണ്. അതു സ്വന്തമാക്കാൻ വേണ്ടി എന്തെല്ലാം വിൽക്കേണ്ടി വന്നാലും അതു ലാഭമാണ്.

ഈ രണ്ടു കാര്യങ്ങളേക്കാൾ പ്രധാനം അയാളുടെ മനോഭാവത്തിനാണ്, നിധി കണ്ടെത്തിയതിലുള്ള സന്തോഷം. തനിക്കുള്ളതെല്ലാം കൊടുത്താലും ഇപ്പോൾ കണ്ടെത്തിയതു സ്വന്തമാക്കുന്നത് വലിയ ലാഭമാണ്. വിൽക്കുന്നതിലുള്ള ദുഃഖമോ നഷ്ടബോധമോ അല്ല, സ്വന്തമാക്കുന്നതിലൂടെ ലഭിക്കുന്ന സന്തോഷമാണ് യേശു എടുത്തു കാട്ടുന്നത്.

ഏതാണ്ട് ഇതു തന്നെയാണ് രണ്ടാമത്തെ ഉപമയുടെയും മുഖ്യ സന്ദേശം. വിലപ്പെട്ട രത്നങ്ങൾ തേടുന്ന രത്നവ്യാപാരി പുതിയൊരു രത്നം കണ്ടെത്തുന്നു. മൂല്യം നിശ്ചയിക്കാനാവാത്തത്ര വിലപ്പെട്ട ഒരു രത്നം. അതുമായി താരതമ്യം ചെയ്യുമ്പോൾ താൻ ഇതുവരെ വാങ്ങിയതും സൂക്ഷിച്ചു വയ്ക്കുന്നതുമായ രത്നങ്ങളെല്ലാം വിലകെട്ട പളുങ്കോ പ്ലാസ്റ്റിക്കോ പോലെ അയാൾക്കു തോന്നി. ഏതുവിധേനയും ഈ പുതിയ രത്നം സ്വന്തമാക്കണം. തനിക്കതുമതി. എല്ലാം വിറ്റ് നിധി സ്വന്തമാക്കി, ജീവിതം ധന്യമായി. ഇനി ആഗ്രഹങ്ങളില്ല; അന്വേഷണവുമില്ല, തൃപ്തിയായി.

ദൈവരാജ്യത്തെ വിശദീകരിക്കാൻ യേശു പറഞ്ഞ രണ്ടു കഥകൾ, അവതരിപ്പിച്ച രണ്ട് ഉദാഹരണങ്ങൾ. വയലിലെ നിധി കണ്ടെത്തിയത് യാദൃച്ഛികമായിട്ടായിരുന്നു; രത്നമാകട്ടെ വ്യാപാരി അന്വേഷിച്ചു കണ്ടെത്തിയതാണ്. ദൈവരാജ്യാനുഭവത്തിലേക്കു കടന്നുവരുന്ന വ്യത്യസ്ത സാഹചര്യങ്ങൾ അവതരിപ്പിക്കുന്നതാണ് ഈ രണ്ടു കഥകൾ. എങ്ങനെ കണ്ടെത്തിയതാണെങ്കിലും ജീവിതത്തെ ധന്യമാക്കാൻ, ഇനി ഒരാഗ്രഹവും അവശേഷിക്കാത്ത വിധത്തിൽ സമ്പൂർണ്ണസന്തോഷം പ്രദാനം ചെയ്യാൻ ദൈവരാജ്യാനുഭവത്തിനു കഴിയും.

വിൽക്കുന്നതിനല്ല, കണ്ടെത്തി സ്വന്തമാക്കുന്നതിനാണ് ഉപമകൾ ഊന്നൽ നൽകുന്നത് എന്ന കാര്യം ശ്രദ്ധിക്കണം. കണ്ടെത്തിയ ദൈവരാജ്യമെന്ന യാഥാർത്ഥ്യം ഇതുവരെ അറിഞ്ഞതും അനുഭവിച്ചതും, ആഗ്രഹിച്ചതും പ്രതീക്ഷിച്ചതുമായ എല്ലാ യാഥാർത്ഥ്യങ്ങളെയുംകാൾ സന്തോഷപ്രദമാണ്. അതിന്റെ വെളിച്ചത്തിൽ ബാക്കിയെല്ലാം നിഷ്പ്രഭവും അനാകർഷകവുമായിത്തീരുന്നു. ഇതുവരെ നേടിയതെല്ലാം ഈ പുതിയ അനുഭവത്തോടു

താരതമ്യം ചെയ്യുമ്പോൾ വിലകെട്ടതും അർത്ഥശൂന്യവുമായി അനുഭവപ്പെടുന്നു.

അതിനാൽ, ദൈവരാജ്യത്തിനുവേണ്ടി മറ്റെല്ലാം ത്യജിക്കുന്നത് ആരും നിർബന്ധിച്ചിട്ടില്ല; നഷ്ടബോധത്തോടെയുമല്ല. കാട്ടുമൃഗങ്ങളുടെ ശല്യം മൂലം കൃഷിചെയ്യാനോ, വസിക്കാനോ കഴിയാത്തവിധം ഉപയോഗശൂന്യമായി, മലമുകളിൽ, വനത്തിന്റെ അതിർത്തിയിലുള്ള പത്തേക്കർ സ്ഥലം കൊടുത്താൽ നഗര മധ്യത്തിൽ മനോഹരമായൊരു മാളികയോടു കൂടിയ ഇരുപതു സെന്റ് സ്ഥലം തരാം എന്നു പറഞ്ഞാൽ ആരാണ് കൊടുക്കാൻ തയ്യാറാവാത്തത്? ഇതൊരു നഷ്ടക്കച്ചവടമാണെന്ന് ആരും കരുതിയില്ല. ലോട്ടറിയടിച്ചതുപോലെ ഒരു സമ്മാനമായേ കരുതൂ. ഏതാണ്ട് ഇതുപോലെയാണ് യേശു പറഞ്ഞ ഉപമ.

എത്ര വിലകൊടുത്താലും തികയാത്ത, അമൂല്യമായ നിക്ഷേപമാണ്, സമ്പത്താണ് ദൈവരാജ്യം. ദൈവം എന്റെ പിതാവാണെന്ന്, ഞാൻ ദൈവത്തിന്റെ മകൻ/മകൾ ആയി ദത്തെടുക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഏറ്റം ലളിതമായി പറഞ്ഞാൽ ദൈവരാജ്യാനുഭവം. അതു ഞാൻ നേടിയെടുക്കുന്നതല്ല; ദാനമായി ദൈവം നൽകുന്നതാണ്. ആ ദൈവരാജ്യാനുഭവത്തിലേക്ക്, ദൈവമക്കളുടെ സ്ഥാനത്തേക്ക് നമ്മെ ക്ഷണിക്കുകയും കൊണ്ടു വരുകയുമാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിന്റെ ലക്ഷ്യം.

ദൈവം വച്ചു നീട്ടുന്ന ഈ അനിർവ്വചനീയമായ ദാനത്തിനു മുന്നിൽ ഒരു വിലപേശലിനും സ്ഥാനമില്ല. സന്തോഷത്തോടെ സ്വീകരിക്കുക. ദൈവരാജ്യാനുഭവത്തിനു വിഘ്നാതമായി നിൽക്കുന്ന, ദൈവഹിതം പൂർണ്ണമായും എന്റെ ജീവിതത്തിൽ നടപ്പിലാകുന്നതിനു വിരുദ്ധമായിത്തീരുന്ന എന്തും ത്യജിക്കണം. അതു നഷ്ടബോധത്തോടെയല്ല, സന്തോഷത്തോടെ ആയിരിക്കണം. കാരണം എന്തു വിലകൊടുത്താലും തികയാത്തതാണ് എനിക്കു ദൈവം നൽകുന്ന ദാനം, ദൈവപുത്രസ്ഥാനം.

അതിനാൽ പോയ പന്നിയുടെ വലുപ്പത്തെ വിചാരിച്ച് നിരാശപ്പെടാതെ, കിട്ടിയിരിക്കുന്ന അമൂല്യ ദാനത്തിന്റെ മഹത്വം മനസിലാക്കി സന്തോഷിക്കുക! ദൈവം നൽകിയിരിക്കുന്ന ദാനത്തിന്റെ അർത്ഥവും ആഴവും ഗ്രഹിക്കുന്നതിന് ആനുപാതികമായി നമ്മുടെ സന്തോഷവും വർദ്ധിക്കും. ഇതുവരെ നേടിയെടുത്തതും കൈവശപ്പെടുത്താമെന്ന് കരുതിയതും ആഗ്രഹിച്ചതും

ഒന്നും നൽകാത്ത, വലിയ സന്തോഷം. അതാണ് സ്വർഗ്ഗീയാനുഭവത്തിന്റെ മുന്നാസ്വാദനം. അതു ലഭിച്ചവർക്കു പിന്നെ മറ്റൊന്നും വേണ്ടാ. ഒരു ത്യാഗവും ക്ലേശവും അവർക്കു ദുഃഖകരമാവില്ല- വന്യമൃഗങ്ങളുടെ വായിലേക്കും അഗ്നികുണ്ഠത്തിലേക്കും വാൾത്തലയിലേക്കും സ്തോത്രഗാനങ്ങൾ പാടി സന്തോഷത്തോടെ കടന്നുചെന്ന രക്തസാക്ഷികളെപ്പോലെ. അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് കർത്താവേ അങ്ങേയ്ക്കു സ്തുതി (2 കോറി 9,15).

# 19

## നഷ്ടപ്പെട്ടതു കണ്ടുകിട്ടുന്നതിൽ സന്തോഷം

*"അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതി മാന്മാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപി യെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കാ 15,7).*

മറ്റു മൂന്നു സുവിശേഷങ്ങളേക്കാൾ കൂടുതൽ ലൂക്കായുടെ സുവിശേഷം സന്തോഷം എന്ന പ്രമേയത്തിന് ഊന്നൽ നൽകു ന്നുണ്ട്. അതിനാൽത്തന്നെ ലൂക്കാ എഴുതിയ സുവിശേഷത്തെ സന്തോഷത്തിന്റെ സുവിശേഷം എന്നു വിശേഷിപ്പിക്കാറുണ്ട്. സുവിശേഷത്തിന്റെ ആരംഭം മുതൽ (1,14) അവസാനം വരെ (24,52-53). ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും മാറ്റൊലി മുഴ ങ്ങിക്കേൾക്കാം. എന്നാൽ സുവിശേഷത്തിന്റെ കാതൽ എന്നും സുവിശേഷങ്ങളിലെ സുവിശേഷം എന്നും വിശേഷിപ്പിക്കാറുള്ള 15-ാം അധ്യായത്തിലാണ് ഈ സന്തോഷം ഏറ്റവും കൂടുതൽ പ്രകടമാകുന്നത്.

കാണാതെ പോയ ആട്, കാണാതെ പോയ നാണയം, വീടു വിട്ടിറങ്ങിപ്പോയ ധൂർത്തപുത്രൻ എന്നിങ്ങനെ മൂന്ന് ഉപമകളാണ് 15-ാം അധ്യായത്തിൽ വിവരിക്കുന്നത്. ഉപമകൾക്കു കൊടുക്കുന്ന ശീർഷകങ്ങൾ പൊതുവേ അംഗീകരിക്കപ്പെട്ടവയാണെങ്കിലും അവയൊന്നും യഥാർത്ഥത്തിൽ ഉപമകളുടെ അർത്ഥം പ്രകടമാ ക്കാൻ പര്യാപ്തമല്ല എന്ന് വിശദമായ പരിശോധനയിൽ വ്യക്ത മാകും. നഷ്ടപ്പെട്ട ആടും നാണയവും മകനുമല്ല, അവയെ തേടുന്ന ഇടയനും വീട്ടമ്മയും മകന്റെ മടങ്ങിവരവിനായി കാത്തി

രിക്കുന്ന പിതാവുമാണ് മുഖ്യകഥാപാത്രങ്ങൾ; മൂന്ന് ഉപമയിലും നിറഞ്ഞു കവിയുന്ന വികാരം സന്തോഷത്തിന്റേതും. ഈ മൂന്ന് ഉപമകളിൽ ആദ്യത്തെ രണ്ടെണ്ണമാണ് ഇവിടെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്. മൂന്നാമത്തേത് അടുത്ത അധ്യായത്തിന്റെ വിഷയമായിരിക്കും.

ബൈബിൾ ഭാഗങ്ങൾ വിശകലനം ചെയ്യുമ്പോൾ അവയുടെ സാഹചര്യം കണക്കിലെടുക്കണം (text in its context) എന്നത് ബൈബിൾ വ്യാഖ്യാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നാണ്. ഈ നിയമം പഠനവിഷയമായ ഉപമകളുടെ അർത്ഥം ഗ്രഹിക്കാൻ ഏറെ സഹായകമാകും. യേശുവിന്റെ ജീവിതം, പ്രവർത്തനങ്ങൾ, പ്രബോധനങ്ങൾ എന്നിവയോടു ജനത്തിനിടയിലുണ്ടായ രണ്ടുതരം പ്രതികരണങ്ങളാണ് ഉപമകളുടെ സാഹചര്യമായി ലൂക്കാ എടുത്തുകാട്ടുന്നത് (ലൂക്കാ 15,1-2). പാപമോചനവും രക്ഷയും ആവശ്യമുണ്ടെന്നു ബോധ്യമായ ചുങ്കക്കാരും പാപികളും അടങ്ങുന്ന സാധാരണ ജനം താൽപര്യപൂർവ്വം യേശുവിന്റെയടുക്കൽ വരുകയും അവന്റെ വാക്കുകൾ കേൾക്കുകയും ചെയ്തു, അതിൽ അവർ സന്തോഷിച്ചു. എന്നാൽ "വിശുദ്ധർ" എന്നു സ്വയം അഭിമാനിച്ചിരുന്ന ഫരിസേയരും നിയമജ്ഞരും യേശുവിന്റെ ഈ സമീപനത്തെ പുച്ഛിച്ചു, വിമർശിച്ചു. ഈ വ്യത്യസ്ത പ്രതികരണങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഉപമകളുടെ അർത്ഥം അന്വേഷിക്കാൻ.

കേൾവിക്കാർക്ക് സുപരിചിതമാണ് നഷ്ടപ്പെട്ട ആടിനെ തേടുന്ന ഇടയന്റെ ഉപമ. കൂട്ടംവിട്ട് വഴിതെറ്റി, മരുഭൂമിയിൽ അലയുന്ന ആട് അപകടത്തിൽപ്പെടും. ഒന്നുകിൽ വന്യമൃഗങ്ങൾക്ക് ഇരയാകും; അല്ലെങ്കിൽ മുൾപ്പടർപ്പിലോ കുഴിയിലോ വീണ് ചത്തുപോകും. കൂട്ടമായി നിൽക്കുന്ന, കൂട്ടത്തോടു ചേർന്നു നിൽക്കുന്ന, ആടുകൾ സുരക്ഷിതരാണ്. അതിനാൽ അവയെ മരുഭൂമിയിൽത്തന്നെ നിർത്തിയിട്ട്, കാണാതായ ആടിനെ തേടുക ഏതൊരു നല്ല ഇടയന്റെയും കടമയാണ്; സ്വഭാവത്തിന്റെ ഭാഗമാണ്. കണ്ടെത്തുന്നതുവരെ അന്വേഷിക്കുക. കണ്ടെത്തിക്കഴിയുമ്പോൾ വഴിതെറ്റിപ്പോയ ആടിനോട് അരിശമല്ല, മറിച്ച് സഹതാപമാണ് ഇടയനു തോന്നുക. അതിലുപരി, നഷ്ടപ്പെട്ടുപോയി എന്നു കരുതിയ ആടിനെ കണ്ടെത്തുമ്പോൾ ഉണ്ടാകുന്ന സന്തോഷം അവർണ്ണനീയമത്രെ. വഴിതെറ്റി അലഞ്ഞും ഭയന്നും തളർന്ന ആടിനെ അവൻ സന്തോഷത്തോടെ, കരുണയോടെ,

തോളിലേറ്റി തിരിച്ചുവരുന്നു. വീട്ടിലെത്തുമ്പോൾ കൂട്ടുകാരെ വിളിച്ചുവരുത്തി സന്തോഷം പങ്കുവയ്ക്കുന്നു. കേൾവിക്കാർക്കു മനസിലാകുന്ന ഇടയന്റെ ചിത്രം. എന്നാൽ എന്താണ് ഈ കഥ യുടെ പൊരുൾ?

അത് യേശു തന്നെ വിശദീകരിച്ചു തരുന്നുണ്ട്. ആടുകളും ഇടയനും പ്രതീകങ്ങളാണ്. ആടുകൾ രണ്ടുതരം. കൂട്ടം വിടാതെ, അനുസരണയുള്ളവരായി സുരക്ഷിതരായി കഴിയുന്ന ആടുകൾ ദൈവത്തോടു വിശ്വസ്തത പാലിക്കുന്ന വിശുദ്ധരായ മനുഷ്യ രാണ്. വഴിതെറ്റിയതാകട്ടെ, ദൈവിക നിയമങ്ങൾ ലംഘിച്ച്, ദൈവ ത്തിൽനിന്നകന്ന് പാപമാർഗ്ഗത്തിൽ അലഞ്ഞ്, എല്ലാം നഷ്ടപ്പെട്ട്, നിത്യനാശം മാത്രം പ്രതീക്ഷിക്കുന്ന പാപികൾ. "ചുങ്കക്കാരും പാപികളും" എന്നു വിശേഷിപ്പിക്കുന്നവരുടെ പ്രതീകമാണ് വഴി തെറ്റിയ ആട്, കൂട്ടം വിട്ടുപോകാത്തവർ ഫരിസേയരുടെയും നിയ മജ്ഞരുടെയും പ്രതീകങ്ങളും. ഇനിയാണ് തികച്ചും അസാധാ രണവും അപ്രതീക്ഷിതവുമായ പ്രഖ്യാപനം.

"അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതി മാന്മാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപി യെക്കുറിച്ച് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങ ളോടു പറയുന്നു" (15,7). ഇവിടെ രണ്ടു വാക്കുകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അനുതപിക്കുക എന്നതാണ് ആദ്യത്തെ വാക്ക്. ഇതു രണ്ടു തവണ പ്രത്യക്ഷപ്പെടുന്നുണ്ട്-*മെത്താനൊ യേയിൻ-മെത്താനോയിയ* (metanoein-metanoia) എന്നാണ് ഗ്രീക്കുമൂലം. അനുതാപം എന്നാൽ ചെയ്തുപോയതു തെറ്റാ ണെന്ന് അംഗീകരിക്കുക, അതിനെ ഓർത്തു ദുഃഖിക്കുക എന്നാ ണല്ലോ പൊതുവേ അർത്ഥമാക്കുക. എന്നാൽ ഗ്രീക്കു മൂലത്തിന്റെ ഊന്നൽ വ്യത്യസ്തമാണ്.

മനസ്സു മാറുക, പുതിയൊരു മനോഭാവം സ്വീകരിക്കുക എന്നാണ് ഗ്രീക്കു വാക്കിന്റെ അർത്ഥം. ഇവിടെ ശ്രദ്ധാകേന്ദ്രം കഴിഞ്ഞ കാലത്തു ചെയ്തുപോയ തെറ്റുകളല്ല, സ്വീകരിക്കാൻ തയ്യാറാകുന്ന പുതിയ ജീവിതവീക്ഷണവും ജീവിതശൈലിയു മാണ്. "മാനസാന്തരപ്പെടുക" എന്ന വിവർത്തനമായിരിക്കും ഗ്രീക്കു മൂലത്തിന്റെ അർത്ഥം കൂടുതൽ വ്യക്തമാക്കുന്നത്. ചെയ്തുപോയ തെറ്റുകൾ മനസിലാക്കി ഏറ്റുപറയുക, അവ ആവർത്തിക്കില്ല എന്നു തീരുമാനിക്കുക, പുതിയൊരു ജീവിത

ശൈലി കരുപ്പിടിപ്പിക്കുക-ഇതാണ് മാനസാന്തരം. ഈ പ്രക്രിയയുടെ തുടക്കം പാപബോധത്തിലാണ്. പാപബോധമുള്ളവർക്കേ മാനസാന്തരം സാധ്യമാകൂ. അതില്ലാത്തവർ തങ്ങൾക്ക് എന്തെങ്കിലും കുറവോ മാറ്റത്തിന് ആവശ്യമോ ഉണ്ടെന്ന് കരുതുന്നില്ല. ഇതാണ് കാപട്യം. ഇതിനെതിരേയാണ് യേശു ഏറ്റം അധികം കലഹിച്ചത്.

"സ്വർഗ്ഗത്തിൽ സന്തോഷം" എന്ന പ്രയോഗം ആണ് രണ്ടാമത്തേത്. ഇവിടെ ദീർഘമായ വിശകലനത്തിന്റെ ആവശ്യമില്ല. "സ്വർഗ്ഗം" എന്നതു ദൈവത്തിന്റെതന്നെ പര്യായമാണ്. "ദൈവരാജ്യം" എന്ന യാഥാർത്ഥ്യത്തെ മത്തായി എഴുതിയ സുവിശേഷത്തിൽ "സ്വർഗ്ഗരാജ്യം" എന്നു വിളിക്കുന്നതിൽനിന്ന് ഇതു വ്യക്തമാകുന്നു. ദൈവത്തോടുള്ള അതിയായ ആദരവും ബഹുമാനവും മൂലം യഹൂദർ ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട പേരായ "യാഹ്‌വേ" ഒരിക്കലും ഉച്ചരിക്കില്ല; ദൈവം എന്ന പേരുപോലും പറയാൻ മടിക്കും. അതിനുപകരം അത്യുന്നതൻ, സ്വർഗ്ഗസ്ഥൻ, എന്നൊക്കെ ആയിരിക്കും പറയുക. ഈ പശ്ചാത്തലത്തിൽ യേശുവിന്റെ കേൾവിക്കാർക്കു ഒരു സംശയവുമുണ്ടാവില്ല. മാനസാന്തരപ്പെടുന്ന പാപിയെക്കുറിച്ച് ദൈവം ഏറെ സന്തോഷിക്കും. കാരണം ആരും നഷ്ടപ്പെട്ടുപോകരുത് എന്നതാണ് ദൈവത്തിന്റെ ആഗ്രഹം.

ആടിന്റെ കഥയിൽ ശ്രദ്ധാകേന്ദ്രം തേടുന്ന ഇടയനാണെങ്കിൽ നാണയത്തിന്റെ കഥയിൽ തേടുന്ന വീട്ടമ്മയാണ് കഥാനായിക. പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും തുല്യ പ്രാധാന്യം നൽകുക ലൂക്കാ സുവിശേഷകന്റെ ഒരു സവിശേഷതയാണ്. നഷ്ടപ്പെട്ട നാണയം അവൾക്കു വിലപ്പെട്ടതായിരുന്നു, വേറെ ഒമ്പതെണ്ണം കൈവശമുണ്ടെങ്കിലും. ഒന്നുപോലും നഷ്ടപ്പെടാൻ അനുവദിക്കാത്ത ഇടയനും വീട്ടമ്മയും സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതീകങ്ങളാണ്. നഷ്ടപ്പെട്ട മനുഷ്യനെ തേടിയിറങ്ങുന്ന ദൈവത്തിന്റെ ചിത്രമാണ് ബൈബിളിൽ ഉടനീളം കാണുന്നത്. പറുദീസായിൽ ഭയന്ന് ഒളിച്ചിരുന്ന ആദിമനുഷ്യനെ അന്വേഷിച്ചിറങ്ങുന്നതിൽ തുടങ്ങുന്നു (ഉൽപ 3,9) പാപിയെ തേടിയുള്ള ദൈവത്തിന്റെ യാത്ര. ആ യാത്രയുടെ അവസാനത്തെ പടിയാണ് ദൈവത്തിന്റെ മനുഷ്യവതാരം.

ദൈവത്തിന്റെ തന്നെ സ്വഭാവത്തിലേക്ക് ഒരു ഉൾക്കാഴ്ച

നൽകുന്നതാണ് ഈ രണ്ടു ഉപമകൾ. കുറ്റക്കാരനെ തിരഞ്ഞുപിടിച്ച് ശിക്ഷിക്കാൻ ശ്രമിക്കുന്ന ക്രൂരനായ വിധിയാളനല്ല ദൈവം. തന്റെ തന്നെ മുഖം വഹിക്കുന്ന മനുഷ്യരിൽ ഒരാൾ പോലും നഷ്ടപ്പെടരുത് എന്നാഗ്രഹിക്കുന്ന, വഴിതെറ്റി അലയുന്നവരെ കണ്ടെത്തി തിരിച്ചു കൊണ്ടുവരാൻ ഏതറ്റം വരെയും പോകാൻ മടിക്കാത്ത, സ്നേഹനിധിയായ പിതാവാണ് ദൈവം. ആ പിതാവിന്റെ സാക്ഷാൽ പ്രതിരൂപമാണ് കഥ പറയുന്ന യേശു (കൊളോ 1,15). താൻ മനുഷ്യനായി ഈ ഭൂമിയിലേക്ക് വന്നതിന്റെ ലക്ഷ്യം തന്നെ പാപികളെ കണ്ടെത്തി പിതൃഭവനത്തിൽ തിരിച്ചെത്തിക്കുകയാണെന്ന് യേശു അനേകം തവണ ആവർത്തിച്ചിട്ടുണ്ട്. (മർക്കോ 2,17; ലൂക്കാ 19,10).

നഷ്ടപ്പെട്ടതിനെ തേടി വരുന്ന ദൈവം; കണ്ടെത്തുമ്പോൾ ദൈവത്തിനുണ്ടാകുന്ന സന്തോഷം. ആ സന്തോഷത്തിൽ സ്വർഗ്ഗവാസികൾ സകലരും പങ്കുചേരുന്നു. അതിനാൽ ഭയം വേണ്ടാ, പാപിയാണെന്ന ബോധ്യത്താൽ, അരുതാത്ത വഴികളിലൂടെ നടന്ന് കൂട്ടം വിട്ടലഞ്ഞു എന്ന അവബോധത്താൽ നിരാശയുമരുത്. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുയരുന്ന ദീർഘനിശ്വാസങ്ങൾ, പാപബോധത്തിൽ നിന്നുയരുന്ന നെടുവീർപ്പുകൾ, ശ്രദ്ധിക്കുക, ശ്രവിക്കുക, നിന്നെ വിളിക്കുന്ന നല്ല ഇടയന്റെ ശബ്ദം അതിനു പിന്നിൽ കേൾക്കാം; തേടി വരുന്നവന്റെ കാലൊച്ചയല്ലേ കേൾക്കുന്നത്! ശിക്ഷിച്ച് നശിപ്പിക്കാനല്ല, മുറിവുകൾ വച്ചുകെട്ടി, തോളിലേറ്റി വീട്ടിലേക്കു കൊണ്ടുപോകാനാണ് നല്ല ഇടയനായ യേശു നിന്റെ പിന്നാലെ വരുന്നതെന്നറിയുക. ഇതു സന്തോഷത്തിന്റെ ഉറവിടമാകണം, അനുതാപത്തിന്റെയും വഴി മാറ്റത്തിന്റെയും തുടക്കവും. മറക്കരുത്. നഷ്ടപ്പെട്ടതിനെ കണ്ടെത്തുന്നതിൽ സന്തോഷിക്കുന്ന ദൈവമാണ് നിന്നെ തേടി വരുന്നത്!

# 20

## പിതാവിന്റെ സന്തോഷം

*"ഉടനെ മേൽത്തരം വസ്ത്രം കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവന്റെ കൈയിൽ മോതിരവും കാലിൽ ചെരിപ്പും അണിയിക്കുവിൻ. കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്ന് കൊല്ലുവിൻ. നമുക്ക് ഭക്ഷിച്ച് ആഹ്ലാദിക്കാം. എന്റെ ഈ മകൻ മൃതനായിരുന്നു; അവൻ ഇതാ, വീണ്ടും ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു, ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു. അവർ ആഹ്ലാദിക്കാൻ തുടങ്ങി" (ലൂക്കാ 15,22-24).*

പാപിയുടെ മാനസാന്തരത്തിൽ ദൈവത്തിനുണ്ടാകുന്ന സന്തോഷമാണ് ലൂക്കാ 15-ാം അധ്യായത്തിൽ അവതരിപ്പിക്കുന്ന മൂന്ന് ഉപമകളുടെയും മുഖ്യപ്രമേയം. അവയിൽ ആദ്യത്തെ രണ്ട് ഉപമകൾ കഴിഞ്ഞ അധ്യായത്തിൽ കണ്ടുകഴിഞ്ഞു. "ധൂർത്തപുത്രൻ" എന്ന പേരിൽ അറിയപ്പെടുന്ന ഉപമയിലൂടെ അവതരിപ്പിക്കുന്ന സന്തോഷത്തിന്റെ സവിശേഷതകളാണ് ഈ അധ്യായത്തിന്റെ വിഷയം.

വിശ്വസാഹിത്യത്തിന്റെ തന്നെ മുൻപന്തിയിൽ നിൽക്കുന്ന ഒരു കഥയാണ് വെറും 22 വാക്യങ്ങൾ മാത്രമുള്ള ധൂർത്തപുത്രന്റെ ഉപമ. പൊതുവേ അറിയപ്പെടുന്നതും അംഗീകരിക്കപ്പെടുന്നതുമാണ് "ധൂർത്തപുത്രന്റെ ഉപമ" എന്ന വിശേഷണമെങ്കിലും ഈ പേര് കഥയുടെ മുഖ്യസന്ദേശം പ്രകടമാക്കാൻ പര്യാപ്തമല്ല; തന്നെയുമല്ല, കഥയുടെ ഒരു ഭാഗം മാത്രമേ ഈ പേരിലൂടെ സൂചിപ്പിക്കാൻ കഴിയൂ. ഒരു പിതാവും രണ്ടു മക്കളും കഥാപാത്രങ്ങളായുണ്ട്. അതിൽ മുഖ്യകഥാപാത്രം മക്കളിൽ ആരു

മല്ല; മുഖ്യപ്രമേയം മക്കളുടെ പ്രവർത്തനമോ, മനോഭാവമോ പ്രതികരണമോ ഒന്നുമല്ല. മറിച്ച് പിതാവിന്റെ മനോഭാവത്തിന്റെ ആവിഷ്കരണമാണ്. അതിനാൽ ധൂർത്തപുത്രന്റെ ഉപമയെന്നതിനേക്കാൾ അതിരുകളില്ലാത്ത സ്നേഹനിധിയായ പിതാവിന്റെ ഉപമ എന്ന പേരായിരിക്കും കഥയുടെ മുഖ്യ പ്രമേയം സൂചിപ്പിക്കാൻ കൂടുതൽ സഹായകമാവുക.

കഥയുടെ ഇതിവൃത്തം സുപരിചിതമാകയാൽ ദീർഘമായി വിവരിക്കേണ്ടതില്ല. രണ്ടു മക്കളുടെ പിതാവാണ് മുഖ്യകഥാപാത്രം. ഇളയമകൻ ആവശ്യപ്പെട്ടതനുസരിച്ച്, അവന് അവകാശപ്പെട്ട പിതൃസ്വത്തിന്റെ പങ്ക് യാതൊരു മടിയും ചർച്ചയും കൂടാതെ പിതാവു നൽകുന്നു. എല്ലാം വിറ്റു പണമാക്കി വിദേശത്തുപോയി ധൂർത്തടിച്ചു നശിപ്പിച്ചു. വിശപ്പടക്കാൻ മാർഗ്ഗമില്ലാതെ ജോലിയന്വേഷിച്ചു. പന്നിമേയ്ക്കാൻ ലഭിച്ച തൊഴിൽ ആഹാരത്തിനുപോലും പര്യാപ്തമായില്ല. നാലേ നാലു വാക്യങ്ങളിൽ ഒതുക്കിപ്പറയുന്ന ധൂർത്തപുത്രന്റെ കഥ.

ഈ വിവരണത്തിൽ ശ്രദ്ധേയമായ ചില കാര്യങ്ങളുണ്ട്. എന്തുകൊണ്ടാണ് ഇളയമകൻ പൈതൃകാവകാശം ആവശ്യപ്പെട്ടതെന്ന് കഥയിൽ പറയുന്നില്ല. പിതൃഭവനത്തിലെ ജീവിതം സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായി അവൻ കരുതിയതാവാം കാരണം. അതുകൊണ്ടാണല്ലോ എല്ലാം പണമാക്കി വിദേശത്തേക്കു ചേക്കേറിയത്. എന്നാൽ ഇവിടെ പറയാതെ പറയുന്ന മറ്റൊരു കാര്യമുണ്ട്. പിതാവിന്റെ മരണശേഷമേ മക്കൾക്കു പിതൃസ്വത്തിന്റെ ഭാഗം അവകാശമായി ലഭിക്കാറുള്ളൂ. പിതാവ് ജീവിച്ചിരിക്കുമ്പോൾ അവകാശം വാങ്ങി നാടുവിടുന്നത് പിതാവു മരിച്ചു എന്നു പറയുന്നതിനു തുല്യമാണ്. അഥവാ പിതാവും പിതൃഭവനവുമായുള്ള സകല ബന്ധങ്ങളും മനഃപൂർവ്വം വിച്ഛേദിക്കലാണ്. പിതാവ് എതിർത്തില്ല എന്നതും ശ്രദ്ധേയം.

വിദേശത്തു ചെന്നവന്റെ ദുർഗതി വ്യക്തമാക്കുന്നതാണ് പന്നിയെ മേയ്ക്കുന്ന ജോലി. അധഃപതനത്തിന്റെ അടിത്തട്ടിലെത്തി. യഹൂദർക്ക് അശുദ്ധമൃഗമാണ് പന്നി. അതിനെ മേയ്ക്കുക മാത്രമല്ല, പന്നി തിന്നുന്ന തവിടു തിന്നാൻ ആഗ്രഹിക്കുന്നതും അതുപോലും കിട്ടാതെ വിശന്നു വലയുന്നതും ഒരു യഹൂദന് ഊഹിക്കാവുന്ന ഏറ്റം വലിയ അധഃപതനമാണ്. ഇനി താഴേക്കു പോകാനില്ല. എല്ലാം നഷ്ടപ്പെട്ടു. സ്വാതന്ത്ര്യം പോയി; സുഖ

സൗകര്യങ്ങൾ ഇല്ലാതായി. മനുഷ്യനെന്ന മാന്യതപോലും നഷ്ട പ്പെട്ട്, അശുദ്ധമൃഗമായ പന്നിക്കു കിട്ടുന്ന ആഹാരംപോലും കിട്ടാ തായപ്പോഴാണ് അവന് വീണ്ടുവിചാരമുണ്ടാകുന്നത്. അതാണ് കഥയുടെ ആദ്യഭാഗത്തിന്റെ മർമ്മം.

"അവനു സുബോധമുണ്ടായി" (15,17) എന്ന പി.ഒ.സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്. ശരിയായ അഥവാ നല്ല ബോധം ഉണ്ടായി എന്നാണല്ലോ സുബോധം എന്നതിന്റെ സൂചന. ഇതുവരെ ഒരു മിഥ്യാബോധത്തിനടിമയായിരുന്നു എന്ന സൂചന ഈ വാക്കിൽനിന്നു ലഭിക്കും. എന്നാൽ ഗ്രീക്കുമൂല ത്തിന്റെ അർത്ഥം അല്പം വ്യത്യസ്തമാണ്. "തന്നിലേക്കു തന്നെ മടങ്ങിവന്ന് അവൻ പറഞ്ഞു" എന്നാണ് ഗ്രീക്കിലെ പദങ്ങളുടെ വാച്യാർത്ഥം. "He came to himself" എന്നു ഇംഗ്ലീഷിൽ വിവർത്തനം ചെയ്യുന്നു. തന്നെക്കുറിച്ച് അവന് അവബോധമു ണ്ടായി എന്നു ചുരുക്കം. അനേകം ധ്വനികളും അർത്ഥസൂചനക ളുമുള്ളതാണ് ഈ പദപ്രയോഗം. ഞാൻ ആരാണ്, ആരായിരി ക്കേണ്ടതാണ്, ഇപ്പോൾ ഞാൻ എവിടെ? എങ്ങനെ ഇവിടെ എത്തി? തന്റെ ഉറവിടവും കടന്നുപോന്ന സ്വാർത്ഥമോഹങ്ങളുടെ വഴിപിഴയ്ക്കലുകളും എത്തിപ്പെട്ടിരിക്കുന്ന നിരാശയുടെ പടുകു ഴിയും എല്ലാം അവന്റെ ബോധമണ്ഡലത്തിൽ തെളിഞ്ഞു.

തന്റെ ഇപ്പോഴത്തെ അവസ്ഥയെ പിതൃഭവനത്തിൽ തനി ക്കുണ്ടായിരുന്നതും ഇന്നും ഉണ്ടായിരിക്കേണ്ടതുമായ അവസ്ഥ യുമായി താരതമ്യം ചെയ്യാൻ ഈ സ്വയാവബോധം അവനെ പ്രേരിപ്പിച്ചു. പിതാവിന്റെ ഭവനത്തിലെ വേലക്കാരുടെ നില തന്റേ തിനേക്കാൾ എത്രയോ മെച്ചം എന്ന അവബോധം ഒരു മടക്ക യാത്രയ്ക്കു പ്രേരകമായി. ഇതാണ് "*മെത്താനോയിയാ*" എന്നു ഗ്രീക്കിൽ അവതരിപ്പിക്കുന്ന യഥാർത്ഥ മാനസാന്തരം. "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും" (15,18). മടക്കയാത്ര – അതാണ് മാനസാന്തരത്തിന്റെ കാതൽ. ഇതുവരെ താൻ സ്വപ്നം കണ്ട സ്വാതന്ത്ര്യവും സുഖഭോഗാദികളും എല്ലാം മിഥ്യയായിരുന്നു എന്ന തിരിച്ചറിവ് മടക്കയാത്രയ്ക്കു പ്രേരക മായി നിൽക്കുന്നു.

തിരിച്ചുചെന്ന് പിതാവിന്റെയടുക്കൽ അവതരിപ്പിക്കാൻ തയ്യാ റാക്കുന്ന പാപസങ്കീർത്തനം ശ്രദ്ധേയമാണ്. പാപം ചെയ്തു; പുത്രസ്ഥാനം നഷ്ടപ്പെടുത്തി. അതൊന്നും തിരിച്ചുകിട്ടുമെന്ന

പ്രതീക്ഷപോലും തനിക്കില്ല. ദാസനായി കരുതിയാൽ മതി. എന്താണതിനു കാരണം എന്ന് അവന്റെ സ്വഗതത്തിൽ വിശദീകരിച്ചിട്ടുണ്ട്. പിതാവിന്റെ ഭവനത്തിൽ ദാസന്മാർക്കു വയറു നിറയെ ആഹാരം കിട്ടും. തനിക്കും അതുമതി. പിതാവിന്റെ സ്നേഹമോ, നഷ്ടപ്പെട്ട പുത്രസ്ഥാനമോ ഒന്നുമല്ല, വിശപ്പടക്കാൻ ആഹാരം എന്ന ഒരേ ഒരു ചിന്തയാണ് ഈ മടക്ക യാത്രയ്ക്കു പ്രേരിപ്പിക്കുന്നത് എന്നു തോന്നാം. പിതാവിനോട് പറയാനുള്ള കാര്യങ്ങളെല്ലാം മനസ്സിൽ അടുക്കി വച്ച് പിതൃഭവനത്തിലേക്ക് ഭയന്നും ലജ്ജിച്ചും മടിച്ചും സാവധാനം യാത്ര ചെയ്യുന്ന പുത്രൻ. മാനസാന്തരപ്പെടുന്ന പാപിയുടെ ചിത്രം ഇവിടെ കാണാം.

എന്നാൽ എത്രയോ വ്യത്യസ്തമാണ് യേശു വരച്ചുകാട്ടുന്ന പിതാവിന്റെ ചിത്രം! ദൂരെ വച്ചുതന്നെ പിതാവ് മടങ്ങിവരുന്ന മകനെ കണ്ടു. മകൻ ഇറങ്ങിപ്പോയ നാൾ മുതൽ അവന്റെ മടങ്ങിവരവും കാത്ത് വഴിക്കണ്ണുമായിരിക്കുന്ന പിതാവിന്റെ ചിത്രത്തിൽ തെളിയുന്ന ദൈവത്തിന്റെ ചിത്രം കേൾവിക്കാർക്ക് വിസ്മയകരമായിത്തോന്നാം. തുടർന്നുള്ള പിതാവിന്റെ പ്രവൃത്തികളാകട്ടെ അതിനേക്കാൾ ആശ്ചര്യകരം. പരിസരം മറന്ന് വഴിയിലൂടെ ഓടുന്ന വൃദ്ധനായ പിതാവ്! കീറിപ്പറിഞ്ഞ്, നാറുന്ന വേഷവുമായി വേച്ചുവേച്ച്, നടന്നുവരുന്ന എല്ലും തോലുമായിത്തീർന്നവനെ തന്റെ പുത്രനായി തിരിച്ചറിഞ്ഞ്, ആലിംഗനം ചെയ്യുന്നു. തുടർന്നുള്ള കല്പനകളെല്ലാം അവനെ സകല അവകാശത്തോടും കൂടെ മകനായി അംഗീകരിച്ചു തിരിച്ചെടുക്കുന്നതിന്റെ പ്രകടനങ്ങളാണ് മേൽത്തരം വസ്ത്രം, കയ്യിൽ മോതിരം-അവകാശം നൽകുന്നതിന്റെ അടയാളങ്ങളാണ്. കാലിൽ ചെരുപ്പിടുന്നതും അവകാശത്തിന്റെ അടയാളം തന്നെ. അടിമകൾ വീട്ടിൽ ചെരുപ്പ് ഉപയോഗിക്കില്ല.

ഇതിനെല്ലാം ഉപരിയാണ് കൊഴുത്ത കാളയെ കൊന്നു വിരുന്നൊരുക്കുന്നത്. മൂത്തമകന്റെ പരിഭവത്തിലും കൊഴുത്ത കാള പരാമർശ വിഷയമാകുന്നുണ്ട് (15,30). അതിനാൽ ഈ കാളയുടെ പ്രത്യേകത അറിഞ്ഞിരിക്കുക ആവശ്യമാണ്. സുപ്രധാനമായ ആഘോഷാവസരങ്ങളിൽ സദ്യയൊരുക്കാനായി കാളയെ പ്രത്യേകഭക്ഷണം കൊടുത്ത് വളർത്താറുണ്ടായിരുന്നു. “കൊഴുത്ത” എന്നതിനേക്കാൾ “കൊഴുപ്പിച്ച കാള” എന്ന പ്രയോഗമായിരിക്കും അർത്ഥം മനസ്സിലാക്കാൻ കൂടുതൽ സഹായകം, (യാക്കോ 5,5

ഉദാഹരണം). അവകാശം ചോദിച്ചുവാങ്ങി, എല്ലാം നശിപ്പിച്ച് തിരിച്ചുവന്ന മകനുവേണ്ടി പിതാവൊരുക്കുന്നത് അതിപ്രധാന മായൊരു വിരുന്നാണ്.

"ആഹ്ലാദിക്കാം" "ആഹ്ലാദിക്കാൻ തുടങ്ങി" എന്നു രണ്ടു തവണ (15,23-24) ആവർത്തിക്കുന്നത് വലിയൊരു ആഘോ ഷത്തെ സൂചിപ്പിക്കുന്നു. അതിനു കാരണവും പിതാവുതന്നെ പറയുന്നുണ്ട്. "എന്റെ ഈ മകൻ മൃതനായിരുന്നു; അവൻ ഇതാ വീണ്ടും ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു; ഇപ്പോൾ ഇതാ വീണ്ടുകിട്ടിയിരിക്കുന്നു" (15,24). ഉള്ളിൽ നിറയുന്ന സന്തോഷ ത്തിന്റെ ബാഹ്യമായ പ്രകടനമാണ് ആഹ്ലാദംകൊണ്ട് അർത്ഥ മാക്കുന്നത്. ഇതിനെ ആഘോഷം എന്നും വിവർത്തനം ചെയ്യാം.

പാപിയായ മനുഷ്യനോടുള്ള ദൈവത്തിന്റെ സമീപനം എപ്ര കാരമാണെന്ന് ഏറ്റം ഹൃദയസ്പർശിയായ വിധത്തിൽ യേശു വരച്ചുകാട്ടി. മനുഷ്യന് ദൈവം നൽകിയ സ്വാതന്ത്ര്യം തിരിച്ചെ ടുക്കുന്നില്ല. ദൈവത്തെ തള്ളിപ്പറയാനും നിഷേധിക്കാനും അകന്നുപോകാനും മനുഷ്യനെ ദൈവം അനുവദിക്കുന്നു. അടി മയുടെ അനുസരണമല്ല, മക്കളുടെ സ്നേഹമാണ് ദൈവം മനു ഷ്യരിൽനിന്നു പ്രതീക്ഷിക്കുന്നത്. തന്നിൽനിന്ന് അകന്നു പോകാൻ അനുവദിക്കുമ്പോഴും, വഴിക്കണ്ണുമായി കാത്തിരിക്കുന്ന പിതാവിന്റെ ഹൃദയം മകനോടുകൂടെയുണ്ട്. പിതാവിന്റെ സ്നേഹ ത്തിന് ഒരിക്കലും കുറവുവരുന്നില്ല. ആ സ്നേഹം തന്നെയാണ് നിരാശയുടെ പടുകുഴിയിൽനിന്നു കരകയറി, പിതാവിന്റെ ഭവന ത്തിലേക്കു തിരിച്ചുവരാൻ ധൂർത്തപുത്രനെ പ്രേരിപ്പിക്കുന്നത്.

പാപിയുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്ന ദൈവ ത്തിന്റെ ഈ ചിത്രം സകലർക്കും പ്രത്യാശ നൽകുന്നു; മടങ്ങി വരാൻ പ്രേരകമാകുന്നു. ഒന്നേ ആവശ്യമുള്ളൂ. തെറ്റു സമ്മതി ക്കുക. പിതാവിന്റെ ക്ഷമിക്കുന്ന സ്നേഹത്തിൽ വിശ്വസിക്കുക. മടങ്ങിവരുക. ഈ മടങ്ങിവരവ് മടങ്ങിവരുന്ന പാപിക്കും അവനെ കാത്തിരിക്കുന്ന പിതാവിനും സന്തോഷം പകരുന്നു. പോരാ, സ്വർഗ്ഗവാസികൾക്കു മുഴുവൻ വലിയ സന്തോഷത്തിന്റെ അവ സരമാകുന്നു. മാനസാന്തരത്തിനു പ്രേരിപ്പിക്കുന്ന ദൈവസ്നേ ഹത്തിന്റെ മഹോന്നതമായ ചിത്രം. കഥ ഇവിടെ അവസാനിപ്പി ക്കാമായിരുന്നു. എന്നാൽ യേശു വിവരണം തുടർന്നു.

കഥയുടെ രണ്ടാംഭാഗത്ത് പിതാവും മൂത്തപുത്രനുമാണ് കഥാ

പാത്രങ്ങൾ. അനുജന്റെ മടങ്ങിവരവും അവനുവേണ്ടി പിതാവൊരുക്കിയ സ്വീകരണവിരുന്നും മൂത്തമകനെ ക്ഷുഭിതനാക്കി. വീട്ടിൽ കയറാൻ വിസമ്മതിച്ച് പുറത്തുനിൽക്കുന്ന മകനോട് പിതാവ് പറയുന്ന സാന്ത്വനങ്ങൾ അവനെ ഒരു പൊട്ടിത്തെറിയിലേക്കു നയിച്ചു. ഇതുവരെ ഉള്ളിൽ ഒതുക്കിവച്ച മോഹങ്ങളും ആശാഭംഗങ്ങളും അനുജനോടുള്ള വെറുപ്പും പിതാവിനോടുള്ള അസഹിഷ്ണുതയും എല്ലാം അവന്റെ വായിൽനിന്ന് ആരോപണശരങ്ങളായി പ്രവഹിച്ചു. ഈ കാലമത്രയും അവൻ പിതാവിന് അടിമവേല ചെയ്യുകയായിരുന്നു; ഒരു കല്പനയും ലംഘിച്ചിട്ടില്ല, ആഗ്രഹമില്ലാഞ്ഞിട്ടല്ല, ഭയം നിമിത്തം ഒരാഗ്രഹവും പ്രകടമാക്കിയില്ല. പിതാവ് ഒരാട്ടിൻകുട്ടിയെപ്പോലും ആഘോഷത്തിനായി അവനു നൽകിയില്ല– എന്തെന്ത് പരാതികൾ, ആരോപണങ്ങൾ! ഇതിനെല്ലാം ഉപരി മടങ്ങി വന്ന മകനെ എല്ലാം മറന്ന് സ്വീകരിച്ച് ആഘോഷിക്കുന്നു. കൊഴുപ്പിച്ച കാളയെ കൊന്ന് ആഘോഷം ഗംഭീരമാക്കിയിരിക്കുന്നു. പരാതികൾക്ക് അതിരുകളില്ല.

എന്നാൽ പിതാവിന്റെ സാന്ത്വനവചനങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. എനിക്കുള്ളതെല്ലാം നിന്റേതാണ്. അനുജൻ മടങ്ങിവന്നതിൽ നീയും സന്തോഷിക്കണം. അവന്റെ മടങ്ങിവരവ് നിനക്ക് ഒരു നഷ്ടവും വരുത്തില്ല. പിതാവിന്റെ ഹൃദയത്തിൽ രണ്ടുപേർക്കും സ്ഥാനമുണ്ട്. എല്ലാം നഷ്ടപ്പെട്ട്, തകർന്ന് തിരിച്ചുവന്നവനോട് അനുകമ്പ കാണിക്കുക കൂടുതൽ സ്വാഭാവികം.

മടങ്ങിവന്ന ഇളയമകനെക്കുറിച്ചുള്ള പരാമർശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. "നിന്റെ ഈ മകൻ" എന്നാണ് മൂത്തപുത്രൻ അനുജനെ വിശേഷിപ്പിക്കുന്നത്. അവനുമായി തനിക്കൊരു ബന്ധവുമില്ല; അനുജനായി സ്വീകരിക്കാൻ ഒരുക്കമല്ല എന്ന സൂചനയാണ് ഈ വിശേഷണത്തിലുള്ളത്. എന്നാൽ "നിന്റെ ഈ സഹോദരൻ" എന്ന് പിതാവ് വിശേഷിപ്പിക്കുമ്പോൾ വ്യക്തമായൊരു ഉപദേശവും വ്യംഗ്യമായൊരു താക്കീതും നൽകുന്നുണ്ട്. നിങ്ങൾ ഇരുവരും എന്റെ മക്കളാണ്. അങ്ങനെ തുടരുകയും വേണം. മടങ്ങിവന്നവനെ അനുജനായി സ്വീകരിക്കാൻ നീ തയ്യാറാവണം. അവനോടൊപ്പം എന്റെ ഭവനത്തിൽ വസിക്കണം. നീ എന്റെ അവകാശിയായിരിക്കും.

തീരുമാനം മൂത്തമകന്റെ ഭാഗത്തുനിന്നുണ്ടാകണം. പിതാവിന്റെ വീട്ടിലെ സന്തോഷം തുടരും. എന്നാൽ ആ സന്തോഷ

ത്തിൽ പങ്കുചേരണമെങ്കിൽ അനുജനെ അംഗീകരിച്ച് വീട്ടിൽ കഴിയണം. ഇവിടെ ഒരു തീരുമാനം ആവശ്യമായി വരുന്നു. ഇതാണ് ഉപമയുടെ ആത്യന്തികമായ ലക്ഷ്യം. 15-ാം അധ്യായത്തിന്റെ തുടക്കത്തിൽ പറഞ്ഞുവച്ച സാഹചര്യം ഇവിടെ പ്രസക്തമാകുന്നു. വിശുദ്ധർ എന്നു കരുതി സ്വയം പുകഴ്ത്തിയ ഫരിസേയരും നിയമജ്ഞരും തങ്ങളുടെ യഥാർത്ഥ ചിത്രം മൂത്ത പുത്രനിൽ കാണണം. അവർക്കും ഒരു മാനസാന്തരം ആവശ്യമുണ്ട്. തങ്ങളുടെ യഥാർത്ഥമായ അവസ്ഥയെക്കുറിച്ച് അവബോധമുണ്ടാകാൻ ഈ കഥ സഹായിക്കണം. കഥ അവസാനിക്കുമ്പോൾ പിതാവും മൂത്തപുത്രനും വീടിനു പുറത്താണ്. അകത്തു കയറണമോ എന്ന് കേൾവിക്കാർ തീരുമാനിക്കണം.

എന്നും പ്രസക്തമാണ് ഈ ഉപമയിലൂടെ നൽകുന്ന സന്ദേശം. യഥാർത്ഥമായ മാനസാന്തരം എല്ലാവർക്കും ആവശ്യമാണ്. പശ്ചാത്താപത്തോടെ മടങ്ങിവരുന്ന പാപിയെ സ്വീകരിക്കാൻ ദൈവം കാത്തിരിക്കുന്നു. ആ മടങ്ങിവരവ് കാത്തിരിക്കുന്ന ദൈവത്തിനു സന്തോഷം നൽകുന്നു. ആ സന്തോഷം സ്വർഗ്ഗവാസികളെ മുഴുവൻ സന്തോഷ പൂരിതരാക്കുന്നു. ഇതല്ലേ ദൈവരാജ്യാനുഭവം? “ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും” (റോമാ 14,17) എന്ന് വി. പൗലോസ് വിശേഷിപ്പിക്കുന്ന ദൈവരാജ്യം? ഈ സന്തോഷത്തിൽ എല്ലാവരും പങ്കുചേരണം. അതിന് “ഞാൻ മാത്രം വിശുദ്ധൻ” എന്ന കാപട്യവും മറ്റുള്ളവരെ പാപികളായി മുദ്രകുത്തുന്ന അഹംഭാവവും വെടിയാൻ തയ്യാറാകണം. ഔദ്ധത്യം വെടിഞ്ഞ് എളിയവരുടെ തലത്തിലേക്ക് ഇറങ്ങിവരണം (റോമ 12,16). ഇത് ഒരു വാഗ്ദാനവും അതേസമയം ആഹ്വാനവുമാണ്, കേൾക്കാം, സ്വീകരിക്കാം. “ഇപ്പോൾ നമ്മൾ ആനന്ദിക്കുകയും ആഹ്ലാദിക്കുകയും വേണം” (15,32).

# 21

## ഭവനത്തിനു രക്ഷ

*"അവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്ന് സന്തോഷത്തോടെ അവനെ സ്വീകരിച്ചു... യേശു അവനോടു പറഞ്ഞു; ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു" (ലൂക്കാ 19,6-9).*

ധനികനായിരുന്നു അയാൾ; ഒരുപക്ഷേ ആ നഗരത്തിലെ ഏറ്റവും വലിയ ധനികൻ. എത്ര കിട്ടിയിട്ടും തൃപ്തിയാവാതെ അയാൾ സമ്പാദിച്ചു, പ്രധാനമായും അനീതിയിലൂടെ. അധിനിവേശ ശക്തിയായ റോമാ അയാൾക്ക് അനുവാദം നൽകിയിരിരുന്നു; അവസരവുമൊരുക്കിയിരുന്നു. എന്നിട്ടും എന്തോ ഒരു കുറവ്, ഉള്ളിൽ ഒരു ശൂന്യത. ശരീരത്തിന്റെ നീളക്കുറവു മാത്രമായിരുന്നില്ല അയാളെ അസ്വസ്ഥനാക്കിയത്. അതിലുപരി, ഹൃദയത്തിനു സമാധാനം നൽകാത്ത എന്തോ ഒന്നിന്റെ കുറവ്-ജെറീക്കോ നഗരത്തിലെ ചുങ്കക്കാരിൽ പ്രധാനിയായ സക്കേവൂസ്-അയാളുടെ കുറവുകൾ നികത്തി ഹൃദയത്തിൽ സന്തോഷം നിറച്ച സംഭവമാണ് ഹൃദയസ്പർശിയാംവിധം ലൂക്കാ സുവിശേഷകൻ വരച്ചുകാട്ടുന്നത്.

"ചുങ്കക്കാരിൽ പ്രധാനി" എന്നാണ് സുവിശേഷകൻ അയാളെ വിശേഷിപ്പിക്കുന്നത്. ചുങ്കസ്ഥലത്തിരുന്ന് ചുങ്കം പിരിക്കുന്ന, യേശു വിളിച്ച ലേവിയെപ്പോലെ, ഒരാളല്ല ഇത്. ഇയാൾ ഉയർന്ന ഉദ്യോഗസ്ഥനാണ്, അനേകം കീഴുദ്യോഗസ്ഥരുള്ള വലിയ മേലുദ്യോഗസ്ഥൻ. യേശുവിന്റെ കാലത്ത് പാലസ്തീനായിൽ നിലനിന്ന രാഷ്ട്രീയ സാമ്പത്തിക അവസ്ഥകൾ അറിഞ്ഞാലേ സക്കേവൂസിന്റെ സ്ഥാനവും പ്രശ്നവും മനസിലാക്കാൻ കഴിയൂ.

ബി.സി. 63-ൽ പോംപേ എന്ന റോമൻ സൈന്യാധിപൻ പല

സ്തീന കീഴടക്കി, റോമിന്റെ ഒരു കോളനിയാക്കി. റോമാക്കാർ നിശ്ചയിച്ച ഭരണാധികാരികൾ അവിടെ ഭരണം നടത്തി. റോമൻ സെനറ്റ് ബി.സി. 40-ൽ പലസ്തീനായുടെ രാജാവായി അംഗീകരിച്ച ഹേറോദേസ് റോമൻ അധികാരത്തോടു വിധേയത്വം പുലർത്തി. ബി.സി. 4-ൽ ഹേറോദേസ് മരിച്ചു. മക്കൾ മൂന്നുപേർ, റോമിന്റെ അംഗീകാരത്തോടെ രാജ്യം വീതിച്ചെടുത്തു. എ.ഡി. 6-ൽ യൂദയായുടെ ഭരണാധികാരിയായിരുന്ന അർക്കെലാവോസിനെ നാടുകടത്തി, പകരം റോമൻ ഗവർണറെ നിയമിച്ചു. വടക്ക് ഗലീലിയിൽ ഹേറോദേസ് അന്തിപ്പാസ് ഭരിച്ചു, എ.ഡി. 39-ൽ റോമാക്കാർ അയാളെയും നാടുകടത്തുന്നതു വരെ. മൂന്നാമത്തെ ഭരണാധികാരിയായിരുന്ന ഫിലിപ്പ് എ.ഡി. 41 വരെ ഭരണം തുടർന്നു. ഹേറേദോസിന്റെ മക്കളാണ് രാജ്യം ഭരിച്ചിരുന്നതെങ്കിലും അവരെ നിയമിച്ചതും നിയന്ത്രിച്ചതും റോമാക്കാരായിരുന്നു. പിരിച്ചുകിട്ടുന്ന നികുതിയിൽ മാത്രമായിരുന്നു റോമിനു ശ്രദ്ധയും താൽപര്യവും. നികുതി പിരിവിനു തടസമാകാതിരിക്കാൻ മാത്രമെ ക്രമസമാധാനനിലയെ പരിഗണിച്ചുള്ളൂ.

റോമാക്കാർ അനേകം തരത്തിലുള്ള നികുതികൾ രാജ്യത്തിനുമേൽ ചുമത്തിയിരുന്നു. ദേശീയ വരുമാനത്തിന്റെ മൂന്നിലൊന്ന് അവർ നികുതിയായി ഈടാക്കി. ഭൂനികുതി, വ്യാപാരനികുതി, സാധനങ്ങൾ വഴിയിലൂടെ കടത്തിക്കൊണ്ടുപോകുന്നതിനു ചുങ്കം, തൊഴിൽ നികുതി മുതലായവയ്ക്കു പുറമേ തലവരി (ഓരോ പൗരനും നൽകേണ്ട നികുതി)യും അവർ ഏർപ്പെടുത്തിയിരുന്നു. ഇപ്രകാരമുള്ള നികുതികൾ പിരിക്കാൻ അധികാരം സ്വകാര്യ വ്യക്തികളെ ഏല്പിക്കുകയായിരുന്നു പതിവ്. രാജ്യത്തെ പല പ്രവിശ്യകൾ അഥവാ പ്രദേശങ്ങളായി തിരിച്ച് ഓരോ പ്രദേശത്തുനിന്നും കിട്ടാവുന്ന ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്നവരെ നികുതി പിരിക്കാൻ അധികാരമേൽപിക്കും. അവർ കീഴുദ്യോഗസ്ഥന്മാരെ വച്ച് നികുതി പിരിക്കും. ഇവിടെയാണ് നമ്മുടെ കഥാപുരുഷനായ സക്കേവൂസ് രംഗപ്രവേശം ചെയ്യുന്നത്.

ചുങ്കക്കാരിൽ പ്രധാനി എന്ന വിശേഷണം ഒരു പ്രദേശത്തിന്റെ മുഴുവൻ നികുതി പിരിക്കാൻ അവകാശം ലഭിച്ച വ്യക്തിയെ സൂചിപ്പിക്കുന്നു. റോമാക്കാർക്കു കൊടുക്കേണ്ട തുക എത്രയെന്നു നിശ്ചയിച്ചിരുന്നു, എന്നാൽ ജനങ്ങളിൽ നിന്നു പിരിക്കുന്ന തുകയ്ക്ക് റോമാ പരിധി കല്പിച്ചിരുന്നില്ല. അതിനാൽ നികുതിപിരിവുദ്യോഗസ്ഥർ ജനങ്ങളെ അതികഠിനമായി ചൂഷണം ചെയ്തിരുന്നു. സ്നാപകയോഹന്നാൻ ചുങ്കക്കാർക്കു

നൽകുന്ന ഉപദേശത്തിൽ ഇതു വ്യക്തമായി പ്രതിഫലിക്കുന്നുണ്ട് "നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്" (ലൂക്കാ 3,13). നികുതി കൊടുക്കാൻ വിസമ്മതിക്കുന്നവർക്കെതിരേ ശിക്ഷാ നടപടി സ്വീകരിക്കാൻ റോമൻ പട്ടാളത്തിന്റെ സഹായം അവർക്കു ലഭ്യമായിരുന്നു. നികുതിയീടാക്കൽ വീടും പറമ്പും ജപ്തി ചെയ്യുകയും ഉടമയെ അടിമയാക്കി വിൽക്കുകയും ചെയ്യുന്നതുവരെ എത്തിനിന്നു. അതിനാൽ ജനങ്ങൾക്ക് അവരോട് വെറുപ്പും പുച്ഛവുമായിരുന്നു, ഭയവും. സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം നിഷേധിക്കപ്പെടുന്ന പാപികളുടെ മുൻപന്തിയിലായിരുന്നു, പൊതുജനാഭിപ്രായത്തിൽ, അവരുടെ സ്ഥാനം.

ഇപ്രകാരം വെറുക്കപ്പെട്ട ഒരു നികുതി പിരിവുദ്യോഗസ്ഥനായിരുന്നു ധനികനായ സക്കേവൂസ്. യഹൂദനിയമപ്രകാരം അയാൾക്ക് നിത്യരക്ഷ അപ്രാപ്യമാണ്. യേശുവിന്റെ പ്രബോധനവും അയാളെ ദൈവരാജ്യത്തിനുപുറത്തേ നിർത്തൂ എന്നേ കരുതാനാവൂ. ഒട്ടകവും സൂചിക്കുഴയും (ലൂക്കാ 18,25) നല്കുന്ന സൂചന വ്യക്തമാണല്ലോ. എന്നാൽ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്ന മഹാത്ഭുതമാണ് സക്കേവൂസിന്റെ കഥയിലൂടെ ലൂക്കാ വിവരിക്കുന്നത്. അതിന്റെ വിശദാംശങ്ങൾ ശ്രദ്ധിക്കണം. ധനികനും ചുങ്കക്കാരനും പാപിയുമായ സക്കേവൂസിനും കുടുംബത്തിനും എങ്ങനെ രക്ഷയും സന്തോഷവും ലഭിച്ചു എന്ന് പടിപടിയായി എടുത്തുകാട്ടുമ്പോൾ സന്തോഷത്തിന്റെ ഉറവിടങ്ങളിലേക്കും വിവിധ മാനങ്ങളിലേക്കും സുവിശേഷകൻ ശ്രദ്ധ ക്ഷണിക്കുന്നതു കാണാം.

യേശുവിനെ കാണണം എന്ന ആഗ്രഹം സക്കേവൂസിന്റെ ഉള്ളിൽ ഉദിക്കുന്നതോടെയാണ് കഥയുടെ തുടക്കം. അറിയപ്പെടുന്ന ഒരു റബ്ബി, അത്ഭുതപ്രവർത്തകനെന്നു പേരുകേട്ട ഒരു സിദ്ധൻ, ഹൃദ്യമായി ദൈവവചനം പ്രസംഗിക്കുന്ന ഒരു പ്രവാചകൻ-ഇതൊക്കെയാണ് നസ്രത്തുകാരനായ യേശുവിനെക്കുറിച്ച് നാട്ടുകാരിൽനിന്ന് സക്കേവൂസ് കേട്ടറിഞ്ഞത്. അയാളെ ഒരു നോക്കു കാണണം. വലിയൊരാഗ്രഹം. മറ്റൊന്നും വേണ്ട. ഒന്നു കണ്ടാൽ മതി. എന്നാൽ പ്രതിബന്ധങ്ങളേറെ. യേശു ജനക്കൂട്ടത്തിനു മധ്യത്തിലാണ് നടന്നു നീങ്ങുന്നത്. അതിനാൽ അകലെ നിന്ന് കാണാൻ തന്റെ പൊക്കക്കുറവ് തടസ്സമായി നില്ക്കുന്നു. ജനക്കൂട്ടത്തിനിടയിലേക്കു കടന്നു ചെല്ലാൻ ഭയം-പട്ടാളത്തിന്റെ അകമ്പടിയില്ലാതെ ഒറ്റയ്ക്കു കിട്ടിയാൽ അവർ തന്നെ വെറുതെ വിടില്ല എന്ന് അയാൾ ന്യായമായും ഭയന്നു.

അപ്പോഴാണ് മനസിൽ ഒരു പ്രതിവിധി തെളിഞ്ഞത്. വഴിയരുകിൽ ഇലതൂർന്നു നിൽക്കുന്ന സിക്കമൂർ മരം. അതിന്റെ ചില്ലകൾക്കിടയിൽ ഒളിച്ചിരുന്നാൽ ആരും തന്നെ കാണില്ല; യേശുവിനെ കൺകുളിർക്കെ കണ്ട് തൃപ്തിയടയുകയും ചെയ്യാം. പിന്നെ ഒട്ടും മടിച്ചില്ല. ഓടിച്ചെന്ന് മരത്തിൽ കയറി ഇരുപ്പുറപ്പിച്ചു. ആൾക്കൂട്ടത്തിനുമുമ്പേ ഓടുന്നത് പരിഹാസ്യമായി അയാൾ കരുതിയില്ല. യേശുവിനെ കാണണം, അതിനുവേണ്ടി എന്തും സഹിക്കാൻ തയ്യാർ.

അടുത്തപടി യേശുവിന്റെ പ്രതികരണമാണ്. സക്കേവൂസ് ഒട്ടും പ്രതീക്ഷിച്ചതല്ല അത്. യേശു മരച്ചുവട്ടിൽ വന്നു, നിന്നു, മുകളിലേക്കു നോക്കി; സക്കേവൂസിനെ കണ്ടു, സക്കേവൂസ് യേശുവിനെയും. തൃപ്തിയായി. ഇതുമതി. ഇതാണല്ലോ പ്രതീക്ഷിച്ചത്. എന്നാൽ യേശു അവിടെ അവസാനിപ്പിച്ചില്ല. “സക്കേവൂസേ, വേഗം ഇറങ്ങി വരുക. ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു” (19,5). ഒരു പൂ ചോദിച്ചവന് ഒരു വസന്തം ലഭിച്ചാൽ എന്നതുപോലൊരനുഭവം. അതിന്റെ അർത്ഥം മുഴുവൻ ഗ്രഹിക്കണമെങ്കിൽ സക്കേവൂസിന്റെ അവസ്ഥയെക്കുറിച്ചു തുടക്കത്തിൽ പറഞ്ഞുവച്ചതു മാത്രമല്ല, യേശു പറയുന്ന ഓരോ വാക്കും ശ്രദ്ധാപൂർവ്വം അപഗ്രഥിക്കണം.

യേശു മരച്ചുവട്ടിൽ നിന്നു, മുകളിലേക്കു നോക്കി, സക്കേവൂസിനെ കണ്ടു. ആകസ്മികമായൊരു സംഭവമല്ല ഇത്. യേശു മനഃപൂർവ്വം, ഉറച്ച തീരുമാനത്തോടെ ചെയ്യുന്ന പ്രവൃത്തിയാണ്. തന്നെ കാണാൻ ആഗ്രഹിച്ച്, ത്യാഗപൂർവ്വം തേടുന്നവനെ കർത്താവ് തേടി വരും. കണ്ടെത്തും, പേരു ചൊല്ലി വിളിക്കും, ആദാമിനെയും (ഉൽപ 3,9) ഹാഗാറിനെയും (ഉൽപ 16,8) പോലെ. “വേഗം” ഇറങ്ങി വരണം. കടന്നു പോകുന്നവനെ മരക്കൊമ്പിലിരുന്ന് ഒരു നോക്കു കാണാനേ ആഗ്രഹിച്ചുള്ളൂ സക്കേവൂസ്. എന്നാൽ ഇപ്പോഴിതാ തന്നെ അടുത്തേക്കു വിളിക്കുന്നു. ഇറങ്ങിവരണം; അതും വേഗം ചെയ്യണം. ഒറ്റപ്പെടലിന്റെയും പുറന്തള്ളപ്പെടലിന്റെയും കാലം കഴിഞ്ഞു. ഇതാ ഇന്ന് ഇപ്പോൾ, ഒരു പുതിയ തുടക്കം.

ഇന്ന് നിന്റെ വീട്ടിൽ ഞാൻ താമസിക്കണം എന്നതു പിതാവായ ദൈവത്തിന്റെ നിശ്ചയമാണ് എന്നു സൂചിപ്പിക്കുന്നതാണ് ഗ്രീക്കുമൂലത്തിലെ അവതരണം. “*ദേയി*” (dei) എന്ന വാക്കിന് ദൈവനിശ്ചിതപ്രകാരം സംഭവിക്കേണ്ടത് എന്നാണർത്ഥം. പാപി

യായ തന്റെ വീട്ടിൽ യേശു വന്നു വസിക്കണം എന്നത് മാറ്റമില്ലാത്ത ദൈവനിശ്ചയമാണെന്ന അറിവ് സക്കേവൂസിനെ അടിമുടി മാറ്റിമറിച്ചു. ഇനി അങ്ങോട്ട് എല്ലാം പെട്ടെന്നാണ് സംഭവിക്കുക. തിടുക്കത്തിൽ ഇറങ്ങി, യേശുവിനു മുമ്പേ വീട്ടിലേക്കോടി, വാതിലുകൾ മലർക്കെ തുറന്നു, യേശുവിനും അനുയായികൾക്കും സ്വാഗതമേകി. ഇതിന്റെയെല്ലാം പിന്നിൽ നിൽക്കുന്ന പ്രേരകശക്തി "സന്തോഷമാണ്".

ഇതുവരെ നേടിയ സമ്പത്തൊന്നും നൽകാത്ത വലിയൊരു ആനന്ദം സക്കേവൂസിന്റെ ഉള്ളിൽ നിറഞ്ഞു. തന്റെ അന്തരാത്മാവിനെ നിരന്തരം വേട്ടയാടിയിരുന്ന ശൂന്യതാബോധം സൂര്യോദയത്തിൽ ഇരുട്ടെന്നപോലെ അപ്രത്യക്ഷമായി. ഉള്ളിൽ നിറഞ്ഞുതുളുമ്പിയ ആന്തരിക സന്തോഷം വാക്കുകളായി പ്രവഹിച്ചു. അത് ജീവിതത്തിൽ വരുത്തുന്ന ഒരു സമൂല പരിവർത്തനത്തിന്റെ പ്രഖ്യാപനമായിരുന്നു: "കർത്തവേ, ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു" (19,8). നിധി കണ്ടെത്തിയ കർഷകത്തൊഴിലാളിയെപ്പോലെ, അമൂല്യരത്നം കണ്ണിൽപെട്ട രത്നവ്യാപാരിയെപ്പോലെ, സന്തോഷത്തോടെയാണ് എല്ലാം വിട്ടുകൊടുക്കുന്നത്. പകുതി സ്വത്ത് ദരിദ്രർക്കു കൊടുക്കാൻ അയാളെ ആരും നിർബന്ധിച്ചില്ല. വഞ്ചിച്ചെടുത്തത് തിരിച്ചുകൊടുക്കുന്നത് നിയമം അനുശാസിക്കുന്നതിനെക്കാൾ വലിയ അളവിലാണ് (ലേവ്യ, 5; സംഖ്യ 5,6-7). പിഴയായി അഞ്ചിലൊന്നു കൂട്ടികൊടുക്കാനാണ് നിർദ്ദേശിക്കുന്നത്. എന്നാൽ കട്ടെടുത്തതാണെങ്കിൽ നാലിരട്ടി കൊടുക്കണം എന്ന നിയമമാണ് പുറ 22,1 ഇവിടെ സ്വീകരിച്ചിരിക്കുന്നത് എന്നു തോന്നും.

തെറ്റു സമ്മതിച്ചു, ഏറ്റു പറഞ്ഞു. നിയമം നിശ്ചയിക്കുന്നതിനേക്കാൾ വലിയ പരിഹാരവും അനുഷ്ഠിച്ചു. ഇതിനെല്ലാം പ്രേരിപ്പിക്കുന്നത് ഉള്ളിൽ നിറയുന്ന സന്തോഷം; ഒരു നോക്കുകാണാൻ കൊതിച്ചവനെ വീട്ടിൽ അതിഥിയായി സ്വീകരിക്കാൻ കഴിഞ്ഞതിലുള്ള അവർണ്ണനീയമായ ആനന്ദം. "കർത്താവേ" എന്ന അഭിസംബോധന ഒരു വിശ്വാസപ്രഖ്യാപനമാണ്. കേട്ടറിഞ്ഞ ഗുരുവും പ്രവാചകനും മരപ്പണിക്കാരനും ഒന്നുമല്ല, സാക്ഷാൽ കർത്താവ്, ദൈവം, തന്നെയാണ് തന്റെ വീട്ടിൽ വന്നിരിക്കുന്നത് അതും ദൈവത്തിന്റെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതും മാറ്റമില്ലാത്തതുമായ തീരുമാനപ്രകാരം.

ഉടനെവന്നു യേശുവിന്റെ മറുപടി: "ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു. ഇവനും അബ്രാഹത്തിന്റെ പുത്രനാണ്" (19,9). വഞ്ചകനും പാപിയും നികൃഷ്ടനുമായി കരുതി തന്നെ മാറ്റിനിർത്തിയ സമൂഹത്തിന്റെ വിലക്കുകൾ നീങ്ങുന്നത് സക്കേവൂസ് സന്തോഷത്തോടെ കണ്ടു. ഒട്ടകം സൂചിക്കുഴയിലൂടെ കടന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന് ഒരിക്കൽകൂടി തെളിഞ്ഞു. ഒപ്പം, യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം അനാവൃതമായി. ആരും നഷ്ടപ്പെട്ടുപോകണം എന്ന് ദൈവം ആഗ്രഹിക്കുന്നില്ല. "നഷ്ടപ്പെട്ടു പോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് ഞാൻ വന്നിരിക്കുന്നത്" (19,10) എന്ന ഗുരുമൊഴി ഒരു വലിയ വെളിപ്പെടുത്തലാണ്. യേശുവിലൂടെ പൂർത്തിയാകുന്ന രക്ഷാകരപദ്ധതിയുടെ വെളിപ്പെടുത്തൽ.

പടിപടിയായി സംഭവിച്ച ഈ മാനസാന്തരത്തിന്റെയും സന്തോഷത്തിന്റെയും വിശകലനം നമ്മുടെ വ്യക്തിജീവിതങ്ങളിലേക്കും വെളിച്ചം വീശണം, ദൈവമാണ് എല്ലാറ്റിനും തുടക്കം കുറിക്കുന്നത്. ഉള്ളിൽ ഉദിക്കുന്ന ഒരാഗ്രഹം അത് ദൈവാത്മാവിന്റെ പ്രചോദനമാണെന്നു തിരിച്ചറിയണം. "നീ ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ കാതുകൾ പിന്നിൽനിന്ന് ഒരു സ്വരം കേൾക്കും: ഇതാണു വഴി, ഇതിലേ പോവുക" (ഏശ. 30,21). ആ പ്രചോദനമനുസരിച്ച് നീങ്ങുമ്പോൾ ദൈവം തുടർന്നു നയിക്കും; വീട്ടിലേക്ക്, ഹൃദയത്തിലേക്ക് വരും. അവന്റെ സാന്നിദ്ധ്യത്തിൽ ഇതുവരെ നേടിയതെല്ലാം നഷ്ടമായി അനുഭവപ്പെടും. എനിക്കു നീ മതി, നീ മാത്രം എന്ന ബോധ്യം ഹൃദയത്തിൽ ശക്തിപ്പെടും. ഇതുവരെ കിട്ടാത്ത സന്തോഷത്തിന്റെ, കലർപ്പില്ലാത്ത ആനന്ദത്തിന്റെ അനുഭൂതി, അതിനു വിഘാതമായി നില്ക്കുന്ന എല്ലാം ത്യജിക്കാൻ, തിരസ്കരിക്കാൻ പ്രേരിപ്പിക്കും.

ഇതു സക്കേവൂസിന്റെ മാത്രം അനുഭവമല്ല. യഥാർത്ഥ ദൈവത്തെ കണ്ടെത്തിയ ആർക്കും ലഭ്യമായൊരു അനുഭവമാണ്. ഭൗതികസമ്പത്തിനെ അപ്രധാനമാക്കുന്ന, മാനുഷിക പരിഗണനകൾക്കു വില കല്പിക്കാത്ത, ഈ ആന്തരിക സന്തോഷം-അതാണ് ദൈവം തന്റെ മക്കൾക്കായി വച്ചുനീട്ടുന്നത്; അതിലേക്കാണ് ഓരോ വ്യക്തിയെയും ക്ഷണിക്കുന്നത്. കാതോർക്കാം, ഹൃദയവാതിൽ തുറക്കാം. "ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു. ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാഹത്തിന്റെ മകനാണ്" (19,5,9-10).

22

## ജീവിതം ക്രിസ്തു; മരണം നേട്ടം

*"എനിക്ക് ഒരിക്കലും ലജ്ജിക്കേണ്ടിവരുകയില്ലെന്നും എപ്പോഴും എന്നപോലെ ഇപ്പോഴും ക്രിസ്തു എന്റെ ശരീരത്തിൽ, ജീവിതം വഴിയോ മരണം വഴിയോ മഹത്വപ്പെടുത്തണമെന്നും എനിക്ക് തീവ്രമായ ആഗ്രഹവും പ്രതീക്ഷയുമുണ്ട്. എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" (ഫിലി 1,20-21).*

ഇതായിരുന്നില്ല അയാളുടെ മനോഭാവം. നസ്രായന്റെ അനുയായികളെ ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യാനും ആ പേരു തന്നെ തുടച്ചുമാറ്റാനുമായി കച്ചകെട്ടി പുറപ്പെട്ടതാണ് ടാർസൂസിൽ നിന്നുള്ള ആ ചെറുപ്പക്കാരൻ-സാവൂൾ. അന്ന് പാശ്ചാത്യ ലോകത്തിൽ ഏറ്റം അറിയപ്പെട്ടിരുന്ന ടാർസൂസിലെ സർവ്വകലാശാലയിൽനിന്ന് യവനസംസ്കാരത്തിൽ ഉന്നതബിരുദം നേടിയ ഒരു റോമൻ പൗരൻ. തന്റെ പിതാക്കന്മാരുടെ പാരമ്പര്യങ്ങളും ആചാരങ്ങളും വിശ്വാസങ്ങളും ഏറ്റം പ്രഗത്ഭനായ ഗമാലിയേൽ ഗുരുവിന്റെ പാദാന്തികത്തിലിരുന്ന് നേരിട്ടു പഠിക്കാൻ വേണ്ടി ജറുസലെമിലേക്കു വന്ന ഒരു ഫരിസേയ തീവ്രവാദി.

യഹൂദമതത്തിന്റെ സിരാകേന്ദ്രമായ ജറുസലെമിൽവച്ചാണ് അയാൾ അവരെ പരിചയപ്പെട്ടത്-ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന നസ്രായർ. ദൈവദൂഷണക്കുറ്റം ചുമത്തി സാൻഹദ്രിൻ സംഘം വധശിക്ഷ വിധിച്ച, കലാപകാരിയെന്ന പേരിൽ റോമാക്കാർ കുരിശിൽ തറച്ചുകൊന്ന, നസ്രത്തിൽ നിന്നുള്ള ആ മരപ്പണിക്കാരൻ-യേശു. അവൻ ഉയിർത്തെഴുന്നേറ്റു എന്നു പറഞ്ഞ്, അവന്റെ പേരിൽ യഹൂദജനത്തിന്റെ ഉള്ളിൽത്തന്നെ പിളർപ്പു

ണ്ടാക്കുന്ന നസ്രായർ. ഗലീലിയിൽ നിന്നാണവന്റെ പുറപ്പാട്. തീവ്രവാദികളായ കലാപകാരികളുടെ നാട്ടിൽനിന്നു തുടക്കം. ആദ്യമാദ്യം കൂടെ കൂടിയത് സമാനചിന്താഗതിക്കാരായ കുറെ ചെറുപ്പക്കാർ. അവന്റെ മരണത്തോടെ അവരെല്ലാം ചിതറി ഒളിവിൽ പോയതാണ്. എന്നാൽ താമസിയാതെ അവർ വീണ്ടും ഒരുമിച്ചു കൂടി. യവനസംസ്കാരത്തിലും യഹൂദ സംസ്കാരത്തിലും ഒരുപോലെ പ്രാവീണ്യം നേടിയ സ്തേഫാനോസിനെപ്പോലുള്ള കുറെപ്പേർ ഈ പുതിയ പ്രസ്ഥാനത്തിൽ ആകൃഷ്ടരായതോടെ അവർ വലിയൊരു ശക്തിയായിത്തീർന്നു.

സാൻഹദ്രിൻ സംഘത്തിൽപോലും അവർക്ക് അനുഭാവികളുണ്ടായി. ഈ പോക്ക് തുടരാൻ അനുവദിച്ചാൽ താമസിയാതെ താൻ വിശ്വസിക്കുന്ന മതം തന്നെ ഇല്ലാതായേക്കും എന്നു സാവൂൾ ന്യായമായും ഭയന്നു. തങ്ങൾ പാവനമായ ദൈവവചനം എന്നു കരുതി പൂജിക്കുന്ന ബൈബിൾ തന്നെ ഉപയോഗിച്ച് ആ നസ്രായനെ ദൈവതുല്യനായ ദൈവപുത്രനും പ്രവാചകന്മാർ വഴിമുൻകൂട്ടി അറിയിച്ചിരുന്ന രക്ഷകനായ മിശിഹായും ആണെന്ന് അവർ സ്ഥാപിക്കാൻ തുടങ്ങിയപ്പോൾ സാധാരണക്കാരായ യഹൂദർ പ്രതിസന്ധിയിലായി. ദൈവവചനമായ ബൈബിൾ ഉപയോഗിച്ചു വാദിക്കുന്നവരെ അതേവചനം കൊണ്ടുതന്നെ വാദിച്ചു തോല്പിക്കാൻ നടത്തിയ ശ്രമത്തിൽ യഹൂദനേതൃത്വം പരാജയപ്പെട്ടു.

സ്തേഫാനോസിന്റെ വാദമുഖങ്ങൾക്കു മുമ്പിൽ നേതൃത്വം പത്തിമടക്കുന്നതുകണ്ട് സാവൂളിന്റെ കോപം ആളിക്കത്തി. ദൈവദൂഷണക്കുറ്റം ആരോപിച്ച് സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊല്ലാൻ മുൻകൈ എടുത്തത് സാവൂൾ എന്ന തീവ്രവാദിയാണ്. ഇനി ഒറ്റ ക്രിസ്ത്യാനിപോലും ജീവനോടെ ഇരിക്കരുത്, ഒറ്റ യഹൂദൻപോലും ആ നസ്രായന്റെ പിന്നാലെ പോകരുത്. ഉഗ്രമായൊരു ശപഥമായിരുന്നു അത്. സത്യം എന്നു ബോധ്യപ്പെടുന്നതിനുവേണ്ടി മരിക്കാനും കൊല്ലാനും മടിക്കാത്ത മതതീവ്രവാദത്തിന്റെ ഭീകരമുഖം. പലസ്തീനായ്ക്കു പുറത്ത് നസ്രായന്റെ അനുയായികൾ അധികമുണ്ടായിരുന്ന നഗരമായിരുന്നു ഡമാസ്കസ്. മതംമാറി ക്രിസ്ത്യാനികളായ യഹൂദരെ ബലമായി പിടിച്ചുകൊണ്ടുവന്ന് ഒന്നുകിൽ തിരിച്ച് യഹൂദരാക്കുക, അല്ലെങ്കിൽ കൊന്നു കളയുക എന്ന ലക്ഷ്യത്തോടെയാണ് അയാൾ സൈന്യ

സമേതം ഡമാസ്കസിലേക്കു തിരിച്ചത്, സാൻഹദ്രിൻ സംഘ ത്തിന്റെ പ്രതിനിധിയെന്നപോലെ, അധികാരപത്രവുമായി.

എത്രപെട്ടെന്നാണ് എല്ലാം തകിടം മറിഞ്ഞത്! അകലെ ഡമാ സ്കസിന്റെ കാവൽ ഗോപുരങ്ങൾ കണ്ടതാണ്. തന്റെ ദൗത്യം നിറവേറ്റാൻ ഇനി താമസമില്ല. അപ്പോഴാണ് നീലാകാശത്തു നിന്നു ഒരു വെള്ളിടി! കത്തിജ്വലിച്ചു നിൽക്കുന്ന സൂര്യന്റെ നൂറി രട്ടി പ്രകാശമുള്ള ഒരസ്ത്രം തന്റെ കണ്ണിൽ ആഞ്ഞുതറച്ചു. കാതിൽ ഭീകരമായ ശബ്ദം മുഴങ്ങി. ഒരു നിമിഷാർദ്ധത്തിൽ എല്ലാം സംഭവിച്ചു. ബോധം തിരിച്ചുകിട്ടിയപ്പോൾ റോമാക്കാർ കല്ലുപാകിയ വഴിയിൽ താൻ കമിഴ്ന്നു കിടക്കുകയാണെന്ന് അയാൾ തിരിച്ചറിഞ്ഞു. കണ്ണ് രണ്ടും തുറന്നിരുന്നിട്ടും ഒന്നും കാണാൻ വയ്യാത്ത അവസ്ഥ. പ്രകാശം മനുഷ്യനെ അന്ധനാ ക്കുമോ? ഒന്നും മനസ്സിലായില്ല. ഭയമെന്ന വികാരം എന്തെന്ന് അയാൾ ആദ്യമായി അനുഭവിച്ചറിഞ്ഞു.

അപ്പോഴാണ്, ശാന്തവും അതേസമയം ശക്തവും വ്യക്തവു മായൊരു സ്വരം, തന്നെ പേരുചൊല്ലി വിളിക്കുന്ന ശബ്ദം. “സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?” (അപ്പ 9,4). ആരാണിത്? ഇത്ര ശാന്തമായി, സൗമ്യമായി, സ്നേഹം വഴിഞ്ഞൊഴുകുന്ന കാരുണ്യത്തോടെ തന്നെ വിളിക്കുന്നത്? താൻ ഈ ലോകത്തിലോ സ്വർഗ്ഗ കവാടത്തിലോ അതോ പാതാള ത്തിലോ? കണ്ണു വലിച്ചുതുറന്ന് സൂക്ഷിച്ചുനോക്കിയപ്പോൾ തീവ്രമായ പ്രകാശമധ്യത്തിൽ ഒരു മനുഷ്യരൂപം. മൂടൽ മഞ്ഞിൽ കാണുന്ന നിഴൽപോലെ. ഭയന്നുവിറച്ച്, ഏറെപ്പണിപെട്ട് സാവൂൾ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? മറുപടി മുഴങ്ങിത് കാതിലോ, തന്റെ ഹൃദയത്തിലോ? അതോ അന്തരാത്മാവിന്റെ അടിത്തട്ടിലോ?

“നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ”. താങ്ങാനാവാ ത്തൊരു പ്രഹരമായിരുന്നു അത്. താൻ ഇതുവരെ പഠിച്ചുവച്ചതും കാത്തു സൂക്ഷിച്ചതും, കൊന്നും ചത്തും സംരക്ഷിക്കാൻ ശ്രമി ച്ചതുമായ സകല തത്വസംഹിതകളും ഒറ്റയടിക്ക് ചീട്ടുകൊട്ടാരം പോലെ നിലം പതിച്ചു. ഇതുവരെ സത്യം എന്നു കരുതിയ തെല്ലാം മിഥ്യ; നേരെന്നു കരുതിയതെല്ലാം നുണ! ദൈവദൂഷ കനും രാജദ്രോഹിയും എന്നു കരുതി ഉന്മൂലനം ചെയ്യാൻ ശ്രമിച്ച നസ്രായൻ ഇതാ ഇവിടെ, ഈ ഡമാസ്കസിന്റെ പടിവാതിൽക്കൽ,

കണ്ണുകളെ അന്ധമാക്കുന്ന പ്രഭാപൂരത്തിനു മധ്യേ, തന്റെ മുമ്പിൽ! ഇതു സ്വപ്നമോ യാഥാർത്ഥ്യമോ? തനിക്കു സുബോധം നഷ്ട പ്പെട്ടോ? ഭ്രാന്തുബാധിച്ചോ? ഒന്നും കാണാൻ കഴിയുന്നില്ല. കൂട്ടു കാരൊക്കെ എവിടെ? അപ്പോഴാണ് ആ ശബ്ദം വീണ്ടും മുഴങ്ങു ന്നത്; ശാന്തമായി, ആശ്വാസമായി, സ്നേഹപൂർവ്വം ഒരു നിർദ്ദേ ശമായി.

"എഴുന്നേറ്റ് നഗരത്തിലേക്കു പോവുക. നീ എന്താണ് ചെയ്യേ ണ്ടതെന്ന് അവിടെവച്ച് നിന്നെ അറിയിക്കും" (അപ്പ 9,6). അതൊരു വഴിത്തിരിവായിരുന്നു. ഒരു പുതിയ തുടക്കം. ഇതു വരെ അറിഞ്ഞതും സമ്പാദിച്ചതും കാത്തുസൂക്ഷിച്ചതും എല്ലാം മിഥ്യയും നഷ്ടവും അർത്ഥശൂന്യവുമായിരുന്നു എന്ന ഒരു തിരി ച്ചറിവ്. അതോടൊപ്പം താൻ ദൈവദൂഷകനും വ്യാജപ്രവാചകനും എന്നു കരുതിയ നസ്രായനായ യേശു യഥാർത്ഥത്തിൽ ഇസ്രാ യേൽ ജനത്തിന്റെ മാത്രമല്ല, സകല ജനതകളുടെയും, മാനവച രിത്രം മുഴുവന്റെയും പ്രതീക്ഷകളുടെ പൂർത്തീകരണമാണെന്ന് അവന്റെ ഉള്ളിൽ തെളിഞ്ഞു. ശാരീരിക നയനങ്ങൾക്കു താങ്ങാ നാവാത്ത പ്രകാശം തന്നെ അന്ധനാക്കിയത് ഒരു പ്രതീകമായി രുന്നു എന്നും സാവൂൾ അറിഞ്ഞു. ദൈവത്തെയും അവിടുത്തെ പദ്ധതികളെയും പറ്റി തികഞ്ഞ അജ്ഞതയിലായിരുന്നു താൻ. അതിന്റെ പ്രതീകമായി ഇപ്പോൾ അനുഭവപ്പെടുന്ന അന്ധതയും അന്ധകാരവും അവൻ തിരിച്ചറിഞ്ഞു.

ഇവിടെയാണ് തുടക്കം, യഹൂദ തീവ്രവാദി തീക്ഷ്ണമതി യായ ക്രിസ്തു ശിഷ്യനായതിന്റെ തുടക്കം. യേശു തന്നെയാണ് മുൻകൈ എടുത്തത്. ദുഷ്ടനും ക്രൂരനുമായിരുന്നില്ല സാവൂൾ. ദൈവത്തിനുവേണ്ടിയുള്ള തീക്ഷ്ണതയാണ് അയാളെ തീവ്ര വാദിയും അക്രമാസക്തനുമാക്കിയത്. ഇപ്പോൾ ദൈവം തന്നെ അവന്റെ ജീവിതത്തിൽ നേരിട്ട് ഇടപെട്ടു, തികച്ചും അപ്രതീക്ഷി തവും അതിസാഹസികവുമായ വിധത്തിൽ. യേശു ആരാണെന്ന് ആ നിമിഷാർദ്ധത്തിൽ അയാൾ അറിഞ്ഞു. ഒരായുഷ്ക്കാലം മുഴു വൻ ധ്യാനിക്കാനും ജീവിക്കാനും മതിയായ ഒരു മഹാരഹസ്യം.

അടിസ്ഥാനപരമായി രണ്ടു തിരിച്ചറിവുകളാണ് സാവൂളിന് ഈ ആദ്യ ദർശനത്തിലൂടെ ലഭിച്ചത്. 1. യേശു ദൈവതുല്യനായ ദൈവപുത്രനാണ്. അവൻ മരണത്തെ പരാജയപ്പെടുത്തി ജീവി ക്കുന്നു, ദൈവത്തെപ്പോലെ തന്നെ എല്ലായിടത്തും സന്നിഹിത

നായിരിക്കുന്നു. സ്ഥലകാലങ്ങൾക്കതീതനാണവൻ, നഗ്നനേത്ര ങ്ങൾക്ക് അഗോചരൻ. അവൻ എല്ലാം കാണുന്നു, അറിയുന്നു. എല്ലാവരെയും അറിയുന്നു, സ്നേഹിക്കുന്നു. 2. യേശു തന്റെ ശിഷ്യരിൽ സന്നിഹിതനായിരിക്കുന്നു. ഓരോ മനുഷ്യവ്യക്തിയും പീഡിപ്പിക്കുമ്പോൾ അവനും പീഡനമേൽക്കുന്നു. ദൈദൂഷകരും മതനിന്ദകരും എന്നു മുദ്രകുത്തി താൻ പീഡിപ്പിച്ചതും ഉന്മൂലനം ചെയ്യാൻ ശ്രമിച്ചതും ഈ യേശുവിനെയാണ് എന്ന തിരിച്ചറിവ് സാവൂളിനെ സമൂലം പരിവർത്തനപ്പെടുത്തി. ചുഴലിക്കാറ്റു പിടിച്ച് വട്ടം കറക്കി, വേരുകൾ മുഴുവൻ പറിച്ചെടുത്ത്, വീണ്ടും തൽസ്ഥാ നത്ത് പ്രതിഷ്ഠിക്കപ്പെട്ട മരംപോലെ ആയി സാവൂൾ-ഒരു പുതിയ മനുഷ്യൻ. പുതിയ കാഴ്ചപ്പാടുകൾ, പുതിയ ലക്ഷ്യം, പുതിയ ശൈലി. ആയുഷ്ക്കാലം മുഴുവൻ ദീർഘിക്കുന്ന ഒരു പുതിയ തപസ്യ ഇവിടെ ആരംഭിക്കുകയായി.

സ്വരം നിലച്ചു; പ്രകാശം കെട്ടു; എല്ലാം വീണ്ടും മുമ്പത്തെ പ്പോലെ. സഹയാത്രികർ മനസ്സിലാക്കിയില്ല, സാവൂളിനുണ്ടായ ദർശനവും അതു വരുത്തിയ പരിവർത്തനവും. ഒരു കാര്യം അവർ തിരിച്ചറിഞ്ഞു. അവനു കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു. നഗരത്തി ലേക്കു കൈപിടിച്ചു നടത്തി. പിന്നീട് അനനിയാസിന്റെ കൈവ യ്പിലൂടെ ശാരീരിക കാഴ്ച തിരിച്ചുകിട്ടി. ഇനി ഒന്നേ സാവൂ ളിനു ജീവിതലക്ഷ്യമായുള്ളൂ. യേശുവിനെ അറിയണം. തന്റെ മുമ്പിൽ ഇടിമിന്നൽപോലെ പ്രത്യക്ഷപ്പെട്ട ദൈവപുത്രനെ കൂടു തൽ അടുത്തറിയണം.

അറിഞ്ഞവനെ പ്രഘോഷിക്കണം. താൻ കാണുകയും കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്തവനെ ജനതകൾക്കു മുമ്പിൽ അവതരിപ്പിക്കണം. മതതീവ്രവാദത്തിന്റെയും ആധീശ -പ്രത്യയ ശാസ്ത്രങ്ങളുടെയും സുഖഭോഗാസക്തികളുടെയും തിമിരം ബാധിച്ച് അന്ധരായിത്തീർന്ന സഹജീവികളുടെ, സഹോ ദരങ്ങളുടെ മുമ്പിൽ യഥാർത്ഥ പ്രകാശമാകുന്ന യേശുവിനു സാക്ഷിയാകണം. അവരും തന്നെപ്പോലെ യേശുവിലേക്കു വരണം. യേശുവിനെ അറിയുക, യേശുവിനോടുകൂടെ ആയിരി ക്കുക. അവനിൽനിന്നു ശക്തിയാർജ്ജിച്ച് സകലരെയും അവനി ലേക്കാകർഷിക്കുക. ഇതാണ്, ഇതുമാത്രമാണ് ഇനി സാവൂളിനു ജീവിതലക്ഷ്യം.

താൻ സത്യമെന്നു കരുതിയതിനുവേണ്ടി മരിക്കാനും

കൊല്ലാനും തയ്യാറായിരുന്നു സാവൂൾ. എന്നാൽ യേശുവിനെ കണ്ടുമുട്ടിയ നിമിഷം മുതൽ ആ മനോഭാവം മാറി. അപരനെ വധിച്ചുകൊണ്ടല്ല സത്യത്തിനു സാക്ഷ്യം വഹിക്കേണ്ടത്, മറിച്ച്, മരിക്കാൻ തയ്യാറായിക്കൊണ്ടാണ്. കൊല്ലാനല്ല, സത്യത്തിനു വേണ്ടി മരിക്കാനാണ് ഗുരുനാഥൻ പഠിപ്പിച്ചത്. അവനുവേണ്ടി, അവനു സാക്ഷ്യം വഹിക്കുന്നതിനുവേണ്ടി മരിക്കുന്നത് ഏറ്റം വലിയ ലാഭമായി സാവൂളിന് അനുഭവപ്പെട്ടു. സുവിശേഷപ്രഘോഷണത്തിന് ഇറങ്ങിത്തിരിച്ചപ്പോൾ പേരും മാറ്റി. സാവൂൾ പൗലോസായി. "ചെറിയവൻ" എന്നാണ് *പാവുളൂസ്* (Paulus) എന്ന ലത്തീൻ വാക്കിനർത്ഥം. യേശുവിനുവേണ്ടി ഏറ്റം ചെറിയവനായി, എളിയ ദാസനായി.

സഫലമായി ആ ജീവിതം. ഏ.ഡി. 36 ലാണ് സാവൂളിന്റെ മാനസാന്തരം എന്നു കരുതപ്പെടുന്നു. നീറോയുടെ മതമർദ്ദന കാലത്ത് (ഏ.ഡി. 64-67) റോമിൽ വച്ചു കൊല്ലപ്പെടുന്നതുവരെ, ഏകദേശം 30 വർഷം ദീർഘിച്ച ആ പ്രേഷിത ജീവിതത്തിൽ ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ: ക്രിസ്തുവിനെ അറിയുക, അവനോടു കൂടെ എന്നും ആയിരിക്കുക, ജനമധ്യത്തിൽ അവനു സാക്ഷിയാകുക. അതുകൊണ്ടാണ് പറയാൻ കഴിഞ്ഞത്: "എനിക്ക് ജീവിതം ക്രിസ്തുവാണ്, മരണം നേട്ടവും". മരണം എന്നാൽ അവസാനമല്ല, എന്നേക്കും യേശുവിനോടുകൂടെ ആയിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ തുടക്കമാണ്. അതിനാൽ "എന്റെ ആഗ്രഹം മരിച്ച്, ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്. കാരണം, അതാണ് കൂടുതൽ ശ്രേഷ്ഠം" (ഫിലി. 1,20). ഇതായിരുന്നു പൗലോസിന്റെ ജീവിതത്തെ നയിച്ച അടിസ്ഥാനവീക്ഷണം. "എനിക്ക് ജീവിതം ക്രിസ്തു, മരണം നേട്ടം". ഇതു പൗലോസിന്റെ വാക്കുകൾ. എനിക്കോ?

# 23

## എപ്പോഴും സന്തോഷിക്കുവിൻ

*"നിങ്ങൾ സമാധാനത്തിൽ കഴിയുവിൻ... അലസരെ ശാസിക്കുവിൻ. ഭീരുക്കളെ ധൈര്യപ്പെടുത്തുവിൻ. ദുർബ്ബലരെ സഹായിക്കുവിൻ. എല്ലാ മനുഷ്യരോടും ക്ഷമാപൂർവ്വം പെരുമാറുവിൻ... എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം" (1 തെസ 5,14-18).*

എളുപ്പമായിരുന്നില്ല ഒരിക്കലും സുവിശേഷ പ്രഘോഷണം. ഡമാസ്കസ് അനുഭവം ഹൃദയത്തിൽ കൊളുത്തിയ അഗ്നിയുടെ തീക്ഷ്ണതയാണ് പൗലോസിനെ നിരന്തരം മുന്നോട്ട് നയിച്ചിരുന്നത്; അപകടങ്ങളെ വകവയ്ക്കാതെ, പീഡനങ്ങളെ ഭയപ്പെടാതെ, തികച്ചും സാഹസികത നിറഞ്ഞ ജീവിതം. ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യാൻ കച്ചകെട്ടി പുറപ്പെട്ട സാവൂൾ ക്രിസ്തുശിഷ്യനായത്, പോരാ, ക്രിസ്തുവിന്റെ അതിശക്തനായ സാക്ഷിയും പ്രഘോഷകനുമായത് യഹൂദർക്ക് സ്വീകരിക്കാനായില്ല. കൊന്നു കളയാൻ തീരുമാനിച്ച്, ഡമാസ്കസ് പട്ടണത്തിന്റെ കവാടങ്ങളിൽ യഹൂദർ കാവൽനിന്നു. അപ്പോഴാണ് "അവന്റെ ശിഷ്യന്മാർ രാത്രി അവനെ ഒരു കുട്ടയിലിരുത്തി മതിലിനു മുകളിലൂടെ താഴെയിറക്കി"(അപ്പ. 9,25)യത്. പിന്നീടുള്ള യാത്രകളത്രയും ക്ലേശപൂർണ്ണവും അപകടം നിറഞ്ഞതുമായിരുന്നു.

രണ്ടാമത്തെ പ്രേഷിതയാത്ര(എ.ഡി.49-52)യാണ് ഏറ്റം ദീർഘവും സാഹസികവുമായത്. മറ്റെങ്ങും സുവിശേഷം പ്രഘോ

ഷിക്കാൻ അനുവദിക്കാതെ പരിശുദ്ധാത്മാവ് പൗലോസിനെ ഫിലിപ്പിയിൽ എത്തിച്ചു. യൂറോപ്പിൽ പൗലോസ് സ്ഥാപിച്ച ആദ്യത്തെ സഭയാണ് ഫിലിപ്പിയിലേത്. അനേകം പേർ സുവിശേഷം സ്വീകരിക്കാൻ തയ്യാറായി. എന്നാൽ ആഴ്ചകൾക്കകം ശക്തമായ എതിർപ്പുണ്ടായി. ഭാവി പറയാൻ കഴിവുള്ള ഒരു ദുഷ്ടാരൂപിയെ ഒരു പെൺകുട്ടിയിൽനിന്നു ബഹിഷ്കരിച്ചതിന്റെ പേരിൽ അവളുടെ യജമാനന്മാർ പൗലോസിനെതിരെ തിരിഞ്ഞു; പിടിച്ചുകെട്ടി കോടതിയിൽ ഹാജരാക്കി. വിചാരണ കൂടാതെ ന്യായാധിപൻ വിധി പ്രസ്താവിച്ചു. വസ്ത്രം ഉരിഞ്ഞുമാറ്റി. "വളരെയധികം പ്രഹരിച്ചതിനുശേഷം കാരാഗൃഹത്തിലടച്ചു" (അപ്പ. 16,23). എണ്ണമറ്റവിധം പ്രഹരമേറ്റു എന്ന് അപ്പസ്തോലൻ പറയുമ്പോൾ (2 കോറി 11,23) ഈ സംഭവവും മനസിലുണ്ടാവും.

തടവറയിലെ അത്ഭുതത്തെ തുടർന്ന് പിറ്റേ ദിവസം വെറുതെ വിട്ടെങ്കിലും നാടുവിട്ടു പോകേണ്ടിവന്നു. *വിയാ എഗ്നാത്തിയാ* (Via Egnatia) എന്ന പേരിൽ അറിയപ്പെടുന്ന റോമാക്കാർ പണിത വലിയൊരു വഴിയാണ് പൗലോസ് യാത്രയ്ക്കു തിരഞ്ഞെടുത്തത്. റോമാ മുതൽ ഇറ്റലിയുടെ തെക്കു കിഴക്കേ തീരത്തുള്ള പട്ടണമായ ബ്രിണ്ടിസി (Brindisi) വരെ വരുന്ന വിയാ ആപ്പിയ (Via Apia). അതിനുശേഷം കപ്പൽമാർഗ്ഗം ഡിറാക്കിയും (Dyrrachium) എന്ന നഗരത്തിലേക്ക്. അവിടെനിന്നു തുടങ്ങുന്ന വിയാ എഗാത്തിയാ 1260 കിലോ മീറ്റർ കിഴക്കുള്ള ബിസാൻസിയും (കോൺസ്റ്റാന്റിനോപ്പോളിസ്) നഗരത്തിൽ എത്തുന്നു. റോമിനെ കീഴക്കിന്റെ തലസ്ഥാനമായ ബിസാൻസിയവുമായി ബന്ധിപ്പിക്കുന്ന ഈ വഴിയിലെ ഒരു പ്രമുഖനഗരമായിരുന്നു ഫിലിപ്പി.

അടുത്തതായി നാം പൗലോസിനെ കാണുന്നത് ഏകദേശം 150 കിലോമീറ്റർ തെക്കു പടിഞ്ഞാറുള്ള തെസലോണിക്കായിലാണ്. മാസിഡോണിയാ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു തെസലോണിക്കാ. ബൈസാൻസിയം കഴിഞ്ഞാൽ റോമൻ സാമ്രാജ്യത്തിന്റെ കിഴക്കുഭാഗത്തെ ഏറ്റം വലിയ പട്ടണം. വലിയ രാജപാതകളുടെ സംഗമസ്ഥലവും അതേസമയം വലിയൊരു തുറമുഖനഗരവുമായിരുന്നു തെസലോണിക്കാ. അവിടെയും പതിവുപോലെ, സിനഗോഗിൽ പ്രസംഗിച്ചു. മൂന്നു സാബത്തുകളിൽ നടത്തിയ സുവിശേഷ പ്രഘോഷണം ചുരുക്കം യഹൂദരേ വിശ്വസിച്ചുള്ളൂ. എന്നാൽ വിജാതിയരിൽ വളരെപ്പേർ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. ഇത് യഹൂദരിൽ അസൂയ ഉളവാക്കി.

അവർ അപ്പസ്തോലനെതിരേ ജനങ്ങളെ ഇളക്കിവിട്ടു. പിടി കിട്ടാഞ്ഞതിനാൽ അവർ താമസിച്ചിരുന്ന വീടിന്റെ ഉടമയായ ജാസനെ പിടിച്ചു കോടതിയിൽ ഹാജരാക്കി. "ലോകത്തെ തലകീഴ്മറിച്ച ഈ മനുഷ്യർ ഇതാ ഇവിടെയും വന്നിരിക്കുന്നു" (അപ്പ 17,6) എന്ന ആരോപണത്തോടെ.

"ലോകത്തെ തലകീഴ്മറിച്ചവർ:" അങ്ങനെയാണ് പൗലോസും കൂട്ടരും അറിയപ്പെട്ടത്. വിഗ്രഹാരാധനയിൽ അടിയുറപ്പിച്ച, അനീതി നിറഞ്ഞ സംവിധാനങ്ങളെ, അതു മതപരമോ രാഷ്ട്രീയമോ ആകട്ടെ, കീഴ്മേൽ മറിക്കുന്നതായിരുന്നു പൗലോസ് പ്രസംഗിച്ച സുവിശേഷം. സകല മനുഷ്യരെയും തുല്യരും സഹോദരങ്ങളുമായി കാണുന്ന, യേശുവിലുള്ള വിശ്വാസത്തിലൂടെ ദൈവമക്കളും ദൈവരാജ്യത്തിന് അവകാശികളുമാക്കി മാറ്റുന്ന പുതിയ സന്ദേശം അന്നു നിലവിലിരുന്ന കാഴ്ചപ്പാടുകളെ ചോദ്യം ചെയ്യുന്നു; സംവിധാനങ്ങളെ തകിടം മറിക്കുന്നു. തികച്ചും വിപ്ലവാത്മകമായിരുന്നു സുവിശേഷം-അന്നും ഇന്നും.

പൗലോസിനെയും കൂട്ടരെയും പിടികിട്ടാത്തതിനാൽ "ജാസനെയും മറ്റുള്ളവരെയും ജാമ്യത്തിൽവിട്ടു. രാത്രിയായപ്പോൾ സഹോദരന്മാർ പെട്ടെന്ന് പൗലോസിനെയും സീലാസിനെയും ബെറോയായിലേക്ക് അയച്ചു" (അപ്പ. 17,9-10). പൗലോസ് മടങ്ങിവരില്ല എന്ന് ഉറപ്പുവരുത്താൻ വേണ്ടിയാണ് ജാസനെ ജാമ്യത്തിൽ വിട്ടത്. പൗലോസ് പോയതിനുശേഷവും തെസലോണിക്കയിലെ വിശ്വാസികൾ ഏറെ ക്ലേശങ്ങളും പീഡനങ്ങളും സഹിക്കേണ്ടി വന്നു. ഒരു മാസംപോലും പൗലോസിന് അവരുടെ കൂടെ നിൽക്കാനോ അവരെ വിശ്വാസത്തിൽ ശക്തിപ്പെടുത്താനോ കഴിഞ്ഞില്ല. തിരിച്ചു ചെല്ലാൻ വിലക്ക്. ഈ സാഹചര്യത്തിലാണ് കോറിന്തോസിൽനിന്ന് പൗലോസ് തന്റെ ആദ്യത്തെ ലേഖനം എഴുതുന്നത്.

പൗലോസിന്റേതായി അംഗീകരിക്കപ്പെട്ടിട്ടുള്ള പതിമൂന്നു ലേഖനങ്ങളിൽ, ചരിത്രപരമായി നോക്കുമ്പോൾ ആദ്യത്തേതാണ് തെസലോണിക്കായിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനം. പലതരം പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന വിശ്വാസികളെ, അവർ സ്വീകരിച്ച വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നയിച്ചു ശക്തിപ്പെടുത്തുക, പീഡനങ്ങളിൽ പതറാതെ പിടിച്ചുനിൽക്കാൻ ധൈര്യം പകരുക, മരണത്തിനപ്പുറമുള്ള ജീവിതത്തെക്കുറിച്ച്

പ്രത്യാശ നൽകി ജീവിതത്തെ, സഹനങ്ങളെയും മരണത്തെത്തന്നെയും ധീരമായി നേരിടാൻ സഹായിക്കുക-ഇതൊക്കെ ആയിരുന്നു ഈ ലേഖനത്തിന്റെ ലക്ഷ്യം.

മരിച്ചവർക്ക് എന്തു സംഭവിക്കുന്നു, യേശു എന്നാണ് മടങ്ങിവരുക, നിത്യജീവിതം എന്നാൽ എന്ത് എന്നിങ്ങനെ നിരവധി ചോദ്യങ്ങൾക്ക് ഈ ലേഖനത്തിലൂടെ അപ്പസ്തോലൻ ഉത്തരം നൽകുന്നു. മരിച്ച് ഉത്ഥാനം ചെയ്ത്, പിതാവിന്റെ വലതു ഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന യേശു മടങ്ങിവരും. അപ്പോൾ ശവകുടീരങ്ങൾ തുറക്കപ്പെടും. മരിച്ചവരെല്ലാം ഉയിർത്തെഴുന്നേൽക്കും. യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു ജീവിക്കുകയും ആ വിശ്വാസത്തോടെ മരിക്കുകയും ചെയ്തവർ എന്നേക്കും യേശുവിനോടുകൂടെ നിത്യഭാഗ്യം അനുഭവിക്കും. മരണാനന്തരം ഓരോ വ്യക്തിയും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കേണ്ടിവരും. ഇഹലോകവാസകാലത്ത് തങ്ങൾ ചെയ്തതും ചെയ്യാതെ ഉപേക്ഷിച്ചതുമായ എല്ലാ കാര്യങ്ങൾക്കും ഉത്തരം പറയേണ്ടിവരും. അതിനാൽ "പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കായി അധ്വാനിക്കുവിൻ" (ഫിലി. 2,12) എന്ന ആഹ്വാനം ഏവർക്കും ബാധകമാണ്. എന്നാൽ ഭയമല്ല, സന്തോഷമാണ് ക്രിസ്തു വിശ്വാസിയെ നയിക്കേണ്ട മുഖ്യ വികാരം, ശക്തിയുടെ സ്രോതസ്.

തെസലോണിക്കായിലെ ക്രിസ്തു വിശ്വാസികൾ, തങ്ങൾ ഏറ്റു പറയുന്ന വിശ്വാസത്തിന്റെ പേരിൽ സഹനം ഏറ്റു വാങ്ങിയവരാണ്. ആ സഹനം അർത്ഥശൂന്യമല്ല, നഷ്ടവുമല്ല, മറിച്ച് യേശുക്രിസ്തുവിലുള്ള പങ്കുചേരലാണ് എന്ന് അപ്പസ്തോലൻ പഠിപ്പിച്ചു. "ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹവും അവനെ പ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു" (ഫിലി 1,28) എന്ന് ഫിലിപ്പിയിലെ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നത് എല്ലാ ക്രിസ്തു വിശ്വാസികളെ സംബന്ധിച്ചും സത്യമാണ്; പ്രചോദനവും പ്രോത്സാഹനവുമാണ്.

ക്രിസ്തുവിൽ വിശ്വസിച്ച്, ആ വിശ്വാസം ഏറ്റു പറഞ്ഞു ജീവിക്കുന്നവർ എന്നും സഹനങ്ങളെ നേരിടേണ്ടി വരും. തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം ത്യജിച്ച് കുരിശുമെടുത്തു പിന്നാലെ ചെല്ലണം (മർക്കോ 8,34; ലൂക്കാ 14,25-26) എന്ന് യേശു

നാഥൻ വളരെ വ്യക്തമായി പഠിപ്പിച്ചതാണ്. അന്നു മുതൽ ഇന്നു വരെ നിറവേറിക്കൊണ്ടിരിക്കുന്ന ഒരു പ്രബോധനം. അതിനാൽ വിശ്വാസത്തെ പ്രതി സഹിക്കേണ്ടിവരുന്നത് ഒരു അത്യാഹിതമോ നഷ്ടമോ ആയി പരിഗണിക്കാതെ യേശു നൽകുന്ന സമ്മാനമായി, നിത്യജീവന്റെ അച്ചാരമായി പരിഗണിക്കണം. മനുഷ്യരക്ഷയ്ക്കുവേണ്ടി യേശു അനുഭവിച്ച സഹനത്തിലുള്ള പങ്കുചേരലായി തങ്ങൾ അനുഭവിക്കുന്ന സഹനങ്ങളെ കാണണം. "സഭയാകുന്ന തന്റെ ശരീരത്തെ പ്രതി ക്രിസ്തുവിനു സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു" (കൊളോ 1,24) എന്ന അപ്പസ്തോലന്റെ ജീവിത സാക്ഷ്യം സകല ക്രിസ്തു ശിഷ്യർക്കും മാതൃകയും പ്രചോദനവും ആകണം.

"നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം ആഗ്രഹിക്കുന്നത്... അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്" (1 തെസ 4, 37) എന്ന പ്രബോധനം ജീവിതത്തിന് അടിസ്ഥാന നിയമമായി നിൽക്കണം. ദൈവത്തിനുവേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെട്ടതാണ് വിശുദ്ധം. വെളിപ്പെടുത്തപ്പെട്ട ദൈവഹിതം അനുസരിച്ചുള്ള ജീവിതമാണ് വിശുദ്ധി. ആ തിരുഹിതത്തിന്റെ രത്നചുരുക്കമാണ് സ്നേഹം. "സ്നേഹത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുവിൻ. ശാന്തമായി ജീവിക്കാൻ ഉത്സാഹിക്കുവിൻ" (1 തെസ 4,10). ഇതുവരെ നൽകപ്പെട്ട സകല പ്രമാണങ്ങളും സമാഹരിച്ച് ഏറ്റം സംക്ഷിപ്തമായൊരു നിർദ്ദേശം യേശു നൽകി. "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34). എപ്രകാരമാണ് യേശു സ്നേഹിച്ചതെന്ന് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13).

ഇപ്രകാരമുള്ള സ്നേഹമായിരിക്കണം ക്രൈസ്തവന്റെ മുഖമുദ്ര. ഈ സ്നേഹമാണ് ഹൃദയത്തിൽ സന്തോഷമായി നിറയുന്നത്. അപ്പോൾ ഒന്നിനെക്കുറിച്ചും ഭയമോ ദുഃഖമോ ഉണ്ടാവില്ല. നേരിടേണ്ടി വരുന്ന സഹനങ്ങളും ത്യാഗങ്ങളും ഏറ്റം വിലപ്പെട്ട സമ്മാനങ്ങളായി അനുഭവപ്പെടും; യേശുവിനോടു താദാത്മ്യപ്പെ

ടുത്താൻ അവിടുത്തെ സഹനത്തിലുള്ള പങ്കുചേരലാണെന്നു ബോധ്യമാകും. ഈ ബോധ്യം സന്തോഷമായി ഹൃദയത്തിൽ നിറയും; നന്ദിയായി, സ്തുതിപ്പായി, കവിഞ്ഞൊഴുകും. "അപ്പോൾ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും" (ഫിലി. 4,7).

"നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ. നിങ്ങുടെ ക്ഷമാശീലം എല്ലാവരും അറിയട്ടെ. കർത്താവ് അടുത്തെത്തിയിരിക്കുന്നു" (ഫിലി 4,4-5). അടുത്തെത്തുക മാത്രമല്ല, നമ്മുടെ കൂടെ, നമ്മുടെ ഉള്ളിൽ കർത്താവ് വസിക്കുന്നു, ലോകാവസാനത്തോളം, ഒരിക്കലും കൈവിടാതെ, വിട്ടുപിരിയാതെ (മത്താ 28,20). അതായിരിക്കണം യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം. ആർക്കും ഒന്നിനും എടുത്തു മാറ്റാനാവാത്ത സന്തോഷവും സമാധാനവും നല്കുന്നത് നമ്മുടെ ഉള്ളിൽ വസിക്കുന്ന യേശുവാണ്, ത്രിയേക ദൈവമാണ് (യോഹ 14,16.18.23). കർത്താവു കൂടെയുണ്ടെങ്കിൽ പിന്നെ നാം എന്തിനു ഭയപ്പെടണം? എന്തിനു ദുഃഖിക്കണം? ഹൃദയത്തിന്റെ അടിത്തട്ടിൽ സന്തോഷം നിറഞ്ഞ് സ്നേഹമായി, ശക്തിയായി, സമാധാനമായി ഒഴുകാൻ കർത്താവു തന്നെ തുണയരുളട്ടെ!

# 24

## പ്രത്യാശയിൽ സന്തോഷം

*"നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിന്മയെ ദ്വേഷിക്കുവിൻ. നന്മയെ മുറുകെ പിടിക്കുവിൻ. നിങ്ങൾ സഹോദരതുല്യം അന്യോന്യം സ്നേഹിക്കുവിൻ. പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടുനിൽക്കുവിൻ. തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ. പ്രത്യാശയിൽ സന്തോഷിക്കുവിൻ. ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ... സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവിൻ. കരയുന്നവരോടുകൂടെ കരയുവിൻ" (റോമാ 12,9-21),*

മനുഷ്യജീവിതം മരണത്തിൽ ചെന്ന് അവസാനിക്കുന്നു എന്നത് അനുദിനാനുഭവം. സമ്പന്നനും ദരിദ്രനും ഒരുപോലെ, ജീവിതം സുഖിച്ച് ആഘോഷിച്ചവനും ദുരിതം മാത്രം അനുഭവിച്ചവനും എല്ലാം മരണം കൊണ്ടവസാനിക്കുന്നു. അപ്പോൾ പിന്നെ ജീവിതത്തിന് എന്തർത്ഥം? വേദനിക്കുന്ന, ദുഃഖിക്കുന്ന, സഹിക്കുന്ന മനുഷ്യന് അല്പം സന്തോഷം നല്കാൻ വേണ്ടി കണ്ടുപിടിച്ച കറുപ്പാണ് മതം എന്ന് നിരീശ്വര പ്രത്യയശാസ്ത്രങ്ങൾ. മരണംകൊണ്ട് എല്ലാം അവസാനിക്കുന്നെങ്കിൽ ഒന്നേ കരണീയമായുള്ളൂ. ജീവിതം കഴിയുന്നത്ര ഇപ്പോൾ തന്നെ ആസ്വദിക്കുക. "എപ്പിക്കൂറിയനിസം" എന്നു പാശ്ചാത്യലോകത്തും "ചർവ്വാക സിദ്ധാന്തം" എന്നു ഭാരതത്തിലും അറിയപ്പെടുന്ന ഈ കാഴ്ചപ്പാട് സാർവ്വത്രികമാണ്. ഇപ്രകാരമൊരു ചിന്താഗതിയും അതിനുള്ള മറുപടിയും ബൈബിളിലും കാണാം.

“ജീവിതം ഹ്രസ്വവും ദുഃഖകരവുമാണ്. മരണത്തിനു പ്രതിവിധിയില്ല. പാതാളത്തിൽനിന്ന് ആരും മടങ്ങിവന്നതായി അറിവില്ല... ജീവിതം മേഘശകലം പോലെ മാഞ്ഞുപോകും... മരണത്തിൽനിന്നു തിരിച്ചുവരവില്ല. അതു മുദ്രയിട്ടുറപ്പിച്ചതാണ്, ആരും തിരിച്ചു വരുകയില്ല. വരുവിൻ, ഇപ്പോൾ വിശിഷ്ട വസ്തുക്കൾ ആസ്വദിക്കാം. യുവത്വത്തിന്റെ ഉന്മേഷത്തോടെ ഈ സൃഷ്ടികൾ അനുഭവിക്കാം. മുന്തിയ വീഞ്ഞും സുഗന്ധദ്രവ്യങ്ങളും നിറയെ ആസ്വദിക്കാം.” (ജ്ഞാനം 2,1-20). ദൈവവിശ്വാസമില്ലാത്ത അധർമ്മികളുടെ ചിന്തയാണിതെന്ന് ‘‘ജ്ഞാന’’ത്തിന്റെ കർത്താവ് പറയുന്നു. എന്നാൽ ഈ ചിന്ത ശരിയല്ല എന്ന് തുടർന്ന് സ്ഥാപിക്കുന്നുണ്ട്. മരണാനന്തര ജീവിതത്തെക്കുറിച്ച്, പഴയനിയമത്തിൽ ഏറ്റം വ്യക്തമായ വെളിപ്പെടുത്തലുകൾ കാണുന്നത് ജ്ഞാനത്തിന്റെ പുസ്തകത്തിലാണ്.

“നീതിമാൻ പ്രായമെത്താതെ മരിച്ചാലും വിശ്രാന്തി ആസ്വദിക്കും. വാർദ്ധക്യത്തെ മാനിക്കുന്നത് ഏറെക്കാലം ജീവിച്ചതുകൊണ്ടല്ല. മനുഷ്യർക്കു വിവേകമാണ് നരച്ചമുടി. കറയറ്റ ജീവിതമാണ് പക്വതയാർന്ന വാർദ്ധക്യം. ഹ്രസ്വകാലംകൊണ്ട് പൂർണ്ണത കൈവരിച്ചതിനാൽ നീതിമാൻ ദീർഘകാലം പിന്നിട്ടു. കർത്താവിനു പ്രീതികരനാകയാൽ തിന്മയുടെ മധ്യത്തിൽനിന്ന് കർത്താവ് അവനെ വേഗം രക്ഷിച്ചു” (ജ്ഞാനം 4,7-14). മരണം ഒന്നിന്റെയും അവസാനമല്ല, ഒരു പുതിയ തുടക്കമാണ് എന്ന് പുതിയ നിയമത്തിൽ വരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. അതിനാൽ യഥാർത്ഥ ക്രിസ്തുവിശ്വാസി മരണാനന്തരം പൂർണ്ണമാകുന്ന നിത്യജീവിതവും സ്വർഗ്ഗഭാഗ്യവും മുന്നിൽ കണ്ടുകൊണ്ടുവേണം ഈ ലോകത്തിലെ ഹ്രസ്വമായ ജീവിതം ക്രമീകരിക്കാൻ.

നിരീശ്വരർ മാത്രമല്ല, ദൈവവിശ്വാസികളും ഭൗതികമായ സുസ്ഥിതിക്കും സമ്പത്തിനും സന്തോഷത്തിനും അമിതമായ പ്രാധാന്യം കൊടുക്കുന്ന പ്രവണത വിരളമല്ല. അടുത്തകാലത്ത് ഈ പ്രവണത വർദ്ധിച്ചു വരുന്നതായി തോന്നും. വഴിനീളെ ഉയരുന്ന ഫ്ളക്സ് ബോർഡുകളിലും പത്രമാസികകളിലും വരുന്ന പരസ്യങ്ങളും നന്ദിപ്രകടനങ്ങളും ഇപ്രകാരമൊരു നിഗമനത്തിലേക്കു വിരൽ ചൂണ്ടുന്നതുപോലെ തോന്നും. ധ്യാനങ്ങളും പ്രാർത്ഥനകളും തീർത്ഥാടനങ്ങളും പരിത്യാഗപ്രവർത്തികളും

എല്ലാം ഭൗതികമാത്രമായ ലക്ഷ്യത്തിൽ ഒതുങ്ങിപ്പോകുന്നതു പോലൊരു പ്രതീതി. അത്ഭുതകരമായ രോഗസൗഖ്യം, സന്താനഭാഗ്യം, വിദേശത്ത് ഉയർന്ന ശമ്പളം ലഭിക്കുന്ന ജോലി, പരീക്ഷകളിൽ ഉന്നതവിജയം എന്നിങ്ങനെ ലഭിക്കുന്ന അനുഗ്രഹങ്ങളുടെ പട്ടിക നീളുമ്പോൾ ഇതാണോ യേശു വാഗ്ദാനം ചെയ്തതും സഭ പഠിപ്പിക്കുന്നതുമായ സത്യം എന്ന സംശയം പലരും ഉന്നയിക്കുന്നു.

ഇപ്പറഞ്ഞതൊന്നും ലഭിക്കുന്നില്ലെങ്കിൽ അത് വ്യക്തികളുടെയോ, അതിലുപരി പൂർവ്വികരുടെയോ പാപഫലമായി നിലനിൽക്കുന്ന ശാപം മൂലമാണ് എന്ന് ധ്യാനഗുരുക്കന്മാരും കൗൺസിലർമാരുമൊക്കെ ആവർത്തിച്ചു പഠിപ്പിക്കുമ്പോൾ വലിയ ആശയക്കുഴപ്പം ഉണ്ടാകുക സ്വാഭാവികം. ബൈബിളിലെ ചില വാക്യങ്ങൾ സാഹചര്യത്തിൽനിന്ന് അടർത്തിയെടുത്ത് ഉദ്ധരിച്ചുകൊണ്ടാണ് മേല്പറഞ്ഞ ആശയങ്ങൾ കേൾവിക്കാരുടെ മനസ്സിൽ ഉറപ്പിക്കുക. എന്നാൽ ഇതാണോ ബൈബിൾ നൽകുന്ന പൊതുവായ പ്രബോധനം? ഇതാണോ യേശുവും ശിഷ്യന്മാരും പഠിപ്പിച്ചത്? ഭൗതികമായ സമ്പത്തും സമൃദ്ധിയുമാണോ യേശു വാഗ്ദാനം ചെയ്തത്?

അല്ല എന്നു വ്യക്തം. ഭൗതികസമ്പത്തും സമൃദ്ധിയും സ്വരുകൂട്ടാനും ആസ്വദിക്കാനുമല്ല, അവ ഉണ്ടെങ്കിൽ പങ്കുവയ്ക്കാനാണ് യേശു ആഹ്വാനം ചെയ്തത്. സമ്പന്നരേ നിങ്ങൾ ഭാഗ്യവാന്മാർ! എന്നല്ല യേശു ഉദ്ഘോഷിച്ചത്, മറിച്ച് "ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം നിങ്ങളുടേതാണ്" എന്നായിരുന്നു. അതിന്റെ മറുവശമാണ് "സമ്പന്നരേ നിങ്ങൾക്കു ദുരിതം! നിങ്ങളുടെ ആശ്വാസം നിങ്ങൾ പ്രാപിച്ചു കഴിഞ്ഞു" (ലൂക്കാ 6,20-24). ഈ ഭൂമിയും ഇതിലെ വിഭവങ്ങളും ദൈവം എല്ലാവർക്കുമായി നൽകിയിരിക്കുന്നതാണ്. അത് എല്ലാവർക്കും ആവശ്യാനുസരണം ലഭ്യമാക്കുന്ന ഒരു സാമൂഹിക ക്രമം ഉണ്ടാകണം. അതാണ് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ മുഖമുദ്രയായി ലൂക്കാ എടുത്തുകാട്ടുന്നത്.

"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതു സ്വത്തായിരുന്നു... അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല" (അപ്പ

4,32-37). പങ്കുവയ്ക്കുന്ന സ്നേഹം, അതിലൂടെ പ്രകടമാകുന്ന ക്രിസ്തീയവിശ്വാസം- അതായിരുന്നു ആദിമ ക്രൈസ്തവരുടെ സജീവസാക്ഷ്യം. മനുഷ്യജീവിതം മരണം കൊണ്ടവസാനിക്കുന്നില്ലെന്നും യഥാർത്ഥവും ശാശ്വതവുമായ ജീവിതത്തിലേക്കു തുറക്കുന്ന വാതിൽ മാത്രമാണ് മരണം എന്നും ക്രൈസ്തവർ വിശ്വസിച്ചു. ഇത് നിസ്സഹായന്റെ വ്യർത്ഥസ്വപ്നമായിരുന്നില്ല, മനഃപൂർവ്വം മനുഷ്യനെ മയക്കുന്ന കറുപ്പുമായിരുന്നില്ല. മറിച്ച്, തങ്ങളുടെ വിശ്വാസത്തിന്റെ നാഥനും കർത്താവുമായ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിൽ അടിയുറച്ചതായിരുന്നു; യേശുവിന്റെ വാഗ്ദാനങ്ങൾ ഉറപ്പുനൽകിയതായിരുന്നു.

അന്ത്യ അത്താഴവേളയിൽ, ആസന്നമായിരിക്കുന്ന വേർപാടിനെക്കുറിച്ച് യേശു പറഞ്ഞത് ശിഷ്യരെ വലിയ ദുഃഖത്തിലാഴ്ത്തി. അപ്പോഴാണ് യേശു വലിയൊരു വാഗ്ദാനം നൽകി അവരുടെ പ്രത്യാശയെ ഊതിക്കത്തിച്ചത്. “നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ... ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കികഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും” (യോഹ 14,1-3). പിതാവിന്റെ സാന്നിധ്യമാകുന്ന സ്വർഗ്ഗീയഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോകാൻ നാഥൻ വന്നുവിളിക്കുന്നതാണ് ക്രിസ്തു ശിഷ്യനു മരണം. അതു ദുഃഖകരമായൊരു വേർപാടല്ല, ആനന്ദപ്രദമായ, നിർവൃതിദായകമായ ഒരു സമാഗമമാണ്. പിതാവിന്റെ ഭവനത്തിലേക്കു സ്വീകരിക്കപ്പെടലാണ്.

കുറെക്കാലം മുമ്പ് ഉണ്ടായ ഒരനുഭവം ഇന്നലത്തേതുപോലെ മനസിൽ പച്ചകെടാതെ നിൽക്കുന്നു, പ്രത്യാശയുടെ ഉറവിടമായി, സന്തോഷത്തിന് നിദാനമായി. കൃത്യമായി പറഞ്ഞാൽ 2000 ജൂൺ 20 വൈകുന്നേരം 3.30. തലച്ചോറിൽ രക്തം കട്ടയായതിനെ തുടർന്നു (Subdural haematoma എന്ന് സാങ്കേതികനാമം) തൃശ്ശൂർ ഹാർട്ട് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ച എന്നെ ന്യൂറോ സർജൻ ഡോ. ജോർജ്ജ് കോവൂർ മസ്തിഷ്കശസ്ത്രക്രിയയ്ക്ക് വിധേയനാക്കി. ശസ്ത്രക്രിയ വിജയമായിരുന്നു. ഒരാഴ്ചത്തെ ആശുപത്രി വാസത്തിനുശേഷം വിശ്രമത്തിനായി വിട്ടു, മൂന്നാഴ്ചക്കകം വീണ്ടും കാണണം എന്ന നിർദ്ദേശത്തോടെ. വിശ്രമം കഴിഞ്ഞ് വൈകുന്നേരം തിരിച്ച് ഡിവൈനിൽ വന്ന് വാഹനത്തിൽ നിന്നിറങ്ങിയപ്പോൾ വാതിലിൽ തല ശക്തമായി മുട്ടി. അന്നു രാത്രി

ഉറങ്ങാൻ കഴിഞ്ഞില്ല. രക്തസമ്മർദ്ദം വളരെ കൂടി. അതിശക്ത മായ തലവേദന.

പിറ്റേന്ന് അതിരാവിലെ ഡോക്ടറെ കണ്ടു. കണ്ടപാടെ ഒരു ചോദ്യം: തലമുട്ടിയോ? ഞാൻ പറഞ്ഞിരുന്നില്ലേ മുട്ടരുതെന്ന്? അറിയാതെയാണെന്നു പറഞ്ഞിട്ടു കാര്യമില്ലല്ലോ. വീണ്ടും സ്കാൻ ചെയ്തു. തലച്ചോറിൽ വീണ്ടും രക്തം! വീണ്ടും ഓപ്പ റേഷൻ തിയേറ്റർ. നേരത്തെ തലയോട്ടിയിൽ ദ്വാരമുണ്ടാക്കിയി രുന്നതിനാൽ ഇത്തവണ എളുപ്പത്തിൽ സൂചികയറ്റി രക്തം വലി ച്ചെടുത്തു. രണ്ട് ഔൺസിൽ കുറയാത്ത ചുടുചോര. ഇനി വിശ്ര മിക്കാം. തല ഇളകരുത് എന്നു പറഞ്ഞ് ഡോക്ടർ പോയി. അന്നു ച്ചകഴിഞ്ഞാണ് എന്റെ ജീവിതത്തെ ആകെ പിടിച്ചു കുലുക്കിയ, പുതിയ ഉൾക്കാഴ്ചകളും പ്രത്യാശയും നൽകിയ സംഭവം ഉണ്ടാ കുന്നത്.

ഏകദേശം മൂന്നുമണി സമയം. ശീതീകരിച്ച ഹോസ്പിറ്റൽ മുറിയിലാണു കിടപ്പ്. പെട്ടെന്ന് ശരീരം വിയർക്കാൻ തുടങ്ങി. അതേസമയം കൈകാലുകളുടെ വിരലുകളിലൂടെ ശക്തമായ തണുപ്പ്-മരവിപ്പ് ഉള്ളിലേക്കു കയറുന്നു. ഒരേസമയം തണുപ്പും ചൂടും, കുളിരും വിയർപ്പും. കാരണം എന്തെന്നറിയാതെ അടു ത്തുനിന്ന പെങ്ങളോടു കാര്യം പറഞ്ഞു. പെങ്ങൾ 1974 മുതൽ ഡോക്ടറാണ്, എം.എസ്.എം.ഐ. സഭയിലെ ഒരു സന്യാസിനി. എന്റെ കണ്ണു വലിച്ചു തുറന്നു നോക്കി. എന്തോ അപാകത തോന്നിയതിനാൽ നേഴ്സിനെ അറിയിച്ചു. നേഴ്സ് ഡോക്ടറെ വിളിച്ചു. വേഗം സ്ഥലത്തെത്തിയ ഡോക്ടർ പറഞ്ഞു. കൈവിട്ടു പോയി എന്നാണു തോന്നുന്നത്. ആരെയെങ്കിലും അറിയിക്കാ നുണ്ടെങ്കിൽ അറിയിച്ചുകൊള്ളൂ. വിവരം അറിഞ്ഞ പനയ്ക്കല ച്ചൻ ഡിവൈനിൽ നിന്ന് ഒരു സംഘവുമായി വന്ന് പ്രാർത്ഥന തുടങ്ങി. തലശ്ശേരിക്കു ഫോൺ ചെയ്തറിയിച്ചു. പലേടത്തും എനിക്കുവേണ്ടി പ്രാർത്ഥനകൾ നടന്നു.

എന്നാൽ ഞാൻ ഇതൊന്നും അറിയുന്നില്ല. എപ്പോഴെന്നറി യില്ല. ഞാൻ ഒന്നും കാണുകയോ കേൾക്കുകയോ ചെയ്യാത്ത ഒരവസ്ഥയിലെത്തി. ഉറക്കമല്ല, മനസ് ശരിക്കും ഉണർന്നിരി ക്കുന്നു. എന്നാൽ പരിസരബോധമില്ല. സാവകാശം മനസ് ശാന്ത മായി. വേദനയില്ല. രോഗത്തെക്കുറിച്ചുള്ള ചിന്തയെന്നല്ല, ഒരു ചിന്തയും മനസ്സിലില്ല. സാവകാശം മുന്നിൽ ഒരു പ്രകാശനാളം

തെളിഞ്ഞു. ക്രമേണ പ്രകാശം വർദ്ധിച്ചു. ശാന്തവും തണുപ്പുള്ളതും എന്നാൽ വളരെ ശക്തവുമായ ഒരു പ്രകാശത്തിനു മുമ്പിൽ നിൽക്കുന്ന പ്രതീതി. ഒന്നും കാണാനില്ല. പ്രകാശം മാത്രം. ആ പ്രകാശത്തിനു നടുവിൽനിന്ന് ശാന്തമായൊരു ശബ്ദം മുഴങ്ങി. ഇംഗ്ലീഷിലാണ് ഞാൻ അതു കേട്ടത്. വ്യക്തവും ശക്തവും സ്നേഹം വഴിഞ്ഞൊഴുകുന്നതുമായൊരു ശബ്ദം. You are welcome Home വീട്ടിലേക്കു സ്വാഗതം. ദീർഘമായ 15 വർഷത്തെ റോമാ വാസത്തിനുശേഷം തിരിച്ചെത്തിയപ്പോൾ അപ്പനും അമ്മയും പറയാതെ പറഞ്ഞതുപോലൊരു സ്വാഗതം.

എങ്ങനെയാണതു കേട്ടതെന്നറിയില്ല. ഉള്ളിൽ മാത്രം മുഴങ്ങിയതോ, പുറമേനിന്നു വന്നതോ-ഒന്നും അറിയില്ല. ഞാൻ ഇപ്പോഴും ജീവനോടെ ഭൂമിയിൽത്തന്നെയോ, അതോ മരിച്ച് സ്വർഗ്ഗവാതില്ക്കലോ എന്നും അറിയില്ല. പരിസരബോധമില്ല; സ്വാവബോധവുമില്ല. സ്നേഹത്തിന്റെ ഉറവിടത്തിൽ നിൽക്കുന്ന, രണ്ടു കൈകളും നീട്ടി സ്വീകരിക്കാൻ നിൽക്കുന്ന അമ്മയും അപ്പനുമായ ദൈവത്തിന്റെ മുമ്പിലാണെന്ന ഒരവബോധം മാത്രം. അവിടെ ശാസനയില്ല, കുറ്റപ്പെടുത്തലോ ചോദ്യം ചെയ്യലോ ഒരു പരിഭവം പോലുമോ ഇല്ല. വീട്ടിലേക്കു സ്വാഗതം. അതുമാത്രം. മടങ്ങിവരുന്ന ധൂർത്തപുത്രനെ സ്വീകരിക്കുന്ന പിതാവിന്റെ ചിത്രമാണ് ഇതു പറയുമ്പോൾ ഇപ്പോൾ മനസിൽ തെളിയുന്നത്.

എത്രസമയം ഈ അനുഭൂതിയിൽ കഴിഞ്ഞു എന്നറിയില്ല. ഇതിനിടെ ഡോക്ടർ വന്നു. പലതവണ മരുന്നു കുത്തിവച്ചു. ഞാനങ്ങനെ നിശ്ചലനായി, ജീവൻ അറ്റതുപോലെ കിടന്നു. ഏകദേശം രണ്ടു മണിക്കൂർ കഴിഞ്ഞാണത്രെ ഞാൻ കണ്ണു തുറന്നത്. വിട്ടുപോന്ന ഈ ജീവിതത്തിലേക്കു മടങ്ങിവരാൻ ഒട്ടും ആഗ്രഹമുണ്ടായിരുന്നില്ല. എന്നാലും എന്നെ സംബന്ധിച്ച ദൈവിക പദ്ധതി അവിടെ അവസാനിക്കുന്നില്ല എന്നു തിരിച്ചറിഞ്ഞു. ഇരുപതു വർഷം കഴിഞ്ഞിട്ടും ആ അനുഭവം അതിശക്തമായ ഒരു പ്രചോദനമായി മനസിൽ നിൽക്കുന്നു-പ്രത്യാശയുടെ ഉറവിടമായി.

യേശുവിന്റെ വാഗ്ദാനങ്ങളും അപ്പസ്തോലസാക്ഷ്യങ്ങളും എല്ലാം ഒരു പുതിയ വെളിച്ചത്തിൽ കാണാൻ കഴിഞ്ഞു. ഈ സംഭവം വിലയേറിയ ചില ബോധ്യങ്ങൾ നൽകി, മുന്നോട്ടുള്ള യാത്രയിൽ വഴികാട്ടിയായി. യേശുവിന്റെ പുനരുത്ഥാനത്തിന്റെ

അടിസ്ഥാനത്തിൽ എല്ലാവരുടെയും പുനരുത്ഥാനം ഉണ്ടാകുമെന്നു തെളിയിക്കുന്ന പൗലോസിന്റെ ഒരു വാക്യമാണ് അതിൽ ഏറ്റം പ്രധാനപ്പെട്ട ഒന്ന്: "അതിനാൽ എന്റെ വത്സലസഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ല എന്നു ബോധ്യപ്പെട്ട്, അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച്, സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ" (1 കൊറി 15,58).

ജീവിതം ഇവിടംകൊണ്ടവസാനിക്കുന്നില്ല, ഇവിടെവച്ചു ചെയ്യുന്ന ഒരു നന്മ പ്രവൃത്തിയും നഷ്ടമാകുന്നില്ല. എല്ലാം പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ സഹായകമാകുന്നു. മരണത്തിനും അപ്പുറത്തേക്കു നയിക്കുന്നതാണ് യേശുവിലുള്ള വിശ്വാസത്തിൽ അടിയുറപ്പിച്ച പ്രത്യാശ. "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശവച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്" (1 കൊറി 15,19). ദൈവത്തോടൊന്നിച്ചുള്ള നിത്യമായ ജീവിതം. അതാണ് നാം പ്രത്യാശിക്കുന്നത്. ആ പ്രത്യാശയാണ് എപ്പോഴും സന്തോഷിക്കാൻ പ്രേരകമാകുന്നത്.

പ്രത്യാശയിലാണ് സന്തോഷം. പ്രത്യാശയിലാണ് രക്ഷ... "ഈ പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്. കണ്ടുകഴിഞ്ഞാൽ പിന്നെ പ്രത്യാശ പ്രത്യാശയല്ല. താൻ കാണുന്നതിനെ ഒരുവൻ എന്തിനു പ്രത്യാശിക്കണം? എന്നാൽ കാണാത്തതിനെയാണ് നാം പ്രത്യാശിക്കുന്നതെങ്കിൽ അതിനുവേണ്ടി നാം സ്ഥിരതയോടെ കാത്തിരിക്കും" (റോമാ 8, 24-25). ദൈവമക്കളുടെ സമ്പൂർണ്ണമായ സ്വാതന്ത്ര്യവും സന്തോഷവും-അതാണ് നാം പ്രത്യാശിക്കുന്നത്. അദൃശ്യമായവ ഉണ്ട് എന്ന് വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. യേശുവിന്റെ ജീവിതവും മഹത്വീകരണവും വാഗ്ദാനങ്ങളും എല്ലാം വിശ്വാസത്തിന് അടിത്തറയായി നിൽക്കുന്നു. "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ കാതുകൾ കേൾക്കുകയോ മനുഷ്യമനസ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല" (1 കൊറി 2,9). അവാച്യം, അവർണ്ണനീയം എന്നൊക്കെ നിഷേധാത്മകമായേ ഈ സ്വർഗ്ഗഭാഗ്യത്തെക്കുറിച്ചു പറയാനാവൂ.

ഇപ്രകാരം ഒരു സ്വർഗ്ഗഭാഗ്യത്തിന് ലോകാവസാനവും ശരീരങ്ങളുടെ ഉയിർപ്പും വരെ കാത്തിരിക്കേണ്ടതില്ല എന്ന് യേശു

നാഥൻ തന്നെ നമ്മെ പഠിപ്പിക്കുന്നു. അതാണല്ലോ തന്നെ വിളിച്ചപേക്ഷിച്ച, ക്രൂശിതനായ കുറ്റവാളിയോട് യേശു പറഞ്ഞത്: "സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടു കൂടെ പറുദീസായിലായിരിക്കും" (ലൂക്കാ 23,43). മരണത്തോടെ ആരംഭിക്കുന്ന പറുദീസാ വാസം അതിന്റെ പൂർണ്ണതയിൽ എത്തുന്നത് ലോകാവസാനത്തോടെ ആയിരിക്കും. ഒരുപക്ഷേ, ലോകാവസാനം എന്നു പറയുന്നതിനേക്കാൾ പുതിയ ലോകത്തിന്റെ ആവിർഭാവത്തോടെ എന്നു പറയുന്നതാവും ബൈബിളിന്റെ വാഗ്ദാനത്തോടു കൂടുതൽ അടുത്തുനിൽക്കുന്നത്.

"ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി... ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടു കൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും. അവിടുന്ന് അവരുടെ മിഴികളിൽ നിന്ന് കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി" (വെളി 21,1-4). ഇതാണ് ദൈവവചനം നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്ന ദൈവരാജ്യത്തിന്റെ ചിത്രം. നമുക്കായി ദൈവം ഒരുക്കിവച്ചിരിക്കുന്ന ജീവിതത്തിന്റെ യഥാർത്ഥ ചിത്രം. ഇതുതന്നെ ആവണം നമ്മുടെ പ്രത്യാശയുടെ വിഷയവും സന്തോഷത്തിന്റെ ഉറവിടവും.

"ആകയാൽ നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ" (ഫിലി. 4,3). നമ്മെ നിരാശരാക്കാത്ത പ്രത്യാശയാണ് നമ്മുടെ കൈമുതൽ. ഒരിക്കലും കൈവിടാത്ത നാഥനാണ് നമ്മുടെ കൈപിടിച്ചിരിക്കുന്നത്, പിതാവിന്റെ ഭവനത്തിലേക്കു നയിക്കാൻ. സന്തോഷത്തോടെ, വിശ്വാസത്തോടെ പിൻതുടരാം. കുതറി മാറി സ്വന്തം വഴി തിരഞ്ഞെടുക്കാതെ!

# 25

## ബലഹീനതയിൽ സന്തോഷം

*"... നിനക്ക് എന്റെ കൃപ മതി, എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവ്വാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും. അതുകൊണ്ട് ബലഹീനതയിലും ആക്ഷേപങ്ങളിലും, ഞെരുക്കങ്ങളിലും, പീഡനങ്ങളിലും അത്യാഹിതങ്ങളിലും, ഞാൻ ക്രിസ്തുവിനെ പ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ, ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്" (2 കൊറി 12,9-10).*

അതീവതീക്ഷ്ണമതിയും ധൈര്യശാലിയും നിർഭയനുമായ ഒരു സുവിശേഷ പ്രഘോഷകനായിരുന്നു പൗലോസ്. ക്രിസ്തുവിശ്വാസികളെ ഉന്മൂലനം ചെയ്യാൻ കാട്ടിയതിന്റെ പതിന്മടങ്ങ് ആവേശത്തോടെ യേശുവിനു സാക്ഷ്യം വഹിച്ചു. യേശുവിനെ പുൻതുടരുകയും പ്രഘോഷിക്കുകയും ചെയ്യുന്നതിൽനിന്ന് തന്നെ പിൻതിരിപ്പിക്കാൻ ആർക്കും ഒന്നിനും കഴിയില്ല എന്ന ഉറച്ച ബോധ്യമുണ്ടായിരുന്നു അപ്പസ്തോലന്. ഡമാസ്കസിന്റെ കവാടത്തിൽവച്ചു കണ്ടുമുട്ടിയ നാൾമുതൽ യേശുവിനുവേണ്ടി അയാൾ ചെയ്ത ജോലിക്കും സഹിച്ച ത്യാഗങ്ങൾക്കും കണക്കില്ല.

അപ്പസ്തോല പ്രവർത്തനങ്ങൾ 9-ാം അധ്യായത്തിൽ വിവരിക്കുന്ന മാനസാന്തരം, തുടർന്ന് 13-28 അധ്യായങ്ങളിൽ നിറഞ്ഞുനിൽക്കുന്ന പ്രേഷിതപ്രവർത്തനം. ആദിമസഭയുടെ ചരിത്രം എഴു

തുന്ന ലൂക്കാ അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിലെ 28 ൽ 17 അധ്യായങ്ങൾ പൗലോസിന്റെ പ്രവർത്തനങ്ങൾ വിവരിക്കാനായി മാറ്റിവച്ചിരിക്കുന്നു എന്നതുതന്നെ ക്രിസ്തുവിനുവേണ്ടി ജ്വലിച്ചുനിന്ന ആ പ്രേഷിത ജീവിതത്തിനു സാക്ഷ്യമാണ്. തന്റെ മുമ്പിൽ ഒരേ ഒരു ലക്ഷ്യമേ ഉള്ളൂ എന്ന് അപ്പസ്തോലൻ എടുത്തു പറയുന്നുണ്ട്: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വഴിയില്ല. അത് എന്റെ കടമയാണ് ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" (1 കൊറി 9,16). തന്റെ ബോധ്യവും തീരുമാനവും ജീവിതലക്ഷ്യവും ഇതിനേക്കാൾ ശക്തമായി എങ്ങനെ അവതരിപ്പിക്കും?

"തലയിൽ തീയും കാലിൽ ചിറകും" എന്നതുപോലെ നിരന്തരം ഓടിയ ഒരു സുവിശേഷകൻ. താൻ കണ്ട്, അനുഭവിച്ചറിഞ്ഞ യേശുവിനെ, ദൈവത്തിന്റെ അവർണ്ണനീയമായ സ്നേഹത്തെ, എല്ലാവരും അറിയണം. അങ്ങനെ സകല മനുഷ്യരും താൻ അനുഭവിക്കുന്ന ഈ ആനന്ദ നിർവൃതിയിലേക്കു വരണം. സകലരും യേശുവിൽ ഒന്നായി, പിതാവിന്റെ ഹൃദയമാകുന്ന ഭവനത്തിൽ സന്തോഷത്തോടെ കഴിയണം. അതുമാത്രമാണ് ജീവിതലക്ഷ്യം, അതിലാണ് ജീവിതസാഫല്യം. ഈ ബോധ്യം നിരന്തരമായ പ്രേരകശക്തിയായി. "ഒരുവൻ എല്ലാവർക്കും വേണ്ടി മരിച്ചുവെന്നും അതിനാൽ എല്ലാവരും മരിച്ചുവെന്നും ഞങ്ങൾക്കു ബോധ്യമുള്ളതിനാൽ, ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു" (2കൊറി 5,14).

"ഉത്തേജനം നൽകുന്നു" എന്ന പി.ഒ.സി. വിവർത്തനം ഗ്രീക്കുമൂലത്തിന്റെ അർത്ഥവും ശക്തിയും വെളിപ്പെടുത്തുന്നില്ല. *സുൻഎഖോ* (Sunecho) എന്നാണ് ഗ്രീക്കുമൂലം. പ്രേരിപ്പിക്കുക, പ്രചോദിപ്പിക്കുക, ഉത്തേജിപ്പിക്കുക എന്നൊക്കെ ഇതിനെ വിവർത്തനം ചെയ്യാം. എന്നാൽ അതുമാത്രമല്ല, നിർബ്ബന്ധിക്കുക, മറ്റൊരു ഒഴികഴിവുമില്ലാത്തവിധത്തിൽ ഒരാളെ അതിശക്തമായി നിർബന്ധിക്കുക എന്നും ഇതിനർത്ഥമുണ്ട്. കുതിരപ്പുറത്തിരിക്കുന്നവൻ ധരിക്കുന്ന ചെരുപ്പിന്റെ പിന്നിൽ ആണിപോലെ കൂർത്ത ഒരു ലോഹത്തകിട് ഘടിപ്പിച്ചിരിക്കും. രണ്ടുകാലിന്റെയും ഉപ്പ്കുറ്റികൊണ്ട് കുതിരയുടെ പാർശ്വങ്ങളിൽ അമർത്തുമ്പോൾ നന്നായി വേദനിക്കുന്ന കുതിര കുതിച്ചുപായും. ഇതുപോലൊരു

പ്രേരണയും നിർബ്ബന്ധവുമാണ് യേശുവിന്റെ സ്നേഹം തന്നിൽ പ്രവർത്തിക്കുന്നത് എന്ന് അപ്പസ്തോലൻ ഏറ്റുപറയുന്നു. ഊണിലും ഉറക്കത്തിലും, യാത്രയിലും വിശ്രമത്തിലും എല്ലാം ഒരേ ഒരു ചിന്ത. യേശുവിനെ അറിയണം, പ്രഘോഷിക്കണം.

അതിനായി അദ്ദേഹം ചെയ്ത യാത്രകൾക്കു കണക്കില്ല. സുദീർഘമായ മൂന്നു പ്രേഷിത യാത്രകൾ ലൂക്കാ വിവരിക്കുന്നുണ്ട്. എന്നും പുതിയ പുതിയ മേഖലകളിലേക്ക്, ആരും ഇതുവരെ കടന്നു ചെന്നിട്ടില്ലാത്ത പുതിയ സ്ഥലങ്ങളിലേക്ക് സുവിശേഷവുമായി പോവുക. കാൽനടയായും കുതിരപ്പുറത്തും, കപ്പൽ മാർഗ്ഗവും എന്നല്ല ലഭ്യമായിരുന്ന സകല യാത്രാമാർഗ്ഗങ്ങളും ഉപയോഗിച്ച് മുപ്പതിനായിരത്തിൽപരം കിലോമീറ്റർ യാത്ര ചെയ്തു. "ജറുസലെം മുതൽ ഇല്ലിറിക്കോൺ വരെ ചുറ്റി സഞ്ചരിച്ച് ക്രിസ്തുവിന്റെ സുവിശേഷം പൂർത്തിയാക്കി" (റോമാ 15,19) എന്നു പറയുമ്പോൾ ആ യാത്രയുടെ ഒരു ഏകദേശ വ്യാപ്തി ഗ്രഹിക്കാൻ കഴിയും.

എളുപ്പമായിരുന്നില്ല ഈ യാത്രകൾ. എപ്പോഴും സ്വാഗതമല്ല ലഭിച്ചത്. അനേകം ക്ലേശങ്ങൾ, ദുരിതങ്ങൾ, അപകടങ്ങൾ, എതിർപ്പുകൾ, പീഡനങ്ങൾ. സുവിശേഷ പ്രഘോഷണവഴികൾ അപ്പസ്തോലൻ തന്നെ വിവരിക്കുന്നുണ്ട്: "അവരെക്കാൾ വളരെയേറെ ഞാൻ അധ്വാനിച്ചു. വളരെ കൂടുതൽ കാരാഗൃഹവാസം അനുഭവിച്ചു. എണ്ണമറ്റവിധം പ്രഹരമേറ്റു. പലതവണ മരണവക്ത്രത്തിൽ അകപ്പെട്ടു. അഞ്ചു പ്രാവശ്യം യഹൂദരുടെ കൈകളിൽനിന്ന് ഒന്നു കുറയെ നാല്പത് അടിവീതം ഞാൻ കൊണ്ടു. മൂന്നുപ്രാവശ്യം വടികൊണ്ട് അടിക്കപ്പെട്ടു. ഒരിക്കൽ കല്ലേറിയപ്പെട്ടു. മൂന്നുപ്രാവശ്യം കപ്പലപകടത്തിൽപെട്ടു. ഒരു രാത്രിയും പകലും കടലിൽ ഒഴുകി നടന്നു... കഠിനാധ്വാനത്തിലും വിഷമസന്ധികളിലും നിരവധി രാത്രികളിലെ ജാഗരണത്തിലും, വിശപ്പിലും ദാഹത്തിലും, പലപ്പോഴും ഉപവാസത്തിലും, തണുപ്പിലും നഗ്നതയിലും ഞാൻ ചിലവഴിച്ചു" (2കൊറി 11,21-29).

ഇതൊരു വിലാപകീർത്തനമല്ല, പരാതിപ്പട്ടികയുമല്ല. തന്നെ സ്വന്തമാക്കിയിരിക്കുന്ന നാഥനോടു താദാത്മ്യപ്പെടാൻ സന്തോഷത്തോടെ ഏറ്റെടുത്ത ത്യാഗങ്ങളാണ്. പോരാ, ഇവയെല്ലാം നാഥൻതന്നെ അനുവദിച്ചുതന്ന സ്നേഹസമ്മാനങ്ങളായിട്ടാണ് അപ്പസ്തോലൻ കാണുന്നത്. ക്രിസ്തുവിന്റെ സ്നേഹം നിരന്തരം

നിർബ്ബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ സന്തോഷത്തോടെ ഏറ്റെടുത്തു നിറവേറ്റുന്ന ദൈവികനിയോഗം-സുവിശേഷപ്രഘോഷണം. മക്കളെപ്പോലെ കരുതി സ്നേഹിക്കുന്ന കോറിന്തോസിലെ ശിഷ്യ സമൂഹത്തിനു മുമ്പിൽ അപ്പസ്തോലനു നിരത്തി വയ്ക്കാനുള്ള സാക്ഷ്യ പത്രങ്ങളാണിവ. ഇവയെല്ലാം ദൃശ്യമായ രീതിയിൽ അപ്പസ്തോലന്റെ ശരീരത്തിൽ അടയാളങ്ങൾ അവശേഷിച്ചിരുന്നു.

"ഞാൻ എന്റെ ശരീരത്തിൽ യേശുവിന്റെ അടയാളങ്ങൾ ധരിക്കുന്നു" (ഗലാ 6,17). ഏറെ തെറ്റിധരിക്കപ്പെട്ട ഒരു പ്രസ്താവനയാണിത്. ചരിത്രത്തിൽ ആദ്യത്തെ പഞ്ചക്ഷതധാരിയാണ് പൗലോസ് എന്ന ഒരു വ്യാഖ്യാനം ഈ വാക്കുകൾക്കു പൊതുവേ നൽകപ്പെടാറുണ്ട്. യേശു ഏറ്റത് അഞ്ചു മുറിവുകൾ മാത്രമല്ല എന്നത് ആദ്യത്തെ കാര്യം. ഒരുപക്ഷേ ഏറ്റം ആഴമേറിയ മുറിവുകൾ കൈകാലുകളിൽ ആണികളും പാർശ്വത്തിൽ കുന്തവും ഏല്പിച്ചവ ആകയാലാവാം പഞ്ചക്ഷതം എന്ന പേരുതന്നെ ഉണ്ടായത്. എന്നാൽ യഥാർത്ഥത്തിൽ എണ്ണമറ്റ മുറിവുകൾ ഏറ്റതാണ് യേശുവിന്റെ ശരീരം. റോമാക്കാർ എണ്ണിക്കൊണ്ടല്ല അടിക്കുന്നത്. യഹൂദരുടെ നിയമമാണ് ചാട്ടയടി നാല്പതേ അകാവൂ എന്നത്. അതിൽ കൂടുതലാകാതിരിക്കാൻ ഒരു മുൻകരുതൽ എന്ന നിലയിൽ നാല്പതിൽ ഒന്നു കുറച്ചേ അടിക്കാറുള്ളൂ. എന്നാൽ ഇതായിരുന്നില്ല റോമാക്കാരുടെ പതിവ്.

അതിനാൽ പഞ്ചക്ഷതമല്ല, പഞ്ചസഹസ്രക്ഷതം എന്നു പറയുന്നതാവും യാഥാർത്ഥ്യത്തോടു കൂടുതൽ അടുത്തുനിൽക്കുന്നത്. പരിഛേദനത്തെക്കുറിച്ചുള്ള തർക്കത്തിൽ അവസാനത്തെ ഉത്തരം എന്ന നിലയിലാണ് പൗലോസ് താൻ ശരീരത്തിൽ വഹിക്കുന്ന അടാളങ്ങളെക്കുറിച്ചു പറയുന്നത്. അഞ്ചുപ്രാവശ്യം യഹൂദരും മൂന്നുതവണ റോമാക്കാരും തല്ലിച്ചതച്ചും, ലിസ്ത്രായിൽ വച്ച് കല്ലെറിഞ്ഞും ഏല്പിച്ച മായാത്ത മുറിപ്പാടുകൾ എത്രയെന്ന് ആർക്കറിയാം! ശരീരം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ഈ മുറിപ്പാടുകളാണ് അപ്പസ്തോലൻ തന്റെ വിജയസ്മാരകമായ ട്രോഫിയായി കണക്കാക്കുന്നതും ശിഷ്യരുടെ മുമ്പിൽ അവതരിപ്പിക്കുന്നതും. ഇവയൊക്കെത്തന്നെയാണ് അപ്പസ്തോലനു ലഭിച്ച സാക്ഷ്യപത്രങ്ങളും അംഗീകാരമുദ്രകളും. യേശുവിനുവേണ്ടി സഹിച്ചതിന്റെ അടയാളങ്ങൾ!

ഇതെല്ലാം ആണെങ്കിലും അപ്പസ്തോലനെ നിരന്തരം അലോസരപ്പെടുത്തുന്ന എന്തോ ഒന്ന്. അത് എന്താണെന്ന് വ്യക്തമാക്കുന്നില്ല, പക്ഷേ മാറ്റിക്കിട്ടണം എന്നാഗ്രഹിച്ച എന്തോ ഒന്ന്... "വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ ഒരു മുള്ള് എനിക്ക് നല്കപ്പെട്ടിരിക്കുന്നു. അതായത്, എന്നെ ശല്യപ്പെടുത്തുന്നതിനും മതിമറന്ന് ആഹ്ലാദിക്കാതെ എന്നെത്തന്നെ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള പിശാചിന്റെ ഒരു ദൂതൻ" (2 കൊറി 12,7). എന്താണ് ഈ മുള്ള് എന്നതിനെക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ ഏകാഭിപ്രായമില്ല. എന്താണിതെന്ന് കൃത്യമായി ആർക്കും അറിയില്ല. അപ്പസ്തോലന്റെ മുൻകോപമാണെന്നു ചിലർ, ഇടവിട്ടുണ്ടാകാറുള്ള ഏതോ രോഗമെന്നു മറ്റുചിലർ. അല്ല ഏതോ കഠിനമായ പ്രലോഭനങ്ങളെന്നു വേറെ ചിലർ. എന്തെന്ന് കണിശമായി പറയാൻ ആർക്കും കഴിയില്ല; അതു വെളിപ്പെടുത്താൻ അപ്പസ്തോലൻ ആഗ്രഹിക്കുന്നുമില്ല.

എന്നാൽ ഒരു കാര്യം വ്യക്തം. ജീവിതം മുഴുവൻ, അതീവ തീക്ഷ്ണതയോടെ, യേശുവിനും അവിടുത്തെ സുവിശേഷത്തിനും വേണ്ടി മാറ്റിവയ്ക്കുമ്പോഴും തന്റെ ബലഹീനതകൾ അവശേഷിക്കുന്നു എന്ന തിരിച്ചറിവ് അപ്പസ്തോലൻ വിലപ്പെട്ടതായി കാത്തുസൂക്ഷിക്കുന്നു. ഏതു സുവിശേഷ പ്രഘോഷകർക്കും ക്രിസ്തുസാക്ഷികൾക്കും സംഭവിക്കാവുന്ന ഒരു ദുരന്തത്തിലേക്കും അതിനുള്ള പ്രതിവിധിയിലേക്കുമാണ് അപ്പസ്തോലൻ ഇവിടെ വിരൽ ചൂണ്ടുന്നത്; അഹങ്കാരം! എല്ലാം എന്റെ ശക്തി, എന്റെ കഴിവ്, എന്റെ വിശുദ്ധിയുടെ അടയാളം എന്നൊക്കെ തെറ്റിധരിക്കാനും ഞാൻ എത്ര വിശുദ്ധൻ! എന്ന സ്വയം പൊക്കാനുമുള്ള പ്രവണതയുടെ നാമ്പുനുള്ളുന്നതാണ് അപ്പസ്തോലന്റെ ഈ ഏറ്റുപറച്ചിൽ.

ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും എന്ന് അപ്പസ്തോലൻ നിരന്തരം അനുസ്മരിച്ചിരുന്നു. ഇതു മറന്നു പോകാതിരിക്കാൻവേണ്ടി ദൈവം തന്നെ അനുവദിച്ചുനൽകിയ ഒരു സമ്മാനവും ദാനവുമാണ് ഈ മുള്ള് എന്ന് അപ്പസ്തോലൻ തിരിച്ചറിഞ്ഞു. അത് ദുഃഖത്തിനും നിരാശയ്ക്കുമല്ല, പ്രത്യാശയ്ക്കും സന്തോഷത്തിനുമാണ് വഴിയൊരുക്കുന്നത്. ഇത്രയും ബലഹീനനായ എന്നെ ദൈവം എടുത്തുയർത്തി, ഇത്ര ശക്തമായി ഉപയോഗിക്കുന്നല്ലോ എന്നതാണ് അപ്പസ്തോലന്റെ

വിസ്മയമാർന്ന സന്തോഷം. "അതിനാൽ ബലഹീനതയിലും... ഞാൻ ക്രിസ്തുവിനെ പ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്" (2കൊറി 12,10).

അനുകരണാർഹമായ വലിയൊരു മാതൃക! അതേസമയം അവഗണിക്കരുതാത്ത ശക്തമായൊരു ഓർമ്മപ്പെടുത്തൽ. കർത്താവിന്റെ കൈകളിലെ ഉപകരണങ്ങളാണ് നാം എന്നു മറക്കാതിരിക്കാൻ ഒരു താക്കീത്. കാതോർക്കാം, ഹൃദയത്തിൽ ഏറ്റുവാങ്ങാം!

# 26

## നഷ്ടത്തിൽ സന്തോഷം

*"എനിക്കു ലാഭമായിരുന്ന ഇവയെല്ലാം ക്രിസ്തുവിനെപ്രതി നഷ്ടമായി ഞാൻ കണക്കാക്കി. ഇവ മാത്രമല്ല, എന്റെ കർത്താവായ യേശുക്രിസ്തുവിനെ അറിയുന്നത് കൂടുതൽ വിലയുള്ളതാകയാൽ ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയും ചെയ്യുന്നു. ഇതു ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രേ" (ഫിലി 3,7-9).*

പുറമെ നിന്നു കാണുമ്പോൾ ഒട്ടും സന്തോഷിക്കാൻ പറ്റിയതായിരുന്നില്ല അപ്പോഴത്തെ പൗലോസിന്റെ അവസ്ഥ. തടവറയിൽനിന്നാണ് അപ്പസ്തോലൻ തന്റെ ഏറ്റം പ്രിയപ്പെട്ട, തന്നെ ഏറ്റം അധികം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിട്ടുള്ള, ഫിലിപ്പിയിലെ സഭയ്ക്ക് എഴുതുന്നത്. ഏതു തടവറയിൽ നിന്ന് എന്ന കാര്യത്തിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ തർക്കമുണ്ട്. റോമിൽനിന്ന് എന്ന് ഒരുകൂട്ടർ, അല്ല എഫേസോസിൽനിന്ന് വേറൊരു കൂട്ടർ. തടവറ ഏതായാലും സാഹചര്യത്തിനു മാറ്റമില്ല. നാളെ തന്റെ ശരീരം വന്യമൃഗങ്ങൾക്കു ഭക്ഷണമായേക്കും എന്നു ന്യായമായും കരുതാൻ മതിയായ കാരണമുണ്ടായിരുന്നു പൗലോസിന്. "എഫേസോസിൽവച്ച് വന്യമൃഗങ്ങളോട് പോരാടിയതുകൊണ്ട് എനിക്കെന്തു പ്രയോജനം?" (1കൊറി 15,32) എന്ന ചോദ്യം ഈ സാഹചര്യത്തിലേക്ക് വെളിച്ചം വീശുന്നതാണ്.

സുനിശ്ചിതമായ മരണത്തെ മുന്നിൽ കണ്ടുകൊണ്ട് എഴുതുന്ന അപ്പസ്തോലന്റെ മനസിൽ അല്പംപോലും ഭയമോ നിരാശയോ നഷ്ടബോധമോ ഇല്ല. തനിക്കു ലാഭമെന്നു കരുതിയ

തെല്ലാം നഷ്ടമാണെന്ന തിരിച്ചറിവുണ്ടായ ഡമാസ്കസ് അനുഭവം അപ്പസ്തോലന്റെ ഹൃദയത്തിൽ ഉറപ്പിച്ച അതിശക്തമായ ബോധ്യമാണിത്. എനിക്കൊന്നു മാത്രം മതി, യേശു. യേശുവിനെ അറിയണം; അവനോടൊന്നിച്ചായിരിക്കണം. അവനുവേണ്ടി ജീവിക്കണം. അവനുവേണ്ടി മരിക്കണം. അങ്ങനെ ഒരിക്കലും വിട്ടുമാറാത്ത വിധത്തിൽ യേശുവിനോടുകൂടെ ആയിരിക്കണം. അതുമതി, അതു മാത്രം മതി, ജീവിതസാഫല്യത്തിന്. അപ്പസ്തോലന്റെ ചിന്തയിലും വാക്കിലും, ആഗ്രഹങ്ങളിലും സ്വപ്നങ്ങളിലും എല്ലാം യേശു മാത്രം.

"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹികജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്" (ഗലാ 2,20). ക്രിസ്തു എന്നിൽ ജീവിക്കുന്നു! അതാണ് അപ്പസ്തോലന്റെ ശക്തിയുടെ ഉറവിടം. യേശുവിനുവേണ്ടി സ്വയം വിട്ടുകൊടുത്ത, അടിയറവച്ച ഒരു ജീവിതം. അതിൽ ഭയമില്ല, നിരാശയില്ല, നഷ്ടബോധവുമില്ല.

വലിയ നിധി കണ്ടെത്തിയ കർഷകനെപ്പോലെ, അമൂല്യ രത്നം കണ്ടെത്തിയ രത്നവ്യാപാരിയെപ്പോലെ (മത്താ 13,44-46) യാണ് അയാൾ. തനിക്കുള്ളതെല്ലാം, ഇതുവരെ താൻ വിലപ്പെട്ടതായി കരുതിയിരുന്നതെല്ലാം യേശുവിനെ കണ്ടുമുട്ടിയതോടെ വിലകെട്ടതായി അനുഭവപ്പെട്ടു. മൂല്യതലത്തിലുണ്ടായ മാറ്റം, കാഴ്ചപ്പാടിൽ വന്ന വ്യതിയാനം. തന്റെ ആത്മദാഹം പൂർണ്ണമായും ശമിപ്പിക്കുന്ന നീർച്ചാൽ പോലെയാണ് യേശു. യേശുവിനെ ലഭിച്ചാൽ പിന്നെ വേറൊന്നും വേണ്ടാ. യേശുവിനെ കൂടുതൽ കൂടുതലായി അടുത്തറിയണം. അതിന് നാഥന്റെ സഹനത്തിൽ പങ്കുചേരണം. അപ്പോൾ മറ്റുള്ളവർ നഷ്ടമെന്നും സഹനമെന്നും മരണമെന്നും കരുതുന്നതെല്ലാം അപ്പസ്തോലന് യേശു അനുഭവത്തിൽ ആഴപ്പെടുന്നതിനുള്ള അവസരങ്ങളാകുന്നു.

യഹൂദനിയമങ്ങൾ മുഴുവൻ മനഃപാഠമാക്കി, പൂർണ്ണമായി അനുസരിച്ചിരുന്ന ഭക്ത ഫരിസേയനായിരുന്ന തനിക്ക്, നിയമാനുസരണം വഴി ലഭിക്കാതിരുന്ന സന്തോഷവും സമാധാനവും, അതിനടിസ്ഥാനമായ നീതികരണവും ലഭിച്ചത് യേശുവിലൂടെയാണ്

എന്ന് അപ്പസ്തോലൻ തിരിച്ചറിഞ്ഞു. "എനിക്ക് നിയമത്തിൽ നിന്നു ലഭിക്കുന്ന നീതിയല്ല ഉള്ളത്. പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസംവഴി ലഭിക്കുന്ന നീതിയാണ്... അത് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും ഞാൻ അറിയുന്നതിനും അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും അവന്റെ മരണത്തോടു താദാത്മ്യപ്പെടുന്നതിനും വേണ്ടിയാണ്. അങ്ങനെ മരിച്ചവരിൽനിന്നുള്ള ഉയിർപ്പ് പ്രാപിക്കാമെന്നു ഞാൻ പ്രതീക്ഷിക്കുന്നു" (ഫിലി 3,9-11).

ആർജ്ജിക്കുന്ന ഭൗതികസമ്പത്തും സ്ഥാനമാനങ്ങളും എല്ലാം അതിവേഗം കടന്നുപോകും. അനുഭവിക്കുന്ന സുഖാനുഭൂതികൾ നൈമിഷികം മാത്രം. അനുഭവിച്ചു തീരുന്നതിനുമുമ്പേ നഷ്ടപ്പെടുന്നു, കൂടുതൽ ആഗ്രഹവും ആസക്തികളും അവശേഷിപ്പിച്ചുകൊണ്ട്, ദാഹശമനത്തിനായി കടൽവെള്ളം കുടിക്കുന്നതുപോലെ. ഒന്നുമാത്രമേ യഥാർത്ഥ സംതൃപ്തി, ദാഹശമനം, അവസാനിക്കാത്ത ആനന്ദം പ്രദാനം ചെയ്യൂ, യേശുവിനോടുകൂടെ ആയിരിക്കുക. "നിന്നിൽ വലയം പ്രാപിക്കുംവരെ ആത്മമസ്വസ്ഥം ഹൃദയമശാന്തം, തീരംതേടും തിരയായ് അടിയൻ തീരാദാഹവുമായ് വരുന്നു, നിത്യനൂതന സൗന്ദര്യമേ, നിരുപമാനന്ദമേ..." എന്ന് വി. ആഗസ്തിനോസിന്റെ പ്രാർത്ഥന മനോഹരമായി അവതരിപ്പിക്കുന്ന ബോധ്യം.

യേശുവിനോടൊന്നിച്ചുള്ള യാത്രയിൽ നേരിടേണ്ടിവരുന്ന ഓരോ ത്യാഗവും ക്ലേശവും, പ്രതിബന്ധവും പീഡനവും അപ്പസ്തോലന് കൂടുതൽ ഊർജ്ജം പകരുന്ന അനുഭവങ്ങളായി മാറുന്നു. കാരണം ഈ ഓരോ അനുഭവവും തന്നെ യേശുവിനോടു കൂടുതൽ അടുപ്പിക്കുന്നു, താദാമ്യപ്പെടുത്തുന്നു എന്ന് അപ്പസ്തോലൻ ഉറച്ചുവിശ്വസിച്ചു, സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞു. അതുകൊണ്ട് ഒന്നിനെക്കുറിച്ചും ഭയമോ ഉൽക്കണ്ഠയോ ഇല്ല; നാളെ എന്തു സംഭവിക്കുമെന്ന വിചാരമേയില്ല. ആയിരക്കണക്കിനു കാണികളുടെ മുമ്പിൽ തന്നെ സിംഹത്തിന് ഇരയായി ഇട്ടുകൊടുത്തേക്കും എന്ന അവബോധം ഭയമല്ല, സന്തോഷമാണ് അപ്പസ്തോലനു പ്രദാനം ചെയ്തത്.

മരണത്തെ ഭയപ്പെടാത്തത് ഒരു തീവ്രവാദിയുടെ നിസംഗതയോ വ്യർത്ഥാഭിമാനമോ മൂലമല്ല. തന്നെ സ്നേഹിക്കുകയും തനിക്കുവേണ്ടി ജീവൻ അർപ്പിക്കുകയും ചെയ്ത ഗുരുവും നാഥ

നുമായ യേശുവിനോടു താദാത്മ്യപ്പെടാനും അവിടുത്തെ സാന്നിധ്യത്തിലേക്ക് ശാശ്വതമായി ചെന്നെത്താനും കഴിയും എന്ന ഉറച്ച വിശ്വാസമാണ് അപ്പസ്തോലന്റെ ശക്തിയുടെ ഉറവിടം. ആ പ്രത്യാശയാണ് എല്ലാ ക്ലേശങ്ങളെയും സന്തോഷത്തോടെ ഏറ്റെടുക്കാൻ പ്രേരകശക്തിയായത്.

ഡമാസ്കസിന്റെ പടിവാതില്ക്കൽ വച്ചു തന്നെ ഏല്പിച്ച ദൗത്യം അന്ത്യശ്വാസം വരെ പൂർത്തിയാക്കണം. ജീവിതവും മരണവും അതിനുവേണ്ടി മാത്രമായിരിക്കണം എന്ന് അപ്പസ്തോലനു നിർബന്ധമുണ്ടായിരുന്നു. സുവിശേഷപ്രഘോഷണം വഴി ക്രിസ്തുവിലേക്ക്, ക്രിസ്തുവിലൂടെ പിതാവിലേക്ക് നയിക്കാനായി തന്നെ ഏല്പിച്ചിരിക്കുന്ന വിജാതിയരെ ഒരു വലിയ കാഴ്ച അഥവാ ബലിവസ്തു ആയിട്ടാണ് അപ്പസ്തോലൻ കാണുന്നത്. ആ ബലി വസ്തു ദൈവത്തിനു സ്വീകാര്യമാകാൻ വേണ്ടി തന്റെ ജീവൻ തന്നെ അക്കൂട്ടത്തിൽ അർപ്പിക്കാൻ അപ്പസ്തോലൻ സന്നദ്ധനാണ്. “നിങ്ങളുടെ ബലിയുടെയും വിശ്വാസത്തിൽ നിന്നുള്ള ശുശ്രൂഷയുടെയും മേൽ ഒരു നൈവേദ്യമായി എന്റെ ജീവൻ ചൊരിയേണ്ടി വന്നാൽത്തന്നെയും ഞാൻ അതിൽ സന്തോഷിക്കുകയും നിങ്ങൾ എല്ലാവരോടും കൂടെ ആനന്ദിക്കുകയും ചെയ്യും” (ഫിലി 2,17).

മൃഗബലിയോ ധാന്യബലിയോ അർപ്പിക്കുമ്പോൾ അക്കൂട്ടത്തിൽ പാനീയബലിയും അർപ്പിക്കാറുണ്ട്. ധാന്യത്തിന്മേൽ എണ്ണ ഒഴിക്കും. മൃഗത്തിന്റെ രക്തം ബലിപീഠത്തിൽ തളിക്കും; ബലിപീഠത്തിന്റെ കൊമ്പിൽ പുരട്ടും. ഇതാണ് നൈവേദ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തന്റെ ജീവൻ തന്നെ ദൈവത്തിനു നൈവേദ്യമായി സമർപ്പിക്കാൻ അപ്പസ്തോലൻ ഒരുക്കമാണ്, പോരാ, അതിനായി തീവ്രമായി ആഗ്രഹിക്കുന്നു. ഇതിനെക്കാൾ വലിയൊരു കാഴ്ച ദൈവത്തിനു സമർപ്പിക്കാനില്ല, സ്വന്തം ജീവൻ. സ്നേഹത്തോടെ, നന്ദിയോടെ, വിനയത്തോടെ സമർപ്പിക്കുന്ന ഈ കാഴ്ച ദൈവം സ്വീകരിക്കും.

ഇതു പൗലോസിന്റെ മാത്രം അനുഭവമല്ല, ആഗ്രഹവുമല്ല. യേശു കാണിച്ചുതന്ന മാതൃകയാണ്-സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന വലിയ സ്നേഹം (യോഹ 15,13). തന്റെ ഏകജാതനെ നൽകിക്കൊണ്ട് പിതാവു തന്നെയാണ് സ്നേഹത്തിന്റെ ഏറ്റം വലിയ മാതൃക നൽകിയത് (യോഹ 3,16). ആദ്യ

രക്തസാക്ഷിയായ സ്തേഫാനോസ് മുതൽ കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി ലക്ഷക്കണക്കിന് ക്രിസ്തുവിശ്വാസികൾ നൽകിയ, ഇന്നും നൽകിക്കൊണ്ടിരിക്കുന്ന ആത്മബലി. യേശുവിനുവേണ്ടി എല്ലാം ത്യജിക്കുന്നതിൽ ജീവിതസാഫല്യം, ശാശ്വതമായ ആനന്ദം കണ്ടെത്തുന്നവരാണ് യഥാർത്ഥ ക്രിസ്തുശിഷ്യർ.

അവർക്ക് മരണം നഷ്ടമല്ല, അവസാനവുമല്ല. മറിച്ച്, തന്നെ സ്നേഹിക്കുകയും തനിക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുകയും ചെയ്ത യേശുനാഥന്റെ സാന്നിധ്യത്തിലേക്കു നിത്യമായി പ്രവേശിക്കലാണ് - ഒരിക്കലും വേർപെടുത്തപ്പെടാനാവാത്തവിധം എന്നേക്കും നാഥന്റെകൂടെ ആയിരിക്കുക. പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന ത്രിയേക ദൈവത്തിന്റെ സ്നേഹത്തിലേക്ക് ഒന്നായി ചേരുക; ആ ദൈവികജീവനാൽ ജീവിക്കുക. ഇതിൽപരം എന്താനന്ദം? ഇതാണ് പൗലോസിനെ നയിച്ച പ്രത്യാശയുടെ ചൈതന്യം; സ്വീകരിക്കാൻ സന്നദ്ധരാകുന്ന ആർക്കും ലഭ്യമായ സ്നേഹചൈതന്യം.

ഇതാണ് ക്രിസ്തുവിശ്വാസിയെ നയിക്കുന്ന പ്രത്യാശ. "ഇത് എനിക്ക് കിട്ടിക്കഴിഞ്ഞെന്നോ ഞാൻ പരിപൂർണ്ണനായെന്നോ അർത്ഥമില്ല. ഇതു സ്വന്തമാക്കാൻ വേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്. യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു... എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു. യേശുക്രിസ്തുവിലൂടെ ഉന്നതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനു വേണ്ടി ഞാൻ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നു" (ഫിലി 3,12-14). ഏവർക്കും അനുകരണാർഹമായൊരു മാതൃക, ശാശ്വതമായ സമാധാനത്തിന്റെ, അനന്തമായ ആനന്ദത്തിന്റെ സുനിശ്ചിതമായ മാർഗ്ഗം. പൗലോസിന്റെ മാതൃക സകല ക്രിസ്തുവിശ്വാസികൾക്കും പ്രചോദനമാകണം. യേശുവിനുവേണ്ടി നഷ്ടപ്പെടുത്തുന്നതൊന്നും നഷ്ടമല്ല, ലാഭമാണെന്നു തിരിച്ചറിയാൻ നാഥൻതന്നെ ഉൾക്കണ്ണു തുറന്നുതരട്ടെ!

27

# ``കർത്താവിൽ സന്തോഷിക്കുവിൻ''

*"നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ" (ഫിലി 4,4).*

മാനുഷികമായ കാഴ്ചപ്പാടിൽ സന്തോഷിക്കാൻ ഒട്ടും സാധിക്കാത്ത ഒരു സാഹചര്യമായിരുന്നു പൗലോസിന്റേത്. ഫിലിപ്പിയിലെ സഭയുടെ അവസ്ഥയും വ്യത്യസ്തമായിരുന്നില്ല. തടവറയിൽ നിന്നാണ് പൗലോസ് എഴുതുന്നത്. നാളെ എന്തു സംഭവിക്കും എന്നു തീർച്ചയില്ല. മിക്കവാറും വന്യമൃഗങ്ങൾക്ക് ഇരയായി ഇട്ടുകൊടുക്കപ്പെടും എന്ന അവബോധം ശക്തമായുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ പീഡനമേൽക്കുന്ന ഒരു സഭയായിരുന്നു ഫിലിപ്പിയിലേത്. ഒരുപക്ഷേ പൗലോസ് ഏറ്റം കൂടുതൽ സ്നേഹിച്ചതും അതുപോല തന്നെ പൗലോസിനെ ഏറ്റം അധികം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തതുമായ സഭയായിരുന്നു ഫിലിപ്പിയിലെ സഭ.

പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ പരിപാലനയും വഴി നടത്തലുമാണ് പൗലോസിനെ ഫിലിപ്പിയിൽ എത്തിച്ചത് (അപ്പ 16,6-10). യൂറോപ്പിൽ പൗലോസ് ആദ്യമായി സുവിശേഷം പ്രസംഗിച്ചതും സഭ സ്ഥാപിച്ചതും ഫിലിപ്പിയിലാണ്. നദീതീരത്തെ പ്രാർത്ഥനാസമ്മേളനത്തിൽ വച്ചു പരിചയപ്പെട്ട ലീദിയായും സഹപ്രവർത്തകരും പൗലോസിന്റെ ഉറ്റസുഹൃത്തുക്കളായി. പിശാചുബാധിതയായ ഒരു പെൺകുട്ടിയെ സുഖപ്പെടുത്തിയതിനെത്തുടർന്നുണ്ടായ സംഘർഷത്തിൽ പൗലോസിനെ ന്യായാധി

പന്റെ കല്പനപ്രകാരം കഠിനമായി പ്രഹരിച്ചു; കാരാഗൃഹത്തിലടച്ചു.

എന്നാൽ ദൈവം ശക്തമായി ഇടപെട്ടു. അർദ്ധരാത്രിയിൽ ഭൂമി കുലുങ്ങി. തടവറയുടെ വാതിലുകൾ തുറക്കപ്പെട്ടു. ഭയാക്രാന്തനായ കാവൽക്കാരൻ മാപ്പിരന്നു; മാമ്മോദീസാ സ്വീകരിച്ചു (അപ്പ 16,11-40). പിറ്റേന്നു നാടു കടത്തപ്പെട്ടതാണ് പൗലോസും സീലാസും. ഇതാണ് ഫിലിപ്പിയിലെ സഭയുടെ തുടക്കം. പിന്നീടങ്ങോട്ട് അവർ പൗലോസിനെ ഗാഢമായി സ്നേഹിച്ചു; അത്യുദാരമായി സഹായിച്ചു. ആ സഭയ്ക്ക് എഴുതുമ്പോഴാണ് പൗലോസ് ഹൃദയം തുറക്കുന്നത്. തന്റെ അനുഭവങ്ങളും ഭയങ്ങളും, അതിലുപരി സന്തോഷവും പ്രത്യാശയും അതിന്റെ അടിസ്ഥാനവുമെല്ലാം അപ്പസ്തോലൻ തുറന്നു പറയുന്നത്.

"..... എപ്പോഴും എന്നതുപോലെ ഇപ്പോഴും ക്രിസ്തു എന്റെ ശരീരത്തിൽ- ജീവിതം വഴിയോ മരണം വഴിയോ- മഹത്വപ്പെടണമെന്നും എനിക്ക് തീവ്രമായ ആഗ്രഹവും പ്രതീക്ഷയുമുണ്ട്. എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" (ഫിലി 1,20-21). അറിവില്ലായ്മയും പാളം തെറ്റിയ തീക്ഷ്ണതയും മൂലം യേശുവിന്റെ സഭയെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ച തന്നെ യേശു എത്രമാത്രം സ്നേഹിക്കുന്നു എന്ന് സവിശേഷമായ ഒരു വെളിപാടിലൂടെ തിരിച്ചറിഞ്ഞ പൗലോസിന് (അപ്പ 9,1-9; ഗലാ 2,20) ഇനി ഒന്നേ ആഗ്രഹമുള്ളൂ. "മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കുക... അതാണ് കൂടുതൽ ശ്രേഷ്ഠം" (ഫിലി 1,23). മരണത്തെ നേട്ടമായി കരുതാൻ കാരണം മരണം വഴി ക്രിസ്തുവിനോടുകൂടെ എന്നേക്കും ഒന്നായിരിക്കാൻ കഴിയും എന്ന ബോധ്യമാണ്. ഇതു തന്നെയാണ് അദ്ദേഹത്തിന്റെ സന്തോഷത്തിന് നിദാനം.

യേശുവിനെ അറിയുന്നതുവരെ നേട്ടമായി കരുതിയിരുന്നതെല്ലാം ഉച്ഛിഷ്ടംപോലെ വിലകെട്ടതായി കാണാൻ ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ പ്രേരിപ്പിച്ചു (ഫിലി. 3,1-11). ഭൗതിക സമ്പത്തും ലൗകികസ്ഥാനമാനങ്ങളും ഒന്നും നൽകാത്ത വലിയൊരാനന്ദം, സമാധാനം, സന്തോഷം പൗലോസിന് ക്രിസ്തുവിൽനിന്നു ലഭിച്ചു. ഇനി ഒരു ശക്തിക്കും തന്നെ നാഥനായ ക്രിസ്തുവിൽനിന്ന് അകറ്റാൻ കഴിയില്ല എന്ന് അപ്പസ്തോലൻ ദൃഢമായി വിശ്വസിച്ചു. ഇതാണ് സന്തോഷത്തിന്റെ ഉറവിടം; പ്രത്യാശയുടെ അടിസ്ഥാനം.

ഇപ്രകാരം ഒരു ബോധ്യത്തിലേക്കാണ് ഫിലിപ്പിയിലെ സഹോദരങ്ങളെ അപ്പസ്തോലൻ ക്ഷണിക്കുന്നത്. "സന്തോഷി ക്കുവിൻ!'' ഈ സന്തോഷത്തിന് ഒരു അടിസ്ഥാനമുണ്ട്. "കർത്താവ് അടുത്തെത്തിയിരിക്കുന്നു". എന്നെ സ്നേഹിക്കു കയും എനിക്കുവേണ്ടി ജീവൻ അർപ്പിക്കുകയും ചെയ്ത ദൈവ പുത്രനായ ക്രിസ്തു ഇതാ എന്റെ അടുത്തുണ്ട്; അല്ല, അവൻ എന്നിൽത്തന്നെയുണ്ട് എന്ന ബോധ്യം ഉള്ളിൽ നിറയുമ്പോൾ ഭൗതികനേട്ടങ്ങളോ ശാരീരിക പീഡനങ്ങളോ, ലാഭമോ നഷ്ടമോ ഒന്നും എന്നെ ഭയപ്പെടുത്തുകയില്ല; പിൻതിരിപ്പിക്കുകയില്ല. മരണം എന്നത് അവസാനമല്ല, നിത്യജീവനിലേക്കുള്ള പ്രവേശ നമാണ് എന്ന ബോധ്യം ഏതു ത്യാഗത്തെയും ക്ലേശത്തെയും പീഡനത്തെയും സന്തോഷത്തോടെ സ്വീകരിക്കാൻ കരുത്തു നൽകും; ഭൗതികമായ സകല നേട്ടങ്ങളെയും നഷ്ടമായി പരിഗ ണിക്കാൻ പ്രേരിപ്പിക്കും.

"കർത്താവ് അടുത്തെത്തിയിരിക്കുന്നു" (ഫിലി 4,5). ഒരി ക്കലും അവസാനിക്കാത്ത, നിത്യജീവന്റെ ഉറവിടമായ ദൈവ ഹൃദയത്തിലേക്കു സ്വീകരിക്കാൻ വേണ്ടിയാണ് യേശു അടുത്തെ ത്തിയിരിക്കുന്നത്. യേശുവിന്റെ ഈ സാമീപ്യവും സാന്നിധ്യവും പലവിധത്തിൽ മനസിലാക്കാൻ കഴിയും. ലോകാവസാനത്തിൽ, ചരിത്രത്തെ, അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്ന അവസാന ആഗമനമായി ഇതിനെ കാണാൻ കഴിയും. "എന്റെ പിതാവിനാൽ അനുഗൃഹീതരേ വരുവിൻ. നിങ്ങൾക്കായി സജ്ജമാക്കിയിരി ക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" എന്ന ക്ഷണവുമായി വരുന്നതിനെക്കുറിച്ച് യേശു തന്നെ പഠിപ്പിച്ചിട്ടുണ്ട് (മത്താ 25,31-35). എന്നാൽ അതു മാത്രമല്ല പൗലോസ് വിവക്ഷിക്കുന്നത്.

യേശുവിന്റെ സാമീപ്യം ഓരോ ദിവസവും അനേകം രൂപ ത്തിലും ഭാവത്തിലും നമുക്ക് അനുഭവവേദ്യമാകും. അവിടുത്തെ വചനം കേൾക്കുമ്പോഴാകാം, യോഗ്യതയോടെ കൂദാശകൾ സ്വീക രിക്കുമ്പോഴാകാം, വിശ്വാസത്തോടെ പ്രാർത്ഥിക്കുമ്പോഴാകാം. പരിശുദ്ധാത്മാവു തന്നെ ഹൃദയത്തിന്റെ ആഴങ്ങളിൽ ഉണർ ത്തുന്ന ചിന്തകളും പ്രചോദനങ്ങളും വഴിയാകാം. അല്ലെങ്കിൽ എന്റെ പരിഗണനയും സഹായവും അർഹിക്കുന്ന സഹോദര ങ്ങളിലൂടെയാവാം യേശു എന്നെ സമീപിക്കുന്നത്. തിരിച്ചറി യണം. നാഥൻ അങ്ങകലെയെങ്ങുമല്ല. ഇതാ ലോകാവസാന

ത്തോളം ഞാൻ നിങ്ങളോടു കൂടെയുണ്ട് (മത്താ 28,20) എന്ന വാഗ്ദാനത്തിൽ ഉറച്ചു വിശ്വസിക്കണം.

ഇപ്രകാരം ഒരു വിശ്വാസമാണ് സന്തോഷത്തിന്റെ അടിസ്ഥാനം. ആകയാൽ "ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ, നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ നിങ്ങളുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തയെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും" (ഫിലി 4,6-7).

ലോകത്തിന്റെ ഭ്രമിപ്പിക്കുന്ന മായാദർശനങ്ങളാൽ കാലിടറാതെ, വഴിതെറ്റാതെ, വചനമാകുന്ന വഴി വിളക്കു കയ്യിലേന്തി, ഹൃദയത്തിന്റെ ആഴങ്ങളിൽ നിമന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്ക് കാതോർത്ത്, പ്രത്യാശയോടെ മുന്നേറുന്ന ക്രിസ്തീയ ജീവിതത്തിന്റെ സ്ഥായീഭാവം വിഷാദവും ഭയവും ദുഃഖവുമല്ല, സന്തോഷവും ശാന്തിയും സമാധാനവുമാണ്. "സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു സന്തോഷിക്കുവിൻ".

# 28

## കണ്ണീർ തുടയ്ക്കുന്ന ദൈവം

*"സിംഹാസനസ്ഥൻ തന്റെ സാന്നിധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയം നൽകും. ഇനി ഒരിക്കലും അവർക്കു വിശക്കുകയോ ദാഹിക്കുകയോ ഇല്ല. വെയിലോ ചൂടോ അവരുടെ മേൽ പതിക്കുകയില്ല. എന്തെന്നാൽ കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് നയിക്കുകയും ചെയ്യും. ദൈവം അവരുടെ കണ്ണുകളിൽനിന്ന് കണ്ണീർ തുടച്ചുനീക്കും" (വെളി 7,15-17).*

വലിയൊരു വിശ്വാസപ്രതിസന്ധിയുടെ മധ്യത്തിലാണ് ബൈബിളിലെ എഴുപത്തി മൂന്നാമത്തേതും അവസാനത്തേതുമായ വെളിപാട് പുസ്തകം രചിക്കപ്പെട്ടത്. ഡൊമീഷ്യൻ ചക്രവർത്തി(എ.ഡി. 81-96)യുടെ കല്പനപ്രകാരം ക്രൈസ്തവർക്കെതിരേ അതിക്രൂരമായ മതപീഡനം അരങ്ങേറി. രാജ്യഭക്തിയുടെ അടയാളമായി രാജാവിനെ ദൈവമായി അംഗീകരിക്കുകയും അതു പരസ്യമായി പ്രഖ്യാപിക്കാൻ ആണ്ടിലൊരിക്കൽ രാജാവിന്റെ പ്രതിമയുടെ മുമ്പിൽ, രാജാവിനെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞ്, ധൂപം അർപ്പിച്ച് സാക്ഷ്യപത്രം വാങ്ങുകയും ചെയ്യണം എന്ന കല്പനയുണ്ടായി.

ഏകദൈവ വിശ്വാസികളായ ക്രൈസ്തവർക്ക് ഈ കല്പന അനുസരിക്കാൻ കഴിയുമായിരുന്നില്ല. ഒന്നുകിൽ ജീവൻ രക്ഷിക്കാൻവേണ്ടി വിശ്വാസം ത്യജിക്കുക, അല്ലെങ്കിൽ വിശ്വാസം കാത്തുസൂക്ഷിക്കാൻ ജീവൻ നഷ്ടപ്പെടുത്തുക. ഈ സാഹചര്യത്തിൽ ഉറച്ച ഒരു തീരുമാനം എടുത്തേ മതിയാകൂ! മതപീഡനം

ക്രൈസ്തവർക്കു പുത്തരിയായിരുന്നില്ല. യേശു തന്നെ മുൻകൂട്ടി അറിയിച്ചതാണത്. ആദ്യം യഹൂദരുടെ ഭാഗത്തുനിന്നും, പിന്നീട് വിജാതീയരുടെ ഭാഗത്തുനിന്നും അവർ പീഡനമേറ്റിട്ടുണ്ട്; അനേകർ വിശ്വാസത്തിനുവേണ്ടി ജീവൻ നഷ്ടപ്പെടുത്തിയിട്ടുണ്ട്.

റോമിൽ ഔദ്യോഗികമായി മതപീഡനം തുടങ്ങിയത് നീറോ ചക്രവർത്തിയാണ്. 18-ാം വയസ്സിൽ രാജാവായി, 14 വർഷം ഭരിച്ച്, 32-ാം വയസ്സിൽ ആത്മഹത്യ ചെയ്ത, കുപ്രസിദ്ധനായ നീറോ. റോമാനഗരത്തിൽ ഏ.ഡി. 64, ജൂലായ് 18 അർദ്ധരാത്രിയോടെ ടൈബർ നദിയുടെ തീരത്തുണ്ടായിരുന്ന ചേരിപ്രദേശങ്ങളിൽ തുടങ്ങിയ അഗ്നിബാധ ഒരാഴ്ചത്തേക്ക് റോമാപട്ടണത്തിൽ സംഹാരതാണ്ഡവമാടി. പട്ടണത്തിന്റെ മുക്കാൽ ഭാഗം കത്തി ചാമ്പലായി. ഭ്രാന്തൻ നീറോ തന്റെ സ്വന്തം ബഹുമാനാർത്ഥം നീറോ പോളിസ് എന്ന പുതിയൊരു നഗരം നിർമ്മിക്കാൻ വേണ്ടി മനഃപൂർവ്വം പട്ടണത്തിനു തീകൊളുത്തിയതാണെന്നു ജനസ്വരം അപകടകരമായി ഉയർന്നു. തന്റെ നേരെ തിരിയുന്ന ആരോപണശരങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാൻ അയാൾ ഒരു ബലിയാടിനെ കണ്ടെത്തി-ക്രിസ്ത്യാനികൾ. അവരാണ് റോമിനു തീ വച്ചതെന്ന് ലഭ്യമായ സകല മാധ്യമങ്ങളും വഴി പ്രചരിപ്പിച്ചു.

അക്കൂട്ടത്തിൽ പുതിയൊരു നിയമവും പ്രഖ്യാപിച്ചു. ക്രിസ്ത്യാനി ആയിരിക്കുന്നതു കുറ്റകരമാണ്. ശിക്ഷ ഭയാനകമായിരുന്നു. ചക്രവർത്തിയുടെ ഭ്രാന്തമായ മനസ് പുതിയ പുതിയ പീഡനമുറകൾ കണ്ടുപിടിച്ചു. കളിക്കളത്തിൽ കാഴ്ചക്കാരുടെ വിനോദത്തിനായി ക്രിസ്ത്യാനികളെ വന്യമൃഗങ്ങൾക്ക് ഇരയായി ഇട്ടുകൊടുത്തു. അനേകരെ കുരിശിൽ തറച്ചു. നീറോയുടെ ഉദ്യാനത്തിലെ വിളക്കുകാലുകളിലും മരങ്ങളിലും ക്രിസ്ത്യാനികളെ കെട്ടിനിർത്തി പന്തംപോലെ കത്തിച്ചു. തികച്ചും ഭീകരമായ പീഡനം. എന്നാൽ ഈ പീഡനങ്ങൾ മുഖ്യമായും റോമാപട്ടണത്തിലും പരിസരത്തുമായി ഒതുങ്ങിനിന്നു. അധികനാൾ നീണ്ടുനിന്നതുമില്ല. 68-ൽ ആഭ്യന്തര കലാപത്തിനിടയിൽ നീറോ ആത്മഹത്യ ചെയ്തതോടെ മതപീഡനവും അവസാനിച്ചു.

എന്നാൽ അങ്ങനെ ആയിരുന്നില്ല, ഡൊമീഷ്യന്റെ കാലത്തെ മതപീഡനം. സാമ്രാജ്യത്തുടനീളം ഇതു ബാധകമായി. ഏഷ്യാമൈനറിലെ ഭരണാധികാരികളാണ് ഏറ്റം തീക്ഷ്ണതയോടെ നിയമം നടപ്പാക്കാൻ ശ്രമിച്ചത്. അനേകർക്കു സ്വത്തും സ്വാത

ന്ത്ര്യവും ജീവനും നഷ്ടപ്പെട്ടു. പീഡനം അവസാനമില്ലാതെ നീളുന്നതുപോലെ തോന്നി. മടങ്ങിവരും എന്നു പറഞ്ഞ യേശുനാഥന്റെ മടങ്ങിവരവ് ഇനി എന്നുണ്ടാകും എന്നു തീർച്ചയില്ല. മുൻപിൽ മുറ്റിനിൽക്കുന്ന കൂരിരുട്ട്. ഭയവും നിരാശയും വിശ്വാസികളെ വേട്ടയാടി. പലരേയും വിശ്വാസ ത്യാഗത്തിനു പ്രേരിപ്പിച്ചു.

ഈ സാഹചര്യത്തിലാണ് വെളിപാടുപുസ്തകം രചിക്കപ്പെട്ടത്. യേശുവിലുള്ള വിശ്വാസത്തിന്റെ പേരിൽ പാത്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ട പ്രിയശിഷ്യൻ, അപ്പസ്തോലൻ യോഹന്നാനാണ് ഗ്രന്ഥകർത്താവ് എന്നു പൊതുവേ കരുതപ്പെടുന്നു. പ്രതീകങ്ങളിലൂടെ കാര്യങ്ങൾ അവതരിപ്പിക്കുന്ന വെളിപാടു സാഹിത്യശൈലി(apocalyptic)യിലാണ് പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത്. നിരാശയിൽ ആണ്ടുപോകുന്ന വിശ്വാസികൾക്കു പ്രത്യാശ നൽകണം, വിശ്വാസത്തിന്റെ പേരിൽ നേരിടേണ്ടി വരുന്ന സഹനങ്ങളെ പ്രത്യാശയോടെ നേരിടാൻ ശക്തി പകരണം. പീഡനങ്ങൾക്ക് അവസാനമുണ്ടാകും. ഉത്ഥിതനും മഹത്വീകൃതനുമായ ക്രിസ്തുനാഥൻ മടങ്ങിവരുകതന്നെ ചെയ്യും. ഇപ്പോൾ തങ്ങളുടെമേൽ ശിക്ഷാവിധി നടപ്പിലാക്കുന്ന തിന്മയുടെ ശക്തിയായ സാത്താനും അവന്റെ സേവകരായ രാഷ്ട്രീയ നേതൃത്വവും ശിക്ഷിക്കപ്പെടും. അത് ഒരു പുതിയ സൃഷ്ടി തന്നെ ആയിരിക്കും.

ഇപ്പോൾ നേരിടുന്ന സഹനങ്ങൾ യേശുവിന്റെ രക്ഷാകര സഹനത്തിൽ പങ്കുചേരാനുള്ള അവസരമാണ്; അതോടൊപ്പം തങ്ങളുടെ വിശ്വാസം ഏറ്റുപറയാനും വിശ്വാസത്തിൽ ആഴപ്പെടാനുമായി ദൈവം അനുവദിച്ചു നൽകിയിരിക്കുന്ന അവസരവും അതിനാൽ ഭയം വേണ്ടാ; നിരാശയും വേണ്ടാ. ഈ ലോകത്തിന്റെ യഥാർത്ഥ ഭരണാധികാരി സാത്താനോ റോമൻ ചക്രവർത്തിയോ അല്ല, ദൈവം തന്നെയാണ്. ദൈവവും സാത്താനും തമ്മിൽ, നന്മയും തിന്മയിൽ നടക്കുന്ന പോരാട്ടമാണ് ഇപ്പോഴത്തെ ലോകചരിത്രം. ഈ ചരിത്രത്തിന്റെ പരിസമാപ്തിയിൽ തിന്മയുടെ പൂർണ്ണമായ പരാജയം സംഭവിക്കും. സാത്താനും അവന്റെ ആജ്ഞാനുവർത്തികളും നിത്യാഗ്നിയിലേക്ക് വലിച്ചെറിയപ്പെടും. അതേസമയം ദൈവത്തോടും അവിടുത്തെ പുത്രനും അഭിഷിക്തനുമായ യേശുവിനോടും, കഠിനമായ സഹനത്തിന്റെ

മധ്യത്തിലും, വിശ്വസ്തത പുലർത്തി ഉറച്ചു നിന്നവർ സമ്മാനിതരാകും.

ആ സമ്മാനത്തിന്റെ ഒരു ദൃശ്യമാണ് വെളിപാടു പുസ്തകം ഏഴാം അദ്ധ്യായത്തിൽ വരച്ചുകാട്ടുന്ന വെള്ള വസ്ത്രധാരികൾ. അവർ അസംഖ്യമാണ്. കയ്യിൽ കുരുത്തോല, നാവിൽ സ്തുതി കീർത്തനം. ദൈവ സിംഹാസനത്തിനു മുമ്പിൽ സന്തോഷപൂരിതരായി, വിജയശ്രീലാളിതരായി, ദൈവത്തെ സ്തുതിക്കുന്ന വിശുദ്ധർ, പീഡനങ്ങളിൽ തങ്ങളുടെ വിശ്വസ്തത തെളിയിച്ചവർ. അവർക്ക് ഇനി വിശപ്പോ ദാഹമോ ഇല്ല; ചൂടും തണുപ്പും അവർക്കു ശല്യം ചെയ്യില്ല. ദൈവത്തിന്റെ കുഞ്ഞാടായ യേശു തന്നെ അവരെ നിത്യജീവന്റെ ഉറവയിലേക്കു നയിക്കും. കരഞ്ഞു കലങ്ങിയ അവരുടെ കണ്ണുകൾ അപ്പോൾ പ്രശോഭിക്കും. യേശുനാഥൻ തന്നെ അവരുടെ കണ്ണീർ തുടച്ചുനീക്കും.

ഇതാണ് വെളിപാടു ഗ്രന്ഥകാരൻ വരച്ചുകാട്ടുന്ന ദൈവരാജ്യത്തിന്റെ ചിത്രം, സന്തോഷത്തിന്റെ ഉറവിടം. വേദനയുടെയും ദുഃഖത്തിന്റെയും ക്ലേശങ്ങളുടെയും എല്ലാം അടയാളമാണല്ലോ കണ്ണീർ. അതിന് അറുതിവരും. ഇനി ദുഃഖവും വേദനയും ഉണ്ടാവില്ല. സങ്കീർത്തകൻ ഒരു പ്രവചനം പോലെ അവതരിപ്പിച്ചതാണ് ഈ ദൃശ്യം. "കണ്ണീരോടെ വിതയ്ക്കുന്നവൻ ആനന്ദാഘോഷത്തോടെ കൊയ്യട്ടെ! വിത്തു ചുമന്നു വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവർ കറ്റ ചുമന്നുകൊണ്ട് ആഹ്ലാദത്തോടെ വീട്ടിലേക്കു മടങ്ങും" (സങ്കീ. 126,5-6).

തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ കുരിശെടുക്കാൻ തയ്യാറായിരിക്കണം എന്ന് യേശുനാഥൻ തന്നെ പലതവണ ശിഷ്യന്മാരെ അനുസ്മരിപ്പിച്ചിട്ടുണ്ട് (മത്താ 16,24-26; ലൂക്കാ 9,57-62; 14,26-27). അന്ത്യ അത്താഴവേളയിൽ വീണ്ടും ശക്തമായി ഈ മുന്നറിയിപ്പു നൽകി. "അവർ നിങ്ങളെ സിനഗോഗുകളിൽ നിന്നു പുറത്താക്കും. നിങ്ങളെ കൊല്ലുന്നവൻ താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു. നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും. എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും. ഞാൻ നിങ്ങളെ വീണ്ടും കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയില്ല" (യോഹ 16,2-21, 22-23).

മരണം വഴി ശിഷ്യരിൽനിന്ന് അകന്നു പോകുന്ന ഗുരുനാഥൻ ഉത്ഥാനവും മഹത്വീകരണവും വഴി, അദൃശ്യമായ രീതിയിൽ, എന്നാൽ യഥാർത്ഥമായി, അവരോടു കൂടെ ഉണ്ടാകും. ഇതാണ് യേശു നൽകുന്ന ഉറപ്പ്. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും" (യോഹ 14,18). യോഹന്നാനും മത്തായിയും യേശുവിന്റെ സ്വർഗ്ഗാരോഹണം വിവരിക്കുന്നില്ല എന്നതു ശ്രദ്ധേയം. പകരം ശിഷ്യരോടു കൂടെയുള്ള യേശുവിന്റെ സാന്നിധ്യത്തിനാണ് ഈ രണ്ടു സുവിശേഷങ്ങളും പ്രാധാന്യം കല്പിക്കുന്നത്. "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്താ 28,20) എന്ന വാഗ്ദാനത്തോടെയാണ് മത്തായി സുവിശേഷം സമാപിക്കുന്നത്. തന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്ന ശിഷ്യരുടെ ഇടയിൽ താൻ സന്നിഹിതനായിരിക്കും എന്ന വാഗ്ദാനം യേശു നേരത്തെ നൽകിയതാണ് (മത്താ 18,20).

സ്വർഗ്ഗാരോഹണം വിവരിക്കുന്ന മർക്കോസും ശിഷ്യരുടെ മധ്യേ എന്നും ഉണ്ടായിരിക്കുന്ന യേശുവിന്റെ സാന്നിധ്യത്തിന് ഊന്നൽ നൽകുന്നുണ്ട്. "കർത്താവ് അവരോടു കൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾ കൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു" (മർക്കോ 16,20). മഹത്വീകൃതനായ നാഥന്റെ സജീവസാന്നിധ്യം ശിഷ്യർ ഒറ്റയ്ക്കും ഒരുമിച്ചും അനുഭവിച്ചിരുന്നതായി അപ്പസ്തോലപ്രവർത്തനങ്ങളും ലേഖനങ്ങളും അനേകം തവണ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടെ നടക്കുന്ന, മുൻപേ നടന്നു നയിക്കുന്ന, യേശുവാണ് ശിഷ്യസമൂഹത്തിന്റെ വഴികാട്ടി, ശക്തികേന്ദ്രം, ആശ്വാസത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടം. പിതാവായ ദൈവം കർത്താവായ യേശുക്രിസ്തുവിലൂടെ ശിഷ്യഗണത്തിന് ശാന്തിയും ശക്തിയും, സമാധാനവും സന്തോഷവും പ്രദാനം ചെയ്യുന്നുവെന്ന്, സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ പൗലോസ് അപ്പസ്തോലൻ സഭകളെ അനുസ്മരിപ്പിക്കുന്നുണ്ട് (2 കൊറി 1,3-10; ഫിലി 1, 27-30; 1 തെസ 1,6;2,13-16).

പീഡനങ്ങളും സഹനങ്ങളും ക്രിസ്തീയ ജീവിതത്തിന്റെ അനിവാര്യഘടകങ്ങളായി യേശുനാഥനും അപ്പസ്തോലന്മാരും അനേകം തവണ എടുത്തുകാട്ടിയിട്ടുണ്ട്. പത്രോസിന്റെ ഉപദേശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. "പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീ

ക്ഷിതമായതെന്തോ സംഭവിച്ചാലെന്നതുപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും" (1 പത്രോ 4,12-13). സന്തോഷം, ആനന്ദം, ആഹ്ലാദം-അതാണ് ക്രൈസ്തവന്റെ മുഖമുദ്ര. മരണത്തെ പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റ യേശുനാഥൻ കൂടെയുണ്ട് എന്ന ഉറച്ച വിശ്വാസവും, ഈ ലോകത്തിലെ ക്ലേശങ്ങൾക്കും ദുരിതങ്ങൾക്കും അപ്പുറം അനശ്വരമായ സൗഭാഗ്യത്തിലേക്ക് അവൻ നമ്മെ നയിക്കും എന്ന പ്രത്യാശയുമാണ് ക്രൈസ്തവന്റെ കൈമുതൽ.

അതിനാൽ യേശുവിനുവേണ്ടി, അവിടുത്തെ സുവിശേഷത്തിനുവേണ്ടി, ജീവിതം സമർപ്പിക്കുന്നത് അർത്ഥപൂർണ്ണവും നിർവൃതിദായകവുമായി ക്രൈസ്തവൻ പരിഗണിക്കുന്നു, പരിഗണിക്കണം. "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നാം എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്" (1 കൊറി 15,19). "എന്നാൽ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവിടെ നിന്ന് ഒരു രക്ഷകനെ, കർത്താവായ യേശുക്രിസ്തുവിനെ, നാം കാത്തിരിക്കുന്നു. സകലത്തെയും തനിക്കു കീഴ്പ്പെടുത്താൻ കഴിയുന്ന ശക്തിവഴി അവൻ നമ്മുടെ ദുർബ്ബലശരീരത്തെ തന്റെ മഹത്വമുള്ള ശരീരം പോലെ രൂപാന്തരപ്പെടുത്തും" (ഫിലി. 3,21). ഈ പ്രത്യാശയിലാണ് രക്ഷ (റോമാ 8,24). ഈ പ്രത്യാശ നമ്മെ ഒരിക്കലും നിരാശരാക്കുകയില്ല. മറിച്ച് നമുക്ക് ശക്തി പകരും, ക്ലേശപൂർണ്ണമായ ജീവിതയാത്രയിൽ ഹൃദയത്തെ സന്തോഷം കൊണ്ടുനിറയ്ക്കും. മരണത്തിനപ്പുറം വിടരുന്ന പുതുജീവൻ, പുനരുത്ഥാനത്തിലൂടെ പൂർണ്ണമാകുന്ന ജീവിതം. "എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുന്ന" (1 തെസ 4,17) ജീവിതം. അതാണ് ക്രിസ്തുവിശ്വാസിയുടെ ആത്യന്തികലക്ഷ്യം.

ആ ജീവിതം എപ്രകാരമുള്ളതെന്ന് ഇനിയും പൂർണ്ണമായും വെളിവാക്കപ്പെട്ടിട്ടില്ല. "എങ്കിലും ഒരു കാര്യം നാം അറിയുന്നു; അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും" (1 യോഹ 3,2). യേശുവിന്റെ പുനരുത്ഥാനത്തിൽ യാഥാർത്ഥ്യമായതും ചരിത്രത്തിൽ ഇനിയും പൂർത്തീകരിക്കപ്പെടാനിരിക്കുന്നതുമായ പുതിയ ജീവൻ. അതിനെയാണ്

പുതിയ ആകാശവും പുതിയ ഭൂമിയും എന്നു വെളിപാടു ഗ്രന്ഥ കാരൻ വിശേഷിപ്പിക്കുന്നത്. ഒരു പുതിയ സൃഷ്ടി.

"സിംഹാസനത്തിൽനിന്ന് വലിയൊരു സ്വരം ഞാൻ കേട്ടു. ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവ രോടൊത്തു വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരോടു കൂടെ ആയിരിക്കുകയും ചെയ്യും. അവി ടുന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി" (വെളി 21,3-4). ഇതാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. നീതിക്കു വേണ്ടി പീഡനം ഏല്ക്കുന്നവർ, കണ്ണീരൊഴുക്കുന്നവർ ഭാഗ്യ വാന്മാർ. ദൈവരാജ്യം അവർക്കുള്ളതാണ്. ദൈവം അവരുടെ കണ്ണീർ തുടയ്ക്കും. ഹൃദയത്തിൽ ആനന്ദം നിറയ്ക്കും. ആ ഭാഗ്യം നമുക്കും ലഭിക്കാൻ കർത്താവു കനിയട്ടെ!